KOTTAYAM PUBLIC LIBRARY

Call No. 184.4 Acc. No. 11347

Author: സുകുമാരൻ നായർ. ജി

Title: നാളത്തെ ഇന്ത്യൻ തത്വശാസ്ത്രം

870

# നാളത്തെ ഇന്ത്യൻ തത്വശാസ്ത്രം

KOTTAYAM PUBLIC LIBRARY
No. 11347
KOTTAYAM

ജി. സുകുമാരൻ നായർ, എം. എ.

NATIONAL BOOK STALL
KOTTAYAM

പ്രസാധകന്മാർ:
പി. കെ. ബ്രദേഴ്സ്,
കോഴിക്കോട്.
വില 1 ക. 12 ണ.

ഒന്നാം പതിപ്പ് 1956.
കോപ്പി 1000.

PRINTED AT
THE PRAKASAKAUMUDI PRINTING WORKS,
CALICUT.

*Published by*
**P. K. BROTHERS, CALICUT.**

Comrade Sukumaran, M.B.

I have read your book, and certify that such kind of book is very inevitable to acquaire a true knowledge about the path of life for a future looking fellow.

# പ്രസ്താവന.

My heart blessings.

കേരളഭൂഷണം വാരാന്ത്യപ്പതിപ്പിലും മലയാളരാജ്യം, കൗമുദി ആഴ്ചപ്പതിപ്പുകളിലും "നാളെ" മാസികയിലും പ്രത്യക്ഷപ്പെട്ട ലേഖനങ്ങളുടെ സമാഹാരമാണു് ഈ ഗ്രന്ഥം. നാളത്തെ ഇന്ത്യൻ തത്വശാസ്ത്രത്തിനു് ഉപയുക്തമായ ചിന്തകളെ സമർപ്പിക്കുകയാണു്. കൈരളിയുടെ തൃപ്പാദങ്ങളിൽ ഈ കൊച്ചുഗ്രന്ഥം കൂടെ—

നവംബർ ഒന്നു്
1956. ഗ്രന്ഥകർത്താ.

M181·H

# താളുകൾ മറിയ്ക്കുമ്പോൾ


| | | പേജ് |
|---|---|---|
| 1. | നാളെയുടെ രൂപം | 1 |
| 2. | തത്വവിചാരത്തിന്ന് ജീവിതത്തിലുള്ള സ്ഥാനം | 18 |
| 3. | ഡാക്ടർ രാധാകൃഷ്ണൻെറ ദർശനം | 84 |
| 4. | ഇന്ത്യയുടെ ദൈവാന്വേഷണം | 123 |
| 5. | വിഷംപുരണ്ട അമ്പ് | 141 |
| 6. | ഇന്ത്യൻ തത്വജ്ഞാനത്തെ വിലയിരുത്തുക | 160 |
| 7. | ബൃഹസ്പതി—ഇന്ത്യയുടെ കാറൽമാർക്സ് | 171 |
| 8. | ശ്രീശങ്കരനെ തലകീഴായി മറിച്ചിടുക | 185 |
| 9. | ഇന്ത്യക്ക് ചൈന നൽകുന്ന സാധനപാഠം | 200 |

No. 11347.

PUBLIC LIBRARY.
KOTTAYAM.

ലോകപ്രശസ്ത ചിന്തകന്മാർ പറയുന്നതെല്ലാം
ശരിയായിരിക്കണമെന്നില്ലല്ലോ. തെറ്റി
നെ വിലയിരുത്താൻ നമ്മുടെ ഇനിയത്തെ
[illegible] ലോകത്തിന്റെ സ്ഥിതിയെന്താകും.
[illegible] മനുഷ്യബുദ്ധി [illegible] അല്ലാതെ [illegible]

(ലോകപ്രശസ്ത ചിന്തകരെ പറ്റി)

ഇവരുടെ വിലയിരുത്തുവാൻ

അതിനുള്ള ഉന്നം [illegible] ? [redacted]

സംശയമെന്ത്?

തീരുമാനം [illegible]

ത്യാഗാധിഷ്ഠിതമായ ഉൽകൃഷ്ടമാണ്

പ്രേമം. —

G. SUKUMARAN NAIR



ജി. സുകുമാരൻ നായർ.

G. SUKUMARAN NAIR

# നാളെയുടെ രൂപം

മനുഷ്യൻ മുന്നേറുകയാണ്. ആ മുന്നേററത്തിന്റെ കഥ കുറിച്ചിട്ടുകൊണ്ട് ചരിത്രം അവന്റെ പിന്നാലെ പായുന്നു. ചരിത്രം അവനെ നയിക്കാൻ തക്കംനോക്കുമ്പോൾ, അവൻ ചരിത്രത്തെ കീഴ്പ്പെടുത്താൻ കിണഞ്ഞുപരിശ്രമിക്കുന്നു. ചരിത്രം മനുഷ്യനെ മൂടുമ്പോൾ പരാജയങ്ങളുടെ തിരയൊഴുക്കായി. മനുഷ്യൻ ചരിത്രത്തെ കീഴടക്കുമ്പോഴെല്ലാം വിജയങ്ങളുടെ ഉത്സവവുമാണ്. ഇപ്രകാരം ചരിത്രവും മനുഷ്യനുമായുള്ള നിരന്തരസമരത്തിൽ ഭാഗഭാക്കാകുന്ന മൂന്നു ശക്തികളാണ് 'ഇന്നും' 'ഇന്നലെ'യും 'നാളെ'യും. 'ഇന്നലെ' ഇഴഞ്ഞുവന്ന് 'ഇന്നിനെ' ആശ്ലേഷിക്കുന്നു. 'ഇന്ന്' ഇരമ്പിക്കയറി 'നാളെ'യുടെ പ്രഭാതം സമാഗതമാക്കുന്നു. 'ഇന്നിന്' 'ഇന്നലെ'യോടും 'നാളെ'യോടും ഭാരിച്ച കടമകളുണ്ട്. ആ കർത്തവ്യനിർവഹണത്തിൽ നിപുണയാകുന്ന 'ഇന്ന്' അഭികാമ്യയായിത്തീരുന്നു: ഇന്നലെയുടെ നിഷേധമായ ഇന്നിന് നാളെയുടെ വരവിൽ കഴമ്പായ ഒന്നും സംഭാവന ചെയ്യാനില്ല. അതുപോലെ നാളെയെ മറക്കുന്ന ഇന്നിനും നമ്മുടെ ഇംഗിതങ്ങളെ തൃപ്തിപ്പെടുത്താനൊക്കുകയില്ല. എന്നാൽ എങ്ങിനെയാണ് നാളെ വന്നുചേരുന്നതു്?

## "ഇന്നലെ"യുടെ വൈരുദ്ധ്യം

ഇന്നലെ സൌരഭ്യമേറിയതാണെന്ന് ആരും സമ്മതിക്കുമെന്നു തോന്നുന്നില്ല. കാരണം ദൂരെയായിക്കഴിഞ്ഞതിൻെറ ദുർഗ്ഗന്ധം എല്ലാപേർക്കും അനുഭവപ്പെടുന്നതുകൊണ്ടുമാത്രം. എങ്കിലും ഇന്നലെ സുന്ദരവും, മഹത്തരവുമായിരുന്നു എന്ന് അയവിറക്കുന്നവരും ഇല്ലാതില്ല. പക്ഷെ അക്കൂട്ടരെ അത്ര കാര്യമായിഗണിക്കത്തക്ക മൌഢ്യം ശാസ്ത്രയുഗത്തിന്നു വന്നിട്ടില്ല. അപ്പോൾ ഇന്നലെയുടെ സ്വഭാവം നമുക്ക് ആശാസ്യമല്ലാതായിത്തീരും. എന്നാൽ ഇന്നലെയുടെ മട്ടിന്ന് കടകവിരുദ്ധമായി നാം സൃഷ്ടിക്കുന്നതു് ഏതാണ്? അതാണ് 'നാളെ.' ഹെഗൽ കണ്ടുപിടിച്ചതും, മാർക്സ് ഉപയോഗിച്ചതുമായ ഭാഷയിൽ ഇന്നലെ ഒരു പ്രതിജ്ഞ(തീസിസ്)ആണെങ്കിൽ നാളെ ഒരു വൈരുദ്ധ്യം (ആൻറിതീസിസ്) ആയിരിക്കും. ഈ തത്വത്തെ ഉദാഹരിക്കുവാൻ എല്ലാ ജീവിതരംഗങ്ങളിലും അനവധി വസ്തുതകളുണ്ടു്.

ഒന്നാമതായി, രാഷ്ട്രീയമണ്ഡലം നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. ചരിത്രത്തിൻെറ അവാന്തരവിഭാഗങ്ങളെ രാഷ്ട്രീയദൃഷ്ടിയിൽ തരംതിരിച്ചു നോക്കിയാൽ കാണാം, രാഷ്ട്രീയത്തിൻെറ 'ഇന്നലെ'യെ തികച്ചും അവഗണിച്ചുകൊണ്ടാണ് 'നാളെ' അണഞ്ഞു പോകാതിരിക്കാൻ സംഭവങ്ങൾ വന്നുചേർന്നിട്ടുള്ളതെന്ന്--ഗ്രീസിൽ തകർത്തുപൊടിച്ചിരുന്ന ജനായത്തഭ

രണവും ധനവാന്മാരുടെ വാഴ്ചയും അസ്തമിപ്പിച്ചുകൊണ്ടു് പ്ളേറേറായുടെ ആദർശരാഷ്ട്രം (യുട്ടോപ്പിയ)ഉയർന്നുവന്നു. പ്ളേറേറായുടെ മോഹനസങ്കല്പങ്ങളെ നിഷേധിച്ചുകൊണ്ടു് അരിസ്റേറാട്ടൽ ഏററവും പ്രായോഗികരാഷ്ട്രം വിരചിച്ചെടുത്തു. ഗ്രീസിൻെറ സാമൂഹ്യജീവിതവീക്ഷണത്തെ അപലപിച്ചുകൊണ്ടാണു് സിനിക്ക്സും, സിറണയിക്ക്സും, സ്റേറായിക്ക്സും രംഗപ്രവേശംചെയ്തതു്. ജനങ്ങളുടെ അവകാശങ്ങൾ പ്രഖ്യാപിക്കാൻ സമയം ചെലവഴിച്ച ഇന്നലെയെ അവഹേളിച്ചുകൊണ്ടു് മാക്കവെല്ലിയും, ജീൻബോഡിനും, തോമസ്ഹോബ്സും ഏകാധിപത്യവാദം ഉൽഘാടനംചെയ്തു. അവരെ ഒന്നടങ്കം വിമർശിച്ച പാർലിമെൻററി ഭരണത്തിനു് ജോൺലോക്ക് ഇംഗ്ലണ്ടിൽ സ്വാഗതമരുളി. പ്രതിനിധികളെ തിരഞ്ഞെടുത്ത് ജനാവകാശങ്ങൾ സുരക്ഷിതമാക്കാനുള്ള പ്രവണത ഫ്റാൻസിലും മൊട്ടിട്ടു. ലൂയി പതിന്നാലാമൻെറ സ്വേച്ഛാധിപത്യം ഇന്നലെയുടെ ദുസ്വപ്നമായി അവഗണിച്ച് നാളെയുടെ സന്തതിയായി പൂർണ്ണജനായത്തഭരണം ഫ്റാൻസിൽ സാക്ഷാത്ക്കരിക്കാൻ റൂസ്സോ തൂലികയെടുത്തു. പുരോഗമനസിദ്ധാന്തം പ്രചരിച്ചിരുന്ന ഇന്നലെയെ തിരസ്ക്കരിച്ചിട്ടാണു് ബർക്കിനു് പശ്ചാദ്ഗമനവാദവും യാഥാസ്ഥിതികരാഷ്ട്രീയവും കണ്ടുപിടിക്കാൻ കഴിഞ്ഞതു്. സാമൂഹ്യഘടനയെ പരമമായി പരിഗ

ണിച്ച ഇന്നലെക്കു് വിപരീതമെന്നോണം ഹെഗൽ രാഷ്ട്രത്തിൻെറ പ്രാധാന്യത്തെ നാളെയുടെ നിർമ്മിതിയായി കാഴ്ചവെച്ചു. രാഷ്ട്രത്തിലേക്കു് കൂർത്തിച്ചുകൊണ്ടിരുന്ന ജനത വ്യക്തികളെ ഉപേക്ഷിക്കുന്നതു സഹിക്കാതെ ആ ഇന്നലെയെ തള്ളിമാററി, വ്യക്തിവാദത്തിന്നു് പ്രസക്തിനൽകുന്ന ലിബറൽതത്വസംഹിത ബ്രിട്ടനിൽ ബന്താമും, മില്ലും, ഗ്രീനും, സ്പെൻസറും വിളംബരംചെയ്തു. ഡെമൊക്രസി ലോകമൊട്ടുക്ക വ്യാപിച്ചു. ജനങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ ഭരണം ഇന്നലെയുടെ മലീമസ ചിന്താഗതിയായി അധിക്ഷേപിച്ചു് നാളെയുടെ നൂതനസൃഷ്ടിയായ ഫാസിസവും നാസിസവും ലോകത്തിനു സമർപ്പിക്കപ്പെട്ടു. ഡെമോക്രസിക്കും ഫാസിസത്തിനും സാധാരണജനങ്ങളുടെ ആശയഗതിയെ പ്രതിഫലിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നു വ്യക്തമാക്കി. ആ ഇന്നലെ ദുർഭൂതമായി ദൂരത്തെറിയണമെന്നു് വാദിച്ചവരാണു് മാർസിസ്സം അനുയായികളും. ഇപ്രകാരം രാഷ്ട്രീയരംഗത്തു് ഇന്നാകുന്ന സജീവജീവിതം വന്നുചേരുന്നതിന്നു് ഇന്നലെയും നാളെയും തമ്മിൽ മത്സരിച്ചിട്ടുണ്ടു്. ഇന്നലെയുടെ പ്രതിയോഗിയായി വർത്തിച്ച നാളെ സാഹിത്യരംഗത്തു് പ്രകടമായി ദർശിക്കാം.

സംസ്കൃതത്തെ തുണയാക്കി സാഹിത്യസൃഷ്ടി ചെയ്ത മലയാളഭാഷയുടെ ഇന്നലെയെ തുടച്ചുനീക്കി

കൊണ്ടല്ലേ മണിപ്രവാളത്തിൻെറ നാളെ വന്നു ചേർന്നതു്? ശബ്ദഭംഗിയിൽ അതീവ ശ്രദ്ധിച്ചിരുന്ന സാഹിത്യത്തിൻെറ ഇന്നലെയെ പിന്നിലാക്കി അർത്ഥ ചമൽക്കാരത്തിൻെറ നാളെ പിറന്നു. പെരുമ്പാമ്പു പോലെ ഇഴഞ്ഞുപോകുന്ന വാക്യങ്ങളുടെ ഉടമയായ ഇന്നലത്തെ സാഹിത്യം കൊച്ചുകൊച്ചു വാചകങ്ങളുടെ നാളെക്കു വഴിമാറിക്കൊടുത്തു. പ്രകൃതിയിലെ ദൃശ്യ ങ്ങളെ ഉപജീവിച്ചെഴുതിയ ഇന്നലത്തെ സാഹിത്യം ജീവിതാനുഭവങ്ങളുടെ ക്രിയാത്മകമായ പ്രതിഫലനം വ്യക്തമാക്കിയ നാളെക്കു് വളരാൻ സൗകര്യമേകി. ഇനി തത്വശാസ്ത്രരംഗത്തും ഇതാണു പോക്കു്.

ബാഹ്യപ്രകൃതിയെ തേടിപ്പുറപ്പെട്ട തത്വചിന്ത കന്മാരിലെ അഗ്രഗണ്യർ സ്ഥലംവിടാൻ പ്രേരണ നൽകിയതു ആന്തരികസത്തയെ മനനംചെയ്തുള്ള തത്വ വിചാരം പ്രകാശിതമായ ഗ്രന്ഥങ്ങളായിരുന്നു. ഗ്രീസിൽ ഉൽഭവിച്ച പാശ്ചാത്യതത്വചിന്ത തെയിൽസ്, അനക്സിമാൻറർ, അനക്സിമെ നിസ്, പൈതാഗോറസ്, ഹെറാക്ലിറ്ററസ്, എമ്പി ഡോക്ലിസ് തുടങ്ങിയവരിലൂടെ ദൃശ്യപ്രപഞ്ചത്തെ അപഗ്രഥിക്കാനാണ് തത്വവിചാരത്തെ മിനക്കെട്ട ത്തിയതു്. അവരെയെല്ലാം ഇന്നലെയുടെ വേണ്ടാത്ത വരായി കണക്കുകൂട്ടി, സോക്രട്ടീസ് നാളെയുടെ 'ആത്മീയജ്ഞാന'വുമായി അരങ്ങത്തുവന്നു. ഇന്ത്യയി ലാണെങ്കിൽ പ്രകൃതിവസ്തുക്കളെ ദൈവമായിക്കരുതി

പുറവപ്പാടും, അദ്ധ്യാത്മചിന്ത വിതച്ചു; വേദാചാര്യന്മാരെ ഇന്നലെയുടെ മുതൽക്കൂട്ടായി എണ്ണി ഉപനിഷത്തുക്കളിലെ ഗുരുക്കൾ ആത്മവിദ്യയുമായി പ്രത്യക്ഷപ്പെട്ടു. തുടർന്നു പാശ്ചാത്യവും പൌരസ്ത്യവുമായ തത്വചിന്ത പരിശോധിച്ചാൽ വെളിവാകുന്നതു്, ഭൗതികവാദത്തിൻെറ ഇന്നലെയെ പുറംതള്ളി ആത്മീയവാദത്തിൻെറ നാളെ ആവിർഭവിക്കുന്നതും യാഥാർത്ഥ്യസിദ്ധാന്തത്തിൻെറ ഇന്നലെയെ അതിജീവിച്ചു ആശയവാദത്തിൻെറ നാളെ ഉണർന്നെഴുന്നേൽക്കുന്നതുമാണ്.

മതത്തിൻെറ തുറയിലും അനേകദൈവവാദത്തെ ഇന്നലെയായി കരുതി ഏകദൈവവാദത്തിൻെറ നാളെ ജനിച്ചു. ഏകദൈവവാദം മൂർത്തരൂപത്തിൽ ചിന്തിച്ച കാലഘട്ടത്തെ ഇന്നലെയെന്നു് ത്യജിച്ചു്, അമൂർത്തദൈവവാദം നാളെയുടെ ചിന്തയായി ആഗതമായി.

ധർമ്മശാസ്ത്രത്തിലും വംശത്തിൻെറ ആചാരസംഹിതയെ നിഷേധിച്ചുകൊണ്ടു് വ്യക്തികളുടെ മാമൂൽപ്രിയത്വം ഉടലെടുത്തു. മാമൂലുകൾ ഇന്നലെയുടെ അവശിഷ്ടമായി അവരോധിച്ചു് നിഷ്കൃഷ്ടധ്യാനത്തിൻെറ സാന്മാർഗ്ഗികശാസ്ത്രം നാളെയുടെ രീതിയായി ഉണ്ടായി. കർമ്മഫലത്തെ ഊന്നിയ സദാചാരനിയമം ഇന്നലെയുടെതാണെങ്കിൽ കർമ്മത്തിനു് പ്രേരകമായി നിന്ന ഉദ്ദേശങ്ങൾ വിവരിക്കുന്ന നിയമാവലി നാളെ

യുടേതാണ്. സ്വാതന്ത്ര്യേച്ഛയെ പ്രകീർത്തിച്ച ധർമ്മശാസ്ത്രത്തെ ഇന്നലെയുടെ ഉച്ഛിഷ്ടമായി ഗണിച്ച് സാഹചര്യത്തിന്റെ സന്തതിയായ വ്യക്തിയെ ഉയർത്തിക്കാട്ടാൻ നാളെയുടെ ധർമ്മശാസ്ത്രം തയാറായി. ആന്തരികസ്വഭാവത്തെ മാനിച്ച സദാചാരസംഹിതക്ക് എതിരാളിയായി, ബാഹ്യനടത്തയെ വാഴ്ത്തിയ ധർമ്മനിയമം ഉണ്ടായി.

ചിന്താമണ്ഡലത്തിലും സത്യത്തിന്റെ മാനദണ്ഡം നിർണ്ണയിക്കാനുള്ള അളവുകോലുകളുടെ കഥയിതാണ്. ബാഹ്യയാഥാർത്ഥ്യവുമായി പൊരുത്തമുള്ള ചിന്തയെ സത്യമായി വിധിയെഴുതിയ ചിന്താഗതിക്ക് വിരോധമായി, ചിന്തയുടെ ആന്തരികച്ചേർച്ചയെ സത്യമെന്ന് നിശ്ചയിക്കുന്ന ഏർപ്പാടുണ്ടായി. ജ്ഞാനത്തിൽമാത്രം സത്യംകണ്ട പ്രവൃത്തത്തെ എതിർത്തുകൊണ്ട് കർമ്മവിജയത്തിൽ സത്യം ദർശിച്ച പ്രായോഗികവാദികൾ മുമ്പോട്ടുവന്നു. ആദ്ധ്യാത്മികസിദ്ധാന്തത്തിന്റെ അകമ്പടിയായ ചിന്താശാസ്ത്രം ഇന്നലെയുടെ വൈകൃതമാണെന്ന് വ്യാഖ്യാനിച്ച് ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ടത്തിയ ചിന്താശാസ്ത്രത്തെ നാളെയിൽ പ്രതിഷ്ഠിക്കാൻ ബർട്രണ്ട്റസ്സലും സമകാലീനശാസ്ത്രീയതത്വചിന്തകരും ശ്രമിക്കുന്നു.

ഇങ്ങനെ ബുദ്ധി പ്രവർത്തിക്കുന്ന സർവ്വരംഗങ്ങളിലും ഇന്നലെയും നാളെയും തമ്മിലടിച്ചുകൊണ്ടി

രിക്കുന്നതായി ബോദ്ധ്യപ്പെടും. ഇന്നലെയുടെ വൈരുദ്ധ്യമാണ് നാളെ.

## "ഇന്ന്" സംയുക്തസത്യം

വൈരുദ്ധ്യാത്മകചിന്താഗതിയെ പിൻതുടർന്നാൽ ഒരു "സിന്തസിസി"ൽ നാം ചെന്നെത്തും. ഇന്നലെയും നാളെയും കൂട്ടിമുട്ടി ഉൽഭവിക്കുന്ന സംയുക്തസത്യ(സിന്തസിസ്)മാണ് ഇന്ന്. വിശദീകരണങ്ങൾക്കു പ്രയാസമില്ല. ഹെഗലിൻെറ ജർമ്മനിയെപ്പററിയുള്ള പഠനംതന്നെ ആദ്യത്തെ പ്രസിദ്ധലക്ഷ്യം. "ശരിയുടെ തത്വശാസ്ത്രം"എന്ന ഗ്രന്ഥത്തിൽ ഹെഗൽ പറയുന്നതു് ജർമ്മനിയുടെ ചരിത്രം -രണ്ടു ശക്തികളുടെ ചരിത്രം- രണ്ടു ശക്തികളുടെ ഇടച്ചിലിൽനിന്നും ഒരു പുതിയ മാർഗ്ഗത്തെ സ്വീകരിക്കാൻ തയാറായി നിൽക്കുന്നു എന്നാണ്. ജനതയുടെ ചൈതന്യം വെളിയിലോട്ടു പ്രവഹിച്ച ജർമ്മൻചരിത്രത്തിൻെറ ആദ്യകാലഘട്ടം ഗ്രീക്കുസംസ്ക്കാരത്തിൻെറ സ്വാധീനം വെളിവാക്കുന്നുണ്ടു്. ഗ്രീക്കുകാരുടെ നാഗരികത ബാഹ്യസ്ഥാപനങ്ങളും നേട്ടങ്ങളും സാമൂഹ്യവിജയവും നോക്കിയ ജീവിതത്തിൻെറ ഫലമാണ്. അതു് ജർമ്മൻകാരിലേക്കു് പകർന്ന കാലഘട്ടത്തെ പ്രതിജ്ഞ(തീസിസ്) ആയി സങ്കൽപ്പിക്കാം. ആ ഇന്നലെയെ മറക്കാനും പുതിയൊരു നാളെയെ സൃഷ്ടിക്കാനും ക്രിസ്തുമതം സന്നദ്ധമായി. ക്രിസ്തുമതത്തിൻെറ സ്വാധീനം ജർമ്മൻ ചരിത്രവികാസത്തിലെ വൈരുദ്ധ്യം(ആൻറിതീസിസ്) ആണ്.

ആ രണ്ടു കാലഘട്ടങ്ങളുടെയും സംയുക്തസത്യമായി ഒരു ജർമ്മൻരാഷ്ട്രം ഉണ്ടാകണമെന്നു് ഹെഗൽ എഴുതി. ആ "സിന്തസിസ്" ജർമ്മനിയുടെ "ഇന്നാ"യി ഹെഗൽ കണ്ടിരിക്കണം. ഹെഗലിൻെറ തത്വവിചാരം വിശദീകരിച്ചാൽ, ഗ്രീസിൻെറ അതിപ്രസരത്തോടുകൂടി ജർമ്മൻചൈതന്യം ബഹിർഗമിക്കുകയും ക്രിസ്തുമതത്തിൻെറ വരവോടുകൂടി ജർമ്മൻചൈതന്യം അകത്തോട്ടു വലിഞ്ഞുകൂടുകയും ചെയ്തു. അകത്തും പുറത്തും ക്രമമായി ചലിക്കാനുള്ള ചൈതന്യത്തെ മൂർത്തീകരിക്കാനാണ് ഹെഗലിൻെറ ജനതാരാഷ്ട്രം ഉന്നംവെച്ചതു്.

ഇനി മാർക്സിൻെറചരിത്രാപഗ്രഥനം നോക്കാം. നാടുവാഴിത്തഭരണം ഇന്നലെയുടെ കൊള്ളരുതായ്മയാണെന്നു് വെളിവാക്കി മുതലാളിത്തഭരണം ഒരു നാളെയെ ആവിഷ്ക്കരിച്ചു. പക്ഷെ അവയുടെ സംഘട്ടത്തിൽ സോഷ്യലിസം "ഇന്നാ"യി പിറക്കണമെന്നു് മാർക്സ് ദർശിച്ചു. മാർക്സിൻെറ ദർശനം സോഷ്യലിസത്തെ ഒരു സിന്തസിസായി (സംയുക്തസത്യമായി) കരുതിയതിൽ മാത്രമല്ല ശ്ലാഘനീയമായിരിക്കുന്നതു്. ജീവിതത്തിൻെറ എല്ലാതുറകളിലും നാടുവാഴിത്തചിന്താഗതിയും മുതലാളിത്തമനോഭാവവും പരസ്പരം ഇടഞ്ഞു ഒരു സോഷ്യലിസ്റ്റ് ചിന്താരീതിയുണ്ടാകുന്നമെന്നു പ്രവചിച്ചതിലായിരുന്നു അദ്ദേഹത്തിൻെറ മഹത്വം. എന്നാൽ സോഷ്യലി

സത്തെ ഒന്നുകൂടി ദൃഢമാക്കാൻ അതിനെ 'ഇന്നാ'യി വിഭാവനം ചെയ്യുന്നതിലായിരിക്കും കഴമ്പ്.

## രാഷ്ട്രീയത്തിൻെറ ഭാവി

ഈ വിശകലനത്തിൻെറ വെളിച്ചത്തിൽ രാഷ്ട്രീയത്തിൻെറ അടുത്തപടി കണ്ടുപിടിക്കാം. വ്യക്തിയും സമുദായവും എങ്ങനെ ബന്ധപ്പെടുന്നു എന്നതിലാണ് രാഷ്ട്രീയത്തിൻെറ വളർച്ച നിലനിൽക്കുന്നതു്. വ്യക്തിയുടെ തേർവാഴ്ച രാഷ്ട്രീയത്തിലെ "ഇന്നലെ"യായി സർവസമ്മതസത്യമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. രാഷ്ട്രീയത്തിലെ "നാളെ" സമുദായത്തിൻെറ ഉയിർത്തെഴുന്നേൽക്കലാണെന്നും ബോധമുള്ള രാഷ്ട്രീയചിന്തകർക്കറിയാം. വ്യക്തിയുടെ സ്വതന്ത്രവിഹാരം മേന്മയുള്ള തത്വസംഹിതയായ ഡെമോക്രസിയുടെ ഇഷ്ടതോഴിയുമാണ്. സമുദായത്തിൻെറ ആധിപത്യം കമ്മ്യൂണിസത്തിൻെറ പ്രത്യേക ശ്രദ്ധയുമാണ്. എന്നാൽ കമ്മ്യൂണിസം നിർദ്ദേശിക്കുന്ന സമൂഹത്തിൻെറ നാളത്തെ ഭരണസാരഥ്യം ഡെമോക്രസിയുടെ കുഞ്ഞിക്കഴുത്തിനെ ഞെരിച്ചുകൊണ്ടാവണമോ? വ്യക്തിക്കു് സാംസ്കാരിക സ്വാതന്ത്ര്യമനുവദിക്കുന്ന ഒരു സമൂഹഘടന സാക്ഷാത്കരിക്കാൻ വ്യക്തിയുടെ സാമ്പത്തികസ്വാതന്ത്ര്യത്തെ നിഹനിക്കുന്ന മാർക്സിസ്ററ് ചട്ടക്കൂട് പററിയതാണോ? അല്ല—കാരണം സമൂഹത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വ്യക്തി

യുടെ ദുർവാസനയെ നശിപ്പിക്കുന്ന സാമൂഹ്യസാമ്പത്തിക ഘടന മാർക്സിസ്റ്റ് രീതിയിൽ വാർത്തെടുത്താലും വ്യക്തിയെ വീർപ്പുമുട്ടിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകും. വ്യക്തമായി പറഞ്ഞാൽ വ്യക്തിക്കു രണ്ടു ജീവിതമുണ്ട്. ഒന്നു സമുദായത്തിനെ ലാക്കാക്കിയുള്ള സ്വാർത്ഥപരത. രണ്ടു പ്രപഞ്ചത്തെ അഭിമുഖീകരിച്ചുകൊണ്ടുള്ള നിസ്വാർത്ഥപരത. വ്യക്തിയുടെ സ്വാർത്ഥപരതയാണ് മുതലാളിത്തവ്യവസ്ഥിതിയായി സാമൂഹ്യപുരോഗതിയെ അപകടപ്പെടുത്തി നിൽക്കുന്ന ജീവിതഗതി. വ്യക്തിയുടെ നിസ്വാർത്ഥപരതയെ സംഹരിക്കുന്ന രാഷ്ട്രമേൽക്കോയ്മ അപലപിക്കേണ്ട സ്വേച്ഛാധിപത്യമാണ്. കലയും, സാഹിത്യവും, ശാസ്ത്രവും സദാചാരസംഹിതയും തത്വവിചാരവും സാമ്പത്തിക ഘടനയുടെ അങ്കുരങ്ങളായി തീർന്നാൽ വ്യക്തിയുടെ നിസ്വാർത്ഥപരതക്കു വികസിക്കാനൊക്കയില്ല. രാഷ്ട്രം നിർബ്ബന്ധിക്കുന്ന സമൂഹം അനുശാസിക്കുന്ന സമത്വസുന്ദരമായ സാമ്പത്തികഘടന വ്യക്തികൾ സ്വീകരിച്ചു്, വാലു മടക്കിവെച്ചു ജീവിക്കേണ്ടതുതന്നെ. എന്നാൽ ആ സാമ്പത്തിക നിയമാവലിയെ നിലനിറുത്താൻ ഒരേ അച്ചിൽ വാർത്തെടുത്ത മനുഷ്യക്കോലങ്ങളെ അണിനിരത്തിയാൽ ഭാവി ഭയാനകമാവും. മറിച്ചു് പ്രസ്താവിച്ചാൽ, സംസ്കാരം സാമ്പത്തിക ഘടകങ്ങളുടെ ഉച്ഛ്വാസമല്ല. വ്യക്തിയിൽ അന്തർല്ലീനമായിരിക്കുന്ന ആത്മസത്ത

പ്രപഞ്ചവുമായി ഏററുമുട്ടി പ്രസരിക്കുന്ന മൂല്യവിചാരമാണ് സംസ്ക്കാരമായി ജ്വലിക്കുന്നതു്. അപ്പോഠം ശ്വാസോച്ഛ്വാസം ചെയ്യുന്നതും സാമ്പത്തികമായിരിക്കണമെന്ന സാമൂഹ്യാധിപത്യ വാദത്തെ എതിരേൽക്കുന്നതു് അപകടത്തിൻെറ നാന്ദിയാണ്. പിന്നെന്തുകരണീയം? വ്യക്തിവാഴ്ചയാകുന്ന 'ഇന്നലെ' സമൂഹാധിപത്യമാകുന്ന 'നാളെ'യുമായി കൂട്ടിമുട്ടി ഒരു സംയുക്ത സത്യത്തെ സൃഷ്ടിക്കണം. ഇന്നലെയുടെ തീസിസും നാളെയുടെ ആൻറിതീസിസും സമർപ്പിക്കേണ്ട ഇന്നിൻെറ സിന്തസിസ്, സാംസ്ക്കാരികസ്വാതന്ത്ര്യമുള്ള വ്യക്തിയെ സാമ്പത്തികസ്വാതന്ത്ര്യം സമൂഹത്തിൻെറ ചൊൽപ്പടിക്കു് ഏററുവാങ്ങുന്ന സാഹചര്യത്തിൽ ഉഠംപ്പെടുത്തുന്ന വ്യവസ്ഥയാണ്. വ്യക്തിയും സമുദായവും മൽസരിച്ചു സമുദായവ്യക്തിയുണ്ടാവട്ടെ എന്നു സമാധാനിക്കുന്ന മാർക്സിനെ അതിജീവിച്ചും വ്യക്തി—സമുദായം വന്നുചേരട്ടെ എന്നു ധ്യാനിക്കുന്ന ഡെമോക്രസിയെ കടന്നും നാം സമുദായത്തിലെ വ്യക്തി—പ്രപഞ്ചത്തെ നിർമ്മിക്കണം. അതായതു്, സമുദായത്തിലെ നീതിയിലധിഷ്ഠിതമായ സാമ്പത്തിക വ്യവസ്ഥക്കു് വിധേയമാവുന്ന വ്യക്തിയെ ഉണ്ടാക്കി, അയാളെ പ്രപഞ്ചത്തെ നേരിടാൻ പറഞ്ഞു് സാംസ്ക്കാരികസ്വാതന്ത്ര്യം നിലനിർത്തണം. സാമ്പത്തികാവശ്യങ്ങഠം മാർക്സിസ്ററ് രീതിയിൽ സമ്പാദിച്ചുകഴിഞ്ഞ

വ്യക്തി പ്രപഞ്ചത്തിൻെറ നിഗൂഢതയിൽനിന്ന് ശാസ്ത്രവും തത്വവിചാരവും മതവും ധർമ്മശാസ്ത്രവും വലിച്ചെടുക്കട്ടെ.

## സാഹിത്യത്തിൻെറ ഭാവി

വളരെയേറെ പ്രതീക്ഷകൾ മൊട്ടിട്ടുനിൽക്കുന്ന നമ്മുടെ സാഹിത്യരംഗത്ത് ദയനീയമായ ഒരു പരമാർത്ഥമുണ്ട്. സാഹിത്യകാരൻെറ ഭാഗികവും വികലവുമായ ജീവിതവീക്ഷണം. കഥയിൽകൂടി എഴുതിത്തെളിഞ്ഞു സാഹിത്യകാരനാകുന്ന ഒരു കാഥികൻ മറന്നുപോകുന്നത് കാഥികൻെറ മനോഭാവത്തിനുമപ്പുറം ജീവിതം വിരിഞ്ഞുകിടക്കുന്നു എന്ന വസ്തുതയാണ്. കൂർത്ത പദങ്ങളെ കോർത്തു ലേഖനമെഴുതുന്നവർ ഓർമ്മിക്കേണ്ടതു് കക്ഷിവീക്ഷണത്തിന്നതീതരായി അവർ ജീവിതത്തെ പഠിക്കുന്നില്ല എന്ന കുറവു ഏററവും ശോചനീയമാണെന്നാണ്. നാടകകൃത്ത് സംഭ്രമം ജനിപ്പിക്കുന്ന സംഭവങ്ങൾ ജീവിതത്തിൻെറ പേരിൽ സ്റേറജിൽ കയററിക്കഴിഞ്ഞാൽ ജീവിതവിചാരം അതോടെ അവസാനിച്ചു എന്ന് വിശ്വസിക്കുന്നു. കവിക്ക് പറന്നുയർന്നു് കാട്ടുകയറാവുന്ന ഭാവന കൈവശമുള്ളതുകൊണ്ട് ജീവിതത്തെ ഒരു ഇക്കിളുണ്ടാക്കുന്ന രീതിയിൽ സമീപിച്ചാൽ മതി എന്നു തോന്നുന്നു. എന്നാൽ നിബ്ബന്ധബുദ്ധിയോടെ ജീവിതത്തിൻെറ സമഗ്രസ്വരൂപത്തെ ധ്യാനിച്ചു് മതാചാര്യന്മാരെയോ ധാർമ്മികഗുരുക്കളെ

യോ ചിന്താശാസ്ത്രപ്രവീണരേയോ തത്വശാസ്ത്രപാരംഗതരെയോ ശാസ്ത്രകാരന്മാരേയോ അനുധാവനംചെയ്യാൻ സാഹിത്യകാരൻ ഇഷ്ടപ്പെട്ടുകാണുന്നില്ല. സത്യാന്വേഷണകുതുകികളായി ജീവിതം യാഗശാലയാക്കിത്തീർക്കുന്ന തത്വചിന്തകരുടെ നിഗമനങ്ങൾക്കു് വിപരീതമായി ചിന്തിച്ചാൽ അതിബുദ്ധിയാകുമെന്നു് ചിന്താപാപ്പരത്വം പിടിച്ച സാഹിത്യകാരൻ വിശ്വസിക്കുന്നുണ്ടു്. എന്നാൽ തത്വചിന്താസാഹിത്യവും ശാസ്ത്രസാഹിത്യവും ചിന്താസാഹിത്യവും സദാചാരസാഹിത്യവും മതസാഹിത്യവുംകൂടി ചേർന്നാലേ കഥകളും കവിതകളും നാടകത്തിന്നും ഈടും ഇമ്പവും വർദ്ധിക്കു എന്നു് പലരും മറന്നിരിക്കുന്നു. അതിന്റെ ഫലമോ, കൺപോള അടച്ചുതുറക്കുന്നതിന്നു മുൻപു് സാഹിത്യസൃഷ്ടികളെ വായിച്ചുകഴിഞ്ഞു എന്നു തള്ളാൻ ജനങ്ങൾ പ്രേരിതരാകുന്നു. രാഷ്ട്രീയചരിത്രത്തിന്റെ ആവശ്യം മാർക്ക്സിസമായതുകൊണ്ടു് ചിന്താരംഗത്തു ആ സിദ്ധാന്തത്തെ പിന്താങ്ങി ഭൂതകാലസംസ്ക്കാരത്തെ വിലയിരുത്താതിരിക്കുന്നതു് ഉചിതമായിരിക്കുകയില്ല. കാരണം, രാഷ്ട്രീയസമ്മർദ്ദത്തിനു് വഴങ്ങി ജീവിതത്തിന്റെ മറെറല്ലാവശങ്ങളും പാർട്ടി പ്രവർത്തനത്തിന്നു് അടിയറ വെക്കുന്നതു് പുരോഗതിക്കു് കടിഞ്ഞാണിടുകയായിരിക്കും. ഈ പ്രവണതക്കു് നിറംകൊടുക്കാനെന്നപോലെ രാഷ്ട്രീയചരിത്രാവശ്യം മനസ്സിലാക്കാതെ സ്ഥാപിതതാൽപ്പ

ര്യങ്ങളുടെ സംരക്ഷണത്തിന്നായി പഴയതിലേക്കു് തിരിഞ്ഞുനോക്കി നെടുവീർപ്പു് വിടുന്ന സ്വഭാവം ഈ കൂട്ടരുടെ അഭിപ്രായത്തിൽ ജീവിതം ഒരു വർഗ്ഗത്തിനു് മാത്രം കൂത്തുകളിക്കാനുള്ളതാണു്. മനുഷ്യരാശി തൊഴിലാളിവർഗ്ഗത്തിൻെറ മോചനത്തിനായി വെളിച്ചത്തിലേക്കു വരുമ്പോൾ, തങ്ങളുടെ സ്വാത്ഥചിന്തകളുമായി പതുങ്ങി കൂടുന്നതു് എത്രത്തോളം കാര്യമാണെന്നു് അനതിദൂരഭാവി തെളിയിക്കും. അതുകൊണ്ടു് സാഹിത്യത്തിൽ രാഷ്ട്രീയം കടക്കുന്നതു് തത്വശാസ്ത്രത്തിൻെറ ജനലുകൾവഴി സൂര്യപ്രകാശം എത്തിനോക്കുന്നതുപോലെയായിരിക്കണം. അല്ലാതെ ജീവിതകവാടങ്ങളെ തള്ളിത്തുറന്നുകൊണ്ടു് പ്രവേശിച്ചിരിക്കുന്ന രാഷ്ട്രീയക്കാരുടെ പോക്കു് ശുഭാത്മകമല്ല. പുറകോട്ടായാലും മുമ്പോട്ടായാലും സാഹിത്യത്തെ രാഷ്ട്രീയനുകത്തിൽ വെച്ചുകെട്ടുന്ന പ്രകൃതം അവതാളത്തിലേക്കാണു്. രാഷ്ട്രീയ പാർട്ടികൾക്കു് സദുദ്ദേശമില്ല എന്നല്ല വാദിക്കുന്നതു്. പിന്നേയോ, "സദുദ്ദേശങ്ങൾ പാതാളത്തിലേക്കാണു് ചെന്നെത്തുന്നതു്" എന്ന പഴഞ്ചൊല്ലു് എല്ലാ രാഷ്ട്രീയനേതാക്കന്മാരും ഓർമ്മിക്കണം. സാഹിത്യത്തിനു് ജീവിതവ്യാപകമായ അത്ഥം കൽപ്പിക്കുന്നതു് രാഷ്ട്രീയത്തെ കൂട്ടുപിടിച്ചല്ല. ജീവിതത്തെ സമൂലം പഠിക്കുന്ന തത്വശാസ്ത്രത്തെ പ്രചരിപ്പിച്ചും പ്രവർത്തിപ്പിച്ചും ആയിരിക്കണം. എങ്കിലേ ജീവിതസൗഭാഗ്യം തുളുമ്പുന്ന

"ഇന്നി"നെ സാക്ഷാത്കരിക്കാൻ നമുക്കു് സാധിക്കുകയുള്ളു. ബുദ്ധിജീവികളുടെ ശ്രദ്ധ ഇക്കാര്യത്തിൽ സത്വരം പതിയട്ടെ.

## ആധുനികൻെറ നല്ലനാളെ

ഇരുപതാംനൂററാണ്ടിൻെറ രണ്ടാംഭാഗമായപ്പോഴേക്കും നല്ലനാളെയുടെ സുന്ദരസ്വപ്നവുമായി ആധുനികൻ സല്ലപിക്കാൻ തുടങ്ങിയതാണു്. എന്നാൽ ആ പ്രയാണത്തിന്നു വല്ല വിജയവും ഉണ്ടാകണമെങ്കിൽ "ഇന്നലെയും" "നാളെയും" തട്ടിച്ചു് ഒരു ഇന്നിനെ കരുപ്പിടിക്കാൻ നാം തയാറാകണം. പാശ്ചാത്യരുടെയും പൌരസ്ത്യരുടേയും തത്വവിചാരഫലമായി മനുഷ്യരാശിക്കു് ലഭിച്ചിട്ടുള്ള വീക്ഷണം ഇന്നിനെ സർവഥാ പ്രധാനമായി ഗണിക്കാനാണു്. നാളെ അഭിവൃദ്ധി പ്രതീക്ഷിക്കാമെങ്കിലും ഇന്നലെ അധഃപതനമായിരുന്നെങ്കിലും ഇന്നിൻെറ പൂർണ്ണാനുഭവം കരഗതമാകാൻ നാം ഏററവും ശ്രദ്ധചെലുത്തേണ്ടതു ചുററും വ്യാപിച്ചുകിടക്കുന്ന ദൃശ്യപ്രപഞ്ചത്തെയാണു്. ഇന്നലെ വസ്തുനിഷ്ഠമായ ജീവിതത്തെ നാം പഠിക്കാതിരിക്കുന്നതിനെ തിരുത്താൻ നാളെയെ കാത്തിരിക്കുന്നതു് അബദ്ധമാണു്. എന്തെന്നാൽ ഇന്നലെയുടെ ക്ഷീണവും നൈരാശ്യവും പോരായ്മയും തുടർന്നു ഇന്നിനെ നാം അർത്ഥശൂന്യമാക്കുകയാണു്. ഇന്നിൻെറ സൃഷ്ടിയിൽ വ്യാപൃതരായി ഇന്നലെയും നാളെയും ഉന്നിച്ചേർക്കാൻ നമുക്കു് കഴിഞ്ഞില്ലെങ്കിൽ കഷ്ടമാണു്.

പൊയ്പ്പോയ ഇന്നലെ, വന്നേക്കാവുന്ന നാളെ ഇവ രണ്ടിലേക്കും മിഴികളെ നട്ടുകൊണ്ട് ജീവിതസൗഖ്യം കാർന്നെടുക്കാതെ നാം സമയം പാഴാക്കുകയാണ്. അപൂർണ്ണതയില്ലാത്ത ജീവിതം നമുക്ക് കിട്ടാൻപോകുന്നില്ല. അതുകൊണ്ട് ഇന്നിൻെറ അപൂർണ്ണത കണ്ടുപിടിക്കാൻ ബദ്ധപ്പെട്ട് ഇന്നലെയിലേക്ക് നാക്കുനുണഞ്ഞുനോക്കുന്ന യാഥാസ്ഥിതികരും നാളെയിലേക്കു ഭാവന അയച്ചു ദർശിക്കുന്ന ഉൽപ്പതിഷ്ണുക്കളും രണ്ടു പകടത്തിൽ പെട്ടിരിക്കയാണ്. സാഹിത്യത്തെ പശ്ചാത്തലമാക്കി പറഞ്ഞാൽ സമസ്തകേരളസാഹിത്യപരിഷത്തു് ഇന്നലെയുടെ പരികർമ്മികളും പുരോഗമനസാഹിത്യസംഘടന നാളെയുടെ കാമുകരുമാണ്. അങ്ങനെ സാഹിത്യത്തിലെ "ഇന്നു്" യാഥാർത്ഥ്യമാക്കാൻ സാദ്ധ്യമാകാതെ സാഹിത്യപ്രേമികൾ നട്ടംതിരിയുന്നു. ഈ ദുരവസ്ഥ രാഷ്ട്രീയരംഗത്തും കോൺഗ്രസ്സിൻെറയും ഇടതുപക്ഷങ്ങളുടെയും വടംവലിയിലും സ്പഷ്ടമാകുന്നു. തത്വചിന്താരംഗത്തും ശാസ്ത്രത്തിൻെറ അനുഭാവികളും മതത്തിൻെറ സുഹൃത്തുക്കളുംതമ്മിൽ ശണ്ഠയാണ്. അങ്ങനെ "നാളെയുടെ രൂപം" കാണാൻ കൊതിക്കുന്ന യുവാക്കൾ അസംതൃപ്തിയുടെ അപകടമേഖലയിൽ അലഞ്ഞുതിരിയുന്നു. പോംവഴി—ഒന്നേയുള്ളു—ഇന്നിനെ സാക്ഷാത്കരിക്കുക.

---

# തത്വവിചാരത്തിന്‌ ജീവിതത്തിലുള്ള സ്ഥാനം

സ്വയംബോധവാനായ മനുഷ്യൻ ജീവിതരംഗത്തിന്റെ തേരാളിയായി രംഗപ്രവേശംചെയ്തിട്ട് വളരെ നാളുകളായിട്ടില്ല. ഇരുപതാംനൂററാണ്ടിന്നു് മാത്രമാണ് മനുഷ്യനിൽ അന്തർഭവിച്ചിരുന്ന കഴിവുകളെ വെളിച്ചത്തു് കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളതു്. പുരോഗതിയെ ലക്ഷ്യമാക്കി മനുഷ്യൻ നേടിയിട്ടുള്ള സമ്പാദ്യങ്ങളുടെ സംക്ഷേപമാണ് ചരിത്രം. ചരിത്രം തെളിയിക്കുന്നതു് മൂന്നുമാർഗ്ഗങ്ങളിലൂടെ മനുഷ്യൻ മുന്നേറിയ വികാസകഥയാണ്. മതവും തത്വവിചാരവും ശാസ്ത്രവും അവന്റെ ഭരണകർത്താക്കളായി. മനുഷ്യമനസ്സിനു് സൃഷ്ടിക്കാൻ കഴിഞ്ഞ ആദ്യത്തെ പ്രതിഭാസമാണ് മതം. അത്ഭുതവും, ഞെട്ടലും, ആത്മപ്രശംസയും, ദൈവവിശ്വാസവും, നിസ്സഹായതയും, നിശ്ചയദാർഢ്യവും ഇടതിങ്ങിയ മതം, സ്വർഗ്ഗരാജ്യത്തിലേക്കു് നമ്മെ ആനയിക്കുന്നു. തത്വചിന്ത, പ്രപഞ്ചത്തെ സമഗ്രമായി നിരീക്ഷിച്ചു് മനുഷ്യന്റെ സ്ഥാനവും കർത്തവ്യവും നിർണ്ണയിച്ചു് മനുഷ്യത്വം വാർത്തെടുക്കാൻ ബദ്ധപ്പെട്ടുകൊണ്ടിരി

കുന്നു. ശാസ്ത്രമാണെങ്കിൽ പ്രകൃതിയെ ലാബൊറട്ടറികളിലാക്കി വെളിച്ചവും മിന്നലും പണിക്കോപ്പും പണസ്സഞ്ചിയും ദ്രാവകവും വാതകവും നിർമ്മിക്കാൻ തൽപരയാണ്. തലമുറകൾ ഇഴഞ്ഞുനീങ്ങുമ്പോൾ ഓരോ നൂററാണ്ടിന്നും മതത്തേയോ, തത്വചിന്തയേയോ, ശാസ്ത്രത്തെയോ കൂട്ടുപിടിച്ച് പലതും സാധിക്കുവാനുണ്ടാവും. മതം പ്രബലപ്പെടുന്ന കാലഘട്ടത്തിൽ തത്വവിചാരം തിരോധാനംചെയ്യും, ശാസ്ത്രം വർജ്ജിക്കപ്പെടും. തത്വവിചാരം ഉണർന്നെഴുന്നേൽക്കുമ്പോൾ മതം ശിങ്കിടിപാടും, ശാസ്ത്രം അനുസരണയോടെ അനുധാവനംചെയ്യും. ശാസ്ത്രം അലറുമ്പോൾ മതം പേടിച്ചൊളിക്കും. തത്വവിചാരം സൌന്ദര്യപ്പിണക്കത്തിൽകഴിയും. ഇങ്ങനെയൊക്കെ ശതാബ്ദങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുണ്ടെങ്കിലും, ഓരോ പരിണാമദശയിൽ തത്വവിചാരം മതത്തെയും ശാസ്ത്രത്തെയും നിലക്ക്നിർത്താൻ യത്നിച്ചിട്ടുള്ള ചുരുക്കം ചില സംരംഭങ്ങൾക്കും ചരിത്രം ദൃക്സാക്ഷിയാണ്. ഒരു ന്യൂനപക്ഷം ചിന്തകന്മാർ മതത്തിന്റെ സ്വാധീനത്തിൽ ജീവിതം മുഴുവൻ വിട്ടുകൊടുക്കാതെ, ശാസ്ത്രത്തിന്നു് മനുഷ്യത്വം ബലികഴിക്കാതെ തത്വവിചാരത്തിന്റെ പ്രാധാന്യം സൂക്ഷിച്ചുപോന്നു. എന്നാൽ ഇന്നു് പരിവർത്തനം കാട്ടുകയറിത്തുടങ്ങിയപ്പോൾ തത്വവിചാരത്തിന്നും സ്ഥാനഭ്രംശം വന്നിരിക്കുന്നു. ദൈനംദിനജീവിതത്തിലെ

ഒരു അവിഭാജ്യഘടകമായിരുന്ന തത്വചിന്തക്ക് സ്കൂളുകളിൽ സ്ഥാനമില്ല, കോളേജുകളിൽ അപകർഷബോധത്തിൻെറ തണലിലാണ്. സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് തത്വവിചാരം ഭയപ്പാടുണ്ടാക്കുന്നു. മതം ഒരുവശത്ത് പല്ലിളിക്കുമ്പോൾ ശാസ്ത്രം വേറൊരുവഴിയിൽ കിതച്ചോടുകയുമാണ്. ഈ പശ്ചാത്തലത്തിൽ തത്വവിചാരവും ജീവിതവുമായുള്ള ബന്ധം നിർദ്ദേശിക്കുന്നതു് അനുചിതമായിരിക്കയില്ല. കാരണം, പ്രപഞ്ചംതന്നെ സ്വന്തം നിലനിൽപ്പിനു് തത്വവിചാരത്തിലേർപ്പെട്ടിരിക്കുമ്പോൾ എങ്ങനെയാണ് മനുഷ്യൻ ആ കർമ്മത്തിൽനിന്നും പിന്മാറുന്നതു്?

## തത്വവിചാരത്തിൻെറ ലക്ഷ്യങ്ങൾ

സോക്രട്ടീസ് മുതൽ ബർട്രണ്ട് റസ്സൽവരെ, യാജ്ഞവൽക്യൻ മുതൽ രാധാകൃഷ്ണൻവരെ തത്വവിചാരത്തിനു് ചില ഉദ്ദേശങ്ങളുണ്ട്. ഒന്നാമതായി നിത്യസത്യത്തെ ആരായാനുള്ള പ്രതിപത്തിയുണ്ടാക്കുക. ജീവിതം സാർത്ഥകമാകണമെങ്കിൽ താൽക്കാലികമായ, ക്ഷണഭംഗുരമായ സന്ദർഭങ്ങളിൽനിന്നു് മനസ്സിനെ വലിച്ചൂരി നിത്യതയിലേക്കും അനശ്വരതയിലേക്കും ആർത്തിയുണ്ടാക്കണം. രണ്ടാമതായി വ്യക്തിയെ പൂർണ്ണനാക്കി ഭൂതലജീവിതം സുന്ദരമാക്കുക. വികലവും ഭാഗികവുമായ വളർച്ചയിൽനിന്നും വ്യക്തിയെ പിൻതിരിപ്പിച്ച് അഖണ്ഡവും അവികലവുമായ ഒരു വികാസത്തിലേയ്ക്കു് അവനെ ഏറ

ഞ്ഞതയകളക. മൂന്നാമതായി, സംസാരം ദു:ഖഭൂയിഷ്ഠ മാകയാൽ ആനന്ദമടയുന്നതിനുള്ള സദാചാരമാൎഗ്ഗം ഉപദേശിക്കുക; ക്ലേശം വമിക്കുന്ന ശരീരഘടനയും നീറിപ്പുകയുന്ന മനോവ്യാപാരങ്ങളും സ്വന്തമായ മനുഷ്യന്, മുക്തി അഥവാ നിർവാണം ലഭിക്കാൻ സ്വപരിശ്രമം കൂടിയേതീരു. നാലാമതായി ജീവിതത്തെ സമഗ്രമായി കണ്ടു്, കാലഘട്ടങ്ങൾ തിരിച്ചു് സ്വധർമ്മം നിർവഹിക്കുക. യൗവനത്തിലും മദ്ധ്യവയസ്സിലും വാർദ്ധക്യത്തിലും ഓരോരോ ലക്ഷ്യ പ്രാപ്തിക്കായി ശ്രമിയ്ക്കുക. പരമാവധി ഏകവും അവിഭക്തവുമായ ഒരാദർശത്തിലേക്കു് ജീവിതം തൊടുത്തുവിടുക. അഞ്ചാമതായി ധ്യാനപൂർണ്ണമായ ജീവിതത്തിന്നു് പ്രാധാന്യം നൽകി, കർമ്മത്തിന്നു് രണ്ടാംസ്ഥാനം കൊടുക്കുക. ഓടി അലഞ്ഞു ശല്യങ്ങളും കുഴപ്പങ്ങളും ഉണ്ടാക്കി ഊൎജ്ജത്തെ ഛിന്നഭിന്നമാക്കാതെ കർമ്മത്തിൽനിന്നും ജ്ഞാനത്തിലേക്കുള്ള പ്രയാണം ശ്രദ്ധിക്കുക, ഏകാന്തമായി വ്യക്തിസത്തയുണ്ടാക്കാൻ ധൈര്യം ആർജ്ജിക്കുക.

പുരാതനകാലംതൊട്ടേ ഇന്ത്യയുടെ പ്രശസ്തി കേന്ദ്രീകരിച്ചിരിക്കുന്നതു് തത്വചിന്തയുടെ ഗഹനതയിലാണു്. യാജ്ഞവൽക്യൻ ബൃഹദാരണ്യകോപനിഷത്തിൽ ആവിഷ്ക്കരിച്ച ജീവിതമതം ഇന്നും അജയ്യമായി നിലകൊള്ളുന്നു. യാജ്ഞവൽക്യന്റെ വാദം, ശരീരത്തിനും മനസ്സിനും അതീതമായ ആത്മാ

വിനെ നാം കണ്ടെത്തി ബ്രഹ്മവുമായി യോജി ക്കണമെന്നായിരുന്നു. ലോകവ്യവഹാരത്തിൽ മുങ്ങിമ യങ്ങി നശിക്കാതെ പരമാത്ഥസത്യത്തിൽ ലയി ക്കാൻ അദ്ദേഹം ഉപദേശിച്ചു. തുടർന്നു ശ്രീബാദ രായണനും ഗൗഡപാദരും ഉപനിഷത്തിലെ "തത്വ മസി" (അതു നീയാണ്)എന്ന വാക്യം വിശദീക രിച്ച് ആത്മീയജീവിതത്തിൻെറ ഉൽക്കർഷം ലോ കത്തിന് പ്രദർശിപ്പിച്ചു. അനന്തരമാണല്ലോ കാല ടിയിൽ ജനിച്ച നമ്മുടെ ശങ്കരാചാര്യർ അദ്വൈത ദർശനം സ്ഥാപിച്ച് ജീവിതത്തിന് ഗാംഭീര്യവും സൗന്ദര്യവും നൽകിയതു്. വൈഷ്ണവാചാര്യന്മാരായി രുന്ന ശ്രീ രാമാനുജനും, മധ്വനും, നിംബാർക്കനും വല്ലഭനും, ചൈതന്യനും, ശ്രീഭഗവൽഗീതയിലെ കൃഷ്ണഗുരുവിൻെറ സന്ദേശം ഇന്ത്യയിലാകമാനം വ്യാ ത്തിച്ചു. ശൈവസിദ്ധാന്തക്കാർ ഭക്തിയുടെ ആവ ശ്യത്തെ ശിവപൂജയിൽക്കൂടിയും പ്രതിപാദിച്ചു. ഈ ചിന്താസരണിയുടെ ഒടുവിലത്തെ സൃഷ്ടിയാണ് ഡോക്ടർരാധാകൃഷ്ണൻ. 'ചൈതന്യാത്മകമായ ഒരുമതം' വേദാന്തദർശനങ്ങളിൽനിന്നും അടർത്തിയെടുത്ത് നാട്ടിനും ലോകത്തിനും സമർപ്പിച്ച അദ്ദേഹം വി ശ്വതത്വചിന്തയ്ക്കും, വിശ്വമതത്തിനും ഇന്ത്യയുടെ പങ്ക് സൂചിപ്പിച്ചുകൊണ്ടു് കാത്തുനിൽക്കുന്നു.

ഇന്ത്യൻതത്വവിചാരത്തിന് മറുപുറംകൂടിയുണ്ടു്. ശ്രീ ബുദ്ധനും, ജിനമഹാവീരനും നിർദ്ദേശിച്ച ധ

ത്മമാർഗ്ഗം വ്യക്തിഗതമായ കർമ്മാനുഷ്ഠാനത്തിൽ കൂടി ദുഃഖത്തെ ദൂരീകരിച്ച് ശാന്തിയടയാനുള്ള ഉപദേശം. ശ്രീ ഗൗതമനും കണാദനും ന്യായവൈശേഷികദർശനങ്ങൾവഴി പരമാണുപൂരിതമായ പ്രപഞ്ചത്തേയും യുക്തിയുടെ ശക്തിയെ വിളിച്ചറിയിക്കുന്ന തർക്കശാസ്ത്രത്തേയും നമുക്ക് ദാനംചെയ്തു. ശ്രീ കപിലനാകട്ടെ, പരിണാമസിദ്ധാന്തത്തിൽകൂടി പ്രകൃതിയെ പഠിച്ച്, പുരുഷൻെറ കടമ വിവേചിച്ച് ക്രിയാത്മകമായ വിവേകബുദ്ധിമൂലം ആനന്ദമടയാമെന്നു് സ്ഥാപിച്ചു. ഇവരുടേയെല്ലാം മുകളിൽ വിമർശനഖഡ്ഗത്താൽ അന്ധവിശ്വാസങ്ങളെ അരിഞ്ഞുതള്ളി പ്രശോഭിച്ചിരുന്ന ഉൽപ്പത്തിഷ്ണുവുണ്ടായിരുന്നു. അദ്ദേഹമാണ് ശ്രീ ബൃഹസ്പതി. ചാർവ്വാകദർശനത്താൽ ഭൗതികവാദത്തിനും സുഖസിദ്ധാന്തത്തിനും ലോകജീവിതത്തെ എത്രമേൽ ഉൽബുദ്ധമാക്കാമെന്നു് അദ്ദേഹം തെളിയിച്ചു. മതസ്ഥാപനങ്ങളുടെ ചൂഷണവും സ്ഥാപിതതാല്പര്യക്കാരുടെ വിദ്വേഷജനകമായ ജീവിതചര്യകളും എതിർത്തു സ്വതന്ത്രമായ തത്വവിചാരം അദ്ദേഹം ഇന്ത്യയിൽ സ്ഥാപിക്കുകയുണ്ടായി.

## വിദേശ രാജ്യങ്ങളിൽ

അനുഭവത്തിൻെറ അനിഷേധ്യമായ മൂല്യത്തെ ഫ്റാൻസിസ് ബേക്കൺ തെളിയിച്ചതോടെ ബ്രിട്ടനിൽ ഒരു പുതിയ തത്വവിചാരം ഉൽഘാടനംചെ

യ്യപ്പെട്ടു. ജോൺലോക്ക്, ബിഷപ്പ് ബാർക്ക്ലി, ഡേവിഡ് ഹ്യൂം തുടങ്ങിയ ചിന്തകരുടെ നേതൃത്വത്തിൽ ഇന്ദ്രിയനിവേദങ്ങളുടെ പ്രാധാന്യം അംഗീകരിക്കപ്പെട്ടു. അടിസ്ഥാനമില്ലാതെ ജീവിതം ചലിച്ചാൽ ആപത്താണെന്നും അനുഭവത്തിൻെറ താങ്ങിലാണ് വിജ്ഞാനസൗധം നിലനിൽക്കേണ്ടതെന്നും അവർ വാദിച്ചു രാഷ്ട്രീയചിന്തകരായ ജെറമിബന്താം, ജെയിംസ് മിൽ, ജോൺസ്റ്റുവാർട്ട് മിൽ, ഡെമോക്രസിയുടെ വിത്ത് പാകി തത്വവിചാരത്തെ ജീവിതവുമായി അടുപ്പിച്ചു. അടുത്തതായി 'ഓക്സ്ഫോർഡ് സ്കൂൾ ഓഫ് ഐഡിയലിസ്റ്റ്സ്' രൂപീകരിക്കപ്പെട്ടു. ബ്രാഡ്ലി, ബൊസാങ്കെ, ഗ്രീൻ തുടങ്ങിയ തത്വജ്ഞാനികൾ ആദർശാത്മകമായ ജീവിതവീക്ഷണം എഴുതിയുണ്ടാക്കി. രാഷ്ട്രീയജീവിതത്തിന്നും സമൂഹസംവിധാനത്തിന്നും മാർഗ്ഗദർശകമായി ആദർശത്തെ ചൂണ്ടിക്കാണിച്ച് ജീവിതം ഔന്നത്യത്തിലേക്ക് പ്രവഹിപ്പിച്ചു. ഈ നൂററാണ്ടായപ്പോഴേക്കും ബർട്രണ്ട് റസ്സൽ, വൈററ്ഹെഡ് എന്നീ ശാസ്ത്രീയ തത്വചിന്തകന്മാർ ശാസ്ത്രം തരുന്ന വെളിച്ചത്തിൽ താത്വിക പ്രശ്നങ്ങളെ അപഗ്രഥിച്ച് ജീവിതത്തെ വികസിപ്പിക്കുവാൻ തുടങ്ങി.

അമേരിക്കയിലാണെങ്കിൽ വളരെയേറെ തത്വവിചാരമുണ്ടായിട്ടില്ല. ഉള്ളതെല്ലാം തകർപ്പൻചിന്തകളും. റോസയ്യാ ജോയിസ് ആദർശവാദിയായി

KOTTAYAM PUBLIC LIBRARY

പത്തൊൻപതാംശതകത്തിൽ തലയുയർത്തിയെങ്കിൽ തത്വവിചാരപീഠാംഗതനായിരുന്ന വില്യംജെയിംസ് ചിന്താസരണിക്ക് അഭൂതപൂർവ്വമായ ഒരു പ്രകാശം നൽകി. പ്രായോഗികവാദം പ്രചരിപ്പിച്ച് ജീവിതവും സത്യദർശനവും സാമൂഹ്യമാക്കി അദ്ദേഹം അവ്യക്തമായ തത്വചിന്തകളെ ഉച്ചാടനംചെയ്തു.

വില്യം ജയിംസിൻെറ പിൻഗാമിയായ ജോൺ ഡ്യൂയി വിദ്യാഭ്യാസമണ്ഡലത്തിലും സാംസ്ക്കാരികരംഗത്തും വ്യാവസായികത്തുറയിലും തത്വവിചാരത്തെ പ്രയോഗിച്ചു. പഴഞ്ചൻ തത്വചിന്തയെ വെല്ലുവിളിച്ച്, ജീവിതത്തെ സുന്ദരസുരഭിലമാക്കാൻ പററിയ ഉപകരണമായി തത്വവിചാരത്തെ കടഞ്ഞെടുത്തു. സമൂഹത്തിലുള്ള വ്യക്തിയെപ്പററി സാമ്പത്തികമായ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ തത്വശാസ്ത്രം വഴിപിഴക്കുകയില്ലെന്ന് അദ്ദേഹം വിവരിച്ചു.

• മതം വലിഞ്ഞുകേറി തത്വവിചാരത്തെ അവഹേളിക്കുന്ന ശീലം നിർത്തണമെന്നും ശാസ്ത്രത്തിൻെറ അകമ്പടിയോടുകൂടി തത്വവിചാരം ജീവിതത്തിൻെറ എല്ലാ ശാഖകളിലും ആഴ്ന്നിറങ്ങണമെന്നും അദ്ദേഹം തീവ്രവാദംചെയ്തു.

## ഗ്രീസും ജർമ്മനിയും

തത്വചിന്ത പിറന്നതു് ഗ്രീസിൻെറ തൊട്ടിലിലായിരുന്നു എന്നു് പലരും തെററിദ്ധരിക്കുന്നുണ്ടു്. എങ്കിലും, ഗ്രീസിൽ പ്രബുദ്ധമായ തത്വവിചാരം നി

ലവിലിരുന്നതു് വാസ്തവമാണ്. സോക്രട്ടീസ് ജീവിതത്തെ സസൂക്ഷ്മം പരിശോധിക്കാൻ തത്വവിചാരത്തെ ഉപയോഗിച്ചു. രാഷ്ട്രീയനേതാക്കന്മാർക്കോ സാമ്പത്തികവിദഗ്ദ്ധന്മാർക്കോ, മതാചാര്യന്മാർക്കോ അല്ല ജീവിതത്തെപ്പററി അധികാരത്തോടെ പരാമർശിക്കാൻ അർഹതയുള്ളതു്. പിന്നെ, വിപ്ലവം വിതക്കാൻ കരുത്തുള്ള തത്വചിന്തകന്നാണെന്നു് അദ്ദേഹം ഒരു രക്തസാക്ഷിയായി ലോകത്തോടു് വിളംബരംചെയ്തു. ധാർമ്മികജീവിതത്തിൽ ഉറച്ച സമ്പദ്‌വ്യവസ്ഥയും, രാഷ്ട്രനിർമ്മാണവും, സാമൂഹ്യസ്ഥാപനങ്ങളും വേണമെന്നു് അദ്ദേഹം സമർത്ഥിച്ചതുകൊണ്ടു് ഇന്നും തത്വവിചാരം ജീവിതദർശിയായി അഭിമാനംകൊള്ളുന്നു. സോക്രട്ടീസിന്നു് പുറകെ പ്ലാറേറാവും അരിസ്റ്റോട്ടിലും വിചിത്രമായ വിചാരശകലങ്ങൾകൊണ്ടു് ഗ്രീസിനെ ഇളക്കിമറിച്ചു. കമ്മ്യൂണിസവും ആദർശരാഷ്ട്രവും ആവശ്യപ്പെട്ട പ്ലാറേറാവും പ്രായോഗികജനകീയരാഷ്ട്രം സിദ്ധാന്തിച്ച അരിസ്റ്റോട്ടിലും തത്വചിന്തയുടെ അനശ്വരദീപങ്ങളാണ്. ജർമ്മനിയിൽ ജനിച്ച സ്പിനോസയും ലൈബ്നിസ്സും കണക്കശാസ്ത്രത്തിൻെറ സ്ഫുടതയോടെ തത്വവിചാരംചെയ്തു. മനസ്സിലാകാത്തതും അർത്ഥശൂന്യവുമായ ചിന്തകളാണ് തത്വവിചാരമെന്ന ശീർഷകത്തിൽ അറിയപ്പെട്ടിരുന്നതെന്നുള്ള അബദ്ധധാരണ മാററി ശാസ്ത്രീയാടിസ്ഥാനത്തിൽ തത്വചിന്തയെ അവർ വാഴിച്ചു. പിന്നെ കാൻറും ഹെ

ഗലും ഷോപ്പൻഹവറും നീഷേയും കാൻറ് രാഷ്ട്രമീമാംസകളും ധർമ്മശാസ്ത്രത്തിനും ചിന്താശാസ്ത്രത്തിനും ചെയ്തിട്ടുള്ള സംഭാവനകളാണ് ഇന്നും യൂറോപ്പിനെ വിജ്ഞമാക്കിത്തീർക്കുന്നതു്. ഹെഗൽ ഗ്രീസിനെ പുനരാവിഷ്കരിച്ചു്, ഉത്തുംഗമായ രാഷ്ട്രനിർമ്മാണത്തിനും കേവലസത്യത്തിൻെറ പ്രതിഫലനത്തിനും തത്വവിചാരംചെയ്തു. ഷോപ്പൻഹവർ കലയ്ക്കു് നൽകിയ താത്വികമൂല്യം സാഹിത്യകാരന്മാർക്കു് എന്നും കെടാവിളക്കാണ്. അദ്ദേഹം നിരൂപിച്ചതു് ലോകം ഇച്ഛാശക്തിയ്ക്കും ആശയത്തിനും വിധേയമാണെന്നാണ്. നീഷേ അതിമാനുഷസിദ്ധാന്തവും നന്മകളും തിന്മകളും അതീതമായ ധർമ്മശാസ്ത്രവുംകൊണ്ടു് ലോകത്തിനെ വിറപ്പിച്ചുകളഞ്ഞു.

### ഫ്റാൻസിൻെറയും ഇററലിയുടെയും സംഭാവനകൾ

Father of modern philosophy

ആധുനികയൂറോപ്യൻ തത്വവിചാരത്തിൻെറ പിതാവായി കൽപ്പിക്കുന്നതു് ഫ്റഞ്ച് ചിന്തകനായ ഡേക്കാർട്ടെയെയാണ്. കണക്കശാസ്ത്രം നിർദ്ദേശിക്കുന്ന അചഞ്ചലമാർഗ്ഗത്തിൽക്കൂടി സത്യത്തെ വ്യാപരിപ്പിച്ചു്, ദൈവവും മനുഷ്യനും ചിന്താവിഷയമാക്കി. കഴിഞ്ഞ നൂററാണ്ടിൽ വിശ്വഖ്യാതിയാർജ്ജിച്ച ബെർഗ്സെൻ സാഹിത്യകാരന്മാരെയും ഞെട്ടിപ്പിച്ചു്—വിശേഷിച്ചും ബെർനാഡ്ഷായെ—കലയുടെ വ്യാപ്തിയും പരിണാമവും നിശ്ചയിച്ചു്,

പ്രപഞ്ചത്തെ സർഗ്ഗശക്തിയുടെ വികാസമായി ചിത്രീകരിച്ച്, മനുഷ്യന്റെ ഭാവനയുടെയും ബുദ്ധിയുടേയും സ്വാതന്ത്ര്യത്തെ വിളിച്ചറിയിച്ച്, കലാകാരന്റെ അനുഭൂതിയുടെ വില തിട്ടപ്പെടുത്തി അദ്ദേഹം തത്വചിന്തചെയ്തു. സാമൂഹ്യപുരോഗതിക്കും സാംസ്ക്കാരിക നവോത്ഥാനത്തിന്നും ബെർഗ്സൻ പ്രദാനംചെയ്ത വെളിച്ചം അണയാതെ നില്ക്കുന്നു.

ഇററലി ഒരു മിടുക്കനെ മാത്രമേ സൃഷ്ടിച്ചുള്ളു. എങ്കിലും വിശ്വവ്യാപകമായ സ്വാധീനം അദ്ദേഹത്തിന് ഉണ്ടായിരുന്നു— ബനഡേറെറാക്രോചേ. കലയ്ക്കും സാഹിത്യത്തിനും സമൂഹത്തിനും അദ്ദേഹത്തിന്റെ തത്വങ്ങൾ ഒഴിയാമൂല്യങ്ങളാണ്.

## റഷ്യയും ചൈനയും

കൺഫ്യൂഷസിന്റെ ജീവിതകർമ്മാനുഗായിയായ തത്വവിചാരം എങ്ങും പ്രസിദ്ധമാണ്. മെൻസിയസ്സും ലയോത്സുസ്വവും ചരിച്ചപാത ചൈനക്കാരുടെ സാമൂഹ്യജീവിതത്തിന് ഉപകാരമായിരുന്നു. റഷ്യയിൽ ഉണ്ടായിരുന്ന ശാസ്ത്രീയ തത്വചിന്തകരിൽ സ്ലേവോഫിൽസും ഭൗതികവാദികളും കിറേയവിസ്ക്കിയും ബാക്കുനനും ടോട്സ്ക്കിയും പ്രശസ്തരാണ്.

ജർമ്മൻചിന്തകനായ കാറൽമാർക്സിനെ റഷ്യയുടെയും ചൈനയുടേയും തത്വജ്ഞാനിയായി കണക്കാക്കാം. കാരണം ജർമ്മനി ഉൽപ്പാദിപ്പിച്ചെ

ങ്കിലും വിശ്വചിന്തകനായി മാറിയ മാർക്ക്സിനെ അംഗീകരിച്ച രാഷ്ട്രങ്ങളുടെ വിധിനിർണ്ണായകനായി പരിഗണിക്കുന്നതിൽ അപാകതയില്ല. തത്വവിചാരത്തിൽ നിഷ്പക്ഷതയും നിർമ്മത്സരതയും നേടിയ മാർക്ക്സിൻെറ എല്ലാവർക്കും സുപരിചിതമായ വൈരുദ്ധ്യാത്മകഭൗതികവാദം ചർച്ചചെയ്യുന്നതും അഭംഗിയാണ്. തൊഴിലാളിജനതയുടെ വിമോചനാചാര്യനായി വിലസുന്ന മാർക്ക്സ് തത്വവിചാരത്തിൻെറ കൊടുമുടിയിൽ എത്തിയ പ്രഗൽഭനാണ്. മാർക്ക്സിൻെറ വീക്ഷണഗതി ഡോക്ടർ രാധാകൃഷ്ണൻ ഇന്ത്യൻ ദർശനങ്ങളുടെ ഭാവിവളർച്ചക്ക് ചൂണ്ടിക്കാണിച്ചില്ലെങ്കിലും സ്വദർശനവും മാർക്ക്സിൻെറ നിലപാടുമായി യോജിക്കുന്നുണ്ടെന്നു് അദ്ദേഹം പ്രഖ്യാപിച്ചപ്പോൾ ആ തത്വവിചാരമാഹാത്മ്യം അനുമാനിക്കാമല്ലോ.

## ഇന്ത്യയിലെ നാളത്തെ തത്വവിചാരം

ഇത്രയുമൊക്കെ പറഞ്ഞിട്ട് നാളെ ഇന്ത്യയുടെ തത്വവിചാരത്തിൻെറ ഗതി സൂചിപ്പിക്കാതിരിക്കുന്നതു് പോരായ്മയായിരിക്കും. ഒന്നാമതായി, ഇന്ത്യക്കാരൻെറ ജീവിതത്തിനു് ഊടും പാവും നൽകുന്ന സാമ്പത്തികവ്യവസ്ഥിതി ഉറപ്പിക്കാൻ തത്വവിചാരത്തെ ഉപയോഗിക്കണം. വറുതിയും ഇല്ലായ്മയും കർമ്മമാണെന്നും ദൈവനീതിയാണെന്നുമുള്ള വിശ്വാസം പാടെ തകരണം. ആത്മീയവികാസം അ

ൻ

അററം തങ്ങൾക്കുണ്ടെന്ന് വാദിക്കുന്ന ഇന്ത്യൻതത്വചിന്തകർ കൊള്ളയും കൈക്കൂലിയും അഴിമതിയും അനീതിയും ചൂഷണവും ദാരിദ്ര്യവും നിത്യജീവിതത്തിൽ അനുഭവിക്കുന്നു. ആശ്രമങ്ങളിലും മഠങ്ങളിലും തത്വചിന്തകരുടെ മുറികളിലും തത്വവിചാരം അടച്ചിട്ട് സൂക്ഷിക്കയാണോ എന്നു തോന്നും ഇന്നത്തെ ഇന്ത്യൻചിന്താഗതി കാണുമ്പോൾ – മഹാകവി ടാഗോർ പാടിയപോലെ, മഹാത്മജി ആവശ്യപ്പെട്ടപോലെ തത്വചിന്തയെ ജീവിതത്തിൽ കൊണ്ടുവന്നു നിറുത്തണം. സാമൂഹ്യജീവിതത്തിന്ന് ആലംബമായ സമ്പദ്‌വിതരണം, ഉല്പാദനോപകരണങ്ങളുടെ ഉടമ സാമാന്യജനങ്ങളിലേക്ക് പകർന്നിട്ടില്ല. അതിന്നായി തത്വവിചാരം ഇന്ത്യയിൽ ചലിക്കേണ്ടിയിരിക്കുന്നു. ഇന്നലെ ഒരു ദാർശനികനും വ്യാവഹാരികജീവിതത്തിന്റെ കെട്ടുറപ്പിനെപ്പററി ചിന്തിച്ചിട്ടില്ല. ഇന്നും നാളെയും ജനിക്കുന്നവർക്ക് സംരക്ഷണം വേണമെങ്കിൽ ഇന്നലെ ജനിച്ചവർ ജീവിതസൗകര്യങ്ങളെ കയ്യടക്കാതിരിക്കണം. അതിന്ന് പററിയ തത്വവിചാരം ജനസാമാന്യത്തിൽ വ്യാപിക്കണം.

രണ്ടാമതായി, മതവും തത്വവിചാരവുമായി കൂട്ടിക്കുഴയ്ക്കുന്ന ഏർപ്പാട് നാം നിർത്തണം. ഡോക്ടർ രാധാകൃഷ്ണൻ നിർബ്ബന്ധിക്കുന്ന മതം ഇന്ത്യക്ക് കരഗതമായാലും സ്വതന്ത്രതത്വവിചാരം ഇവിടെ ഹനിക്കപ്പെടും. വേദാന്തദർശനങ്ങളുടെയും ബുദ്ധതത്വങ്ങ

ളുടെയും ഇന്നത്തെ പോക്കു് നോക്കുക. വ്യക്തിഗതമായ മതവീക്ഷണത്തിൽ അഭയംപ്രാപിച്ചു് ജ്ഞാനികളം, ധർമ്മഭടന്മാർ സുഖമായി കഴിയുന്നു. സാധാരണക്കാർ ജീവിതപ്രശ്നങ്ങളെ പരിഹരിക്കാനാവാതെ നട്ടംതിരിയുന്നു. മതത്തിനു് ഇന്ത്യയിലുള്ള സ്വാധീനം ഉണ്ടായിരിക്കട്ടെ. എന്നാൽ ജീവിതതത്വവിചാരത്തെ അതു് വിഘാതപ്പെടുത്തരുതു്. രാഷ്ട്രസംവിധാനത്തിലും സാമൂഹ്യസ്ഥാപനങ്ങളുടെ അഴിച്ചുപണിയലിലും മതം കൈകടത്തരുതു്. മതത്തിനു് പ്രദാനംചെയ്യാവുന്ന പരമാവധി സമ്പാദ്യം ഇന്ത്യക്കാരനുണ്ടു്. അധികമായാൽ അമൃതുംവിഷമെന്നു് ഡോക്ടർ രാധാകൃഷ്ണനും ഓർമ്മിക്കട്ടെ. ഇന്നത്തെ ആവശ്യം സ്വച്ഛന്ദമായ സാമൂഹ്യതത്വചിന്തയാണു്.

മൂന്നാമതായി, ശാസ്ത്രത്തിനു് അതിൻെറതായ നിലപാടു് ഇന്ത്യക്കാരൻ വക വെച്ചുകൊടുക്കണം. പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ശക്തികളെ നിഷ്പക്ഷമായി പഠിക്കാനും പരീക്ഷിക്കാനും ശാസ്ത്രത്തിൻെറ കൈവശം വസ്തുനിഷ്ഠമായ വിശകലനമുണ്ടു്. അതിനിടയ്ക്കുകയറി ആചാര്യന്മാർ തങ്ങളം ദർശിച്ച പ്രപഞ്ചഘടനയെ ശ്രുതിയെന്നും പറഞ്ഞു പരത്താൻ സാഹസം കൂട്ടരുതു്. ശ്രുതിയെ ആശ്രയിച്ചുപോയ എത്രയോ തത്വചിന്തകന്മാർ ഇന്നലെ സമൂഹശാപമായി മണ്ണടിഞ്ഞു. യുക്തിയെ ബന്ധനസ്ഥമാക്കാൻ

ശ്രുതിയുണ്ടായാൽ തത്വവിചാരം മരിക്കും. അങ്ങനെ മരിച്ച ആസ്തികൃദർശനങ്ങളുടെ ഘോഷയാത്രയാണ് ഇന്ത്യൻചിന്ത. മരിക്കാത്തത് 'ഇന്നുഞാൻ നാളെനീ' എന്നുപാടി വിസ്മൃതിയിലാകുകയും ചെയ്യും. ദിവ്യ മനുഷ്യരുടെ ജോലിയാണ് സത്യദർശനമെന്ന പാരമ്പര്യം അവസാനിക്കണം. ശാസ്ത്രത്തിന് ലോകജീവിതത്തെ സമൃദ്ധമാക്കാനുള്ള കരുത്തുണ്ട്.

അതനുസരിച്ച് ഇന്ത്യൻതത്വവിചാരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. നാലാമതായി, സർവ്വസംഗപരിത്യാഗജീവിതം തത്വചിന്തകൻെറ ലക്ഷണമാണെന്നുള്ള അന്ധവിശ്വാസം അപ്രത്യക്ഷമാകണം. സന്യാസികൾ തത്വവിചാരം ചെയ്യട്ടെ, നമുക്കെന്തുവേണം എന്ന സാധാരണക്കാരൻെറ ചിന്താഗതി മാററണം. ജീവിതത്തിൻെറ ഏതു് തുറയിലും മനുഷ്യൻ തത്വവിചാരംചെയ്തു് ജീവിതമൂല്യങ്ങൾ സാക്ഷാത്കരിക്കണമെന്നുള്ള പതിവ് ഉണ്ടാകണം. സമൂഹത്തിൻെറ പ്രയത്നഫലം അപഹരിച്ചു് സാമൂഹ്യകർമ്മങ്ങളിൽ വ്യാപൃതരാകാതെ ഒഴിഞ്ഞുമാറി തത്വവിചാരം ചെയ്യുന്ന പുണ്യവാന്മാർ മണ്ണിലേക്കു് മടങ്ങിവരണം. മണ്ണിൽ വിണ്ണുണ്ടാക്കാനുള്ള തത്വവിചാരത്തിൻെറ കഴിവ് നാം നശിപ്പിക്കരുതു്. അഞ്ചാമതായി, ധർമ്മശാസ്ത്രം രാഷ്ട്രമീമാംസയും സാമ്പത്തികശാസ്ത്രവുമായി ഒന്നുചേരണം. വ്യക്തികൾ ധർമ്മനിഷ്ഠരായി തീർത്ഥയാത്രനടത്തിയാൽ സമൂഹം ഐശ്വര്യത്തിലെത്തിച്ചേ

രുകയില്ല എന്നും സദാചാരബോധത്തിനുതകുന്ന രാഷ്ട്ര നിയമങ്ങളും സാമ്പത്തികഘടനയും കാലാകാലം നിർമ്മിച്ചാലെ "ധർമ്മംജയതി" എന്ന സനാതനവിശ്വാസം നിലനിൽക്കുകയുള്ളു എന്നും നാം പഠിക്കണം. സ്ഥാപനങ്ങളുടെ സഹായം കൂടാതെ വ്യക്തികൾ താനേ നന്നായിക്കൊള്ളുമെന്നുള്ള വ്യാമോഹം ഇന്ത്യൻതത്വചിന്തകൻ വെടിയണം. ജീവിതം ദുഃഖഭൂയിഷ്ഠമാകുന്തോറും സ്വന്തമായി സാക്ഷാത്കരണത്തിനു തുനിയാൻ ആരും മുന്നോട്ട് വരില്ലെന്നു ചരിത്രം പഠിപ്പിച്ചുകഴിഞ്ഞു. ചരിത്രത്തിൻെറ തെളിവുകൾക്കനുരോധമായി തത്വവിചാരം ഇന്ത്യയിൽ വികസിക്കാത്തതിൻെറ ദുരന്തഫലമാണ്, കഴിഞ്ഞ നൂററാണ്ടുകളിലെ നമ്മുടെ ആലസ്യവും അടിമത്വവും അധഃപതനവും. ജാതിക്കും വർഗ്ഗത്തിനും അതീതമായി ഉയരാനുള്ള ആദ്ധ്യാത്മികചിന്ത നമുക്ക് വേണ്ടുവോളമുണ്ടെങ്കിലും അവയെ പ്രയോഗത്തിൽ വരുത്താനുള്ള ഗവർമ്മെണ്ടോ രാഷ്ട്രീയവ്യവസ്ഥയോ സാമ്പത്തികാടിത്തറയോ സാമൂഹ്യസ്ഥാപനങ്ങളോ നമുക്കില്ല. അവയെ കഴിയുന്നതും വേഗം പണിഞ്ഞെടുക്കാനുള്ള ശ്രമത്തിൽ തത്വവിചാരത്തിനു വലിയൊരു പങ്കു നിർവ്വഹിക്കുവാൻ സാധിക്കും. ഒരു ജീവിതരീതിയായി തത്വവിചാരത്തിനു ഇന്ത്യയെ ഇന്നലെ സാരസംപൂർണ്ണയാക്കാൻ കഴിയുമെങ്കിൽ, നാളെ നല്ലൊരു സാമൂഹ്യജീവിതരീതി നെയ്തെടുക്കുന്ന ജനകീയതത്വചിന്ത ഇന്ത്യയുടെ സംഭാവനയായിത്തീരും.

ഒരു ജനകീയ തത്ത്വശാസ്ത്രം ഇന്ത്യയിൽ ഉത്ഘാടനംചെയ്യണമെങ്കിൽ ഇന്ത്യക്കാരൻെറ അനന്യമെന്നു് കരുതപ്പെടുന്ന ദർശനങ്ങൾ തിരുത്തിയെഴുതേണ്ടിയിരിക്കുന്നു. ഇന്ത്യൻ തത്ത്വചിന്തയെ പുനരാവിഷ്ക്കരിക്കാനുള്ള ശുഭകർമ്മത്തിന് വഴികാട്ടികളായി പാശ്ചാത്യതത്ത്വചിന്തകരുടെ വെളിച്ചം നാം സ്വീകരിക്കണം.

## ബർട്രണ്ട് റസ്സലും ജനകീയതത്ത്വശാസ്ത്രവും

ആദ്യമായി, ഇന്നും ലോകചിന്താഗതിയെ ഇളക്കിമറിച്ചുകൊണ്ടിരിക്കുന്ന ബ്രിട്ടനിലെ ബർട്രണ്ട് റസ്സലിൻെറ സൂചനകൾ നോക്കാം. 1950-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച 'ലോകസമ്മതമാകാത്ത ഉപന്യാസങ്ങൾ' എന്ന ഗ്രന്ഥത്തിലെ 'തത്ത്വവിചാരം സാധാരണക്കാരനുവേണ്ടി' എന്ന ലേഖനത്തിലെ ഉള്ളടക്കം എന്താണ്? ധർമ്മശാസ്ത്രത്തിലെ പ്രശ്നങ്ങളേയും മൂല്യങ്ങളെപ്പററിയുള്ള ചർച്ചയേയും അല്പനേരത്തേക്കു് അകററിനിർത്താൻ ശ്രമിച്ചാൽ കാണാം, ശാസ്ത്രത്തിന് പരിഹാരം കണ്ടുപിടിക്കാൻ കഴിയാത്ത അനവധി കാര്യങ്ങൾ. തത്ത്വശാസ്ത്രവും വൈകാരികവുമായ താൽപ്പര്യം മനുഷ്യരിൽ ചെലുത്തിക്കൊണ്ടിരിക്കുന്ന ഈവക പ്രശ്നങ്ങളാണ് തത്ത്വചിന്ത കൈകാര്യംചെയ്തുകൊണ്ടിരിക്കുന്നതു്.

(1) നാം മരണത്തെ അതിജീവിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ കുറച്ചുനേരത്തേക്കോ, എന്നെന്നേക്കുമോ

നാം അതിജീവിക്കുന്നതു്. (2) ഭൗതികവസ്തുവിനു് മനസ്സിനെ അധീനപ്പെടുത്താൻ കഴിയുമോ? മനസ്സിനു് ഭൗതികവസ്തുവിനെ കീഴടക്കാമോ? അതോ മനസ്സിനും ഭൗതികവസ്തുവിനും ഒരു നിശ്ചിതവും പരിമിതവുമായ സ്വാതന്ത്ര്യവലയമുണ്ടോ? (3) പ്രപഞ്ചത്തിനു് എന്തെങ്കിലും ഉദ്ദേശമുണ്ടോ. അന്ധമായ ഒരാവശ്യത്തിൽ പ്രചോദിതമായി അതു് പ്രവർത്തിക്കുകയാണോ? പ്രപഞ്ചം രൂപരഹിതവും സങ്കുലവുമല്ലെ? വ്യവസ്ഥയെപ്പററിയുള്ള നമ്മുടെ സ്നേഹം ഭാവനയാൽ നിർമ്മിക്കുന്ന നിയമങ്ങളല്ലെ, പ്രകൃതിയെ നിയന്ത്രിക്കുന്നതെന്നു് നാം കരുതുന്നവ? (4) ഒരു പ്രാപഞ്ചിക വ്യവസ്ഥയുണ്ടെങ്കിൽ ജീവിതത്തിനു് അതിൽ കൂടുതൽ സ്ഥാനമുണ്ടോ? ജ്യോതിശ്ശാസ്ത്രം മനുഷ്യനെ കൊച്ചാക്കി ചിത്രീകരിക്കുന്നതിന്നർത്ഥമില്ലേ? ജീവിതത്തെ ഉയർന്നിപ്പറയുന്ന മനുഷ്യപ്രകൃതം വെറും ദേശ്യമനസ്ഥിതിയുടെയും സ്വാർത്ഥതല്പരതയുടെയും സൃഷ്ടിയല്ലെ?

റസ്സൽ സമ്മതിക്കുന്നു, തനിക്കു് മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കു് സമാധാനം അറിഞ്ഞുകൂടെന്നു്— വേറെ ആർക്കെങ്കിലും അറിവു് ലഭിച്ചിട്ടുണ്ടെന്നു് അദ്ദേഹത്തിന്നു് വിവരം ലഭിച്ചിട്ടുമില്ല. പക്ഷെ ഈ ചോദ്യങ്ങളെ മറക്കുകയോ മാറ്റുകയോ ചെയ്യുന്ന മനുഷ്യജീവിതം ദരിദ്രമായിരിക്കും. ന്യായമായ തെളിവു് കൂടാതെ ചില ഉത്തരങ്ങൾ അവയ്ക്കു് പരിഹാര

മായി അംഗീകരിയ്ക്കുന്നതും അത്ര ശരിയല്ല. പിന്നേയോ, മേൽകൊടുത്തിട്ടുള്ളതുപോലെ ഗഹനവിഷയങ്ങളെ അഭിരുചിക്കു് അധീനമാക്കി അഭിവൃദ്ധിപ്പെടുത്തുകയും ഗാംഭീര്യം വിട്ടകലാത്ത ജീവിതം രക്ഷിയ്ക്കുകയും കേവലം വികാരപരതയിലേക്കു് ജീവിതം അധഃപതിക്കാതെ നോക്കുകയും ചെയ്യുന്നതിലാണു് തത്വവിചാരം. തത്വവിചാരത്തിനു് വേറൊരു ജോലികൂടിയുണ്ടു്. അതു് ഓരോ കാലഘട്ടത്തിൽ ഇത്തരം പ്രശ്നങ്ങൾക്കു് കണ്ടുപിടിക്കപ്പെടുന്ന ഉത്തരങ്ങളെ സയുക്തികം പരിശോധിച്ചു് മേൽക്കുമേൽ ചിന്തയെ വികസിപ്പിക്കുന്നതിനുള്ള പ്രേരണ നൽകുകയാണു്. ഓരോ സൽസ്വഭാവം ശീലിക്കുന്നതിനും മനോനിയന്ത്രണം ആവശ്യമല്ലെ? എന്നാൽ അഭിപ്രായം വിളംബരപ്പെടുത്തുന്ന സ്വഭാവം വളർന്നുതഴയ്ക്കാൻ തത്വവിചാരം കൂടിയേതീരൂ. നാം, എന്തിനു് അഭിപ്രായത്തെ വിലക്കണം. നേരേയങ്ങു് അഭിപ്രായം ഇരുമ്പുലയ്ക്കയല്ലെന്നുള്ള പ്രമാണത്തിൽ ശബ്ദം പുറപ്പെടുവിച്ചാലെന്തു്? 'സെർമൺ ഓൺ ദി മൗണ്ടി'ലെ തത്വോപദേശം ശ്രദ്ധിക്കുക. 'അഭിപ്രായം പറയരുതു്, നിങ്ങളും ഒരു അഭിപ്രായത്തിന്നു് ശരവ്യമാകാതിരിക്കണമെങ്കിൽ—എന്തെന്നാൽ ഏതൊരു മാനദണ്ഡംകൊണ്ടാണോ നിങ്ങൾ അഭിപ്രായപ്പെടുന്നതു്, ആ മാനദണ്ഡത്തിന്നു് നിങ്ങളും വിധേയനാകും. ഏതൊരു പരിമാണത്താലാണോ നിങ്ങൾ അപ

രനെ നേരിടുന്നതു് അതിൽതന്നെ നിങ്ങളും അളക്കപ്പെടും. നിങ്ങൾ നിങ്ങളുടെ സഹോദരൻെറ കണ്ണിലെ കരട്ടു് കണ്ടുപിടിയ്ക്കാൻ ബദ്ധപ്പെടുന്നതെന്തിനു്? നിങ്ങളുടെ നയനങ്ങളിൽ ഒരു കനത്തപാട് നിങ്ങൾ സൂക്ഷിച്ചിട്ടില്ലേ?'

എല്ലാ തത്വചിന്തകന്മാരും ആളുകളുടെ ധൃതഗതിയിലുള്ള അഭിപ്രായപ്രകടനങ്ങളെ രൂക്ഷമായി വിമർശിച്ചിരുന്നു. എടുത്തുചാട്ടം അഥവാ വെപ്രാളം പിടിച്ചു് നിഗമനങ്ങളിലെത്തുകയാണ് നമ്മുടെ ബദ്ധശത്രു. അതു് മാറണമെങ്കിൽ തത്വവിചാരപഠനം അനുപേക്ഷണീയമാണ്. ഇന്നലെ ഈ സാരതത്വം ഇന്ത്യൻചിന്തകർ ഗ്രഹിച്ചിട്ടില്ലായിരുന്നു എന്നതിനു് ലക്ഷണമല്ലേ ഓരോ ദർശനത്തിലും മുറുകെ പിടിച്ചുകൊണ്ടുള്ള ഓരോരുത്തരുടെ നിലപാട്. ജാതിക്കും സ്ഥാപനത്തിന്നും വേണ്ടി തത്വവിചാരത്തെ കൃശിച്ച ഇന്ത്യൻ ദാർശനികരെനോക്കി ജിനമഹാവീരൻ ആക്ഷേപിക്കുന്നതു് രസാവഹമാണ്. "ഒരു കൂട്ടം അന്ധന്മാർ ആനയെ കാണാൻ പോയി. ഒരാൾ തുമ്പിക്കൈ ആനയെന്നും അപരൻ വാലാണ് ആനയെന്നും മറെറാരാൾ കാലാണ് ആനയെന്നും നിരൂപിച്ചു് മടങ്ങിപ്പോന്നു." ഇപ്രകാരം തത്വവിചാരത്തെ മാങ്ങാഭരണികളിലാക്കി നിറയ്ക്കുന്ന ചിന്താവൈതാളികന്മാർക്കു് സെൻറമാത്യുവിൻെറ സുവിശേഷം നല്ലൊരാഹ്ലാതമാണ്.

## തത്വവിചാരത്തിൻെറ ഉദ്ദേശം

റസ്സലിൻെറ അപഗ്രഥനത്തിൽ തത്വവിചാരത്തിന് വാദയോഗ്യവും പ്രായോഗികവുമായ ഉദ്ദേശങ്ങളുണ്ടായിരിക്കണം. ലോകഘടനയെ സൂക്ഷ്മമായി പഠിക്കുന്നതിനും ഏററവും നല്ല ജീവിതരീതി നിർബ്ബന്ധിക്കുന്നതിനും തത്വവിചാരം മനുഷ്യോദയകാലംമുതൽക്ക് ശ്രദ്ധിച്ചുപോരുന്നു. വെറും സിദ്ധാന്തങ്ങളെ അണിനിരത്തി ബുദ്ധിയെ കുഴപ്പിച്ചാൽ തത്വചിന്തയാകയില്ല. എന്നാൽ ഒരു പ്രപഞ്ചസിദ്ധാന്തത്തിന്നനുസരണം പ്രായോഗികധർമ്മശാസ്ത്രവും സത്തത്വശാസ്ത്രവും നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. ജീവിതത്തിൽ തത്വവിചാരത്തിന് കാര്യമായ പരിവർത്തനങ്ങൾ വരുത്തണമെങ്കിൽ മതം ഇന്നും ചെയ്തുകൊണ്ടിരിക്കുന്നതുപോലെ ഒരു ജീവിതക്രമം അതും അനുശാസിക്കണം. മതത്തിന് മാനിക്കാനുള്ള ഒരു പുണ്യഗ്രന്ഥമോ പാരമ്പര്യമോ തത്വവിചാരത്തിനുണ്ടായിരിക്കുന്നതല്ല. ഒരു പള്ളി പണിയാൻ തത്വചിന്തകൻ ശ്രമിക്കരുത്. കാരണം സ്വതന്ത്രമായി എല്ലാ മതവിഭാഗങ്ങൾക്കും അനുകരണീയമായ ജീവിതമാർഗ്ഗമല്ലാതെ മതത്തിൻെറ സഹധർമ്മിണിയായ പള്ളി തത്വവിചാരത്തിന് പന്തിയല്ല. ബൗദ്ധികഗുണങ്ങൾ നട്ടുപിടിപ്പിച്ച് മനുഷ്യനെ വിചാരാധീനനാക്കേണ്ട കർത്തവ്യം തത്വവിചാരത്തിൽ നിക്ഷിപ്തമാണ്. എന്നാൽ കഴിഞ്ഞ നൂററാണ്ടുകളിൽ

തത്വചിന്തകന്മാക്ക് ജനങ്ങളിൽ സദാചാരബോധം ജനിപ്പിക്കാൻ പ്രയാസമില്ലായിരുന്നു. വിശ്രമവേളയിൽ ഉല്ലസിക്കുന്ന മാന്യന്മാരെയാണ് അവർക്കു് അഭിമുഖീകരിക്കേണ്ടിവന്നതു്. ആ മാന്യന്മാർക്കു് ജീവിതം സുഖപ്രദമായ ഒരു നേരംപോക്കാണ്താനും. ഒരു പ്രത്യേക നഗരം വേണമെങ്കിലും നിർമ്മിച്ച് പ്രവാചകൻെറ വചനങ്ങൾ നിയമങ്ങളായി നിലനിർത്താനുള്ള കെല്പും ധനശക്തിയും അവർക്കുണ്ടായിരുന്നു. എന്നാൽ ആധുനികയുഗത്തിലെ വിദ്യാസമ്പന്നരായ ഭൂരിപക്ഷം യുവതീയുവാക്കന്മാർക്കു് ജീവിതസ്വാതന്ത്ര്യമുണ്ടോ? നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയിൽ എങ്ങനെയെങ്കിലും ഒരു തൊഴിൽ തപ്പിപ്പിടിച്ച് ജീവിതായോധനം നടത്തണം. ആദ്യമായി രാഷ്ട്രീയവും സാമ്പത്തികവുമായ ചട്ടക്കൂട്ടിൽ പരിവർത്തനങ്ങളുണ്ടാകാതെ ഇന്നത്തെ യുവലക്ഷങ്ങൾക്കു് സദാചാരജീവിതത്തിൽ ചലനങ്ങൾ സൃഷ്ടിക്കാനൊക്കുകയില്ല. അതുകൊണ്ടു് ഒരു വ്യക്തിയുടെ ധാർമ്മികബോധം സ്വകാര്യജീവിതത്തിൽ വെച്ചുപിടിപ്പിക്കാൻ ആചാര്യന്മാർ ഉപദേശിക്കുന്നതിൻെറ മണ്ടത്തരം എത്ര പവ്വതീകരിച്ചാലും മതിയാകുമെന്നു് തോന്നുന്നില്ല. രാഷ്ട്രീയജീവിതം ഭദ്രമാകാതെ ഇന്നാക്കും ധാർമ്മികജീവിതം കാത്തുസൂക്ഷിക്കാൻ സാദ്ധ്യമല്ല. ഒരു നല്ല ജീവിതത്തെപ്പററിയുള്ള ആശയസംഹിത സാമൂഹ്യമാവാനും വ്യക്തിഗതമല്ലാതാവാനും നാം പഠിക്കണം.

## മതവും തത്ത്വവിചാരവും

റസ്സലിൻെറ ഈ ദീർഘദൃഷ്ടി ഇന്ത്യയുടെ നാളത്തെ തത്ത്വവിചാരത്തിൽ എത്ര പാകമായിരിക്കുന്നു. ഇന്ത്യയിൽ ബഹുസഹസ്രം ബുദ്ധിജീവികളെന്നു് നടിക്കുന്ന 'ഡിഗ്രി'ക്കാരുണ്ടു്. അവരുടെ സ്വയം വികാസത്തിന്നു് അവർ പള്ളികളേയും അമ്പലങ്ങളേയും ആശ്രയിക്കുന്നുണ്ടെങ്കിലും ഫലിക്കാത്തതെന്തു്? ബാഹ്യജീവിതം ക്ഷുദ്രവും ക്ലിഷ്ടവുമായിരിക്കുമ്പോൾ ആഭ്യന്തരജീവിതത്തിന്നു് ശാന്തിയും സമാധാനവും വേണമെന്നു് വാദിക്കുന്നതു് ബുദ്ധിശൂന്യമല്ലെ? മതാചാര്യന്മാരുടെ സൂക്തികൾ വിലപ്പോകാഞ്ഞതു് മതത്തിൻെറ കൊള്ളരുതായ്മയാണെന്നു് നിശ്ചയിക്കുന്ന മാന്യസുഹൃത്തുക്കൾ ആവേശഭരിതരാകാതെ അല്പം ഇരുന്നു് ചിന്തിക്കുക. തത്ത്വവിചാരം നിഷ്കർഷിക്കുന്നതു് മതം ജീവിതത്തിൻെറ അവിഭാജ്യഘടകമാണെന്നാണു്. പക്ഷെ ഓലകെട്ടാതെ പഴകിപ്പോയ വീടിനെ ഇടിച്ചുപൊളിച്ചു് തള്ളാൻ ആവശ്യപ്പെടുന്ന അതിബുദ്ധിമാന്മാർ ആലോചിക്കണം, മതസ്ഥാപനത്തിനു് ഇന്നുള്ള ശോചനീയാവസ്ഥ സങ്കുചിതത്വത്തിൻെറയും വ്യക്തിഗതവീക്ഷണത്തിൻെറയും ബാധയാണെന്നുമാത്രം. തത്ത്വവിചാരം 'സോഷ്യൽ' ആകുമ്പോൾ, രാഷ്ട്രം സോഷ്യലിസ്റ്റ് ആകുമ്പോൾ മതവും 'സോഷ്യലായി' മാറും. അതിനുമുമ്പേ അല്പജ്ഞത വെളിവാക്കുന്ന അഭിപ്രായങ്ങളെ

തടഞ്ഞുനിർത്തണമെന്നു് തത്വവിചാരം നല്ലവഴി പറയുകയാണു്. ഇന്ത്യൻതത്വവിചാരം സമൂഹത്തിന്റെ സാമ്പത്തികസ്ഥിതി എല്ലാഅംഗങ്ങൾക്കും ഉപകാരപ്രദമാകത്തക്ക നിലയെക്കുറിച്ചു് പരാമർശിച്ചിട്ടില്ല. രാഷ്ട്രസംവിധാനംമൂലം ധാർമ്മികജീവിതത്തെ ക്രമപ്പെടുത്തണമെന്നു് വിചാരിച്ചിട്ടില്ല. സ്ഥാപനങ്ങളുടെ സഹായംകൊണ്ടു് വ്യക്തിയുടെ സമൂലമായ വികാസംവരുത്താൻ തുനിഞ്ഞിട്ടില്ല. ആവക കാര്യങ്ങളെ ഉൾപ്പെടുത്തിയാണു് നമുക്കൊരു ജനകീയതത്വചിന്തയുണ്ടാകേണ്ടതു്.

ജീവിത പ്രശ്നങ്ങൾ ഏറിമറിയുമ്പോൾ മതവും തത്വവിചാരവും നിന്ദിക്കേണ്ടതാണെന്നു് കരുതുന്ന യന്ത്രയുഗമായ ഇരുപതാംനൂററാണ്ടു് ആററംബോമ്പും, ഹൈഡ്റജൻബോമ്പുംകൊണ്ടു് ഭയചകിതമാകുന്നതിൽ ഖേദിക്കാനവകാശമില്ല. സ്വയംത്യാഗംമൂലം മാനവക്ഷേമം ലക്ഷ്യമാക്കി തത്വവിചാരം ചെയ്ത മഹാന്മാരെ ചവുട്ടി പുറംതള്ളി കൊച്ചുവലിയ ചിന്തകർ ആവിർഭവിക്കുമ്പോൾ ഉപരിപ്ളവബുദ്ധികൾ ഉൽസാഹഭരിതരാകുന്നു. ജീവിതത്തെ ഭരിക്കുന്ന മതവും രാഷ്ട്രീയവും സാമ്പത്തികശാസ്ത്രവും സാമൂഹ്യശാസ്ത്രവും ചിന്തക്കു് വിഷയീഭവിക്കുമ്പോൾ ജനകീയതത്വവിചാരം രൂപംകൊള്ളുന്നു.

റസ്സലുംകൂടിച്ചേർന്നു് ഒരു പുതിയ യഥാർത്ഥവാദം (ന്യൂറിയലിസം) പാശ്ചാത്യചിന്താമണ്ഡലത്തിൽ ഉദ

യംചെയ്യിച്ചിട്ടുണ്ട്. "ഇരുപതാംനൂററാണ്ടിലെ തത്വവിചാരം" എന്ന ലേഖനത്തിൽ ആ പുതിയ തത്വവിചാരത്തിൻെറ ലക്ഷണങ്ങൾ റസ്സൽ നിർദ്ദേശിക്കുകയാണ്. ഒന്നാമതായി ഒരു പ്രത്യേക തത്വവിചാരമാർഗ്ഗത്തെ അതു് നിരസിയ്ക്കുന്നു. വിശിഷ്ടമായ ഒരുതരം അറിവാണ് തത്വവിചാരം നൽകുന്നതെന്നുള്ള മിഥ്യാബോധത്തെ തിരസ്ക്കരിക്കുന്നു. തത്വവിചാരവും ശാസ്ത്രവും ഒന്നാണ്. എന്നാൽ മററു ശാസ്ത്രങ്ങളിൽനിന്നും തത്വവിചാരത്തിനുള്ള വ്യത്യാസം പ്രശ്നങ്ങളുടെ സാർവ്വത്രികത്വവും അനുഭവത്തിൻെറ തെളിവും ഇനിയും നേടിയിട്ടില്ലാത്ത സങ്കല്പരൂപീകരണവുമാണ്. അറിവ് എപ്പോഴും ശാസ്ത്രീയമായതുകൊണ്ട് ശാസ്ത്രീയമാർഗ്ഗങ്ങൾ ഉപയോഗിച്ചായിരിക്കണം അതിനെ വിലയിരുത്താൻ. ഒരു സമഗ്രദർശനം നെയ്യെടുത്തു് പ്രപഞ്ചഘടനയെ ഒതുക്കാനുള്ള പാഴ്‌വേലയിൽ അതിന് പങ്കില്ല. ലോകത്തിൻെറ സങ്കലിതവും സംകുലവുമായ വിശദാംശങ്ങളെ നിഷേധിച്ച് ഒരു ന്യായശാസ്ത്രമുണ്ടാക്കുന്നതിൽ അതു് തെല്ലും വിശ്വസിക്കുന്നില്ല. ഒരു ചെറിയ എല്ലിൻ കഷണത്തിൽനിന്നു് മറഞ്ഞുപോയ അപൂർവ്വവസ്തുവിൻെറ അസ്ഥിപഞ്ജരം ഗ്രഹിക്കുന്നതുപോലെ, ലോകത്തിൻെറ ഏതെങ്കിലുമൊരു കോണ് പഠിച്ചിട്ട് മുഴുവൻരൂപവും പരിചിന്തനംചെയ്യാമെന്നുള്ള മറയത്തരം അതിനില്ല. അറിവിൻെറ സ്വഭാവത്തിൽനി

ന്നും നിയതിയെ നിർദ്ധാരണം ചെയ്യാൻ ജർമ്മൻ ആശയവാദികൾ നടത്തിയ സംരംഭം അവഹേളനാപരമല്ലേ? പ്രാപഞ്ചികപ്രാധാന്യമോ, യോഗാത്മകമൂല്യമോ, വിജ്ഞാനത്തിനേകാതെ ഒരു സംഭവ്യപരമാത്ഥമായി അറിവിനെ എണ്ണുന്നു. അറിവു്, അറിയപ്പെടുന്ന വസ്തുവിനെ രൂപാന്തരപ്പെടുത്തുകയാണെന്ന ജടിലവിശ്വാസം, വിശിഷ്യ ഇന്ത്യൻദാർശനികരുടെ ബോധം ഉപേക്ഷിച്ചു എന്തുകൊണ്ടു് ഇനിയും അറിയപ്പെടാത്ത വസ്തുക്കൾ ലോകത്തിലില്ല എന്ന ചോദ്യം ചോദിക്കുകയാണു്. വിജ്ഞാനശാസ്ത്രം പ്രാപഞ്ചികാത്ഭുതങ്ങൾ പൂട്ടിവെച്ചിരിക്കുന്ന വാതിൽതുറക്കാനുള്ള ചാവിയാണെന്നു് ഇന്ത്യയിലും യൂറോപ്പിലും തത്വചിന്തകർ കരുതിപ്പോരുന്നതു് ഭോഷ്ക്കാണെന്നും തെളിയിച്ചു. ഉഴയ്ക്കുന്ന ശാസ്ത്രീയഗവേഷണങ്ങളിലേക്കു് ചിന്തകരെ പിടിച്ചുകൊണ്ടുവരാൻ ഈ നവതത്വവിചാരം പാടുപെടുന്നുമുണ്ടു്. ഇതു് വിമർശനപരംമാത്രമല്ല, സൃഷ്ടിപരവുമാണു്. പക്ഷേ ശാസ്ത്രത്തെപ്പോലെ ആനുകാലികമായി, ആനുപാതികമായി അതു് പുരോഗമിക്കണം. ‘കണക്കി’ലൂടെയുള്ള ന്യായശാസ്ത്രമായിരിക്കും അതിന്റെ സാങ്കേതികമാർഗ്ഗം. ഒരു ശാസ്ത്രീയസംഹിതയുടെ അതിപ്രസരം തത്വവിചാരത്തിൽ എന്തായിരിക്കണമെന്നും അതിനു് തീർച്ചയുണ്ടു്. പ്രപഞ്ചത്തിന്റെ സത്ത ഭൗതികമോ, അഭൗതികമോ അല്ലെന്നും രണ്ടിനും മദ്ധ്യസ്ഥമാണെന്നും

അതു് നിരൂപിക്കുന്നു. ഊർജ്ജതന്ത്രം ഈ നൂററാണ്ടിന്നു് സംഭാവനചെയ്ത ആപേക്ഷികസിദ്ധാന്തം നമ്മുടെ തത്വവിചാരത്തെ ജീവിതവുമായി കുറേക്കൂടി അടുപ്പിക്കുന്നു. പ്രപഞ്ചത്തിലെ സംഭവങ്ങരം സഞ്ചയിക്കുന്ന ഒരു സർവ്വവ്യാപിയായ കാലമില്ലെന്നു് നാം കണ്ടുകഴിഞ്ഞു. ടെൻസർ ക്യാൽകുലസ്കൊണ്ടു് ഭൗതികസംഭവങ്ങരം നിരീക്ഷിക്കുമ്പോരം ഉണ്ടാകാവുന്ന മൂർത്താംശം കുറക്കാമെന്നും നാം മനസ്സിലാക്കിയിരിയ്ക്കുകയാണു്. ഭൗതികവസ്തുവിൻെറ ഒരു കഷണമെന്നു് പറഞ്ഞാൽ നിർദ്ദിഷ്ടനിയമങ്ങളെ അനുസരിക്കുന്ന സംഭവപരമ്പരയെന്നർത്ഥം. മുമ്പു് പാശ്ചാത്യരും പൌരസ്ത്യരുമായ ചിന്തകന്മാർ സ്ഥായിയായി ദ്രവ്യങ്ങളെ സങ്കല്പിച്ചിരുന്നെങ്കിലും ഇന്നു് അവ ക്ഷണികസംഭവങ്ങളായി നാം ഗണിക്കും. സ്ഥിരമായ ആത്മശക്തിയും ഇല്ലതന്നെ. 2500 കൊല്ലങ്ങരംക്കു് മുമ്പു് ശ്രീ ബുദ്ധൻ നിരൂപിച്ച ക്ഷണികവാദവും അനാത്മവാദവും ആധുനികശാസ്ത്രീയപരീക്ഷണങ്ങരം തെളിയിച്ച വസ്തുതകളല്ലേ.

രണ്ടാമതായി രണ്ടു ക്യാമറ രണ്ടു സ്ഥാനത്തുനിന്നു് ഒരേവസ്തുവിൻെറ ഛായ സമ്പാദിക്കുമെങ്കിലും അവ രണ്ടുതരത്തിലായിരിക്കും. ഇതാണു് മൂർത്താംശം ഊർജ്ജതന്ത്രത്തിലെ പരീക്ഷണങ്ങളിലും നിരീക്ഷണങ്ങളിലും നിഴലിക്കുന്നു എന്നതിനുള്ള തെളിവു്. നാം ഒരു ഭൗതികകാര്യത്തെ വീക്ഷിക്കുന്നുണ്ടെങ്കിൽ ആ

KOTTAYAM PUBLIC LIBRARY
KOTTAYAM

കാര്യത്തെപ്പററിയല്ല നമുക്കു് ലഭിക്കുന്ന അറിവു് —പിന്നേയോ അതിനോടുള്ള നമ്മുടെ ബന്ധമാണു്. ഇപ്രകാരം ഊർജ്ജതന്ത്രവും മനഃശാസ്ത്രവും ഒന്നിച്ചു കൂടുകയും മനസ്സിന്നും ഭൗതികശക്തികളും തമ്മിലുള്ള ദ്വിത്വം അവസാനിക്കയും ചെയ്തിരിക്കുന്നു. ആധുനിക ഊർജ്ജതന്ത്രം മനുഷ്യനു് നൽകിയിരിക്കുന്ന മഹത്തായ തത്വം 'ഏററവും കുറഞ്ഞ പ്രവർത്തിയിലേക്കുള്ള ചായ്‌വു്' എന്നതാണു്. ഒരു വസ്തു ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു് പ്രയാണം ചെയ്യുമ്പോൾ മിതമായ ഊർജ്ജം ചിലവാക്കത്തക്ക വണ്ണമുള്ള പ്രവർത്തിയായിരിക്കും സ്വീകരിക്കുക.

മനുഷ്യചരിത്രത്തിന്റെ മദ്ധ്യകാലഘട്ടത്തിൽ തത്വവിചാരം മതപഠനത്തിന്റെ ആത്മസഖിയായിരുന്നു. മതത്തിലെ ഉൽക്കർഷവചനങ്ങൾ നീതീകരിക്കാനുള്ള കർത്തവ്യം തത്വവിചാരത്തിനു് നൽകിയ തത്വചിന്തകൻ മതാചാര്യന്റെ സന്തതസഹചാരിയും. എന്നാൽ പുതിയ യഥാർത്ഥവാദം അങ്ങിനെയൊരു വൃത്തികേടിനു് തുനിയുന്നില്ല. മതം അതിന്റേതായ ജോലിനോക്കട്ടെ. തത്വവിചാരത്തിനു് വേറെ ഭാരിച്ച ചുമതലകളുണ്ടു്. അതു് ശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾക്കു് സ്ഫുടതനൽകി വിവിധശാസ്ത്രങ്ങളെ സംയോജിപ്പിക്കാനുള്ള സമഗ്രവീക്ഷണത്തിൽ എത്തിച്ചേരുന്നു. പക്ഷേ ശാസ്ത്രീയമാർഗ്ഗങ്ങൾ ഉപയോഗിച്ചു് ഗവേഷണം ഏൽക്കുന്ന ലോ

കത്തെക്കുറിച്ചുമാത്രമെ അഭിപ്രായം രേഖപ്പെടുത്താവൂ. അറിഞ്ഞതിന്നപ്പുറം എന്തുണ്ടെന്ന വ്യാകുലത അതിന്നില്ല. അജ്ഞതയെ വിജ്ഞാനമാക്കിത്തീർക്കാനുള്ള രക്ഷാകരബന്ധം ഈ തത്വവിചാരമവകാശപ്പെടുന്നില്ല. ബൗദ്ധികമായ ആനന്ദം അനുഭവിക്കാൻ അഭിരുചി പ്രദർശിപ്പിക്കുന്നവർക്കു് ഈ തത്വവിചാരം പ്രയോജനപ്പെട്ടുമെങ്കിലും മനുഷ്യൻെറ അഹങ്കാരത്തിൻെറ സ്തുതിഗീതം പാടാനൊരുക്കമെല്ല. ഇതു് ശുഷ്ക്കവും സാങ്കേതികവുമായി തോന്നുന്നെങ്കിൽ തത്വവിചാരമല്ല ഉത്തരവാദി. കവികളോ യോഗികളോ അഭിലഷിക്കുന്നതിന്നെതിരായി നേർവരപോലെ ഋജുവായും അടിപതറാതെയും പ്രവഹിക്കുന്ന പ്രപഞ്ചത്തെയാണു് പഴിക്കേണ്ടതു്. ഒരുപക്ഷെ ഇതു് അപഹാസ്യമായോ വേദനാജനകമായോ തീർന്നേക്കാം. എന്തുചെയ്യാം. കണക്കുശാസ്ത്രജ്ഞൻ തത്വചിന്തകനാകുമ്പോഴും ഈ ദുർവിധിയെയോർത്തു് ഖേദിക്കുകയില്ല.

## ജോൺഡ്യൂയിയും ജനകീയതത്വശാസ്ത്രവും

അമേരിക്കയിലെ ജോൺഡ്യൂയി "ആധുനികലോകത്തിൽ ബുദ്ധിശക്തി" എന്നും, "തത്വവിചാരത്തിൽ പുനർനിർമ്മാണം" എന്നുമുള്ള ഗ്രന്ഥങ്ങളിലൂടെ ലോകതത്വവിചാരം എങ്ങനെ വിഭാവന ചെയ്യപ്പെടണമെന്നു് നിർദ്ദേശങ്ങൾ സമർപ്പിച്ചിരിക്കുന്നു. തത്വവിചാരത്തിൻെറ തൊഴിൽ, പ്രശ്നങ്ങൾ, ഉള്ളടക്കം ഇവ സാമൂഹ്യജീവിതത്തിലെ സംഘർഷ

ത്തിൽനിന്നും പീഡനത്തിൽനിന്നും ആയിരിക്കും ഉയി രെടുക്കുന്നതെന്നാണു് മനുഷ്യചരിത്രത്തിലെ പ്രസിദ്ധഘട്ടവും പരിവർത്തനമുഖവും ചൂണ്ടിക്കാണിക്കുന്നതു്.

ജീവിതത്തിലെ മാററിമറിച്ചിലുകൾക്കനുസരണമായി തത്വവിചാരത്തിൻെറ രൂപവും ഭാവവും മാറുമെന്നാണ്. ഇന്നു് തത്വവിചാരത്തിൽ ദൈനംദിനപ്രശ്നങ്ങളെ കഴിവോട്ടുകൂടികൈകാര്യംചെയ്യാനുള്ള കരുത്തു് പല ചിന്തകന്മാരും പ്രദർശിപ്പിക്കുന്നില്ല. ആത്മവിശ്വാസത്തിൻെറ കുറവല്ലേ അതിനു കാരണം. സാങ്കേതിക പദ്ധതികളിലുള്ള ചിന്തകരുടെ ആവേശവും പഴയ ദർശനങ്ങളിലുള്ള അതിരുകവിഞ്ഞ കൂറും നിശ്ചിതവും ദൃഢവുമായ എന്തിനെയെങ്കിലും കണ്ടുപിടിച്ചു് സ്വസ്ഥമായ സങ്കേതമാക്കി വിശ്രമിക്കുന്ന പ്രകൃതവുമാണ് ഭൂതകാലതത്വചിന്തകന്മാരുടെ അടിസ്ഥാനദൂഷ്യം. നാം പൂർവ്വദർശനങ്ങളെ നിഷ്ക്കരുണം വിമർശിക്കണം. എന്നാൽ ആ വിമർശം അന്നത്തെ ബൌദ്ധികവും ധാർമ്മികവുമായ പ്രമേയങ്ങളെ സംബന്ധിച്ചു് അവയ്ക്കുള്ള പരാജയത്തെയല്ല പരാമർശിയ്ക്കുന്നതു്. ഇന്നു് പുതിയ ചുററുപാടുകളിൽ അവയ്ക്കു് ഉപയോഗം താണിരിയ്ക്കുന്നു എന്നുമാത്രമാണ്. കാലവും ദേശവും നിരന്തരമായ രൂപഭാവഭേദങ്ങൾക്കു് വഴങ്ങുമ്പോൾ ദർശനങ്ങൾ എന്തുകൊണ്ടു് നിശ്ചലമായി നിലകൊള്ളുന്നു. മനുഷ്യൻെറ ജീവിത വ്യാപാരങ്ങളെ സത്യസന്ധമായി

പ്രതിഫലിപ്പിച്ച് നവീകരിക്കാനാണ് തത്വവിചാരം. ഭാവിതത്വവിചാരം മനുഷ്യകഥാനുഗായിയാവണം. സാമാന്യജനങ്ങൾ തത്വവിചാരത്തെ പുഛിക്കുകയും അതിൻെറ പ്രാമാണ്യത്തിലുള്ള നാട്യം വകവെക്കാതിരിക്കുകയും ചെയ്യുന്നത് നിത്യവും ചലനരഹിതവുമായ അവ്യക്തവസ്തുതകളെ അത് തിരയുന്നതുകൊണ്ടാണ്. സാന്ദർഭികവും ലൌകികവുമായ കാര്യങ്ങളെ ധിക്കരിച്ച് അഭ്യന്തരജീവിതംമാത്രമെ അഭികാമ്യമായുള്ള എന്ന് വീമ്പിളക്കുന്ന തത്വവിചാരം കുറേശ്ശെയായി സാധാരണക്കാർ പിന്തിരിപ്പനായി പുറംതള്ളുന്നു.

## ഇന്ത്യയിലെ സ്ഥിതി

ഇന്ത്യയുടെ സ്ഥിതി എത്ര യഥാൎത്ഥമാണെന്ന് നോക്കുക. ആദ്ധ്യാത്മിക ചിന്തയ്ക്ക് മേൽപൊടി ചേർക്കാൻ ഭൗതിക ജീവിതത്തെയാകമാനം വെടിയണമെന്ന ചിന്താഗതി പ്രചരിപ്പിക്കുന്ന തത്വചിന്തകർ ജനങ്ങളുടെ വൈരികളായി മാറിയതിൽ അത്ഭുതപ്പെടാനുണ്ടോ. ഈ ലോകജീവിതം എങ്ങിനെയുമാകട്ടെ. പരലോകവും സ്വപ്നലോകവും പരമാൎത്ഥങ്ങളായി കരുതി ജീവിതവൃത്തിതുടർന്ന മഹാന്മാർ ഈ നൂററാണ്ടിൽ ശാപമായി. ഭൗതികവും ആദ്ധ്യാത്മികവുമായ ചിന്തകളെ കൂട്ടിച്ചേർത്ത യേശുക്രിസ്തുവിൻെറ ഉദ്യമം ഇന്നോളം പൂർത്തിയായിട്ടില്ലെങ്കിലും ഇന്ത്യയ്ക്ക് പിൻതുടരാനുള്ള വചനങ്ങളാണ് അദ്ദേഹത്തിൻെറ ലോകസന്ദേ

ശം. എന്നാൽ ക്രിസ്തുവിൻെറ തത്വങ്ങൾക്ക് ന്യായമായ ആദ്ധ്യാത്മിക ഗാംഭീര്യം നൽകാൻ ഇന്ത്യയിലും ഖനികൾ കിടപ്പുണ്ട്.

പ്രയോഗത്തിൽ ആത്മീയജീവിതം മുങ്ങിപ്പോകുന്ന ക്രിസ്തീയാദർശത്തിനു ബാലൻസ് പ്രദാനം ചെയ്യാൻ ഇന്ത്യൻ ദർശനങ്ങൾക്കു കഴിഞ്ഞേക്കും.

ഇനി ഡ്യൂയിയുടെ വാദം ശാസ്ത്രത്തിൻെറ നാനാതരത്തിലുള്ള വികസനഫലങ്ങളെ തത്വവിചാരത്തിൽ ലയിപ്പിക്കണമെന്നാണ്. ഒരു നാവികൻ അപ്രതീക്ഷിതമായ കടൽക്ഷോഭവും കാററിൻെറ ഗതികേടും സഹിക്കേണ്ടവനായതുകൊണ്ട് അന്ധവിശ്വാസങ്ങൾക്കു സാധാരണയായി അധീനനാകേണ്ടവനല്ലേ? എന്നാൽ അയാൾ കാററിനോടെതിരിട്ട് നൗകയെ ജലയാത്ര സുഗമമാക്കിത്തീർക്കാൻ വേണ്ടവിദ്യ പഠിച്ചില്ലെങ്കിൽ യാത്ര അപകടകരമല്ലേ? അതുപോലെ തത്വചിന്തകൻ ജീവിതയാഥാർത്ഥ്യങ്ങളെ ശരിക്കു വിശകലനം ചെയ്യണം; അവർക്കു ഊട്ടം പാവും നൽകുന്നതിൽ ശ്രദ്ധാലുവായിരിക്കണം. 'തത്വവിചാരം കാഴ്ചയാണെ'ന്നു വാദിച്ച അമേരിക്കൻ വില്യം ജയിംസ് ജനകീയ തത്വശാസ്ത്രത്തിൻെറ മുൻപന്തിയിൽ നിൽക്കുന്നു. മനുഷ്യമനസ്സിനെ ചുററുമുള്ള ജീവിതത്തെപ്പററി കൂടുതൽ ബോധവത്താക്കിത്തീർക്കുന്ന തത്വവിചാരത്തിനു്, സങ്കല്പങ്ങൾ മാത്രമെ തുന്നിയെടുക്കാനർഹതയുള്ളു. അതാണ് അത്ര് സദാ ശാസ്ത്രത്തിനെ

കൂട്ടുപിടിച്ചു നടക്കുന്നതു്. താത്വികമായ പുനർനിർമ്മാണം സാമൂഹ്യക്ഷേമത്തിനു് വിഘാതമായ പ്രകൃതി വസ്തുക്കളേയും ജീവിതസത്യങ്ങളേയും പുനരാകൃതി കൊടുത്തു് ഊർജ്ജസ്വലമാക്കുകയായിരിക്കും. സ്വയം പരിപൂർണ്ണരായ വ്യക്തികളെ തന്ത്രവിദ്യയാൽ സൃഷ്ടിക്കാമെന്ന മരീചികയിൽനിന്നു മാറി ഉത്സാഹവും നിർമ്മാണവും ബുദ്ധിപരമായ സേവനവും തികഞ്ഞ ഉത്തരവാദിത്വമുള്ള കർത്താക്കളെ സൃഷ്ടിച്ചു് സമൂഹം നന്നാക്കാൻ ശ്രമിക്കണം. ജീവിതം സമർപ്പിക്കുന്ന പ്രയാസങ്ങളെ താഴ്ചയിലും വിശാലതയിലും വീക്ഷിക്കാനുള്ള മനഃസാന്നിദ്ധ്യം തത്വവിചാരത്തിനേ തരാനൊക്കൂ. അനന്തതചിന്ത ഒരിക്കലും കടന്നെത്താത്തതും അറിയപ്പെടാത്തതുമാണെന്നു് വിധിച്ചതും ആയ സ്വഭാവം പാടേ കളഞ്ഞിരിക്കുന്നു. സർവ്വവും വേദ്യമാണു്.

മാൎഗ്ഗങ്ങളെ, ലക്ഷ്യങ്ങളായി പരിഗണിച്ചാൽ ധാർമ്മികഭൗതികവാദത്തിൽ നാം ചെന്നുവീഴും. മാർഗ്ഗങ്ങൾക്കുവേണ്ടി ലക്ഷ്യങ്ങളെ കൊടുക്കുകയാണെങ്കിൽ സെൻറിമെൻറലിസത്തിലേക്കു് നാം വഴുതിവീഴും. ഉറപ്പിച്ചതും അചഞ്ചലവുമായ മാതൃകകളെ ദർശിച്ചു് തൃപ്തിയടയാമെന്നുള്ള അന്ധവിശ്വാസം നാം ഉപേക്ഷിക്കുന്നതുവരെ പുതിയ ആശയങ്ങളെ വഹിക്കാനോ നവയുഗത്തിലേക്കു് മാർച്ചു്ചെയ്യാനോ നമുക്കു സാധ്യമല്ല. ഇതു് വെളിവാക്കുകയല്ലേ ഇരുപതാംനൂ

ററാണ്ടിന്റെ അടിയന്തിരാവശ്യം. പൗരാണികതത്വചിന്തയിൽ ജീവിതസമരത്തിൽനിന്നു് രക്ഷപ്പെട്ടു് ശാന്തിയിലെത്തിച്ചേരാനുള്ള സ്വർഗ്ഗത്തെ ആദർശമായി എണ്ണി. പക്ഷെ അറിവും പ്രവർത്തനാത്മകമായ വ്യാപാരമായി ചിന്തിക്കുന്ന നിമിഷംതൊട്ടു് ആദർശം യാഥാർത്ഥ്യത്തിൽനിന്നകലുന്നതല്ലെന്നു് നമുക്കു് ബോധ്യംവരും. കൂട്ടായ മനുഷ്യാനുഭവങ്ങളേയും അവയുടെ സാദ്ധ്യതകളേയും സകാരണം സമാഹരിക്കുന്നതാണു് തത്വവിചാരത്തിന്റെ പ്രമുഖോദ്ദേശം. വളർന്നിട്ടില്ലാത്ത രാഷ്ട്രമീമാംസ, പ്രാകൃതവും തുരുമ്പുപിടിച്ചതുമായ വിദ്യാഭ്യാസം, അചേതനവും ചഞ്ചലവുമായ ധർമ്മശാസ്ത്രം ഇവയെ ഉടനടി തുരത്തേറിയണം. മനുഷ്യന്റെ യാന്ത്രികജീവിതം പ്രബലപ്പെട്ടെങ്കിലും സാമൂഹ്യവും ധാർമ്മികവുമായ വശം ഇന്നും കീറാമുട്ടിയായി നിൽക്കുന്നു.

ഇന്ത്യൻജീവിതത്തിൽ വന്നുചേർന്നിട്ടുള്ള പുഴുക്കുത്തുകളെ ഡ്യൂയിയുടെ ഭാഷയിൽ വിവരിക്കാം. ധർമ്മശാസ്ത്രം സാമ്പത്തികവും രാഷ്ട്രീയവുമായ വിശദാവസ്ഥകളിൽ നിന്നും ഒഴിഞ്ഞുമാറി വ്യക്തിയെ നിരുത്സാഹപ്പെടുത്തുന്നു. നമുക്കു് ആന്തരികമായി പരിപൂർണ്ണത നേടാമെന്നു് സന്യാസികളും പുരോഹിതന്മാരും നിനയ്ക്കുന്നതു്, ചലനങ്ങൾ സമൂഹത്തിൽ താനേ പ്രൎഴന്നുള്ളിക്കൊള്ളുമെന്നുള്ള മൂഢവിശ്വാസത്തിന്മേലാണു്. യോഗിവര്യന്മാർ ആത്മാവലോകന

ത്തിൽ ശ്രദ്ധാലുക്കളായിരിക്കുമ്പോൾ നീചരായ പാപികൾ ചൂഷണവും അഴിമതിയുംകൊണ്ട് ജീവിതരംഗത്ത് ഓടിക്കളിക്കുന്നു. എന്നാൽ ആത്മാവ് പ്രവർത്തിക്കുന്ന വ്യാപാരങ്ങളുടെ സംഹിതയായി നിർവചിക്കപ്പെട്ടാലേ, സാമൂഹ്യപരിവർത്തനങ്ങൾകൊണ്ടേ മാനസാന്തരപ്പെട്ട വ്യക്തികൾ ഉണ്ടാകയുള്ളു എന്ന ബോധം ആചാര്യന്മാരിൽവരൂ. ഇതല്ലേ ഇന്ത്യൻജനകീയതത്വചിന്തയുടെ പ്രാരംഭപരിഷ്ക്കരണം. രാഷ്ട്രസംവിധാനത്തിലും സാമൂഹ്യപുനരുദ്ധാരണത്തിലും ശ്രദ്ധിക്കാൻപോരുന്ന ഒരു ഗവർമ്മെണ്ട് രൂപീകരിച്ചാലേ ഇന്ത്യയിൽയോഗ്യന്മാരും സദാചാരനിരതരും ബോധവാന്മാരുമായ വ്യക്തികൾ ഉണ്ടാകയുള്ളു. സമുദായത്തിൻെറ നാലു ചുവരുകൾ എങ്ങിനെയും കിടക്കട്ടെ എന്ന് വിചാരിച്ച് വ്യക്തികൾ ദൈവങ്ങളായി ഭാഷാന്തരംചെയ്തുകൊള്ളുമെന്നുള്ള വിശ്വാസം ആലസ്യവും അധഃപതനവും അടിമത്വവും നമുക്ക് തന്നു. ഇന്ത്യക്കാരൻെറ ആത്മാവലോകനത്തിന് പാഴാക്കിക്കൊണ്ടിരിക്കുന്ന ഊർജ്ജത്തെ ഫ്റായിഡിൻെറ വാക്കുകളിൽ "സബ്ളിമേററ്"(തിരിച്ചുവിടുക) ചെയ്യേണ്ടിയിരിക്കുന്നു. സാമൂഹ്യബോധമില്ലാതെ ആദ്ധ്യാത്മിക തത്വങ്ങളിൽ ഉയർന്ന നാഗരികതയുണ്ടെന്ന് വൃഥാ അഹങ്കരിക്കുന്ന ഒരുവർഗ്ഗം മറയന്മാരാണ് ഇന്ത്യക്കാർ. ക്രിസ്തുമതവും ഇസ്ലാംമതവും ആവിഷ്ക്കരിച്ച പാതയിൽക്കൂടി വികസിച്ച് ബൃഹത്തായ ഒരു ജനതതി ഉൾക്കൊള്ളുന്ന മനുഷ്യസമൂഹം വാർ

ത്തെടുക്കയാണ് നാളത്തെ ജനകീയതത്വവിചാരത്തിന് ചെയ്യാൻകഴിയുന്ന മഹത്തരമായ ജോലി. ക്രിസ്തുമതത്തെ ഓടിച്ചതുകൊണ്ടോ ദൂഷ്യംപറഞ്ഞു നിലത്തിട്ടതുകൊണ്ടോ ഹിന്തുമതമെന്ന് പറയുന്ന ഇന്ത്യക്കാരൻെറ ജീവിതവീക്ഷണം നന്നാകാൻപോകുന്നില്ല. മതങ്ങളുടെ ഏററമുട്ടലിൽനിന്ന് ഒരുമതം ഉയർന്നുദിക്കാനുള്ള സാഹചര്യം എങ്ങും തെളിഞ്ഞുവരികയാണ്. അതിൽനിന്നു പിൻതിരിയാൻ പ്രേരിപ്പിക്കുന്ന പാരമ്പര്യവാദികളെയും യാഥാസ്ഥിതികന്മാരെയും കൂപമണ്ഡൂകമനസ്ഥിതിക്കാരേയും, ഉണർന്ന ലോകം ഒററപ്പെടുത്തണം.

ഫ്റഞ്ച്ചിന്തകനായ ഹെൻറിബെർഗ്സൻ ചിന്താലോകത്തിൽ ചെലുത്തിയ സ്വാധീനത്തിന് ഉത്തമദൃഷ്ടാന്തമാണ്. ബർനാഡ്ഷായുടെ "മെതൂസലയ്ക്ക് പുറകോട്ട്" എന്ന വിശ്വവിഖ്യാതനാടകം ബർഗ്സൻെറ പ്രായോഗികദർശനം കർമ്മത്തെ പരമമായ നന്മയായി കണക്കാക്കി. സുഖം ഫലത്തിൽ വരുന്നതും അറിവ് വിജയകരമായ പ്രവർത്തനത്തിന് കൂട്ടുനിൽക്കുന്ന വെറും ഉപകരണവുമാണ്. ആധുനികലോകത്തിന് പററിയ ഒരു ചിന്താശാസ്ത്രവുമായി അദ്ദേഹം അരങ്ങേറിയെന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല. ദ്വൈതവാദത്തിലാണ് അദ്ദേഹം വിശ്വസിച്ചത്. പ്രപഞ്ചം ജീവശക്തിയും ഭൗതികശക്തിയുമായി വേർതിരിഞ്ഞു മത്സരിച്ചുകൊ

ണ്ടിരിക്കുന്നു. ജീവശക്തിക്കു് "എലാൻപെററൽ' എന്ന പേരാണ് അദ്ദേഹം നൽകിയതു്. ജീവശക്തി മുകളിലോട്ടു് വളരുകയും ഭൗതികശക്തി താഴോട്ടു് കുതിക്കുകയുമാണ്. ലോകാരംഭംമുതൽക്കേ പ്രത്യക്ഷപ്പെട്ട ജീവശക്തി ഭൗതികവസ്തുവിൻെറ സമ്മർദ്ദം അഭിമുഖീകരിച്ചു് പ്രത്യേകവഴിയിൽക്കൂടി ഭൗതികവസ്തുവിനെ ഉപയോഗിക്കാൻ പദ്ധതി കണ്ടുപിടിച്ചു കൊണ്ടിരിക്കും. പരിണാമസിദ്ധാന്തത്തിൽ നാം വിശ്വസിക്കാമെങ്കിലും അതിന്നു് നിശ്ചിതമാർഗ്ഗമോ ലക്ഷ്യമോ ഇല്ല. പുതുമയുടെ സ്ഥാനം സമ്മതിക്കാത്ത ഒരു വാദമുഖവും അംഗീകരിക്കാൻ നിർവ്വാഹമില്ല. മാർഗ്ഗവാദം ഭൂതത്തിൽ അടങ്ങിയിരിക്കുന്ന ഭാവിയെ നിർദ്ദേശിക്കുമ്പോൾ, ലക്ഷ്യവാദം ഭാവിയിൽ അഭിനവത്വം ആരോപിക്കുന്നു. ഈ രണ്ടു വാദങ്ങൾക്കും കടകവിരുദ്ധമായി അദ്ദേഹം പരിണാമം സൃഷ്ടിപരമാണെന്നു് സ്ഥാപിക്കുന്നു. കലാകാരൻെറ സൃഷ്ടിപരമായ പ്രവർത്തനംപോലെ പരിണാമവും നൂതനരൂപങ്ങളിൽ ഭാവം നിറയ്ക്കുകയാണ്. പ്രവർത്തിയ്ക്കുള്ള പ്രചോദനം അഥവാ അനിർവചനീയമായ ഒരു അഭിലാഷം നേരത്തെ ആവിർഭവിക്കുന്നുണ്ടെങ്കിൽ ആ അഭിലാഷം പൂർത്തീകരിയ്ക്കുന്നതിന്നു മുൻപു് എന്താണ് ഓരോ പ്രവർത്തിയുടെയും ഫലം എന്നു് പ്രവചിക്കാനൊക്കുകയില്ല. ഉദാഹരണമായി കാഴ്ചയില്ലാതിരുന്ന മൃഗങ്ങൾക്കു് വസ്തുസാമീപ്യത്തിൽ

അറിയണമെന്നുള്ള അഭിവാഞ്ഛയുണ്ടായിരുന്നിരിക്കണം. അതു് പരിശ്രമത്തിൽക്കൂടി തഴച്ചു പുഷ്പിച്ചപ്പോഠം നയനസ്സൃഷ്ടിക്കു് കാരണമായി. കാഴ്ച ആഗ്രഹാനുസരണത്താൽ ഉണ്ടായെങ്കിലും മുമ്പിനാലെ തീരുമാനിക്കപ്പെടാൻ വയ്യാത്ത ഒരു കാര്യമായിരുന്നു. അതിനാൽ പരിണാമം പ്രവചനാതീതമാണെന്നും നിർണ്ണായകവാദത്തിനു് സ്വാതന്ത്ര്യേഛാവാദക്കാരെ പരാജയപ്പെടുത്താൻ കഴിവില്ലെന്നും നാം ധരിക്കണം.

## ഭൂമിയിൽ ജീവൻ അങ്കുരിച്ചു.

എങ്ങനെയാണു് ഭൂമിയിൽ ജീവൻ പ്രത്യക്ഷപ്പെട്ടതു്? ജീവശക്തിയുടെ സരണി ചെടികളും മൃഗങ്ങളും അവതരിപ്പിച്ചു. ചെടികഠം ഊർജ്ജത്തിനെ സംഭരിക്കാനാണു് ഉദ്യമിച്ചതെങ്കിൽ മൃഗങ്ങഠം പൊടുന്നനവേ സംജാതമാകുന്ന ചലനങ്ങഠംക്കായി ഊർജ്ജത്തെ ഉപയോഗിക്കുന്നു. മൃഗങ്ങളുടെ മദ്ധ്യത്തിൽനിന്നുതന്നെ ഒടുവിൽ ഒരു പുതിയ വിഭജനം ഉത്ഭവിച്ചു. സഹജപ്രകൃതിയും ബുദ്ധിയും വെവ്വേറെയായി. സഹജപ്രകൃതി പുഷ്പിച്ച ഫലമാണു് അനുഭൂതി. നിഷ്ക്കാമമായി സ്വയംബോധത്തോടെ സ്വവസ്തുവിൽ ചിന്ത തിരിച്ചുവിടാനും അനിയന്ത്രിതമായി ആ വസ്തുവിനെ വളർത്താനും ഉള്ള സഹജപ്രകൃതിയാണു് അനുഭൂതിയെന്നു് നിർവ്വചനം. അചേതനവസ്തുക്കളെ കൈകാര്യംചെയ്യുന്നതിൽ ബുദ്ധി നിയുക്തമായി. തുടർച്ചയററതും ചലനം നിലച്ചതു

മായ വസ്തുക്കളെ ഗ്രഹിക്കാനാണതിനു് ശേഷി. ദേശത്തിൽ വസ്തുക്കളെ നിലനിർത്തി, കാലത്തിൽ തിട്ടപ്പെടുത്തി ചലനത്തെ അവസ്ഥകളുടെ ശൃംഖലയായി സമർപ്പിക്കാൻ ബുദ്ധി ക്ലേശിക്കും. ജോമട്രിയും ലോജിക്കും ബുദ്ധിയുടെ ഉത്തമശില്പങ്ങളത്രെ. പരസ്പരപ്പൊരുത്തത്തിൽനിന്നു് ബുദ്ധിയും ഭൗതികവസ്തുക്കളും ജനിച്ചു. പ്രപഞ്ചം ഒരു കോണിന്റെ ആകൃതിയിൽ കേവലശക്തിയെ അഗ്രത്തിൽവെച്ചുകൊണ്ടു് മുകളിലോട്ടുള്ള ചലനംവഴി വസ്തുക്കളെ സമാഹരിക്കുകയും താഴോട്ടുള്ള ചലനത്തിൽക്കൂടി വസ്തുക്കളെ തരംതിരിക്കുകയുംചെയ്യുന്നു. പ്രപഞ്ചത്തെ ഒരു വിസ്തൃതമായ റെയിൽവെയായി സങ്കല്പിച്ചാൽ ജീവശക്തി ഉയരത്തിൽ സഞ്ചരിക്കുന്ന ട്രെയിനായും ഭൗതികശക്തി താഴോട്ടു് നീങ്ങുന്ന ട്രെയിനായും വിഭാവനം ചെയ്യണം. നാം കയറിയിരിക്കുന്ന, മുകളിലോട്ടു് ഗമിയ്ക്കുന്ന ട്രെയിനിനെ കടന്നുപോകുന്ന, താഴോട്ടു് സഞ്ചരിയ്ക്കുന്ന ട്രെയിനിനെ നിരീക്ഷിക്കുകയാണ് ബുദ്ധിയുടെ തൊഴിൽ. നാം ഇരിക്കുന്ന ട്രയിനിൽ ശ്രദ്ധ കേന്ദ്രീകരിയ്ക്കുന്ന കഴിവിനെ സഹജപ്രകൃതിയെന്നോ അനുഭൂതിയെന്നോ നാമകരണംചെയ്യാം. ഒരു ട്രെയിനിൽനിന്നു് മറെറാന്നിലേക്കു് കുതിച്ചുചാടാൻ നമുക്കു സാധിയ്ക്കും. ഈ ഘട്ടം ഉണ്ടാകുന്നതു് തുടരാനുള്ള ശീലത്തിനു് നാം വിധേയമാകുമ്പോഴാണ്. അതു് വിനോദശീലത്തിന്റെ ഉറവുമായിരി

കും. ബുദ്ധി ഒരുതരം സ്വപ്നമാണ്. അതു താനേ പ്രവർത്തിക്കുന്നില്ല. പക്ഷെ ധ്യാനനിരതമാണ്. നാം സ്വപ്നംകാണുമ്പോൾ ആത്മാവു് ചിന്നിച്ചിതറി ഭൂതകാലചില്ലുകളായി വേർതിരിഞ്ഞു, പരസ്പരം ബന്ധിച്ച കാര്യങ്ങൾപോലും പ്രത്യേകവും ഉറച്ചതുമായി അനുഭവപ്പെടും. ബുദ്ധി ദേശവുമായി ബന്ധപ്പെട്ടതാണെങ്കിൽ സഹജപ്രകൃതിയും അനുഭൂതിയും കാലവുമായി കടപ്പെട്ടിരിക്കുന്നു. കാലവും ദേശവും വിഭിന്നസ്വഭാവികളാണ്. ദേശം ഭൗതികവസ്തുവിൻെറ പ്രധാനാംശവും കാലം ജീവശക്തിയുടെ സാരവുമാണ്. ജീവശക്തിയുടെ കാതലായ കാലത്തിനു് "ഡ്യൂറേഷൻ" എന്നു പേരുകൊടുക്കാം. ഡ്യൂറേഷൻെറ വിശദീകരണമാണ് ബർഗ്സൻെറ മൂന്നു ഗ്രന്ഥങ്ങൾ. (1) കാലവും സ്വാതന്ത്ര്യേച്ഛയും (2) ഭൗതികവസ്തുവും ഓർമ്മയും (5) സൃഷ്ടിപരമായ പരിണാമം.

### എന്താണ് ഡ്യൂറേഷൻ

നമ്മുടെ ആത്മാവ് ജീവിക്കാൻ സ്വയം തയാറാകുമ്പോൾ, താൽക്കാലികാവസ്ഥയെ പഴയഭാവങ്ങളിൽനിന്നും വേർതിരിക്കാതിരിക്കുമ്പോൾ ബോധാവവസ്ഥ കൈക്കൊള്ളുന്ന രൂപമാണ് 'ഡ്യൂറേഷൻ'. ഭൂതവും വർത്തമാനവും സമഞ്ജസമായി സമ്മേളിച്ച് പരസ്പരബന്ധത്തോടുകൂടി പ്രവർത്തിക്കുന്ന അവസ്ഥ ഡ്യൂറേഷനായിരിക്കും.

യാഥാർത്ഥ്യത്തിൻെറ സത്തയാണിതു്. നമ്മിൽ നിന്നും അകലാൻതുടങ്ങുന്ന ഭൂതകാലത്തെ സംഭരിച്ചു സമഗ്രമായി, അവിഭാജ്യമായി വർത്തമാനത്തിൽ നിക്ഷിപ്തമാകുന്ന അനർഘനിമിഷങ്ങളിൽ ഡ്യൂറേഷൻ സംഭവിക്കുന്നു. ഓർമ്മയിൽ അതിൻെറ അതിപ്രസരമുണ്ടു്. ഇന്നത്തെ മനുഷ്യനിൽ ബുദ്ധിയുടെ അതിർത്തിവരമ്പിലാണ് അനുഭൂതിനിലകൊള്ളുന്നതു്. പ്രവർത്തിയിൽ അനുഭൂതി ഉപയോഗശൂന്യമെന്നു് കണ്ടു് അതിനെ കേന്ദ്രത്തിൽനിന്നും അകററിനിറുത്തി ബുദ്ധികൊണ്ടു് വ്യാപരിക്കുന്ന പതിവു് സാധാരണമാണ്.ബുദ്ധിയിൽ മങ്ങിമയങ്ങുന്ന അനുഭൂതിയെ തട്ടിയുണർത്തി ചലനാത്മകമായ പ്രപഞ്ചത്തെ നാം വീക്ഷിക്കണം. വാസ്തവത്തിൽ സചേതന വസ്തുവിന്നു് പ്രവർത്തിയേയുള്ളു. സാധൂകർമ്മത്തിൻെറ തോതുംവഹിച്ചുകൊണ്ടു് അതു് ലോകരംഗത്തു് പ്രവേശിക്കുന്നു. സാഹചര്യവാദി സന്ദർഭത്തിൻെറ നിർണ്ണായകത്വം അവതരിപ്പിക്കുന്നതു് അജ്ഞതയുടെ ബലംകൊണ്ടുമാത്രം. നമ്മുടെ സമഗ്രമായ വ്യക്തിത്വത്തിൽനിന്നും ഉടലെടുക്കുന്ന പ്രവർത്തികളിൽ നാം തികച്ചും സ്വതന്ത്രരായിരിക്കും. ഒരു കലാകാരൻ ഭാവനയുടെ സഹായംകൊണ്ടു് സ്വതന്ത്രസൃഷ്ടിചെയ്യുന്നതുപോലെ നാമും സ്വതന്ത്രേച്ഛയുടെ സ്വാധീനത്തിൽ സദ്വൃത്തികളിൽ വ്യാപൃതരാകണം. ഇത്ര അത്ഭുതകരമായ പ്രതിഭാസങ്ങളോടെ പ്രപഞ്ചത്തിൽ വിരഹിക്കുന്ന ജീവശക്തി ചില്ലുകളായി പൊട്ടിത്തെ

റിക്കുന്ന ഒരു 'ഷെല്ലിനോട്ട്' കിടപിടിക്കുന്നു. ജീവശക്തി അതിന്റെ പരിപൂർണ്ണതയിൽ ഒരു വമ്പിച്ച തരംഗമാണ്. കേന്ദ്രത്തിൽനിന്നും തുടങ്ങി പുറവും വ്യാപിച്ച് പരമകാഷ്ഠയിൽ അത് പ്രവാഹത്തിന് തുല്യമായിത്തീരും.

എല്ലാ ജീവജാലങ്ങളും ഒന്നിച്ച് വികസിക്കുകയാൽ ഒരേ മഹത്തായ പ്രചോദത്തിൻകീഴിൽ അവ മുന്നോട്ടുപായുന്നു. ചെടിയും മൃഗവും മനുഷ്യനും കുളമ്പടിച്ച് പുറകേയും മുമ്പേയുമായി കുതിച്ചുപോകുന്ന ഒരു മഹാസൈന്യമായി കൽപ്പിക്കാം. വഴിയിൽ കണ്ടുമുട്ടുന്ന വിലങ്ങുതടികളെ നിഷ്പ്രയാസം തട്ടിത്തകർത്ത് മരണത്തെപ്പോലും വെല്ലുവിളിച്ചുകൊണ്ട് ആ സൈന്യം വിജയകരമായി മാർച്ചുചെയ്യുന്നു. ശുഭാപ്തിവിശ്വാസത്തോടുകൂടിയുള്ള ഈ ജീവജാലങ്ങളുടെ പടനീക്കം നാളെയും ജനിക്കുന്നവർക്ക് ആശാവഹമായ സന്ദേശം നൽകുന്നു. ജീവിക്കുക—സൃഷ്ടിപരമായി പരിണമിക്കുക—ഓർമ്മിച്ച് സ്വതന്ത്രേച്ഛയിൽ മുന്നേറുക—ഇതാണ് ബർഗസന്റെ ആഹ്വാനം.

## ചലനത്തിന്റെ സ്വരൂപം ഇന്ത്യക്ക്

ചലനം യാഥാർത്ഥ്യത്തിന്റെ സ്വരൂപമാണ് എന്ന ബർഗ്സന്റെ നിഗമനം ഇന്ത്യൻതത്വശാസ്ത്രജ്ഞന്മാർക്കു ഒരു വഴികാട്ടിയാണ്. ചലിക്കുന്ന പ്രകൃതിയെ ഉപാസിച്ച ശ്രീ കപിലൻ ഇന്ത്യൻദാർശനികനായിരുന്നെങ്കിലും ചലനാത്മകത്വം ജീവിത

ത്തിൽ പകർത്താൻ അദ്ദേഹവും ആവശ്യപ്പെട്ടില്ല. ഒരു ബോധജീവി നിലനിൽക്കുകയെന്നു പറഞ്ഞാൽ പരിവർത്തനം ചെയ്യുകയാണെന്നർത്ഥം. പരിവർത്തനം പാകതയിലേക്കു നയിക്കുന്നു. പാകതയിലെത്തുകയെന്നുവെച്ചാൽ അനന്തമായ വിശപത്തിൽ തൻെറ സൃഷ്ടിപരമായ വികാസത്തിൽ ബോധപൂർവ്വം പങ്കെടുക്കുക എന്നാണു്. ഈ തത്വം അസന്നിഗ്ദ്ധമായി പ്രസ്താവിച്ച ബെർഗ്സൻ സാമൂഹ്യസംഘട്ടനങ്ങളിൽകൂടി അനവരതംമാറാൻ വിസമ്മതിക്കുന്ന ഇന്ത്യക്കാരെ ഒരു പാഠംപഠിപ്പിക്കുന്നുണ്ടു്. ജീവിതംസാമൂഹ്യമാണു്. സാമൂഹ്യജീവിതം പരിവർത്തനംചെയ്താലെവ്യക്തികളും ചലിച്ചു് ഉൽകൃഷ്ടതയിലേക്കു് പുരോഗമനം ഉണ്ടാകയുള്ളൂ. നിശ്ചലസാഹചര്യത്തിൽ ശാന്തിദർശിക്കാൻ പണിപ്പെട്ടിട്ടുള്ള ഇന്ത്യൻദാർശനികരുടെ സംരംഭത്തെ ചോദ്യംചെയ്യുകയാണു് ബർഗ്സൻ. ആത്മാവു് ചലനരഹിതമാണെന്നും ബ്രഹ്മാവും ആത്മാവിൻെറ സ്വഭാവത്തിൽ ഭാഗഭാക്കാകുന്നുണ്ടെന്നും നിരൂപിച്ച അദ്വൈതചിന്തകർ ബർഗ്സൻെറ വ്യാഖ്യാനത്തിൽ സമൂഹപുരോഗതിക്കു് മാർഗ്ഗതടസ്സമുണ്ടാക്കുന്നവരാണു്. പ്രപഞ്ചത്തിൽ ശക്തി വിശേഷങ്ങൾ അന്യോന്യം നിർന്നിമേഷമായി നോക്കിനിൽക്കുന്നുണ്ടെന്ന ദർശനത്തിൽനിന്നാണു് നമ്മുടെ നിശ്ചലധ്യാനജീവിതം കടഞ്ഞെടുത്തിട്ടുള്ളതെങ്കിൽ അതും അബദ്ധമായിരിക്കും. ലോകം ക്രിയാത്മകമായ പ്രവാഹമായതുകൊണ്ടു് നാമും സർവ്വസാഹോദര്യം നി

ക്ഷിപ്തമായ സ്ഥാപനങ്ങൾ നിർമ്മിച്ച് സമൂഹത്തിൽ ഐശ്വര്യം വിളയാനുള്ള സാഹചര്യം സൃഷ്ടിക്കണം. അനുസ്യൂതമായി സൃഷ്ടിക്കാനുള്ള പ്രവണത മരവിച്ചുപോയ ഇന്ത്യക്കാരന് ബർഗസൻെറ "എലാൻ വൈററലി"ൻെറ ആഘാതം ഏൽക്കട്ടെ. മരണത്തെപ്പോലും ധിക്കരിച്ച് ജീവിതത്തിൽ ഭ്രതിവിതക്കാൻ പ്രാപഞ്ചികപരിണാമശക്തിയുമായി താദാത്മ്യം പ്രാപിച്ചേ പററു.

ജർമ്മൻചിന്തകനായ മാർക്സിൻെറ ജീവിതവീക്ഷണം ഭാരതീയൻെറ തത്വശാസ്ത്രപുനഃസംവിധാനത്തിന് വളരെയേറെ ഉപകരിക്കും. ഒരു സാമൂഹ്യവിപ്ളവം ജനങ്ങളുടെ ജീവിതത്തിൽ സൃഷ്ടിക്കാൻ കരുത്തു നൽകുന്ന അദ്ദേഹത്തിൻെറ നിഗമനങ്ങൾ സംയുക്തികവും ചരിത്രസാക്ഷ്യം വഹിക്കുന്നവയുമാണ്. കറയററ ശാസ്ത്രീയാടിസ്ഥാനത്തിൽ തത്വശാസ്ത്രം അദ്ദേഹം കെട്ടിപ്പൊക്കി. ബ്രിട്ടീഷ്ക്ലാസിക്കൽ സാമ്പത്തികശാസ്ത്രം അറിഞ്ഞോ അറിയാതേയോ മുതലാളിയുടെ ക്ഷേമം ഉന്നംവെച്ചുപ്രവർത്തിച്ചു. വസ്തു ഉടമസ്ഥൻെറയും കൂലിക്കാരൻെറയും താല്പര്യങ്ങളെ വിഗണിച്ചുകൊണ്ടാണ് റിക്കാർഡോയും ആഡംസ്മിത്തും സമ്പദ്നിയമങ്ങൾ ആവിഷ്ക്കരിച്ചതു്. കൂലിക്കാരൻെറ ജീവിതഃത്തോതു് ഉയർത്താനുള്ള ഒരു സാമ്പത്തികശാസ്ത്രം 1848-ൽ എഴുതിത്തീർത്ത "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ" വിൽ

ക്കൂടി മാർക്സ് വിളംബരംചെയ്തു. വൈരുദ്ധ്യാത്മകഭൗതികവാദമായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസപ്രമാണം. വസ്തുവിൽ പ്രവർത്തനം ആരോപിച്ച് നിശ്ചേതനങ്ങളായ ഇന്ദ്രിയ നിവേദനങ്ങളെ 18-ാംനൂററാണ്ടുവരെ വളർന്നുവന്ന ഭൗതികവാദം വിലപിടിപ്പുള്ളതായി കരുതി. എന്നാൽ മാർക്സ് ഇന്ദ്രിയനിവേദനവും നിരീക്ഷണവും കർത്താവും വസ്തുവുമായുള്ള നൈരന്തര്യമത്സരത്തിൽനിന്നും ഉടലെടുക്കുന്നതായി കൽപ്പിച്ചു.

## സത്യത്തിൻെറ മാനദണ്ഡം

നിരീക്ഷകൻെറപ്രവർത്തനസ്പർശമേൽക്കാതെ വെറുംവസ്തു അറിവിൻെറ വ്യാപാരത്തിൽക്കൂടി രൂപം മാറുന്ന അസംസ്കൃതസാധനമാണ്. അറിവിൻെറ വ്യാപാരം വസ്തുക്കളെ കൈകാര്യംചെയ്യുന്നതിലാണ് ഉറച്ചിരിക്കുന്നതു്. മനുഷ്യവിചാരത്തിൽ പദാർത്ഥനിഷ്ഠമായ സത്യം ഉണ്ടോ എന്നുള്ള ചോദ്യം സിദ്ധാന്തപരമല്ല, പ്രായോഗികമാണ്. സത്യം അഥവാ ചിന്തയുടെ ശക്തിയും യാഥാർത്ഥ്യവും പ്രയോഗത്തിൽനിർദ്ദേശിക്കപ്പെടണം. പ്രയോഗത്തിൽനിന്നും അകന്ന ചിന്തയുടെ യാഥാർത്ഥ്യമോ അയാഥാർത്ഥ്യമോ വെറും വാദയോഗ്യമായപ്രശ്നമാണ്. തത്വചിന്തകന്മാർ ലോകത്തെ വ്യാഖ്യാനിക്കാനാണ് ഇന്നലെവരെ മിനക്കെട്ടിരുന്നതു്. എന്നാൽ അത്യാവശ്യം വേണ്ടതു് ലോകത്തെ മാററിമറിക്കുകയാണ്. വസ്തു

നിശ്ചലമെന്നും കർത്താവു് വസ്തുവുമായി പൊരുത്ത പ്പെടാൻ ശ്രമിക്കുന്നു എന്നു് പറയുന്നതും അവിശ്വസ നീയമാണ്. കർത്താവും വസ്തുവും വിഷയിയും വിഷയവും പരസ്പരച്ചേർച്ചയുടെ നിരന്തരവ്യാ പാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ആ വ്യാപാരം വൈ രുദ്ധ്യാത്മകമാണ്. കാരണമോ, അതു് ഒരിക്കലും പരിപൂർത്തിയെ പ്രാപിക്കുന്നില്ല എന്നുള്ളതുതന്നെ. പ്രവർത്തിയെ പുഛരിക്കുന്ന ഒരു സത്യസിദ്ധാന്തവും വിജയിക്കാൻപോകുന്നില്ല. ഈ പ്രവർത്തിപരമാ യ വീക്ഷണകോണിൽനിന്നും സത്യവാദത്തെ പരാ മർശിച്ചു് ധൈര്യപൂർവ്വം നിഗമനങ്ങളിലെത്തിയ ആദ്യത്തെ ചിന്തകൻ മാർക്സായിരുന്നു.

## ചരിത്രത്തിൻെറ ആണിക്കല്ല്

ഹെഗലിനെപ്പോലെ ലോകം വൈരുദ്ധ്യാത്മകമാ യ ഒരു ഫോർമുലയ്ക്കനുസരിച്ചു് വികസിക്കുന്നതായി മാർക്സും സങ്കല്പിച്ചു. എന്നാൽ വികാസത്തിൻെറ പ്രേരകശക്തിയിൽ അദ്ദേഹം ഹെഗലിനെ എതിർ ത്തു. ചൈതന്യാത്മകശക്തി മനുഷ്യചരിത്രത്തെ ത ള്ളിനീക്കുന്നതായി ഹെഗൽ ദർശിച്ചതു് ശുദ്ധഭോ ഷ്ക്കാണ്. ചരിത്രത്തിൽ അവരോധിക്കേണ്ടതു് ഭൗ തികശക്തിയേയാണ്. മനുഷ്യനും ഭൗതികസാഹച ര്യവുമായുള്ളബന്ധമാണ് ചരിത്രത്തിൻെറ ആണിക്കല്ല്. മനുഷ്യൻെറ ഉല്പാദനരീതികൾ ചരിത്രത്തിൽ പൊന്തി നിൽക്കുന്നു. അങ്ങനെ മാർക്സിൻെറ ചരിത്രതത്വശാ

ശാസ്ത്രവും ഭൗതികവാദവും സാമ്പത്തികശാസ്ത്രത്തിൽ വന്നുതറച്ചു. രാഷ്ട്രമീമാംസയും മതവും തത്വവിചാരവും കലയും മനുഷ്യചരിത്രത്തിന്റെ ഓരോ കാലഘട്ടങ്ങളിലും ആവിർഭവിക്കുന്നതു്, ഉല്പാദനോപകരണങ്ങളുടെയും വിതരണമാർഗ്ഗങ്ങളുടെയും അതിപ്രസരമായിട്ടാണ്. ഇതു് ഭൗതികാത്മക ചരിത്രവീക്ഷണമായിത്തീർന്നു. വൈരുദ്ധ്യാത്മക പ്രയാണത്തിന്റെ യാനപാത്രങ്ങളായി ജനതയെ ഹെഗൽ കണക്കാക്കിയെങ്കിൽ മാർക്സ് വർഗ്ഗങ്ങളെ ചൂണ്ടിക്കാണിച്ചു. വസ്തുഉടമസ്ഥൻ പ്രതിനിധീകരിക്കുന്ന നാടുവാഴിത്തവും വ്യാവസായിക വേലയ്ക്കു വെയ്ക്കുന്നവന്റെ പ്രതീകമായ മുതലാളിത്തവും വൈരുദ്ധ്യങ്ങളായി മത്സരിച്ചു് കൂലിക്കാരന്റെ വിജയപതാകയായ സമത്വസുന്ദര സാമൂഹ്യ വ്യവസ്ഥിതി നാമ്പെടുക്കുമെന്നു് മാർക്സ് ദർശിച്ചു. എംഗൽസ് ചരിത്രത്തിന്റെ പ്രകൃതിപരമായ വീക്ഷണം ഭാഗികമായി കരുതി. അതു് പ്രകൃതിയോടു് ഏററുമുട്ടി പ്രകൃതിയെ പരിവർത്തനംചെയ്തു് പുതിയ ജീവിതസാഹചര്യങ്ങൾ സൃഷ്ടിക്കാനുള്ള സാദ്ധ്യതയെ നിരാകരിച്ചു. മാർക്സിന്റെ കാഴ്ചപ്പാടു് ഇതായിരുന്നു. 'നാഗരികതയോ സംസ്കാരമോ ഉണ്ടാകുന്നതിന്നു് മുൻപു്തന്നെ മനുഷ്യന്നു് ജീവിക്കണമെന്നുള്ള ആവശ്യം മുന്നിട്ടുനിന്നു. പാടത്തിലെ ചെടികളെപ്പോലെയല്ലാതെ വേലചെയ്തു നൂൽനൂററും ജീവിതോപകരണങ്ങൾ കണ്ടുപിടിച്ചും മാത്രം അവന്നു് ജീവിക്കേണ്ടിവന്നു. ഉല്പാ

ദനത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ, പ്രയത്നശക്തി, ജോലിക്കുവേണ്ട സാങ്കേതികമാർഗ്ഗം, പരമ്പരാഗതമായ നടപ്പ് ഇവ ഒന്നിച്ചുചേർന്ന് ഉല്പാദനശക്തികൾ ഉടലെടുക്കുന്നു. ഉല്പാദനബന്ധവും മനുഷ്യന് വസ്തുക്കളോടും പ്രകൃതിശക്തികളോടുമുള്ള ബന്ധവും കൂടിയുണ്ടാകുന്നതു് വേറൊരു പരമാത്ഥമാണ്.

അങ്ങനെ സമൂഹത്തിൻെറ സാമ്പത്തികഘടന ചരിത്രത്തിൻെറ അടിസ്ഥാനഘടകമായി. ഉല്പാദനശക്തികൾ മാറുന്നതോടൊപ്പം ഉൽപ്പാദനത്തിൻെറ ബന്ധങ്ങളും മാറും. എന്നാൽ ആ മാററം ഉടമയുടെ അവകാശം ഒരു വർഗ്ഗത്തിൽനിന്നും വേറൊന്നിലേക്കാകയാൽ ഉടമ കൈയിലിരിക്കുന്ന വർഗ്ഗം സർവ്വശക്തികളും ഉപയോഗിച്ച് എതിർക്കും. അപ്പോൾ പരിവർത്തനം വിപ്ളവത്തിൻെറ ആകൃതി കൈക്കൊള്ളുന്നു. അങ്ങനെ എല്ലാ ചരിത്രവും വർഗ്ഗസമരങ്ങളുടെ ചരിത്രമായിത്തീരും. പുതിയ ഉല്പാദനബന്ധങ്ങൾ സ്ഥാപിതമാകുന്നതോടെ സമൂഹത്തിൻെറ ഉപരിഘടന, അതായതു് രാഷ്ട്രീയവും നിയമപരവും ധാർമ്മികവും മതപരവും ബൗധികവുമായ ആശയസംഹിത വേറൊരു രൂപം പ്രാപിക്കുന്നു. ഭൗതികമായ ഉൽപ്പാദനോപകരണങ്ങൾ കൈവശം കിട്ടുന്ന വർഗ്ഗം മാനസികോൽപ്പാദനോപകരണങ്ങൾക്കും അധികാരിയായിത്തീരും.

## മാർക്സിസവും ഇന്ത്യയും

ഇന്ത്യയിലുദയംചെയ്യേണ്ട ജനകീയതത്വശാസ്ത്രത്തിന് മാർക്സിൻെറ നാലു സംഭാവനകഠം അനിവാൎയ്യമാണ്. ഒന്നാമതായി, സാമൂഹ്യവിപ്ലവത്തിൻെറ ശീഘ്രത ഇന്ത്യൻദാർശനികർ മനസ്സിലാക്കണം. അക്രമപരമായ മാൎഗ്ഗത്തിലൂടെയല്ലാതെ മനുഷ്യൻെറ ഹൃദയപരിവർത്തനം വരുത്താനൊക്കുകയില്ലെന്നു് മാർക്സ് ശഠിച്ചെങ്കിലും അക്രമരഹിതമായ മാൎഗ്ഗം ഉപയോഗിക്കുന്ന ആ പുതിയ പരീക്ഷണം നാം ഊൎജ്ജസ്വലതയോടെ നടത്തണം. വൎഗ്ഗങ്ങളുടെ രക്തദൂഷിതമായ സമരം ഒഴിവാക്കാൻ നിയമനിർമ്മാണത്തിലൂടെയും സ്ഥാപനസംവിധാനം വഴിയായും രാഷ്ട്രഭദ്രതയിൽക്കൂടെയും സാധിക്കുമോ എന്നു് ചിന്തകർ പരിശോധിക്കണം. കർമ്മമാർഗ്ഗത്തിൽ വിശ്വസിച്ചു മുന്നേറിയ അർജ്ജുനൻെറ പാരമ്പര്യം പേറുന്ന ഇന്ത്യക്കാരൻ, യുദ്ധമാണെങ്കിൽ യുദ്ധമെന്നു് വാദിച്ച ശ്രീകൃഷ്ണൻെറ ധർമ്മോപദേശം ആപ്തവാക്യമായി കരുതുന്ന നമ്മുടെ നാട്ടുകാർ, ഒരു സമൂലമായ സാമൂഹ്യവിപ്ലവത്തിനു് തയാറാവുന്നതിൽ അലംഭാവം പ്രകടിപ്പിക്കുന്നതെന്തു്? ക്രിസ്തുവിൻെറ വിപ്ലവപരമായ സാമൂഹ്യസേവനപദ്ധതി നടപ്പിലാക്കിയാലും ചുററുപാടിൽ ചലനം കൊടുമ്പിരിക്കൊള്ളുകയില്ലേ? എന്തായാലും സാഹചര്യത്തിലുള്ള സവിശേഷമായ തകിടംമറിച്ചിൽ അത്യാവശ്യമാണെന്ന

മതം മാർക്സിൻെറ സ്വാധീനമെന്ന നിലക്കെങ്കി ലും ആധുനികഭാരതീയർ അംഗീകരിക്കണം.

രണ്ടാമതായി, സാമ്പത്തികഘടനയ്ക്കു ചിന്താമ ണ്ഡലത്തിൽ വരുത്താൻ കഴിയുന്ന വ്യതിയാനങ്ങളെ നാം ഓർമ്മിക്കണം. ദാരിദ്ര്യത്തിൽ, കഷ്ടതയിൽ, പരാധീനതയിൽ ബൗദ്ധികജീവിതം അധഃപതിക്കുമെ ന്നും ന്യായമായ സാമ്പത്തികസൗകര്യങ്ങൾ ബുദ്ധി യുടെ സർവ്വതോമുഖമായ വളർച്ചക്കു ഗതിവേഗം നൽകുമെന്നും നാം പഠിക്കണം. മതവും തത്വശാ സ്ത്രവും സദാചാരചിന്തയും സാമ്പത്തികഘടനയുടെ മേൽപ്പടിക്കു നിൽക്കണമെന്ന അഭിപ്രായം അവി ടെ നിൽക്കട്ടെ. എന്നാൽ സാമ്പത്തികജീവിത ത്തിന് സാംസ്കാരികപ്രവണതകളെ വളർത്താനും തഴപ്പിക്കാനും സാധിക്കുമെന്നുള്ള ആശാവഹമായ ക ണ്ടുപിടുത്തത്തെ നാം ധിക്കരിക്കരുതു്. മനുഷ്യനു് ജന്മാവകാശമായി ലഭിക്കേണ്ട സാമ്പത്തികസാഹ ചര്യം നിഃഷേധിക്കപ്പെടുന്ന സാമൂഹ്യവ്യവസ്ഥിതി യിൽ കാടത്തമായിരിക്കും വിജൃംഭിക്കുന്നതെന്നു മാർ ക്സ് വാദിച്ചു. ശരീരത്തിൻെറ ആവശ്യങ്ങളെ ഉപേക്ഷിച്ചു് സന്യാസത്തിൽകൂടി തത്വവിചാരം ചെയ്യാൻ ഇന്ത്യക്കാരനു് ഉപദേശമുണ്ടെങ്കിലും വേല ക്കാർ നേടിവെക്കുന്ന സമൂഹസമ്പത്തിൻെറ ഓഹരി അനുഭവിച്ചുകൊണ്ടാണ് സന്യാസിവര്യന്മാരായ തത്വ ജ്ഞാനികൾ കാലയാപനംചെയ്യുന്നതു്. ഉറച്ച ശരീരം ഇല്ലാത്തവർക്കു് ഗൂഢവിചാരങ്ങൾക്കും അർഹതയില്ല.

ശരീരത്തിന്നു് ആപേക്ഷികമായി മനസ്സ് ആരോഗ്യമോ അനാരോഗ്യമോ പ്രാപിക്കുമെന്ന ആധുനികവിജ്ഞാനശകലം തത്വചിന്തകന്മാർ ഇന്ത്യയിൽ ആദ്യമായി പ്രായോഗികമാക്കണം. ശരീരത്തിന്നു് അതീതമായ ആത്മാവിനെ ധ്യാനിച്ച് സാക്ഷാൽക്കരിക്കാനുള്ള സംരംഭത്തിലും ശരീരനിലനിൽപ്പിന്നു് അനുപേക്ഷണീയമായ സമൂഹത്തിൻെറ സാമ്പത്തികഘടന എല്ലാവർക്കും കിട്ടത്തക്കവണ്ണം സംരക്ഷിക്കേണ്ടിയിരിക്കുന്നു.

മൂന്നാമതായി, ലോകത്തിൽ ജീവിക്കുന്ന പ്രഥമമായ പ്രശ്നം ഭാരമേറിയതും ശ്രമസാദ്ധ്യവുമാണെന്നു് ഇന്ത്യൻദാർശനികർ ധരിച്ചിരുന്നതായി കാണുന്നില്ല. പാടത്തിലെ ചെടികൾ വളരുന്നതുപോലെ മനുഷ്യക്കുഞ്ഞുങ്ങൾക്കു് ജീവിതം സുകരമല്ല. ദ്വന്ദ്വയുദ്ധത്തിൽ ഏർപ്പെട്ടാലും ജീവിതാവശ്യങ്ങൾ സമ്പാദിക്കാൻ പ്രയാസമായതുകൊണ്ടാണ് വഞ്ചനയും, ചൂഷണവും കാപട്യവും തൊഴിലാക്കി വ്യക്തികൾ ജീവിതായോധനം തുടരുന്നതു്. അപ്പോൾ ജനിച്ചുകഴിഞ്ഞാൽ ഓരോ ശിശുവിനും വേലചെയ്യുണ്ടാക്കാവുന്ന സാഹചര്യം സമൂഹം സംരക്ഷിച്ചിരുന്നാൽ ജീവിതായോധനത്തിൽ പരാജയമനോഭാവത്തിലും അശുഭാപ്തിവിശ്വാസത്തിലും ലയിച്ച് അതൃപ്തികരമായ ജീവിതശയ്യ പ്രാപിക്കാനിടവരുകയില്ല. ഇന്നു എങ്ങും മാറെറാലികൊള്ളുന്ന വിശപ്പിൻെറ മുറവിളി

അസ്തമിച്ച് സമചിത്തതയോടെ തത്വവിചാരത്തിന് സാധാരണക്കാരന് തയ്യാറാകാൻ കഴിയണം. ജീവിച്ചുകഴിഞ്ഞതിനു് ശേഷം മാത്രമാണ് മതവും തത്വവിചാരവും പ്രസക്തമെന്ന സത്യം വ്യക്തമായ ഭാഷയിൽ ഒരു ജീവിതതത്വശാസ്ത്രത്തിൽക്കൂടി ലോകരെ ധരിപ്പിച്ച മഹാനാണ് മാർക്സ്.

അതുകൊണ്ട് ഇന്ത്യൻതത്വചിന്തകരും മനുഷ്യർക്ക് അല്ലലെന്യേ വേലചെയ്താൽ ജീവിക്കാൻ ഒക്കുന്ന പരിതഃസ്ഥിതി രാഷ്ട്രത്തിൽ എന്നുമെന്നും അരക്കിട്ടുറപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച ദർശനങ്ങൾ ആവിഷ്കരിക്കാൻ ശ്രമം നടത്തണം.

നാലാമതായി, സംഘടിതസംരംഭങ്ങൾക്കേ സമൂഹത്തിൽ ക്ഷേമം പരത്താനൊക്കുകയുള്ളൂ. വ്യക്തിപരമായ ഒരു ജീവിതവീക്ഷണം അലറുന്ന കടലിനും ഞെട്ടലുണ്ടാക്കുന്ന മിന്നലിനും ഉഗ്രമായ കാററിനും സ്തംഭനം ജനിപ്പിക്കുന്ന ഭൂമിക്കും എതിരായി ദുർബ്ബല ഹസ്തങ്ങളയക്കാൻ ഇന്ത്യക്കാരെ പ്രേരിപ്പിച്ചു. നാലുപേർ ഒത്തുചേർന്നു് കൊടുങ്കാററും പേമാരിയും ഇടിവെട്ടും പിടിച്ചടക്കി സാമൂഹ്യജീവിതത്തിനുപയുക്തമായ കരുത്തു് സംഭരിക്കാൻ പാശ്ചാത്യർ ഉദ്യമിച്ചപ്പോൾ നാം നിരാശ്രയബോധത്തിൽ പതുങ്ങി ജീവിച്ചു. ആചാര്യന്മാർ ആവിർഭവിച്ചതനുസരിച്ച് ചിന്താഗതിയും മാററി അസ്ഥിരജീവിതചര്യകളിൽ

കൂടി ഭാരതീയർ ശതാബ്ദങ്ങൾ കടന്നുപോയി. ആചാര്യദർശനങ്ങൾ എല്ലാവർക്കും എല്ലാ കാലഘട്ടത്തിലും നിരക്കുന്നതാണോ എന്നൊന്നു പരിശോധന നടത്താൻപോലും ആരും സ്വതന്ത്രചിന്ത പ്രദർശിപ്പിച്ചില്ല. തമ്മിലടിക്കാനുള്ള വാദമുഖങ്ങൾ രൂപീകരിച്ച്, ഒരു വാദമുഖവും സർവ്വസമ്മതമല്ലെന്നറിഞ്ഞിട്ടും സാമാന്യജീവിതോൽക്കർഷത്തിന് ദർശനങ്ങളെ കണ്ടുപിടിച്ചുമില്ല. ആദ്ധ്യാത്മികപുരോഗതിക്കും സംഘടിതമായി പരിശ്രമിച്ച് സമയംകളഞ്ഞ വിഡ്ഢിത്തം ഉപദ്രവകരമായി തീർന്നതു് ഭൗതികപുരോഗതിയെ കുറച്ചുപേർക്കു് എറിഞ്ഞുകൊടുത്തിട്ട് മണ്ടിമറഞ്ഞ സ്വഭാവമായിരുന്നു. ഈശ്വരധ്യാനത്തിൽ വിസ്മൃതിയിലാണ്ടിരുന്നാൽ ഭൗതികജീവിതം താനേ പുരോഗമിച്ചുകൊള്ളുമെന്നു് വിശ്വസിപ്പിച്ച ദർശനങ്ങൾ ഇന്ത്യയുടെ ഭൂതകാലശാപങ്ങളാണ്. ഡോ: രാധാകൃഷ്ണൻ ഇന്ത്യൻതത്വവിചാരത്തെ ആധുനികലോകവുമായി തട്ടിച്ചുനോക്കാൻപണിപ്പെട്ടു. എങ്കിലും തത്വവിചാരം പഴയപോലെ ഇരിക്കട്ടെയെന്നാണ് പ്രഖ്യാപിക്കുന്നതു്. ജീവിതസാഹചര്യങ്ങൾ അവനവൻെറ കർമ്മഫലമല്ല രാഷ്ട്രത്തിൻെറ കൊള്ളരുതായ്മയാണ് എന്ന രാഷ്ട്രീയസത്യം ഡോ. രാധാകൃഷ്ണൻ പ്രസംഗിക്കുന്നു. പക്ഷെ അതേ നാക്കുകൊണ്ടു് തത്വവിചാരം ജനകീയമാക്കരുതേ എന്നു് വനരോദനം നടത്തുകയാണ്. ചിന്തകർ അരയും തലയും മുറുക്കി ജനകീയതത്വശാസ്ത്രത്തിനു് ബുദ്ധി തിരിച്ച

വിടുമ്പോഴും രാധാകൃഷ്ണൻെറ മർക്കടമുഷ്ടി ഒരു വിലങ്ങുതടിയായി നിൽക്കുന്നു. അദ്ദേഹം മനസ്സിലാക്കാത്ത ഒരു കാര്യം, സംഘടിതശ്രമത്താൽ ജീവിതവ്യഥകളെ അടിച്ചൊതുക്കാൻ കരുത്തുള്ള തത്വവിചാരം ഇനിയും ഇന്ത്യയിൽ ഉണ്ടാകണമെന്നാണ്. അന്ധമായ ആചാര്യാനുകരണം സാമൂഹ്യപരിവർത്തനോദ്യമങ്ങളെ അർത്ഥശൂന്യമാക്കിക്കൊണ്ടിരിക്കുന്നു. മാർക്സിൻെറ വെളിച്ചം രാഷ്ട്രീയപ്ളാററ്ഫോറത്തിൽനിന്നു മാത്രം അംഗീകരിക്കുന്ന ഡോ. രാധാകൃഷ്ണൻ ഇന്ത്യയിൽ സ്വതന്ത്രമായുണരേണ്ട ജനകീയതത്വശാസ്ത്രത്തിന് ഒരു കീറാമുട്ടിയായി നിൽക്കരുത്.

1928—ൽ മോറിററ്സ്ഷ്ളിക്ക് വിയന്നാഗ്രൂപ്പ് എന്ന പേരിൽ ചിന്തകരെ അണിനിരത്തി ഒരു ചിന്താഗതി ഉണ്ടാക്കി. അതിന് ചിന്താത്മക പ്രത്യക്ഷവാദം എന്ന പേർ നൽകാം. ബ്രിട്ടീഷ് ചിന്തകനായ ഏ. ജെ. അയ്യരും അമേരിക്കൻചിന്തകനായ സി. ഡബ്ളിയു. മോറിസും ജർമ്മൻചിന്തകനായ റഡോൾഫ് കാർനാപ്പും ഈ സ്കൂളിൻെറ മികച്ച തത്വവിചാരം പ്രദാനംചെയ്തവരാണ്. തത്വവിചാരത്തിൻെറ കടമയെന്താണെന്ന് അവർ നിർദ്ദേശിച്ചിട്ടുള്ളത് ജനകീയ തത്വശാസ്ത്രനിർമ്മാണത്തിന്. ഉപയുക്തമായിരിക്കും. അനുഭവത്തിന് മുമ്പ് കണ്ടുപിടിക്കുന്ന പ്രാഥമികനിയമങ്ങളിൽനിന്നും നിഗമനങ്ങൾ ഊർന്നെടുത്തു കാററും വെളിച്ചവും കയറാത്ത ദർശനങ്ങൾ നിർമ്മിക്കുന്ന പ്രകൃതം തത്വവി

ചാരത്തിന്ന് ഭൂഷണമല്ല. ആപേക്ഷികമായ പ്രകൃതി നിയമങ്ങരം അനുഭവത്തിൻെറ അവലോകനത്തിൽ കൂടി നാം അറിയുന്നുണ്ട്. അവയ്ക്കപ്പുറം പ്രപഞ്ച ത്തെ പരാമർശിക്കുന്ന സാമാന്യനിയമങ്ങരം ബുദ്ധി യിൽനിന്നും കടഞ്ഞെടുത്തതായി അവതരിപ്പിക്കുന്ന തു് ഭോഷ്ക്കാണ്. അനുഭൂതി സൃഷ്ടിക്കുന്ന അനുഭവ ത്തിന്നു് മുമ്പുള്ള നിയമങ്ങരം നിബ്ബന്ധിതവുമല്ല, വെറും ആവർത്തനപദങ്ങളുടെ ഗർജ്ജനമാണ്. തൽ ക്കാല മാനസികാവസ്ഥയെ കുറിക്കുന്ന അറിവു് ത രാനേ അനുഭൂതിക്കു് കഴിയൂ. വാസ്തവത്തിൽ യുക്തി യെ പിടിച്ചുനിറുത്തുന്നു എന്നു് പറയുന്ന പൊതുനി യമങ്ങരം വാക്കുകരംകൊണ്ടുള്ള കസർത്തുമാത്രം. ഇപ്ര കാരം വാക്കുകളുടെ മനോജ്ഞബന്ധത്തിൽനിന്നും ആവിഷ്ക്കരിക്കുന്ന സമഗ്രവീക്ഷണം, ചിലന്തി വ ലകെട്ടുന്നതിന്നു് തുല്യമാണ്. പഴുതുകരം അടച്ചു ഭദ്ര മാക്കിയ ദർശനമായി അതിനെ സമർപ്പിച്ചാലും യാ ഥാർത്ഥ്യത്തെപ്പററി ശരിയായ ബോധം അതു് നൽ കുമെന്നു് ശങ്കിക്കേണ്ട. പിന്നെ, ശാസ്ത്രങ്ങളുടെ ശാ സ്ത്രമായി അഹങ്കരിക്കാൻ തത്വവിചാരം പുറപ്പെട രുതു്. എല്ലാ ശാസ്ത്രങ്ങരംക്കും പരമമായ നിയമ ങ്ങരം നൽകാൻ തത്വവിചാരത്തിന്നു് കഴിയുമെന്നു് വീമ്പിളക്കുന്നതു് വമ്പിച്ച പിശകാണ്. ഓരോ ശാ സ്ത്രവും അതിന്നനുസരണമായ നിയമങ്ങരം അനുഭവ ത്തിൻെറ മൂശയിൽനിന്നും ചികഞ്ഞുപിടിച്ചുകൊള്ളും. പൊതുവായ നിയമങ്ങളും സിദ്ധാന്തങ്ങളും സമാഹരി

ക്കുന്ന തത്വവിചാരത്തിൻെറ ധാർഷ്ട്യം സാധൂകരി ക്കത്തക്കതല്ല. ശാസ്ത്രകാരന്മാർ ഒന്നുചേർന്നു അതു് ചെയ്തുകൊള്ളും. ശാസ്ത്രത്തിൻെറ ഫലങ്ങൾ ഉൾക്കൊള്ളുന്ന അനുഭവപരമായ വാക്യങ്ങളെ ചിന്തകൊണ്ടു് അപഗ്രഥിക്കുകയാണ് തത്വവിചാരത്തിൻെറ കർത്തവ്യം. അതിൻെറ വിവാദവിഷയം പരമാർത്ഥങ്ങളല്ല, ഭാഷാരീതികളാണ്. ശാസ്ത്രത്തിൻെറ വ്യാകരണമായി തത്വവിചാരം അരങ്ങേറണം. ഈ ഭാരമേറിയ ജോലി പ്രൊഫസർ കാർണാപ്പ് "ഭാഷയുടെ ചിന്താത്മക പദവിന്യാസക്രമം" എന്ന ഗ്രന്ഥത്തിൽക്കൂടി ആരംഭിച്ചു. സർവ്വശാസ്ത്രങ്ങളുടെയും ഭാഷയെന്നപഗ്രഥിച്ചു് രൂപാന്തരിച്ചു് പൊതുവായ ഭാഷ നിർമ്മിച്ചു് "ഫിസിക്കൽഭാഷ" എന്നതിന്നു് പേരുമിട്ടു. അങ്ങനെ ശാസ്ത്രങ്ങളെ ഇണക്കിച്ചേർക്കാൻ കഴിയുന്ന "സംയുക്തശാസ്ത്രത്തിൻെറ ഇൻററർനേഷനൽ എൻസൈക്ലോപീഡിയ" എന്ന സംരംഭം ഉടലെടുത്തു.

## ആസ്തിത്വവാദവും ജനകീയ തത്വശാസ്ത്രവും

സമകാലീന ഫ്റാൻസിൽ വിജയം വരിച്ചു് ലോകശ്രദ്ധയെ ഹഠാദാകർഷിച്ച ചിന്താസരണിയാണ് ആസ്തിത്വവാദം. ഇതിൻെറ ഇന്നത്തെ തലതൊട്ടപ്പൻ ജീൻപാൾസാർട്ടർ ആണ്. ആസ്തിത്വവാദികൾ വ്യക്തിയുടെ വ്യക്തിപരമായ പ്രാധാന്യവും സ്വാതന്ത്ര്യവും ഉത്തരവാദിത്വവും ഊന്നിപ്പറയുന്നു. പ്രകൃതിവാദത്തിന്നും ആശയവാദത്തിന്നും എതിരേ മു

ഷ്ടിച്ചുരുട്ടി ഉണർന്നെണീററതാണ് ഈ ചിന്താമാർഗ്ഗം. എന്താണ് പ്രകൃതിവാദം? ഭൗതികശക്തിയുടെ ലോകം യാന്ത്രികനിയമങ്ങളാൽ ചൂഴപ്പെട്ടതും കാര്യകാരണബന്ധത്താൽ അടിയുറച്ചതുമാകയാൽ അതിനെ പരമയാഥാർത്ഥ്യമായി കരുതുന്നു. ഭൗതികശക്തിയും ജീവശ്ശക്തിയും മനശ്ശക്തിയുമായുള്ള വ്യത്യാസം ഭൗതികഭിന്നങ്ങൾ മാത്രമാണ്. ഒരു ഭീമയന്ത്രത്തിൻെറ ഭാഗമായി മനുഷ്യനെ പരിഗണിച്ച്, ചുററുപാടുകളും ആന്തരിക ഉദ്ദേശങ്ങളും നിയന്ത്രിക്കുന്ന ഒരു നിസ്സഹായജീവിയായി അവനെ ചിത്രീകരിക്കുന്നു. സ്വാതന്ത്ര്യത്തെപ്പററി അവന് ഒരുമിഥ്യാബോധമുണ്ടെങ്കിലും വാസ്തവത്തിൽ അവൻ ബന്ധനസ്ഥനാണ്. ബൃഹത്തായ ഭൗതികയാഥാർത്ഥ്യത്തിൻെറ മടിത്തലത്തിൽ തൊട്ടിലും ശവകുടീരവും കണ്ടെത്തുന്ന മനുഷ്യൻ നിസ്സാരനല്ലേ? ശാസ്ത്രത്തെ മനുഷ്യൻെറ തത്വവിചാരമായി എണ്ണിയ പ്രകൃതിവാദം അഭ്യസ്തവിദ്യരുടെയിടയിൽ സാമാന്യബോധത്തിൽപ്പോലും അനല്പമായ സ്വാധീനം ചെലുത്തിക്കഴിഞ്ഞു. ഭൗതികപുരോഗതിയിലും ജീവിതത്തോതിൻെറ ഉയർച്ചയിലും അതു് ശ്രദ്ധിക്കുന്നുണ്ടെങ്കിലും സാമൂഹ്യജീവിതത്തിൻെറ ഗുണവും മണവും ചിന്താവിഷയമാകുന്നില്ല. ശൂന്യതയും ബോറും ആത്മാവിൻെറ അസ്വസ്ഥതയുംകൊണ്ടു് ആളുകൾ അധഃപതിക്കുന്നു. യാഥാർത്ഥ്യം പൂർണ്ണമായി അറിയപ്പെട്ടുഒന്നായതുകൊണ്ട് കാററിലെ തോണിപോലെ മനു

ഷ്യൻ അത്ഭുതപ്രപഞ്ചത്തിൽ വട്ടംകറങ്ങിക്കൊണ്ടിരിക്കുന്നു.

എന്താണ് ആശയവാദം? പദാർത്ഥങ്ങൾ ചെന്നെത്തിയിട്ടില്ലാത്ത ഒരു അവസ്ഥയിലേക്ക് മനുഷ്യൻെറ ബോധം വളർന്നുകഴിഞ്ഞു. അതിനാൽ ബോധവാനായ മനുഷ്യൻ യാഥാർത്ഥ്യത്തിൻെറ കേന്ദ്രസ്ഥാനത്ത് അവരോധിക്കപ്പെട്ടിരിക്കയാണെന്നു ധരിക്കണം. പ്രപഞ്ചത്തിൻെറ വെറും നിരീക്ഷകനായി മാറാതെ ലക്ഷ്യങ്ങളും ഉദ്ദേശങ്ങളും സാക്ഷാത്കരിക്കാൻ വെമ്പുന്ന അവൻ വസ്തുനിഷ്ഠസത്യത്തിനു വേണ്ടി ആരായുന്നു. പ്രകൃതിയിലും ചരിത്രത്തിലും മനുഷ്യവ്യാപാരങ്ങളിലും കൂടി ചൈതന്യം (ആശയം, ആദർശം) യാഥാർത്ഥ്യമായിത്തീർന്നു. ഈ ആദർശം പൊതുവായ ഒരു ബോധമല്ല. പ്രത്യുത, പ്രകൃതിക്കു വിപരീതമായ യുക്തിയാണ്. യുക്തിക്കു പ്രകാശിക്കാനുള്ള ഉപകരണമാണ് മനുഷ്യൻ. പരമയാഥാർത്ഥ്യത്തിലും അവനു സ്ഥാനമില്ല. ആദർശത്തിൻെറ ആവശ്യകതയെ അംഗീകരിക്കുമ്പോൾ അവനു സ്വാതന്ത്ര്യം കിട്ടും. ഇങ്ങനെ പ്രകൃതിവാദത്തിലും ആശയവാദത്തിലും തള്ളപ്പെട്ട വ്യക്തിയെ ഉയർത്തിപ്പിടിക്കാൻ ആസ്തിത്വവാദം തയ്യാറായി. വാസ്തവത്തിലുള്ള മനുഷ്യൻെറ ആസ്തിത്വത്തെ യഥാതഥമായി പ്രദർശിപ്പിക്കാൻ സാർത്ത്രും കൂട്ടരും തൂലികയെടുത്തു.

## കേർക്കഗോർഡ്

പത്തൊൻപതാം നൂററാണ്ടിൽ പ്രസിദ്ധനായിരുന്ന ഈ ജർമ്മൻ ചിന്തകൻ ആസ്തിത്വവാദത്തിന്റെ ഉപജ്ഞാതാവായിരുന്നു. സത്യം വ്യക്തിപരതയിലാണ് സ്ഥിതിചെയ്യുന്നത്. ഒരു ഇടുങ്ങിയ വ്യക്തിത്വത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കാൻ ഇന്നുവരെ ഒരു ദർശനത്തിനും കഴിഞ്ഞിട്ടില്ല. പിന്നെ, വ്യക്തിയെ പ്രപഞ്ചത്തിന്റെ ഒരു കളിപ്പാവയായി നിരൂപിക്കുന്ന വിഡ്ഢികളെപ്പററി എന്തുപറയാൻ? ഓരോ വ്യക്തിയും അതുല്യനായതുകൊണ്ട് പൊതുമാനദണ്ഡത്തിൽ ആരെയും ഉൾപ്പെടുത്തരുത്. ഒരു വ്യക്തിയും പണി പൂർത്തിയായ വസ്തുവല്ല. അനസ്യൂതം വ്യക്തി ചലിക്കുകയും പരുവപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. അകത്തുനിന്നും ജ്വലിക്കുന്ന സ്വാതന്ത്ര്യവികാരം നിരന്തരോദ്യമങ്ങളിൽ വ്യക്തിയെ വ്യാപൃതനാക്കുന്നു. കാര്യങ്ങൾ തിരഞ്ഞെടുക്കുന്നതിലും നിശ്ചയിക്കുന്നതിലുമാണ് വ്യക്തിയുടെ മൂല്യം. നിശ്ചയം ഒരു പ്രതിസന്ധിഘട്ടമായിരിക്കാം. പക്ഷേ അനിശ്ചിതത്വത്തിന്റെ മാറാല നീക്കി ഈശ്വരനേയും കേവലസത്തയേയും വെല്ലുവിളിച്ച് വ്യക്തികൾ തീരുമാനങ്ങളെടുക്കണം. ബുദ്ധിയെ ഉപയോഗിച്ച് അറിയുന്ന വ്യക്തിയെയല്ല കേർക്കഗോർഡ് ചിത്രീകരിച്ചത്. ഇച്ഛകളും വികാരങ്ങളും ഉത്തേജിപ്പിക്കുന്ന പൂർണ്ണ വ്യക്തിയെയാണ്. ഒരു വസ്തുവുമായി ബന്ധമില്ലാതെ വ്യക്തിക്ക് നിലനിൽക്കാൻ കഴിയുകയില്ല. ഒരു ക്രി

സ്ത്യാനിക്കു നിലനിൽക്കണമെങ്കിൽ ദൈവത്തിൻെറ മുൻപെയായിരിക്കണം. എന്നാൽ ദൈവസന്നിധിയിൽ നിലകൊള്ളുകയെന്നു പറഞ്ഞാൽ പാപിയാകുക എന്നാണർത്ഥം. അപ്രകാരം ആസ്തിത്വം വലിയ മൂല്യമാണെങ്കിലും വലിയൊരു പാപവുമാണ്. പാപബോധംവഴി നാം മതത്തിൻെറ മണ്ഡലത്തിലേക്കു് പ്രവേശിക്കുന്നു. അവനവൻെറ ആസ്തിത്വത്തിൽ മാത്രം തൃപ്തിയടഞ്ഞു ആകാംക്ഷയോടെ മരുവുന്നതു് പ്രയാസമല്ലേ? അപ്പോഠം ഒരു ദൈവത്തിൻെറ തുണയോടെ അനന്തമായ സന്തോഷമോ സന്താപമോ നമുക്കു് അനുഭവിക്കാം.

## ഹേഡഗ്ഗർ

നമുക്കു് തന്നിരിക്കുന്നപോലെ വ്യക്തികളേയും വസ്തുക്കളേയും പഠിക്കാൻ ആസ്തിത്വവാദത്തിൻെറ ദ്വിതീയാചാര്യനായ ഹേഡഗ്ഗർ ആവശ്യപ്പെട്ടു.

ആസ്തിത്വത്തിൻെറ സാരം ഗ്രഹിക്കുകയാണ് തത്വവിചാരത്തിൻെറ മുഖ്യജോലി. ബോധത്തിൻെറ നിലപാടിനെ വ്യക്തമായും അപഗ്രഥിക്കുമ്പോഠം ബോധത്തിനിരയാകുന്ന വസ്തുക്കളുടെ സ്വഭാവം മനസ്സിലാകും. എന്താണു് ഒരു വസ്തു എന്ന ചോദ്യത്തി[illegible] അതിൻെറ സാരം എന്നു മറുപടി പറയണം[illegible] ന്തരം അതിൻെറ ആസ്തിത്വത്തെപ്പററിയുള്ള [illegible] ഉദിക്കുന്നു. അപ്പോഠം സാരം ആസ്തിത്വത്തെ [illegible] ക്കൊള്ളുന്നില്ലെന്നുവരുന്നു. ആത്മാവിനു മാത്രമേ [illegible]

യായ ആസ്തിത്വമുള്ളു. പക്ഷികൾക്കും മൃഗങ്ങൾക്കും കസേരകൾക്കും മേശകൾക്കും അക്കങ്ങൾക്കും സാരമുണ്ടെങ്കിലും ആസ്തിത്വമില്ല. ഓരോ മനുഷ്യൻെറയും ആസ്തിത്വം അനവധി സാദ്ധ്യതകളുടെ സമാഹാരമാണു്. സാരവും ആസ്തിത്വവും തമ്മിൽ വേർതിരിവുള്ളതുകൊണ്ടു് മനുഷ്യനു് യഥാർത്ഥസ്വാതന്ത്ര്യമുണ്ടു്. മററു വസ്തുക്കൾക്കു് അങ്ങനെയല്ല. പ്രായോഗികാർത്ഥത്തിൽ വസ്തുക്കൾ നിലനില്ക്കുന്നു. ഒരു സ്റ്റൂൾ ഇരിക്കാനുള്ള ഉപകരണം---ആയുധം പടവെട്ടാനുള്ള ഉപാധി—ഓരോ വസ്തുവിൻെറയും അർത്ഥം അതിൻെറ ഉപയോഗമാണു്. ലോകം മനുഷ്യനെ വേണ്ടിയിരിക്കുന്നു; അതിൻെറ കാരണം ലോകത്തിനു് അവൻെറ പ്രവർത്തനരംഗമായി അർത്ഥമുള്ളതാണു്. ലോകത്തിൽ ജീവിക്കുന്ന മനുഷ്യനേ ചിന്തയും വികാരവും ഇച്ഛയും കാണുകയുള്ളു. അവനവൻെറ അസ്തിത്വബോധം ലോകബോധവുമായി ബന്ധപ്പെട്ടിട്ടുണ്ടു്. മററു സഹജീവികളിൽ ഒരെണ്ണമായ ഞാൻ സഹജീവിബോധവും സമ്പാദിക്കണം. മററു ആളുകൾ ഒരാളുടെ ഉപകരണമായി അധഃപതിക്കരുതു്. ഓരോ ആൾക്കുമുള്ള ആസ്തിത്വം അംഗീകരിക്കുന്ന സാമൂഹ്യവ്യവസ്ഥിതി ഉണ്ടാകണം. ചരി...ത്തിലെ ആസ്തിത്വം മനുഷ്യനെ നാഗരികതയി... ഉയർത്തി. ഒരു പ്രത്യേക സന്ദർഭത്തിൽ ജീ...ൽ നാം കടമപ്പെട്ടവരാണു്. എന്തുകൊണ്ടെ...ം പരിമിതസ്വാതന്ത്ര്യത്തിലുംനിശ്ചിതമായ സ്വഭാ...വും ബുദ്ധിയും കാലദേശാനുകൂല്യങ്ങളും നമുക്കു് ഉണ്ടു.

ഇങ്ങനെ വ്യക്തിയുടെ ആസ്തിത്വത്തെ സഹായി ക്കുന്ന ശക്തിയാണു് വിധി. വിധിയുടെ ശാംബരീ വിലാസമാണു് ഓരോരുത്തന്റേയും സ്വാതന്ത്ര്യത്തോതു് നിശ്ചയിക്കുന്നതു്. ലോകവസ്തുക്കളുമായി ബന്ധ പ്പെട്ടു് എന്റെ അസ്തിത്വം സാക്ഷാൽക്കരിക്കപ്പെടു ന്നു. ചുററുപാടിനെപ്പററി എനിക്കു് സൂക്ഷ്മതയില്ലെ ങ്കിൽ ഞാൻ വിസ്മൃതനാകും, ദുഃഖമാണു് വേറൊരു മനു ഷ്യാനുഭവം. ഭയവും ഒരുതരം ദുഃഖമല്ലേ? മരണം ശൂ ന്യതയുടെ നെല്ലിപ്പലകയല്ലേ? ഏതോ ദശയിലേക്കു് വലിച്ചെറിയപ്പെട്ട നമുക്കു നമ്മുടെ മുമ്പോ പിമ്പോ നിരൂപിക്കാൻ ത്രാണിയില്ല. നാം സാധാരണയായി ശൂന്യവിഹായസ്സിൽ കണ്ണും നട്ടിരിക്കയാണു്. പക്ഷേ ഈ ബോധം കേവലവിചാരമായി വേഷം മാറാനും എളുപ്പമാണു്. സൂക്ഷ്മതയും ദുഃഖവും നിഴൽവിരി ക്കാത്ത പ്രവൃത്തിയോ ചിന്തയോ മനുഷ്യനു് സ്വന്ത മായില്ല. ദുഃഖവും സൂക്ഷ്മതയും കണ്ടുപിടിച്ചു് വാ സ്തവികമായ അസ്തിത്വത്തിൽ വിലയിക്കേണ്ടതാ ണു് നമ്മുടെ കടമ.

## കാംജാസ്പേഴ്സ്

ഞാൻ ഞാനാണെന്നുള്ള അസ്തിത്വം പ്രാപി ക്കാൻ അസ്തിത്വവാദത്തിലെ തൃതീയാചാര്യൻ പറ യുന്നു. എന്നെ വസ്തുവായി കണക്കാക്കാതെ തിക ഞ്ഞ വ്യക്തിത്വം മനസ്സിലാക്കണം. ഓരോ അറിയ പ്പെടുന്ന വസ്തുവും സാക്ഷാൽക്കരിക്കപ്പെടണം.

ആഗ്രഹത്തിലും ഇച്ഛയിലും എൻെറ അസ്തിത്വം ഗ്രഹിച്ച് ഞാൻ ബോധവാനാകും.

ഇച്ഛയും പ്രവൃത്തിയും സ്വതന്ത്രമായി എന്നിൽ നിന്നുതന്നെ അങ്കുരിക്കുന്നു. വസ്തുനിഷ്ഠമായ വീക്ഷണം വെടിഞ്ഞു് ആത്മനിഷ്ഠാവലോകനത്തിനു് നാം മുതിർന്നാൽ നന്നു്. സ്വതന്ത്രമായ അസ്തിത്വം ഇച്ഛാവ്യാപാരമാണ്. അന്ധമായ ചേതനവസ്തുക്കളുടെ ഹൃദയത്തിൽ കുടികൊള്ളുന്നുണ്ടെങ്കിലും സൃഷ്ടിപരവും ആധ്യംനികവുമായ അനുഭവമാണ് മനുഷ്യൻെറ പ്രത്യേക മൂലം. ആത്മാവിൻെറ പ്രത്യക്ഷമല്ലേ ഈ ലോകംതന്നെ—ബോധാവസ്ഥയുടെ താഴ്ചയായി അസ്തിത്വത്തെ ഗണിക്കണം. അങ്ങനെ അസ്തിത്വമുള്ള ആത്മാവബോധം ലോകത്തോടും ചരിത്രത്തോടും ഇണങ്ങിച്ചേരും. കാലാതീതമായ നിലനിൽപ്പുള്ള ആത്മാവു്കാലത്തിൽ പ്രവർത്തിക്കുന്നുമുണ്ടു്. മത്സരവും വേദനയും കുററബോധവും മരണവും എൻെറ ആസ്തിത്വത്തിൻെറ ചുററളവു് ബോദ്ധ്യമാക്കുന്നു. ലോകത്തിൻെറ നിർണ്ണായകഘടകമായ ഞാൻ ഒരു നിർണ്ണയിക്കപ്പെട്ട ഘടകമായിത്തീരരുതു്.

## ജീൻപാററ സാർട്ടർ

നോവലുകളും നാടകങ്ങളും വഴിയായി അസ്തിത്വവാദത്തിനെ ജനകീയമാക്കിയതു് സാർട്ടർ ആണ്. അവസ്ഥാമാത്രവും അയുക്തികവും അർത്ഥശൂന്യവുമായ പ്രത്യേകാസ്തിത്വങ്ങൾ സാർട്ടർ നോട്ടുചെയ്തു.

KOTTAYAM PUBLIC LIBRARY KOTTAYAM

ഒരു ചെടി വേണമെന്നുണ്ടോ? മൃഗമോ മനുഷ്യനോ ഇല്ലാതിരുന്നുകൂടെ? ഭൗതികവസ്തു അതിനോടുതന്നെ ഒട്ടിച്ചേർന്ന ആസ്തിത്വമല്ലേ വിശദീകരിക്കുന്നതു്? ബോധമാണെങ്കിൽ പുറമേ പ്രസരിക്കുന്ന ആസ്തിത്വമാണ്. മററു വ്യക്തികളുടെ ജീവിതം അറിയാൻ വസ്തുക്കളായല്ലാതെ വ്യക്തികളായി അവരെ കണക്കാക്കാൻ പഠിക്കണം. ബോധവാനായ മനുഷ്യൻ അടച്ചുപൂട്ടി മൂകമായിരിക്കാതെ സ്വതന്ത്രമായി വിഹരിക്കണം. സ്വതന്ത്രനാകാൻ സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ. ഈശ്വരനെക്കൂടാതെ മനുഷ്യന്റെ നിലനില്പിനെ സാധൂകരിക്കാം. ഞാൻ എന്നെത്തന്നെ സൃഷ്ടിക്കുന്നതുപോലെ മൂല്യങ്ങളും എന്റെ നിശ്ചയത്തിൽനിന്നു രൂപംകൊള്ളുന്നു. പദാർത്ഥനിഷ്ഠമായ മൂല്യങ്ങളെ ദൈവത്തിനു് പകരം ഭാവനചെയ്യുന്നതും മൂഢത്വമാണ്. മനുഷ്യനല്ലെ ജീവിതമൂല്യങ്ങളുടെ സ്രഷ്ടാവു്! കേവലസ്വാതന്ത്ര്യമുള്ള എനിക്കു് ദുഃഖമോ ഉത്തരവാദിത്തമോ ഒഴിവാക്കാൻ സാദ്ധ്യവുമല്ല. എന്റെ ഉത്തരവാദിത്വത്തിന്റെ ഭീകരത ആലോചിക്കുമ്പോഴും ലോകത്തിൽ എല്ലാവർക്കും ക്ഷേമത്തിനായി ഞാൻ ഇച്ഛയെ പ്രവർത്തിപ്പിക്കണമെന്നു വരുമ്പോഴും കഠിനഭാരം എനിക്കു് എന്നാണു് ഒഴിഞ്ഞുകിട്ടുന്നതു്?

## ഗബ്രിയേൽമാർസൽ

ഞാൻ എന്താണ്? എന്ന ചോദ്യവുമായി തത്വവിചാരം തുടങ്ങുന്ന മാർസൽ അത്ഭുതവും പ്രശ്നവും

രണ്ടാണെന്നു് നിരൂപിക്കുന്നു. ബുദ്ധികൊണ്ടു് പരിഹരിക്കാവുന്നതും വസ്തുനിഷ്ഠമായി കരുതാവുന്നവയുമായി ബന്ധമുള്ളതുമാണു് പ്രശ്നം. വ്യക്തിയെ ഉൾക്കൊണ്ടു് പരിഹാരം തടയുന്ന അത്ഭുതം അങ്ങനെയല്ല. ആസ്തിത്വം എന്നെ പിടിച്ചുകൊണ്ടുപോകുന്നു. അപ്പോൾ ആസ്തിത്വം ഒരു പ്രശ്നമല്ല, പ്രത്യുത അത്ഭുതമാണു്. ഇന്ദ്രിയനിവേദനത്തിൽ ഞാൻ വസ്തുവുമായി താദാത്മ്യം പ്രാപിക്കുന്നു. വ്യക്തി വസ്തുവിനെ മറന്നു ലയനാവസ്ഥയിലെത്തും. എന്റെ ശരീരത്തെക്കുറിച്ചുള്ള അനുഭവവും ഏകദേശം അപ്രകാരമാണു്. എനിക്കു് ശരീരമുണ്ടു് എന്നുപറയുന്നതു അബദ്ധം-ഞാൻ ശരീരമാകുന്നു എന്നായിരിക്കും ശരി. ഞാൻ ശരീരത്തിൽ അവതാരം എടുത്തിരിക്കുന്നു—ശരീരവുമായി ഭാഗഭാക്കാകുന്നു. അതുകൊണ്ടു് ആസ്തിത്വത്തിനു് അവതാരവും ഭാഗഭാക്കാകലും എന്നർത്ഥം കൽപ്പിക്കണം. 'നിങ്ങൾ' എന്നു് പറഞ്ഞാൽ എന്റെ വ്യക്തിത്വവുമായി ഗാഢബന്ധത്തിലേർപ്പെട്ടതാണു്. സ്നേഹത്തിൽ രണ്ടാത്മാക്കൾ ഇഴുകിച്ചേരുന്നതിന്റെ രഹസ്യം ഇതാണു്. ജീവിതത്തിൽ രണ്ടുപേർ ഭാഗഭാക്കാകുന്ന രംഗം പ്രത്യക്ഷീഭവിക്കുന്നു. പ്രതീക്ഷയും സ്നേഹവും വിശ്വാസത്തിലല്ലേ അടിയുറച്ചിരിക്കുന്നതു്. ആസ്തിത്വത്തെപ്പററിയുള്ള അഭിപ്രായത്തിൽ വിശ്വാസം മുഴുകിക്കിടക്കുകയാണു്. ഈ വസ്തുക്കളോ ഇതരാത്മാക്കളോ ഈശ്വരനോ നിലനിൽക്കുന്നതു്

വിശ്വാസത്തിൻെറ ബലത്തിൽമാത്രം. തത്വവിചാരം മാർസലിൻെറ വ്യാഖ്യാനത്തിൽ ഒരു മഹാത്ഭുതത്തെ വെളിച്ചത്തു കൊണ്ടുവരികയാണ്. അതായതു് നമ്മുടെ ആസ്തിത്വത്തിലടങ്ങിയിരിക്കുന്ന വിവിധഘട്ടങ്ങളെ പ്രകാശിപ്പിക്കുകയാണ്.

ഇങ്ങനെ ആസ്തിത്വവാദത്തിൻെറ നാനാമുഖങ്ങളായ നിഗമനങ്ങൾ ഇന്ത്യൻതത്വശാസ്ത്രം പരിഷ്ക്കരിക്കുന്നതിനു് ഉപോൽബലകമായ വസ്തുതകൾ സമർപ്പിക്കും. ആധുനികലോകത്തിലെ മനുഷ്യനു് പൊരുത്തപ്പെട്ട ചിന്താഗതി രൂപീകരിച്ച ആസ്തിത്വവാദികളെ നമുക്കു് ജനകീയതത്വശാസ്ത്രനിർമ്മാണത്തിൽ മറക്കാൻ പാടില്ല.

---

# ഡാ: രാധാകൃഷ്ണൻെറ ദർശനം

## വ്യക്തിത്വം

"സ, മഹാത്മാ സുദുർലഭഃ"— ഭഗവദ്ഗീതയിലെ ഈ ആപ്തവചനം അന്വർത്ഥമാക്കുകയാണ് ഭാരതരത്നം സർവപ്പള്ളി രാധാകൃഷ്ണൻ. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ പഠിച്ചു, മദ്രാസ് പ്രസിഡൻസി കാളേജിലും മൈസൂർ യൂനിവേഴ്സിററിയിലും കൽക്കട്ടാ യൂനിവേഴ്സിററിയിലും തത്വശാസ്ത്രാദ്ധ്യാപകനായി പ്രശസ്തി നേടി. ബനാറീസ് ഹിന്ദുയൂണിവേഴ്സിററിയുടേയും ആന്ധ്രാ യൂനിവേഴ്സിററിയുടേയും വൈസ് ചാൻസലർ സ്ഥാനം അലങ്കരിച്ചു. ഇന്ത്യൻഫിലൊസോഫിക്കൽ കോൺഗ്രസ്സിൻെറ പ്രസിഡണ്ടായും എക്സിക്യൂട്ടീവ് കമ്മിററിഃചെയർമാനായും തത്വചിന്താചർച്ചകൾക്ക് മാർഗ്ഗനിർദ്ദേശം നൽകി. കൽക്കട്ടാ പോസ്റ്റ് ഗ്രാഡ്വേററ് കൗൺസിൽ ഇൻ ആർട്ട്സ് പ്രസിഡണ്ട്, ഏഷ്യൻ എഡ്യൂക്കേഷൻ കോൺഫറൻസ് പ്രസിഡൻറ്, ജനീവ ലീഗ് ഓഫ് നേഷൻസിലെ ബൗദ്ധിക സഹകരണാന്തർരാഷ്ട്രീയ കമ്മററിയുടെ മെമ്പർ, പാരിസ് യൂണെസ്കോവിൻെറ എക്സിക്യൂട്ടീവ് ബോർഡ് പ്രസിഡൻറ്, ഓക്സ്ഫോർഡിലെ പൗരസ്ത്യമതങ്ങളുടെയും ധർമ്മശാസ്ത്രത്തിൻെറയും സ്ഥിരം പ്രൊഫസർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. ആദ്ധ്യാത്മികതത്വചിന്തയിൽനി

നും രാഷ്ട്രീയത്തിലേക്കു് ആത്മാവു് പിടഞ്ഞുചാടി യപ്പോഴാണു്, റഷ്യയിലെ ഇന്ത്യൻ അമ്പാസഡറായി നിയമിക്കപ്പെട്ടതും അതിനുശേഷം യൂനിവേഴ്സിററി കമ്മീഷൻചെയർമാനായി ഇന്ത്യൻവിദ്യാഭ്യാസ നില വാരം പഠിക്കാനിറങ്ങിയതും ഇന്നു് ഇന്ത്യൻ റിപ്പ ബ്ളിക്കു് വൈസ്പ്രസിഡണ്ടായതും. തത്വശാസ്ത്ര ത്തിൻെറ മഹത്തായ ആദർശാത്മകപാരമ്പര്യത്തി ൻെറ വക്താവായി ലോകപ്രസിദ്ധി നേടിയ അദ്ദേ ഹം കിഴക്കിൻെറയും പടിഞ്ഞാറിൻെറയും "ലയി സൺ ഓഫീസറാ"യി അംഗീകരിക്കപ്പെട്ടു. മാതൃ രാജ്യത്തിൻെറ സംഭാവനകളെ ലോകസമക്ഷം വിന യപൂർവ്വം അവതരിപ്പിച്ചു് പാശ്ചാത്യലോകത്തിനു് ശാസ്ത്രത്തിൻെറ കെടുതിയിൽനിന്നു് രക്ഷപ്പെടുവാ നുള്ള ഏകമാർഗ്ഗം ഇന്ത്യയുടെ മതസൂക്തികൾ സ്വീ കരിക്കുകയാണെന്നു് ചൂണ്ടിക്കാട്ടി. പൗരസ്ത്യദേശത്തി നു് പാശ്ചാത്യശാസ്ത്രത്തിൽനിന്നും പലതും പഠിക്കാ നുണ്ടെന്നും അന്തർരാഷ്ട്രീയസമാധാനം നിലനിൽക്കു ന്നതു് കിഴക്കിൻെറയും പടിഞ്ഞാറിൻെറയും യോജി പ്പിലാണെന്നും വാദിച്ചു. പാശ്ചാത്യതത്വലോകത്തി ലെ മണിദീപമായിരുന്ന ഡാക്ടർ സി. ഈ. എം. ജോഡ്, രാധാകൃഷ്ണൻെറ തൂലികാചിത്രം നടത്തിയിരി ക്കുന്നതു് നാലഞ്ചുവാക്കുകളിലാണു്. "കാണിയെ അ റസ്റ്റു് ചെയ്യാൻപോരുന്ന മെലിഞ്ഞുനിവർന്ന ഒരു സത്വം—ഉശിരും ഉണർവുമുള്ള മുഖം—തിളങ്ങുന്ന ഒരു ജോടി കണ്ണുകൾ—മാസ്മരശക്തിയുള്ള ശബ്ദം."

ഇന്ത്യൻ തത്വചിന്തയെപ്പററി സംസാരിക്കുമ്പോൾ ലോകവിജ്ഞാനത്തെ സ്വനാടിൻെറ സംസ്ക്കാരവു മായി തുലനംചെയ്തു് ഒരു മാർഗ്ഗനിർദ്ദേശത്തിനു് തുനി യുന്ന ആ ആചാര്യൻ ഇന്നും ഇന്ത്യൻവീക്ഷണഗതി യാണു് പുലർത്തുന്നതു്. എവിടെനിന്നുകിട്ടി തൻെറ വ്യക്തിത്വം എന്നു്ചോദിച്ചാൽ, യാജ്ഞവൽക്യൻ, ഗൗഡപാദർ, ശങ്കരൻ, ഗൗതമൻ തുടങ്ങിയ മഹർ ഷിമാരുടെ കനിവാണെന്നു് അദ്ദേഹം ഉത്തരം നൽ കും. മനുഷ്യജീവിതത്തെ വിശ്വശക്തിയുടെ ശാംബ രീവിലാസമായി ധരിച്ചു് മനുഷ്യത്വത്തിൻെറ മ ന്ത്രികശക്തി ആവിഷ്ക്കരിക്കാൻ നിമിഷങ്ങൾ ചെ ലവാക്കിയവർക്കുണ്ടോ, തങ്ങളുടെ അനശ്വരവ്യക്തി ത്വത്തിൽ സന്ദേഹം? ഡാക്ടർ രാധാകൃഷ്ണൻ ഇന്ത്യ യുടെ ഉത്തമകലാസൃഷ്ടിയാണു്. ഇന്ത്യയുടെ കാലദേ ശാനുസൃതമായ വൈകൃതത്തെ തുടച്ചുമാററി സൗന്ദര്യ ത്തിൻെറ പാലൊളി പരത്താൻ ഇന്ത്യ മനഃപൂർവ്വം മെനഞ്ഞെടുത്ത വ്യക്തിയാണദ്ദേഹം. അദ്ദേഹത്തി ൻെറ ഇന്നത്തെ ജീവിതം വെച്ചുകൊണ്ടു് നാളത്തെ സ്ഥാനം പ്രവചിക്കുകയാണെങ്കിൽ, പ്ലേറേറാ തൻെറ 'റിപ്പബ്ളിക്കി'ൽ വിഭാവനചെയ്ത ദാർശനികരാജാ വിൻെറ ഭരണം ഇന്ത്യയിൽ ക്ഷിപ്രസാദ്ധ്യമാകുമെ ന്നു തോന്നുന്നു. അസാമാന്യമായ പ്രതിഭ, അമാനു ഷികമായ ശക്തിവൈശിഷ്ട്യം, വാമൊഴിയിലും വര മൊഴിയിലും നേടിയിട്ടുള്ള നിപുണത, ലാളിത്യം കലർന്ന ജീവിതം, ഫിലോസഫിക്കുവേണ്ടി രക്ത

സാക്ഷിയാകാനുള്ള സന്നദ്ധത, ഇവയെല്ലാം അനുഗൃഹീതസിദ്ധികളെപ്പോലെ കൈവശമുള്ള ഡാക്ടർ രാധാകൃഷ്ണൻ ഭാരതരത്നംതന്നെ.

## പാപനിവേദനത്തിൻെറ പരലുകറം

1952-ൽ അമേരിക്കയിൽ സ്ഥാപിച്ചിട്ടുള്ള ലൈബ്രറി ഓഫ് ലിവിംഗ് ഫിലോസഫേഴ്സ് സീരീസിൽ "സർവ്വപ്പള്ളി രാധാകൃഷ്ണൻെറ തത്വചിന്ത" യെന്നു ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ആ ഗ്രന്ഥത്തിൽ തൻെറ ചുരുങ്ങിയ ജീവിതപ്രയാണത്തിനുള്ളിൽ തനിക്കു് അംഗീകരിക്കേണ്ടിവന്ന തത്വസംഹിതയെ അദ്ദേഹം "പാപനിവേദനത്തിൻെറ പരലുകറം" എന്ന ശീർഷകത്തിൽ ലോകത്തെ അറിയിച്ചു. മഹാനായ ഡിൽതി "അവസരവും വിധിയും സ്വഭാവവും കൊണ്ടു് ആശ്ചര്യകരമായി തുന്നിച്ചേർത്തിട്ടുള്ള വസ്തുമാണു് ജീവിതം" എന്നു് അഭിപ്രായപ്പെട്ടിട്ടുള്ളതിനെ ഉദ്ധരിച്ചുകൊണ്ടു് ഡാക്ടർ രാധാകൃഷ്ണൻ സംശയിക്കുന്നു, തൻെറ ജീവിതം അവസരസൃഷ്ടിയാണോ, വിധിവിലാസമാണോ, സ്വഭാവപരിണാമമാണോ എന്നു്. അനവധി അവസരങ്ങറം അദ്ദേഹത്തിൻെറ ജീവിതത്തെ ഇതുപര്യന്തം എത്തിച്ചു. എന്നാൽ തത്വദൃഷ്ട്യാ കാണുമ്പോറം മാംസചക്ഷുസ്സുകറംക്കു് ഗോചരമല്ലാത്ത എന്തോ ഒന്നു് ജീവിതത്തെ നയിക്കുന്നതായിട്ടാണു് മനസ്സിലാകുന്നതു്. വസ്തുക്കളുടെ കാര്യകാരണബന്ധംകൊണ്ടുമാത്രം ജീവിതത്തെ വ്യാഖ്യാനി

ക്കാനൊക്കുകയില്ല. അവസരം യാഥാത്ഥ്യത്തിന്റെ ഉപരിതലത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും താഴ്ചയിൽ നിരവധി ശക്തികൾ ഉത്സാഹപൂർവ്വം തമ്മിലിടഞ്ഞു കൊണ്ടേയിരിക്കുന്നു. പ്രപഞ്ചം സചേതനമാണെങ്കിൽ പൂർണ്ണചൈതന്യം അതിൽക്കൂടി ഓളംതല്ലുന്നുണ്ട്. ഒന്നും താനേ പ്രത്യക്ഷപ്പെടുന്നില്ല. പ്രത്യക്ഷപ്പെടുന്നതൊക്കെ പൂർണ്ണചൈതന്യത്തിന്റെ പ്രതിഭാസങ്ങളാണ്. “ചലിച്ചുകൊണ്ടിരിക്കുന്ന വിരൽ എഴുതുന്നു. എഴുതിക്കഴിഞ്ഞ് വീണ്ടും ചലിക്കുന്നു.” തത്വശാസ്ത്രപഠനം അദ്ദേഹത്തെ ആവോളം തൃപ്തിപ്പെടുത്തി. ഫ്യൂബാച്ചിന്റെ തീസിസ്സുകളിലൂടെ കാറൽമാർക്സ് പ്രഖ്യാപിച്ചതുപോലെ ജീവിതത്തെ വ്യാഖ്യാനിച്ചാൽ മാത്രം പോരാ, ജീവിതത്തെ മാററിമറിക്കുകയാണ് തത്വചിന്തയുടെ കർത്തവ്യമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. രാഷ്ട്രീയവും സാമൂഹ്യവും സാംസ്ക്കാരികവുമായ മണ്ഡലങ്ങളിൽ തത്വചിന്തകന് സൃഷ്ടിപരമായ പരിവത്തനങ്ങൾ വരുത്താൻ ശേഷിയുണ്ട്. കാരണം, ആത്മാവിന്റെ ഏകാന്തമായ തീത്ഥയാത്രയെന്ന അർത്ഥം ഫിലോസഫികളുണ്ടെങ്കിലും ഫിലോസഫി ചരിത്രത്തിൽക്കൂടി ചലിക്കുന്നതു് ജീവിതത്തിന്റെ മുഖ്യഘടകമായിട്ടാണ്.

ക്രിസ്തീയ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം ചെയ്യാൻ ഭാഗധേയം സിദ്ധിച്ച അദ്ദേഹം ആത്മവിശ്വാസത്തോടെ പറയുന്നു, അദൃശ്യനായ ഈശ്വരൻ ജീവ

നോടെ വിഹരിക്കുന്ന അന്തരീക്ഷത്തിലാണ് തനിക്കു ബാല്യകാലവും യുവത്വവും കഴിച്ചുകൂട്ടുവാൻ ഇടവന്നിട്ടുള്ളതെന്നു്. പൊട്ടയിലെ ശീലവും മതത്തിൻെറ കുഴൽക്കണ്ണാടിയിലൂടെ തത്വചിന്തയെ സമീപിക്കാനായിരുന്നു. അങ്ങനെ ചരിത്രപരമോ ശാസ്ത്രീയമോ ആയ വീക്ഷണഗതിയിൽ തൃപ്തിപ്പെടാതെ മതത്തിൽനിന്നും തത്വചിന്തയിലേയ്ക്കു കുതിച്ചുപാഞ്ഞു. ഒരു ഇന്ത്യൻ തത്വശാസ്ത്രവിദ്യാർത്ഥിക്കു സമകാലീനലോകപരിതസ്ഥിതിയിൽ ഭാരമേറിയ ഉത്തരവാദിത്വങ്ങളുണ്ടെന്നു അദ്ദേഹം വിശ്വസിക്കുന്നു. ഈ നൂററാണ്ടിൻെറ സവിശേഷത, യുദ്ധങ്ങളും ഏകാധിപത്യങ്ങളും മനുഷ്യചരിത്രത്തെ വികലപ്പെടുത്തിയതല്ല, പിന്നെയോ? വിവിധ സംസ്കാരങ്ങളുടെ ഏററുമുട്ടലും ഒരു നവനാഗരികതയും മാനവൈക്യവും ഉയർന്നുവരുന്നതിൻെറ ലക്ഷണവുമാണ്. ഒരു ലോകതത്വചിന്തയിലും ലോകമതത്തിലും കാലുറച്ചു രാഷ്ട്രങ്ങൾ ഉണർന്നു പ്രവർത്തിക്കുമ്പോൾ ഇന്ത്യക്കാരൻ സ്വന്തമതമെന്നോ ആർഷസംസ്ക്കാരമെന്നോ മുറവിളികൂട്ടരുതെന്നു് അദ്ദേഹം അപേക്ഷിക്കുന്നു. ഗ്രേററുബ്രിട്ടൻെറ ബന്ധത്തിൽക്കൂടിയാണ് നാം പാശ്ചാത്യജീവിതത്തിൻെറ പച്ചപ്പുൽത്തകിടികളിൽ എത്തിയതു്. സംസാരജീവിതത്തിൽ മുഴുകരുതേ—പൂർണ്ണചൈതന്യത്തിൻെറ മനജീവിതമാണ് കാമ്യം എന്നു് ഇന്ത്യ മുക്തകണ്ഠം ഉൽഘോഷിക്കുമ്പോൾ പാശ്ചാത്യലോകം ശ്രദ്ധിക്കും. നമ്മോടൊത്തുവരാൻ അവർ ക്ലേശിക്കയു

മാണ്. വേറൊരുതരത്തിൽപറഞ്ഞാൽ ഒരു ശരീരമായിത്തീർന്ന ലോകം ശരീരിയെ അന്വേഷിച്ച് വിരിയുന്നു. "തിരിയാലോകരഹസ്യമാർക്കുമേ" എന്ന കവിവചനം നമ്മെ അസ്വസ്ഥരാക്കുന്നുണ്ടെങ്കിലും—ലോകശരീരി ഇനിയും ഗർഭത്തിലാണ്. ആ പ്രസവം കാണാൻ തയാറെടുക്കണമെങ്കിൽ ആശയങ്ങളെ സ്വച്ഛന്ദം വിനിമയം ചെയ്ത് യൂറോപ്യൻഹ്യൂമനിസവും ഏഷ്യാററിക്മതവും യോജിപ്പിക്കാൻതക്കവണ്ണം ഒരു തത്വചിന്ത ആവിഷ്ക്കരിച്ചേപററൂ.

തത്വചിന്താസരണിയിൽ സത്യം വിളയാൻ നിലവിലിരിക്കുന്ന അഭിപ്രായങ്ങളെക്കുറിച്ച് അസ്വാസ്ഥ്യതയും സംശയവും ഉണ്ടാവണം. സ്വതന്ത്രാന്വേഷണവൈരാഗ്യം വളർത്തണം. ഏതെങ്കിലുമൊരു ദർശനത്തിൽ പരിപൂർണ്ണതകണ്ടു് അറച്ചുനിന്നുപോയാൽ തത്വശാസ്ത്രം നിശ്ചലമാവും. പ്രൊഫസർ വൈററ്ഹെഡ് സൂചിപ്പിച്ചതുപോലെ "പ്രപഞ്ചത്തിൻെറ ആവർത്തനാത്മകമായ പ്രവണതയ്ക്കു് ഒരു വെല്ലുവിളിയാണ് ജീവിതം." താത്വികജീവിതവും ഒരു ഗുരുവിനെ സ്വീകരിച്ച് മിണ്ടാപ്രാണിയായി, അദ്ദേഹത്തിൻെറ കാലടികളെ പിൻതുടരുകയല്ല, മനസ്സിൻെറ ജനലുകളെ തുറന്നിട്ടു ചിന്തിക്കാനും പുതിയ സാഹചര്യത്തിൽ ചിന്തയെ തടയാതെ വ്യാപരിപ്പിക്കാനുമുള്ള കഴിവുണ്ടാക്കുകയാണ്. യഥാർത്ഥതാത്വികഗുരു ഭഗവദ്ഗീതയിലെ ശ്രീകൃഷ്ണനു തുല്യമാ

യിരിക്കണം. അദ്ദേഹം അർജ്ജുനനോടു ഉപദേശിച്ച തു—"യഥാ, ഇഛസി തഥാ, കരു" എന്നാണ്. മൃഗങ്ങളിൽകാണുന്ന സഹജപ്രകൃതികൾ പ്രവർത്തിക്കു ന്നതും പാരമ്പര്യം മനുഷ്യരിൽ സ്വാധീനംചെലുത്തു ന്നതും ഏകദേശം ഒരുപോലെയാണ്. എന്നാൽ പാ രമ്പര്യത്തിൻെറ ചങ്ങലകളെ ഭേദിച്ചു പുറത്തുചാടു ന്നവനാണു യഥാർത്ഥതത്വചിന്തകൻ. ഉദാഹരണ ങ്ങൾ സോക്രട്ടീസ്സും കാറൽമാർക്സും. താൻ ഹിന്ദു പാരമ്പര്യത്തെ അനുകൂലിച്ച് തത്വജ്ഞാനം പഠി ക്കാൻ തുടങ്ങിയെന്നും ഹിന്ദുവിൻെറ മാർഗ്ഗങ്ങൾ അ നുകരിക്കുന്നതിൽ അലംഭാവം പ്രകടിപ്പിച്ചില്ലെന്നും അദ്ദേഹം ഏൽക്കുന്നു. ക്രിസ്തുമതവും ചിന്തയും ഇ ന്ത്യക്കാരുടെ ഇടയിൽ വരുത്തിവെച്ച പ്രിയം ഏതടി സ്ഥാനത്തിലാണെന്നു് ഗ്രഹിക്കാൻ ഹിന്ദുവിൻെറ യും ക്രിസ്ത്യാനിയുടെയും തത്വചിന്തകൾ താരതമ്യേ ന സമഗ്രമായി വിശകലനംചെയ്യുവാൻ തുനിഞ്ഞു. അതിൻെറ ഫലമായി ക്രിസ്ത്യാനികളുടെ ലോകത്തി ലും ഹിന്ദുവിൻെറ രാജ്യത്തിലും അദ്ദേഹത്തിനു് ഒരേ വീക്ഷണത്തിൽ പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ കഴിഞ്ഞു. ചൈതന്യാത്മകമായ അനുഭൂതിയിൽനി ന്നും ഒരു ദർശനം തനിക്കു് ലഭിച്ചിട്ടുണ്ടെന്നും അതി നെ അവതരിപ്പിക്കാൻ കഴിഞ്ഞ കാലങ്ങളിലെ താ ത്വികജീവിതത്തെ പ്രയോജനപ്പെടുത്തിയെന്നും സ മ്മതിക്കുന്നു. അദ്ദേഹത്തിൻെറ പരമമായ താല്പര്യം മതമില്ലാതെ വട്ടംകറങ്ങുന്ന ലോകത്തിലെ ലക്ഷക്ക

ണക്കിനുള്ള ആളുകൾക്ക് ഫാസിസവും നാസിസവും ഹ്യൂമനിസവും കമ്മ്യൂണിസവുമല്ല അഭയമെന്നും ആത്മീയമൂല്യങ്ങളാണെന്നും കാട്ടിക്കൊടുക്കയായിരുന്നു. ചിന്താക്കുഴപ്പത്തിലാണ് മിക്കവരും കഴിയുന്നതു്. യാന്ത്രികയുഗത്തിൻെറ അതിപ്രസരം, ശാസ്ത്രീയസത്ത ഉറക്കമെണീററ സാമൂഹ്യമനസ്സാക്ഷിയുമായി ഏററുമുട്ടുന്ന കൃത്രിമമനം—മതങ്ങളുടെ താരതമ്യപഠനം ഇവയാണ് സംശയവാദത്തിലേയ്ക്കു് ബുദ്ധിജീവികളെപ്പോലും തള്ളിക്കൊണ്ടിരിക്കുന്നതു്. ശാസ്ത്രങ്ങൾ സർവലൗകികജീവിതത്തിൽ ഒരു പുതിയ മനോഭാവം നട്ടുവളർത്തി. എന്നാൽ ശാസ്ത്രീയഗവേഷണം മാരകായുധങ്ങളെ നിർമ്മിച്ചു് രാഷ്ട്രങ്ങളെ അന്യോന്യം ഭയചകിതരാക്കിത്തീർക്കുന്നു. ശാസ്ത്രം ആററം അപഗ്രഥനം തുടരുംതോറും മനുഷ്യൻെറ സ്ഥാനവും വിലയും ഇടിഞ്ഞുപോകയാണെന്നും ഔന്നത്യത്തിൽനിന്നുതന്നെ ജീവിതത്തെ മെരുക്കുവാനുള്ള ശക്യത അവനു് നഷ്ടപ്പെടുകയാണെന്നും അദ്ദേഹം ഓർമ്മിച്ചു. ആത്മശക്തിയെ വിഗണിച്ചു് യന്ത്രത്തിൻെറ പുറകേ പോകുന്നതിനാൽ മനുഷ്യൻെറ മതസ്ഥാപനങ്ങൾ കിടുകിടെ വിറയ്ക്കുന്നു മതജീവിതം ഒരു ചായപ്പണിമാത്രമായിത്തീർന്നു രണ്ടു് ആഗോളയുദ്ധങ്ങൾ നമ്മെ മനസ്സിലാക്കിയതു് ഒരു പരമാർത്ഥമാണ്. മനുഷ്യപ്രകൃതിക്കു് ഇനിയും ഭയങ്കരമായ പരാക്രമങ്ങൾ ചീത്തവശത്തുകൂടിചെയ്യാമെന്നു്—നിഷ്ഠുരതയും നീചതാവുംകൊണ്ടു് കൈ കഴുകുവാൻ കഴിവു് ശേഖരിക്കുകയാണ് ചരിത്രത്തിൽ

കൂടി മനുഷ്യനെന്നു്. ഫലമോ? ജീവിതവും ചിന്തയും കേന്ദ്രംതെററി നിലംപതിച്ചു. അരാജകത്വം പടർന്ന തോടെ രക്തം ഇററിററു വീഴുന്ന വെള്ളച്ചാട്ടം ജീവികളെ നനച്ചുകൊണ്ടിരിക്കുന്നു. അജ്ഞതയുടെ അരങ്ങേററം മനുഷ്യനെ വെറും പാവയാക്കി കരങ്ങുകളിപ്പിക്കുന്നു. നല്ലവർക്കു് പ്രത്യേകനടത്തയില്ല. ചീത്തയാളുകൾ വികാരാവേശംകൊണ്ടുമാത്രം ജീവിക്കുന്നു. ലോകമനസ്സിനെ വലിച്ചുപിടിച്ചു കേന്ദ്രത്തിൽ തറയ്ക്കണമെങ്കിൽ ഒരു തത്വചിന്ത, ഒരു പ്രതീക്ഷ, ഒരു വീക്ഷണഗതി മനുഷ്യനുണ്ടാവണം. ചൈതന്യാത്മകമായ മതത്തിൻെറ പ്രഭാതഭേരി മുഴക്കുമ്പോൾ തണുത്തു മരവിച്ചിരിക്കുന്ന ലോകത്തിനു് ജീവൻ വീണ്ടുകിട്ടും. മതത്തിനോടുള്ള ആളുകളുടെ ഇന്നത്തെ അമർഷം, നിലവിലിരിക്കുന്ന മതത്തിൻെറ നേർക്കാണു്. വേറൊരു ഉയർന്ന മതം വരുമ്പോൾ എല്ലാം നേരെയാകും.

എങ്ങനെയാണു് ഡോക്ടർ രാധാകൃഷ്ണൻെറ ദർശനം വളർന്നുതഴച്ചതെന്നു് പരിശോധിക്കാനുള്ള സംരംഭത്തിൽ സൗകര്യങ്ങളെ ഉദ്ദേശിച്ചു് മൂന്നുഖണ്ഡങ്ങളിലായി അദ്ദേഹത്തിൻെറ താത്വികജീവിതത്തെ തിരിക്കാം. 1888-ൽ ജനിച്ചു് 1908 വരെ വിദ്യാഭ്യാസാർത്ഥം ജീവിച്ചു. ഒന്നാമത്തെ കാലഘട്ടം പക്വതയിലേയ്ക്കുള്ള അവിരാമയത്നമാണു്. 1908 മുതൽ 1928വരെ രണ്ടാമത്തെ കാലഘട്ടം പക്വതയുടെ പടിവാതുക്കൽ

എന്നു് നാമകരണംചെയ്യാം. 1929 മുതൽ 1939 വരെ—മൂന്നാമത്തെ കാലഘട്ടം, പക്വതയുടെ മണിപീഠത്തിൽ എന്നു് വിളിക്കാം. 1939 മുതൽ നാളിതുവരെ.

## പക്വതയിലേയ്ക്കുള്ള അവിരാമയത്നം

വേദാന്തത്തിലെ ധർമ്മശാസ്ത്രത്തെ വിവരിച്ചു് ആദ്ധ്യാത്മികമൂല്യങ്ങളെ പ്രതിപാദിക്കാൻ ഒരു ഗ്രന്ഥം തയ്യാറാക്കി 1908-ൽ മദ്രാസ് യൂനിവേഴ്സിററിയിൽ സമർപ്പിച്ചതുമുതൽ ഡാ: രാധാകൃഷ്ണൻെറ തൂലിക ജീവൻനേടി. കർമ്മവും സ്വാതന്ത്ര്യേച്ഛയും അദ്ദേഹത്തിൻെറ ശ്രദ്ധയെ ആകർഷിച്ചു. മോഡേൺ റവ്യൂയിൽ പ്രസിദ്ധീകരിച്ച ആ ലേഖനം ഇന്ത്യക്കാരൻെറ താത്വികനിലപാടിനെ വ്യക്തമാക്കി. വിതയ്ക്കുന്നവൻ കൊയ്യും എന്ന സാധാരണതത്വത്തിൽ അധിഷ്ഠിതമായിരിക്കുന്ന കർമ്മസിദ്ധാന്തം ഋഗ്വേദത്തിൽ പ്രസ്താവിച്ചിരിക്കുന്ന 'ഋത'എന്ന നിയമത്തിൻെറവിപുലരൂപമാണു്. നമ്മുടെ പ്രവൃത്തികൾ നാം ആർജ്ജിച്ചുവെച്ചിട്ടുള്ള സംസ്കാരത്തിന്നു് അനുരോധമായിട്ടാണെന്നും എന്നാൽ ഇച്ഛാശക്തിക്കു മനസ്സംസ്കാരത്തെ നിയന്ത്രിക്കാമെന്നും അദ്ദേഹം വാദിച്ചു. മദ്രാസ് ക്രിസ്ത്യൻ കാളേജ് മാഗസിനിൽ ഇന്ത്യൻ തത്വചിന്തയെ ദർശനങ്ങളായി തിരിച്ചും ഈയിടെ അവതരിപ്പിച്ചു. 1910-ൽ കൽക്കട്ടാ റെവ്യൂയിൽ ഗ്രീക്കു ധർമ്മശാസ്ത്രത്തിലെ പ്രകൃതിയും ആചാരവും തമ്മിലുള്ള ബന്ധത്തെ വിശദീകരിച്ചു് ഒരു ലേഖനം എഴുതി.

ഈസ്റ്റ് ആൻഡ് വെസ്റ്റ് എന്ന മാസികയിൽ "സ്വാത്ഥതയും നിസ്വാർത്ഥതയും—വേദാന്തത്തിന്റെ പരിഹാരം" എന്ന ലേഖനം വന്നു. വീണ്ടും മദ്രാസ് ക്രിസ്ത്യൻ കാളേജ് മാസികയിൽ വിദ്യാഭ്യാസത്തിൽ ധർമ്മശാസ്ത്രത്തിനും മതത്തിനുമുള്ള സ്ഥാനത്തെ അധികരിച്ച് എഴുതി. 1911-ൽ ഇൻറർനേഷനൽ ജേർണ്ണൽ ഓഫ് എത്തിക്സിൽ ഭഗവദ്ഗീതയിലും കാൻറിലും ദർശിക്കുന്ന ധർമ്മശാസ്ത്രത്തെ താരതമ്യപ്പെടുത്തി. ജർമ്മൻ ചിന്തകനായ കാൻറ് താനേ പ്രകാശിക്കുന്ന ഒരേ രത്നം നല്ല മനസ്സാണെന്നും "മോഷ്ടിക്കരുത്" "പ്രതിജ്ഞ ലംഘിക്കരുത്" എന്ന് തുടങ്ങിയ ആജ്ഞാപനങ്ങൾ നൽകുന്നത് അവസ്ഥാരഹിതമായ ആത്മാവിന്റെ ജോലിയാണെന്നും വാദിച്ചിരുന്നു. ഗീതയിലെ ആത്മസിദ്ധാന്തത്തെ കർമ്മമാർഗ്ഗവുമായി ഘടിപ്പിച്ച് ശ്രീ രാധാകൃഷ്ണൻ സദാചാരബോധത്തിന് ഒരു പുതിയ വെളിച്ചംകൊടുത്തു. 1912-ൽ മനശ്ശാസ്ത്രത്തിന്റെ സാരതത്വങ്ങളെ പുരസ്ക്കരിച്ച് പുസ്തകം തയാറാക്കി. 1914-ൽ വേദാന്തത്തിലെ ധർമ്മശാസ്ത്രവും മായാസിദ്ധാന്തവും ഇൻറർനേഷനൽ ജേർണൽ ഓഫ് എത്തിക്സിൽ സമർപ്പിച്ചു. 'മായ'യുടെ അത്ഥം വ്യത്ഥതയെന്നും മിത്ഥ്യയെന്നും ധരിച്ചിരിക്കുന്നത് പിശകാണെന്നും പരമസത്തയുടെ വീക്ഷണത്തിൽ ലോകത്തിന് ആപേക്ഷികയാഥാത്ഥ്യം മാത്രമെ ഉള്ളു എന്നും വെളിവാക്കി. ശരിയായ ജീവിതം ആത്മബോധത്തിൽനിന്നും വികസിക്കുന്ന ബ്രഹ്മവിചാരമാണെന്ന്

ചൂണ്ടിക്കാണിച്ചു. ധർമ്മശാസ്ത്രം മതത്തിൻെറ ചൂണ്ടു പലകയായതുകൊണ്ടു് സാമൂഹ്യനിയമങ്ങളെ അനുസരിച്ചതിനു് ശേഷം "ഏകാന്തതയിൽനിന്നും ഏകാന്തതയിലേയ്ക്കുള്ള പലായനത്തിനു്" ആത്മാവിനെ എല്ലാവരും അനുവദിക്കേണ്ടിയിരിക്കുന്നു. 1915-ൽ ഒന്നാംലോകമഹായുദ്ധത്തെ ഇന്ത്യയിൽനിന്നും വീക്ഷിച്ചു് ഏഷ്യാററിക് റെവ്യൂയിൽ ലേഖനം എഴുതി. "സെൻസർ" സമ്മതിക്കാഞ്ഞു് ലേഖനത്തിൻെറ രണ്ടാംഭാഗം പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. ഒരു മനുഷ്യസ്നേഹി യുദ്ധത്തിൻെറ ആവശ്യകതയെ ചോദ്യംചെയ്യുന്ന അതിലെ ഉള്ളടക്കം ബ്രിട്ടീഷ്ഭരണാധികാരികളെ വിരട്ടുകയുണ്ടായി. 1916-ൽ വേദാന്തം യാഥാർത്ഥ്യത്തെ സമീപിക്കുന്നവിധം 'മോണിസ്റ്റ്' എന്ന മാസികയിൽ വിവരിച്ചപ്പോൾ ലോകത്തിനു് ഡോ: രാധാകൃഷ്ണൻെറ ഉള്ള പിടികിട്ടി. വേദാന്തദർശന സംഗ്രഹമാണ് തനിക്കു് അഭികാമ്യമെന്നു് അദ്ദേഹം ചിന്തകരെ ബോദ്ധ്യപ്പെടുത്തി. "മതവും ജീവിതവും" എന്ന ഇൻറർനേഷനൽ ജേർണൽ ഓഫ് എത്തിക്സിലെ ലേഖനം അദ്ദേഹത്തിൻെറ മതപക്ഷപാതത്തെ പുറത്തുകൊണ്ടുവന്നു. 1917-ൽ ചലനാത്മകപ്രപഞ്ചത്തെപ്പററി ചിന്തിക്കാനിടവന്നു. അതിൻെറ ഫലം "കൊപാസ്റ്റിലും" "മൈൻറിലും" ഫ്രഞ്ച്ചിന്തകനായ ബർഗ്സനെ കുറിച്ചുള്ള ലേഖനങ്ങളാണ്. 1918-ൽ രവീന്ദ്രനാഥടാഗോറിൻെറ തത്വചിന്തയെ പുസ്തകരൂപത്തിൽ പ്രസിദ്ധംചെയ്തു. സാഹിത്യത്തിൽ

ഒരു തത്വചിന്തകന് പ്രാവീണ്യം നേടാമെന്ന് ആ ഗ്രന്ഥം തെളിയിച്ചു. സാഹിത്യകാരനായി തത്വചിന്തകനായിതീർന്ന ടാഗോറിന്റെ കവിതയിലും കഥയിലും അലയടിക്കുന്ന തത്വങ്ങൾ പ്രദർശിപ്പിക്കാൻ അദ്ദേഹം മെനക്കെട്ടു. സാഹിത്യലോകത്തിലെ അനിവാര്യഘടകമാണ് തത്വചിന്തകനെന്നും കവിതയിലും കഥയിലും പ്രസരിക്കുന്ന ആത്മപ്രകാശനത്തെ വിലയിരുത്തി സാഹിത്യമണ്ഡലത്തെ ബോധപൂർവ്വമാക്കിയില്ലെങ്കിൽ "കവിത കൂമ്പടഞ്ഞുപോയി", "സാഹിത്യത്തിൽ സ്തംഭനമാണ്" എന്നീ അപശബ്ദങ്ങൾ സാഹിത്യകാരന്മാർക്ക് സദാ പുറപ്പെടുവിക്കേണ്ടിവരുമെന്നും അദ്ദേഹം സൂചിപ്പിച്ചു. സാഹിത്യവിമർശകർ കലയുടെ തത്വചിന്ത നല്ലവണ്ണം ഗ്രഹിച്ചിരിക്കേണ്ട ആവശ്യകതയേയും ഊന്നിപ്പറഞ്ഞു. (ലക്കും ലെഗാനുമില്ലാതെ ചായപ്പകിട്ടുകൾകൊണ്ട് പടങ്ങളെ അരങ്ങേറുന്ന സാഹിത്യകാരന്മാർക്ക് വെല്ലുവിളി നൽകിയ രാധാകൃഷ്ണനെ ടാഗോർ ശ്ലാഘിച്ചു.) ആ കൊല്ലത്തിൽതന്നെ ബ്രിട്ടീഷ് ചിന്തകനായ ജെയിംസ്‌വാഡിന്റെ അനേകാത്മകമായ ഈശ്വരവാദത്തെ വിമർശിച്ചു. 1919-ൽ ബർഗ്സന്റെ തത്വചിന്ത സമഗ്രമായി നിർണ്ണയിച്ച് "മൈൻഡിൽ" പ്രസിദ്ധീകരിച്ചു. 1920 ആയപ്പോഴേക്കും "സമകാലീന തത്വചിന്താമണ്ഡലത്തിൽ മതത്തിന്റെ ഭരണം" എന്ന മഹൽ ഗ്രന്ഥം വെളിച്ചം കണ്ടു. 32-ാം വയസ്സിൽ എഴുതി

ക്കുട്ടിയ ലോകചിന്തകരെ പററിയുള്ള വിമർശങ്ങൾ അദ്ദേഹത്തെ ഇന്നു് അനുധാളിപ്പിക്കുന്നുണ്ടാവാം. കാരണം ഗ്രന്ഥത്തിലെ ആമുഖത്തിൽ തത്വശാസ്ത്രവിദ്യാർത്ഥിയുടെ കർത്തവ്യം ഇങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നതു്:—

"തത്വചിന്തകനെ ബഹുമാനിക്കുകയെന്നുവെച്ചാൽ അയാളെ അറുത്തുമുറിച്ചു് കഷണങ്ങളാക്കി പരിശോധിക്കുകയാണ്."

ജർമ്മനിയുടെ ലൈബ്നിസ്സും ബ്രിട്ടൻെറ ജെയിംസ്‌വാഡ്ഡും ഫ്റാൻസിൻെറ ബെർഗ്സനും അമേരിക്കയിലെ വില്യംജയിംസും ഇന്നും ജീവിച്ചിരിക്കുന്ന ബർട്രാൻഡ്‌റസ്സലും ഉപനിഷത്തുക്കളുടെ വീക്ഷണത്തിന്നിരയായി. ബർഗ്സൻ ആവശ്യപ്പെടുന്ന "സൃഷ്ടിപരമായ പരിണാമം" സചേതനപ്രകൃതിയുടേതാണെങ്കിലും കേവലസത്തയുടെ പ്രതിഭാസമായേ അതിനെ വ്യാഖ്യാനിക്കാനൊക്കൂ. സ്വാതന്ത്ര്യത്തിൻെറ ജനയിതാവായി പാശ്ചാത്യർ ബർഗ്സനെ കരുതുന്നുണ്ടെങ്കിലും കർമ്മത്തിന്നു് വിധേയമായ സ്വാതന്ത്ര്യം വിശദീകരിച്ച ഉപനിഷത്തുക്കളാണ് ശ്രേഷ്ഠമെന്നു് രാധാകൃഷ്ണൻ പറയുന്നു. ബർഗ്സൻ സ്വീകരിക്കുന്ന ജീവിതശാസ്ത്രത്തിൻെറ നിലപാടു് സസ്യങ്ങളേയും മൃഗങ്ങളേയും കരങ്ങു പരിണമിച്ച മനുഷ്യനേയും ഉൾക്കൊള്ളുന്നുവെങ്കിലും, ചൈതന്യപൂർണ്ണമായ ആത്മാവിനെ ബാധിക്കുന്നില്ലെന്നു്, രാധാകൃഷ്ണൻ, അങ്ങനെ ഫ്റഞ്ചു്

തത്വചിന്ത ഇന്ത്യയെനോക്കി പഠിക്കേണ്ടതാണെന്ന് വാദിച്ചു. വില്യംജയിംസ് ഉയർത്തിക്കാട്ടിയ 'പ്രായോഗികവാദം' വ്യാവസായികമനോഭാവം പുലർത്തുന്ന ലോകജീവികൾക്ക് മാത്രമേ തൃപ്തിയാവൂ എന്നും ആത്മാവിന്റെ നികേതനത്തിൽ വസിക്കുന്ന ജീവിതസത്യാന്വേഷകർക്ക് വെറും നിസ്സാരമാണെന്നും വ്യക്തമാക്കി. സദാ പ്രവഹിച്ചുകൊണ്ടിരിക്കുന്ന അനുഭവത്തെ യാഥാർത്ഥ്യമായി ദർശിച്ച വില്യംജയിംസ് കേവലസത്തയെ പ്രാപിക്കാൻ തപശ്ചര്യ അനുഷ്ഠിക്കണമെന്നും വ്യാവഹാരികജീവിതം കടന്ന് പാരമാർത്ഥികസത്തയിലേക്കു പുരോഗമിക്കാൻ തയാറാകണമെന്നും ഉൽബോധിപ്പിച്ചു. ജീവിതസത്യം ദൈനംദിനജീവിതത്തിലെ കാശുണ്ടാക്കുന്ന ചില്ലറ ചെപ്പിടിവിദ്യകളിൽ മാത്രമല്ല നിലനിൽക്കുന്നതെന്നും നിരന്തരാദ്ധ്യാനംകൊണ്ടു ബ്രഹ്മാത്മൈക്യജ്ഞാനം നേടേണ്ടതാണെന്നും എഴുതി. ജെയിംസ്‌വാദും ലൈബ്‌നിസ്സം അനേകാത്മവാദത്തിലേക്ക് യാത്രതിരിച്ചതു്, ചിന്തയുടെ ദശകളിൽ ത്യജിക്കേണ്ടവയെ ത്യജിക്കാനുള്ള സഹിഷ്ണുത പ്രദർശിപ്പിക്കാത്തതുകൊണ്ടാണ്. യാഥാർത്ഥ്യം എന്നും ഏകമാവാനെ തരമുള്ളു. അനേകവസ്തുക്കൾ പ്രപഞ്ചത്തിൽ കുന്നുകൂടിക്കിടക്കുന്നു എന്നുവെച്ചു്, അനേകശക്തികളുടെ സംഘട്ടനത്തിൽനിന്നും യാഥാർത്ഥ്യം പ്രചോദനംകൊള്ളുന്നതുകൊണ്ടു്, യാഥാർത്ഥ്യം അനേകാത്മകമാകയില്ല. യുക്തിയുടെ വൈകല്യമാണ് ലൈബ്‌നിസിന്റെ ദോഷം. അ

നുഭൂതിയുടെ ദുർവ്യാഖ്യാനമാണ് ജെയിംസ്‌വാർഡിന് പററിയ അമളി. (ബർട്രാൻഡ് റസ്സലിന്റെ 'പുതിയ റിയലിസം' രാധാകൃഷ്ണന് ബാലചാപല്യമായിത്തോന്നുന്നു. ശാസ്ത്രത്തെ തത്വചിന്തയുമായി കൂട്ടിക്കുഴച്ച് ശാസ്ത്രദർശനത്തെ തത്വചിന്തയുടെ നിഗമനങ്ങളായി എണ്ണിയാൽ റസ്സലിന്ന് പിണഞ്ഞ അബദ്ധത്തിൽ നമ്മളും ചാടും. കണക്കും ചിന്താശാസ്ത്രവുമായി ഏച്ചുകെട്ടി, യോഗികളുടെ അനുഭൂതിയെ ചിന്താശാസ്ത്രത്തിന്റെ ബാലിശനിയമങ്ങളുമായി തുലനംചെയ്ത് ക്ഷീണിച്ച്, പ്രാകൃതികനാസ്തികവാദത്തിൽ എത്തിച്ചേരുന്ന റസ്സൽ "ഒരു സ്വതന്ത്രമനുഷ്യന്റെ ഉപാസന" എന്ന ലേഖനത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രപഞ്ചത്തിന്റെ അത്ഭുതകരമായ സംവിധാനത്തെ സൂചിപ്പിച്ച് അമ്പരക്കുകയാണ്. രാധാകൃഷ്ണൻ പറയുന്നത്, ഉപനിഷത്തുക്കളിലെ യാഥാർത്ഥ്യസമീപനം ഉള്ളവന് അത്ഭുതപരതന്ത്രനാകേണ്ട ആവശ്യമില്ല; പ്രത്യുത ആത്മീയാനുഭൂതിയിൽ എത്തി ശാന്തിയിലും ആനന്ദത്തിലും തലചായ്ച്ച് സ്വസ്ഥനായി കഴിയാമെന്നാണ്. കർക്കശയുക്തിയെമുറുകെപ്പിടിച്ച് കണക്കുശാസ്ത്രത്തെ തത്വശാസ്ത്രത്തിൽ പ്രതിഷ്ഠിച്ച കാൻറും, റസ്സലും "മുകളിലുള്ള നക്ഷത്രങ്ങളാൽ പ്രശോഭിതമായ ആകാശവും അകത്തുള്ള ധാർമ്മികനിയമവും" വിചാരിച്ച് മിഴിക്കേണ്ടതുതന്നെ. എന്നാൽ തത്വചിന്ത, യുക്തിയുടെ സഹായത്താൽ മുമ്പോട്ട് പോകുന്നില്ലെന്ന് കാണുമ്പോൾ) മതസൂക്തിയെ ആശ്രയി

ച്ച് സംശയനിവാരണം വരുത്തണമെന്നും ഇന്ത്യൻ ഋഷീശ്വരന്മാരുടെ മാർഗ്ഗം ലോകത്തിന്ന് അഭിലഷണീയമാണെന്നും അസന്നിഗ്ദ്ധമായി പ്രസ്താവിച്ചു.

തുടർന്ന് ഇന്ത്യൻ ഫിലോസഫിക്കൽ റവ്യൂയിൽ ഉപനിഷത്തുക്കളുടെ ആദ്ധ്യാത്മികതത്വങ്ങളെ സ്പഷ്ടമായി വിവരിച്ചു് എഴുതി. 1921-ൽ ഗാന്ധിയും തിലകനും ടാഗോറും അദ്ദേഹത്തിന്റെ ആരാധനാപാത്രങ്ങളായി. 1922-ൽ ഹിബ്ബർട്ട് ജേർണലിലും, ഇന്റർനേഷനൽ ജേർണ്ണൽ ഓഫ് എത്തിക്സിലും, ഹിന്ദുമതത്തിന്റെ ഹൃദയത്തെക്കുറിച്ചും ഹിന്ദുവിന്റെ സനാതന ധർമ്മത്തെപ്പറ്റിയും എഴുതി. ഹിന്ദു എല്ലാമതക്കാരേയും സഹിഷ്ണുതയോടെ വിചാരിക്കുന്നതിന്റെ കാരണം, അവന്റെ മതം തത്വചിന്തയുടെ ഉപജീവിയായതുകൊണ്ടാണെന്നും ലോകർ എന്നും ഹിന്ദുവിന്റെ ക്രിയാത്മകമായ മതജീവിതം ശ്ലാഘിക്കുമെന്നും വിവരിച്ചു. 1923-ൽ ഇന്ത്യൻ ഫിലോസഫി ഒന്നാംവാല്യം പ്രസിദ്ധീകരിച്ചു. പാശ്ചാത്യദർശനങ്ങളുടെ വെളിച്ചത്തിൽ ഋഗ്വേദവും ഉപനിഷത്തും ഭൗതികവാദവും ജൈനബുദ്ധമതങ്ങളും പുരാണേതിഹാസചിന്തയും ഭഗവദ്ഗീതയും അവതരിപ്പിച്ചു. പ്രധാനമായി മതചിന്തയ്ക്കു് ശാസ്ത്രീയനിഗമനങ്ങളുടെ പിൻതുണയുണ്ടെന്നും ബർഗ്സന്റെ ചലനാത്മകവാദത്തിനുമപ്പുറം ബുദ്ധൻ ചിന്തിച്ചിട്ടുണ്ടെന്നും ജൈനമഹാവീരൻ ലൈബ്നിസ്സിന്റെ പരാധീനതകളെ അതിജീവിച്ചിട്ടുണ്ടെന്നും സ്ഥാപിച്ചു. ബുദ്ധമതം വേ

ദാന്തദർശനത്തിന്റെ ബദ്ധവിരോധിയാണെന്ന സാധാരണക്കാരന്റെ ധാരണ തെററാണ്. ക്ഷണികവാദവും അനാത്മവാദംമൂലം നിത്യസത്തയോ ആത്മശക്തിയോ നിഷേധിക്കയാണ് ബുദ്ധൻ ചെയ്തിട്ടുള്ളതെന്ന് പരക്കെ ചിന്തകന്മാർ വിശ്വസിച്ചിട്ടുള്ളതിനെ രാധാകൃഷ്ണൻ എതിർത്തു. നാട്ടുനടപ്പിന് ഒരു വിപ്ളവം വരുത്തി സദാചാരജീവിതം ഉറപ്പിച്ച ബുദ്ധൻ ആദ്ധ്യാത്മികമായ നിശ്ശബ്ദത പാലിച്ചിരുന്നതു് വേദാന്തവീക്ഷണത്തിലുള്ള സംതൃപ്തിയും സാമാന്യജനങ്ങൾ കട്ടപ്പമേറിയ തത്വങ്ങൾ മനസ്സിലാക്കി കർമ്മത്തിൽനിന്ന് വിമുഖരാകേണ്ട എന്ന് വിചാരിച്ചതിലുള്ള ബോധവുമാണെന്ന് വ്യക്തമാക്കി. ഏതായാലും ഇന്ത്യൻ ഫിലോസഫിയുടെ ചരിത്രം തത്വചിന്താലോകം പ്രശംസകളോടെ സ്വീകരിച്ചു. "ഇന്ത്യൻതത്വചിന്തയും ഇസ്ലാംമതവും", "ഹിന്ദുചിന്തയും ക്രിസ്തീയചിന്തയും" എന്ന ലേഖനങ്ങൾ ഈ ട്ടററ സംഭാവനകളാണ്. 1926-ൽവിശ്രുതനായ രാധാകൃഷ്ണന്റെ പ്രസംഗം ശ്രവിക്കാൻ അക്ഷമരായി ഓക്സ്ഫോർഡ് അധികൃതർ അദ്ദേഹത്തെ അപ്ടൺ ലക്ചററായി ക്ഷണിച്ചു "ഹിന്ദുവിന്റെ ജീവിതവീക്ഷണം" എന്ന ഗ്രന്ഥം ഉടലെടുത്തു. ജർമ്മൻ, ഫ്റഞ്ച്, തെലുങ്ക്, കർണ്ണാടകം, ഹിന്ദി, ഗുജറാത്തി എന്നീ ഭാഷകളിലേക്ക് തർജ്ജമചെയ്യപ്പെട്ട ആ ഗ്രന്ഥം എട്ടുപ്രാവശ്യം എഡിററ്ചെയ്തു. ഹിന്ദുവിന്റെ മനോഭാവം, സനാതന ധർമ്മത്തിന്റെ

സവിശേഷകത, ഇവ ചർച്ചചെയ്യപ്പെട്ടു. ഉടനെ ചിക്കാഗോ യൂണിഃവഴ്സിററി ഹാസ്തൽ ലക്ചററായി അദ്ദേഹത്തെ വിളിച്ചു. ഹാർവാഡിൽ ആറാം ഇൻറർനേഷനൽഫിലോസഫിക്കൽ കോൺഗ്രസ്സിൽ "നാഗരികതയുടെ ചരിത്രത്തിൽ ഫിലോസഫിയുടെ പങ്ക്" "മായാസിദ്ധാന്തം" എന്ന രണ്ടു് പ്രസംഗങ്ങൾ ചെയ്തു് വേദാന്തദർശനങ്ങളുടെ വ്യാപ്തിയും അർത്ഥപുഷ്ടിയും ലോകത്തിനു് കാഴ്ചവെച്ചു. 1927-ൽ ഇന്ത്യൻഫിലോസഫി രണ്ടാംവാല്യം പ്രസിദ്ധപ്പെടുത്തി. ന്യായവൈശേഷികസാംഖ്യയോഗപൂർവ്വമീമാംസ, വേദാന്തദർശനങ്ങൾ എന്നിവ ശക്തിയുക്തം പ്രതിപാദിച്ചു. ന്യായവൈഃശേഷിക ദർശനത്തിൻെറ ഭൗതികശാസ്ത്രീയവാദം അപര്യാപ്തമാണെന്നും സാംഖ്യദർശനത്തിൻെറ പ്രകൃതി—പുരുഷസിദ്ധാന്തം ചിന്തയുടെ അശക്യതയുടെ ദൃഷ്ടാന്തമാണെന്നും വ്യാഖ്യാനിച്ചു. ശ്രീ ശങ്കരൻെറ അദ്വൈതവാദം ചിന്തക്കും അനുഭൂതിക്കും അഭയമരുളുന്നുണ്ടെന്നും പ്രസ്താവിച്ചു. 1928-ൽ "നമുക്കുവേണ്ട മതം" എന്ന പുസ്തകം എഴുതിത്തീർത്തു. സത്യമായ മതം ചൈതന്യപൂർണ്ണമായആത്മാവിൽ സങ്കേതസ്ഥാനം കാണാൻ വ്യക്തികൾ നിരന്തരം ശ്രമിക്കയാണെന്നും മതസ്ഥാപനങ്ങളുടെ ജോലി അതാണെന്നും പ്രതിപാദിക്കയുണ്ടായി.

ഇപ്രകാരം പക്വതയിലെത്തിച്ചേർന്ന രാധാകൃഷ്ണൻ സംഭവബഹുലമായ രണ്ടും മൂന്നും ജീവിതഘട്ട

ട്ടങ്ങളിലേക്ക് പ്രവേശിക്കാൻ പ്രയത്നംകൊണ്ടു് പാസ്പോർട്ട് നേടി. വിസ്മയം ജനിപ്പിക്കുന്ന അദ്ദേഹത്തിൻെറ കനമുള്ള സംഭാവനകൾ എന്തെല്ലാമാണ്?

1929 മുതൽ 1939 വരെ ഈ ടുററ സംഭാവനകൾ അദ്ദേഹം ലോകത്തിന് നൽകി. അദ്ദേഹത്തിൻെറ ദർശനം വ്യക്തമായ രൂപംകൊള്ളുന്നതും ഈ ഹ്രസ്വകാലത്തിനുള്ളിലാണ്. "നാഗരികതയുടെ ഭാവി അഥവാ കൽക്കി" എന്ന ഗ്രന്ഥം വെളിയിൽവന്നതോടെ അടങ്ങിപ്പാർത്തിരുന്ന പാശ്ചാത്യ ദാർശനികന്മാർ പേനയുമായി രംഗപ്രവേശംചെയ്തു. ദിവംഗതനായ ഡാ: സി. ഈ. എം. ജോഡ് "കിഴക്കിൻെറ തിരിച്ചടി" എന്ന വിശ്രുതമായ പുസ്തകത്തിലൂടെ ഡാ: രാധാകൃഷ്ണനെ ലോകത്തിൻെറ അഭിമാനസ്തംഭമായി പ്രദർശിപ്പിച്ചു. പടിഞ്ഞാറ് ഗ്രഹിക്കാതെ കിടന്ന അനുഭൂതിയുടെ മണ്ഡലത്തിലേക്ക് രാധാകൃഷ്ണൻ നൽകിയ കൈത്തിരി "സൈക്കിക്കൽ റിസർച്ച് സൊസൈററി" വിപുലമായ തോതിൽ വികസിക്കുന്നതിന്നിടവന്നു. യുക്തിയുടെ മാനദണ്ഡത്തിൽമാത്രം താത്വികപ്രശ്നങ്ങളെ ഒരു കരവരെ അടുപ്പിച്ച് അസംതൃപ്തരായിരുന്ന പാശ്ചാത്യർക്ക് യാഥാർത്ഥ്യത്തിൻെറ മറുകര കാണാൻ രാധാകൃഷ്ണൻ ഇന്ത്യൻഫിലോസഫിയിൽക്കൂടി അവതരിപ്പിച്ച സമീപനം ശ്ലാഘ്യമായിത്തോന്നി. യുക്തിവാദത്തിനും അനുഭവവാദത്തിനുമപ്പുറം തത്വചിന്തക്ക്. വിഷയീഭ

വിച്ചിരുന്ന വ്യക്തമായ ഒരു മണ്ഡലത്തിൻെറ വാതിലുകഠം സധൈര്യം തുറന്നിട്ട രാധാകൃഷ്ണൻെറ "കൽക്കി" പ്രസിദ്ധപ്പെട്ടത്തിയ തൽക്ഷണം കോടിക്കണക്കിന് വിററുകഴിഞ്ഞു. രാധാകൃഷ്ണനോ "കൽക്കി"യിൽക്കൂടി പാശ്ചാത്യരെ ഒന്നടങ്കം അപലപിക്കയാണ് ചെയ്തതു്. "വെറും ശരീരവും ജീവനും നിലനിർത്താൻ പോരുന്ന സാമ്പത്തികഭദ്രതയും ഭൗതികസ്ഥാപനങ്ങളും ശാസ്ത്രീയമാർഗ്ഗങ്ങളും പിൻതുടർന്നു് ചൈതന്യം പ്രദാനംചെയ്യുന്ന ആത്മാന്വേഷണങ്ങളെ വിഗണിക്കുന്ന പാശ്ചാത്യലോകം യഥാർത്ഥത്തിൽ സംസ്ക്കാരസമ്പന്നരല്ല." (പേജ് 42—കൽക്കി)ലോകം കൊട്ടമ്പിരിക്കൊണ്ടു. ഒരു ഇന്ത്യക്കാരൻ യൂറോപ്പിനെ അടക്കി അധിക്ഷേപിക്കുകയോ—ബ്രിട്ടൻ ആ മഹാൻെറ ദർശനം വാഗ്‌രൂപത്തിൽ ശ്രവിക്കാനായി ഹിബ്ബർട്ട് ലക്ചറർസ്ഥാനം അദ്ദേഹത്തിനു് സമ്മാനിച്ചു. രാധാകൃഷ്ണൻെറ പ്രസംഗപരമ്പര മാഞ്ചെസ്റ്റർകോളേജിൽ സന്നിഹിതരായിരുന്നവരെ സ്തബ്ധരാക്കി. "മതത്തിനോടുള്ള ആധുനികവെല്ലുവിളി അപകടകരമാണു്. ശതാബ്ദങ്ങളിലൂടെ ചരിത്രം സൃഷ്ടിച്ച മതജീവിതത്തെ തൃണവൽഗണിച്ചു് ശാസ്ത്രം കുതിച്ചാൽ ഏതു്വരെ ചാടുമെന്നു് ദീർഘദർശികഠക്കറിയാം. പിച്ചച്ചോറിനു് യാചിക്കുന്ന മനുഷ്യരെ യന്ത്രത്തിലിട്ടു് വരട്ടുന്ന ശാസ്ത്രത്തിൻെറ വേല മാരകമാണു്—മതത്തിനു്പകരം നാസ്തികവാദവും പ്രകൃതിവാദവും സംശയവാദവും ഹ്യൂമനിസവും വിരണ്ടുപി

ടിക്കുന്ന പാശ്ചാത്യരുടെ വെമ്പൽ അപായത്തിന്റെ സൂത്രധാരിത്വം വഹിക്കുന്നു—കുറെ ശാസ്ത്രഗ്രന്ഥങ്ങൾ മനുഷ്യന്റെ ബുദ്ധി പടച്ചു എന്നു് വെച്ചു് ദർശന ശക്തിയിൽ ജീവിതയാഥാർത്ഥ്യംനേടി ശാന്തിയിൽ വിലയംപ്രാപിക്കാൻ കുതിയ്ക്കുന്ന ആത്മാവിനെ വരിഞ്ഞുകെട്ടാൻ ഉദ്യമിക്കുന്നതു് ബുദ്ധിശൂന്യമല്ലേ. മതാനുഭവത്തിന്റെ സാന്ദ്രശീതളമായ പ്രമേയങ്ങൾ അവതരിപ്പിക്കുമ്പോൾ ബുദ്ധിയും അനുഭൂതിയും തമ്മിലുള്ള ബന്ധം ഗ്രഹിക്കേണ്ടിയിരിക്കുന്നു. ബുദ്ധി മൃഗത്തിന്റെ ഉപകരണമാണെങ്കിൽ മനുഷ്യനെന്നു് തന്റേടമായി പറയാൻ കരുത്തുള്ള ജീവിക്കു് അനുഭൂതി സഹായത്തമാണു്. കലാകാരനും കവിയും ചിത്രമെഴുത്തുകാരനും തത്വചിന്തകനും കരഗതമായിട്ടുള്ള അനുഭൂതിജ്ഞാനം സാധാരണക്കാരിലേക്കു് സംക്രമിക്കാൻ അനുവദിക്കാനെന്തു പണി? സാധാരണക്കാരൻ ശാസ്ത്രത്തിന്റെ കമ്മട്ടത്തിൽ ജീവിതം അടിച്ചുരുട്ടി ആയുസ്സു് പാഴാക്കണമെന്നാണോ അല്പജ്ഞന്മാരായ ശാസ്ത്രകാരന്മാർ സിദ്ധാന്തിക്കുന്നതു്—മനുഷ്യന്റെ ആന്തരികദൃഷ്ടിയെ തുറന്നുവിടാനുള്ള മതപ്രചോദനത്തെ നശിപ്പിക്കുന്നതു് മാനവവംശത്തിന്റെ തിരോധാനത്തിനു് വഴിതെളിയിക്കും. മനുഷ്യനിൽ പൂർണ്ണചൈതന്യം കുടികൊള്ളുന്നു. ഇരുകാലി മൃഗമായോ ഇഴയുന്ന ജന്തുവായോ പറന്നലഞ്ഞു നടക്കുന്ന പക്ഷിയായോ ഞങ്ങൾ ജീവിച്ചുകൊള്ളാമെന്നു് ഒരു വർഗ്ഗം മനുഷ്യർ ശാഠ്യം പിടിച്ചാൽ എന്തുചെയ്യും. കൃഷ്ണനും, ശങ്ക

രനും, ബുദ്ധനും, ക്രിസ്തുവും, മുഹമ്മദും ചൂണ്ടിക്കാണി ച്ചിട്ടുള്ള പാതയാണ് ജീവിതയാത്രക്ക് ഉത്തമമായ റോഡ്. ഭൗതികവസ്തു ജീവനായും ജീവൻ മനസ്സാ യും മനസ്സ് പൂർണ്ണ ചൈതന്യമായും പരിണമിച്ചിരി ക്കുന്നു. മനുഷ്യജീവിതത്തിൻെറ ഉദ്ദേശവും ലക്ഷ്യ വും പൂർണ്ണചൈതന്യവുമായി സാത്മ്യം പ്രാപിക്കലാ ണ്. പരമമായ യാഥാത്ഥ്യം—ബ്രഹ്മവിഷ്ണുമഹേശ്വര മൂർത്തികളായി സാധാരണ ഹിന്ദുക്കൾ അറിയുന്ന വി ശ്വചൈതന്യമാണ്. നമ്മെ മഹത്തരമായി ജീവി ക്കാൻ പ്രേരിപ്പിച്ച മതാചാര്യന്മാരെ വിശ്വസിച്ച് ലോകജീവിതം മൂല്യങ്ങളിൽ വാർത്തെടുക്കുക" ഇത്ര യുമാണ് "ആദർശാത്മകമായ ജീവിതവീക്ഷണം"എ ന്ന ഗ്രന്ഥത്തിലൂടെ ഡാ: രാധാകൃഷ്ണൻെറ ദർശനത്തി ൻെറ അടിസ്ഥാനപ്രമാണങ്ങൾ ആയി നമുക്ക് കിട്ടി യിട്ടുള്ളതു്.

തുടർന്ന് ആ ജീവിതപ്രവാഹം അത്ഭുതാവഹ മായ ആവേശത്തോടെ ചലിച്ചു. "ഇന്ത്യൻതത്വചി ന്ത"യെന്ന ലേഖനം "എൻസൈക്ലോപീഡിയാ ബ്രി ട്ടാനിക്കായിൽ" പ്രസിദ്ധീകരിച്ചു. ഇന്ത്യയുടെ തീണ്ട ലിനെ ലോകചിന്താരംഗത്തുനിന്നും നിഷ്ക്കാസനം ചെയ്തു. മാഞ്ചസ്റ്റർ കാളേജിൽ "മതങ്ങളുടെ താരത മ്യപഠനം' എന്ന പ്രസംഗം നടത്തി. സ്ഥൂലദൃഷ്ടി ക്ക് കാണാവുന്ന വൈജാത്യങ്ങൾ ഹിന്ദുമതത്തിനും ഇസ്ലാംമതത്തിനും ക്രിസ്തുമതത്തിനും ഇല്ലെന്നും സൂക്ഷ്മ

ഷ്ടക്കളകൾക്ക് പറയാൻ കഴിയുന്നതു് ഈ വ്യത്യസ്തമതങ്ങൾ സമാനധർമ്മങ്ങളെ വിവിധമാർഗ്ഗങ്ങളിൽക്കൂടി നിർദ്ദേശിക്കുകയാണെന്നുമാണ്. ലക്ഷ്യവും ഉപദേശവും ഒന്നായിരിക്കെ ഭിന്നമാർഗ്ഗങ്ങളെന്നുവെച്ച് എന്തിന് മതങ്ങൾ തമ്മിലടിക്കണം? ഒരു പ്രവാചകനെപ്പോലെ ഓക്സ്ഫോർഡിൽ "പ്രളയവും സൃഷ്ടിയും" എന്ന ഗഹനവിഷയത്തെക്കുറിച്ച് അദ്ദേഹം ധർമ്മോപദേശംചെയ്തു. സാമൂഹ്യജീവിതത്തിലെ പ്രളയം അധർമ്മത്തിന്റെയും അനീതിയുടെയും തേർവാഴ്ച വരുത്തിവെയ്ക്കുന്ന വിപ്ലവമാണെന്നും വിപ്ലവസൃഷ്ടി നീതിയിലധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയാണെന്നും അദ്ദേഹം ഉത്ബോധിപ്പിച്ചു. 1930-ൽ ലണ്ടൻ മേരി വാർഡ് സെററിൽമെൻറിൽ ജോവററ് ലക്ചർചെയ്തതു് "കിഴക്കും പടിഞ്ഞാറും മതത്തിൽ" എന്ന പ്രഭാഷണമായിരുന്നു. "കഷ്ടപ്പാടിൽക്കൂടി വിപ്ലവം" എന്ന ധർമ്മോപദേശം മതം അനുശാസിക്കുന്ന പരിവർത്തനത്തിന് ചിന്തകരെ ക്ഷണിക്കുകയാണുണ്ടായതു്. ഈശ്വരൻ ഒരു വൻകിട വിപ്ലവകാരിയാണ്. ഈശ്വരവിശ്വാസികൾ എതിർക്കുന്ന വിശ്വാസം പുലർത്തുന്നവരായിരിക്കും. വേലി ചാടികടക്കുന്നവനും, പരിഷ്ക്കാരേച്ഛുക്കളും വിപ്ലവകാരികളുമാണ് ഈശ്വരന് പ്രിയംകരം. ഈശ്വരദാസന്മാർ സമാധാനത്തിനു് പകരം അഭിപ്രായഭിന്നതയാണ് ലോകത്തിൽ കൊണ്ടുവന്നിട്ടുള്ളതു്. കാരണം അവർ ചില നക്ഷത്രങ്ങളുടെ നിയന്ത്രണത്താൽ ലോകത്തിനു്

മനസ്സിലാകാത്ത ഭാഷ സംസാരിക്കും. അങ്ങനെ ജീവിച്ച സോക്രട്ടീസിനെ വിഷംകൊടുത്തു കൊന്നു, ക്രിസ്തുവിനെ കുരിശിലേററി, മുഹമ്മദിനെ ഓടിച്ചിട്ട് അടിച്ചു, കൃഷ്ണനെ വേടൻ അമ്പെയ്തു നശിപ്പിച്ചു. വിനയമുള്ളവരാണ് ഭൂമിയുടെ അവകാശികൾ. അല്ലാതെ ശമ്പളക്കാരായും പുരോഹിതന്മാരായും ജനക്കൂട്ടത്തെ പ്രീണിപ്പെടുത്താൻ നടക്കുന്ന ചെററമനുഷ്യരല്ല, മനശ്ശാന്തിക്കും മനഃസംസ്ക്കാരത്തിന്നും വേണ്ടി രക്തസാക്ഷികളായിട്ടുള്ളവർ. ജീവിതത്തിൻെറ ഏതൊരു തുറയിലും പരിവർത്തനം വിതച്ചിട്ടുള്ള മഹാന്മാർ കഷ്ടതയിൽ ഉരുകി കണ്ണുനീരിൽ വിയർത്തൊലിച്ച് സഹജീവികളുടെ സ്വർഗ്ഗീയജീവിതത്തിന്ന് പാടുപെട്ടിട്ടുള്ളവരായിരിക്കും. മതങ്ങൾ കഷ്ടതയാണ് പരിപൂർണ്ണതക്കും ആത്മീയസുഖത്തിന്നും ഉള്ള എളുപ്പവഴിയായി സൂചിപ്പിക്കുന്നതു്. സ്നേഹത്തിൻെറയും ത്യാഗത്തിൻെറയും ശക്തിക്ക് മാത്രമേ ലോകത്തെ നവീകരിക്കാനും വിരോധവും സംശയവും ദൂരീകരിച്ച് സമാധാനവും ഐശ്വര്യവും വിളയിക്കാനും കഴികയുള്ളു. ആത്മീയമായി നാം ഉണർന്നാലേ സ്നേഹിക്കാനും സേവിക്കാനുമുള്ള കഴിവ് നമുക്ക് ലഭിക്കു. അന്യരോട് ശാന്തമായും നമ്മോട് കർക്കശമായും പെരുമാറുക. എന്നാൽ സ്വർഗ്ഗരാജ്യം താനേ ഇവിടെ ഉദയംചെയ്യും.

"വിദ്യാഭ്യാസവും നേഷണലിസവും" എന്ന മൈസൂർ യൂണിവേഴ്സിററി ബിരുദദാനപ്രസംഗം, "നേ

ത്ത്വത്തിന്ന് വേണ്ട പരിശീലനം'' എന്ന പഞ്ചാബ് യൂനിവേഴ്സിററി ബിരുദദാനപ്രസംഗം, ''ബുദ്ധിജീവികളുടെ ഉത്തരവാദിത്വം'' എന്ന ലണ്ടൻ ഹോസ്റ്റൽ വിദ്യാർത്ഥികളോടുള്ള പ്രസംഗം ഇവയെല്ലാം അദ്ദേഹത്തിൻെറ കടഞ്ഞെടുത്ത ജീവിതവീക്ഷണങ്ങളായിരുന്നു. 1931-ൽ മദ്രാസ് യൂണിവേഴ്സിററിയുടെ പ്രിൻസിപ്പൾ മില്ലർ, ലക്ചേഴ്സിൻെറ വിഷയം ''മനുഷ്യനിലെ പൂർണ്ണചൈതന്യം'' എന്നതാണ്. ടാഗോറിൻെറ ഗോൾഡൻബുക്കിൽ 'ബുദ്ധിയും അനുഭൂതിയും' എന്ന ലേഖനം, യുവാക്കളുടെ ചൈതന്യം' എന്ന ലക്നോയൂണിവേഴ്സിററി ബിരുദദാനപ്രസംഗം 'ഹിന്ദുവിൻെറ ഈശ്വരബോധം' എന്ന ലേഖനം, ഗാഢചിന്തയുടെ ഫലങ്ങളാണ്. 1932-ൽ ''പുതിയ ഡെമോക്രസിയിൽ വിദ്യാഭ്യാസം'' എന്ന നാഗപ്പൂർ യൂണിവേഴ്സിററി ബിരുദദാനപ്രസംഗവും ഇന്ത്യൻഫിലോസഫിക്കൽ കാൺഗ്രസ്സിൽ ''സർവമുക്തി'' എന്ന സിംപോസിയംലേഖനവും ശ്രദ്ധേയമാണ്. 1933-ൽ ''മതം കിഴക്കും പടിഞ്ഞാറും'' എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. കൊളമ്പിൽ ''ബുദ്ധൻെറ ഉപദേശത്തെക്കുറിച്ചും'' ആൾ ഇന്ത്യാ വിമൻസ്കാൺഫറൻസ് കൽക്കത്തായിൽ 'സ്ത്രീകൾക്കു് ഭാരതത്തിൻെറ പാരമ്പര്യം' വെളിവാക്കിയും ജനീവയിൽ ''ബൗദ്ധികസഹകരണ''ത്തെപ്പററിയും പ്രസംഗിച്ചു. 1934-ൽ ''സംഭാഷണത്തിലും നിശ്ശബ്ദതയിലും ബുദ്ധൻെറ ഉപദേശ

ങ്ങൾ'' എന്ന ലേഖനം എഴുതി. "ജനകീയഭരണവും ഏകാധിപത്യവും'' എന്ന അലഹാബാദ് യൂണിവേഴ്സിററി ബിരുദദാനപ്രസംഗം ഇന്ത്യയുടെ ഭാവി ഭരണഘടനയെ വിഭാവന ചെയ്തു. 1955-ൽ "ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതിയെ''പ്പററി ആന്ധ്റായൂണിവേഴ്സിററിയിലും നാഗപ്പൂർ മോറിസ് കോളേജിൻെറ ജൂബിലി ആഘോഷത്തിൻ "ഇന്ത്യയിൽ സ്ത്രീവിദ്യാഭ്യാസം'' എന്ന വിഷയത്തെപ്പററിയുംപ്രസംഗിച്ചു. 1936-ൽ "സ്വാതന്ത്ര്യവും സംസ്ക്കാരവും'' "സമകാലീനഇന്ത്യൻതത്വചിന്ത'' "ഹിന്ദുസ്ഥാൻെറ ഹൃദയം'' എന്നീ ഗ്രന്ഥങ്ങൾ സമാഹരിച്ചു. ലണ്ടനിലെ ലോകവിശ്വാസകോൺഗ്രസ്സിൽ "പരമമായ ആത്മീയാദർശം'' എന്ന പ്രസംഗം ഭൗതികവാദങ്ങളിൽ മനുഷ്യന് സംതൃപ്തി സമ്പാദിക്കാനൊക്കുകയില്ലെന്നും വിശുദ്ധമായ ആശയവാദമാണ് അവൻെറ രക്ഷാകവചമെന്നും വെളിപ്പെടുത്തി. "മതവും മതങ്ങളും'' എന്ന ലേഖനം പൂർണ്ണചൈതന്യാധിഷ്ഠിതമായ ലോകമതം കൊണ്ടുവന്ന് ഇന്നുള്ള ഹിന്ദു—മുസ്ലീം—ക്രൈസ്തവചേരിതിരിവുകളെ തട്ടിത്തകർക്കാൻ ആഹ്വാനം ചെയ്തു. "ആത്മീയസ്വാതന്ത്ര്യവും പുതിയ വിദ്യാഭ്യാസവും'' "ലോകത്തിൻെറ ജനിച്ചിട്ടില്ലാത്ത ആത്മാവ്'' എന്നീ പ്രസംഗങ്ങൾ നവയുഗത്തിനുവേണ്ടിയുള്ള നിഷ്ക്കർഷയായിരുന്നു. 1937-ൽ "പുരോഗതിയും ആത്മീയമൂല്യങ്ങളും'' "മിസ്റ്റിസിസവും ഹിന്ദുചിന്തയും'' "ഹിന്ദുമതം'' എന്നീ പ്രസംഗ

ങ്ങളുംചെയ്തു. "എന്റെ സത്യാന്വേഷണം" എന്ന ആത്മകഥാവിവരണംകലർന്ന പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടു. എന്താണ് ഡാ: രാധാകൃഷ്ണന്റെ ആത്മകഥാകഥനം? മഹാത്മാഗാന്ധിയോ നെഹറുവോ തുറന്നുപറഞ്ഞതുപോലെ തത്വചിന്തകന് അരുളംചെയ്യാനൊന്നുമില്ല. "ഞാൻ ജനിച്ചു—വളർന്നു—വിവാഹം കഴിച്ചു—സന്താനങ്ങളുണ്ടായി—ജീവിക്കുന്നു" —ഇത്രതന്നെ. തത്വചിന്തകന്റെ ആത്മകഥ; അദ്ദേഹമാവിഷ്ക്കരിക്കുന്ന തത്വരത്നങ്ങളാണവ. ഒരു തത്വസംഹിതയിൽ ജീവിച്ച് സാത്മ്യം പ്രാപിക്കാനൊരുമ്പെടുന്ന തത്വചിന്തകൻ ജീവിതസംഭവങ്ങളെ അത്ര കാര്യമായി കുറിച്ചുവെക്കാൻ ബദ്ധപ്പെടുകയില്ല. എങ്കിലും അനശ്വരതയിലേക്കുള്ള സ്വപ്രയാണത്തിൽ കണ്ടുമുട്ടുന്ന വ്യക്തികളേയും വസ്തുതകളേയും അല്പനേരം അയവിറക്കി വീണ്ടും സത്യത്തിലേക്കുള്ള ജൈത്രയാത്ര തുടരും. ഒരു കപ്പിത്താൻ കപ്പലിനെ എപ്രകാരം വിദഗ്ദ്ധമായി നയിക്കുന്നുവോ അതുപോലെ ഈശ്വരൻ അദ്ദേഹത്തിന്റെ ജീവിതനൗകയെ പാറക്കെട്ടുകളിൽ തട്ടിയുടയാതെ കാത്തുരക്ഷിച്ചു. പണമോ പ്രതാപമോ ജന്മമാഹാത്മ്യമോ ഇല്ലായിരുന്നെങ്കിലും പാടുപെട്ടു പഠിച്ചും എഴുതിയും തത്വചിന്തക്ക്വേണ്ടി ജീവിതം ബലിയർപ്പിക്കാൻ കഴിഞ്ഞെന്ന് അഭിമാനപൂർവ്വം സ്മരിക്കുന്നു. ആ മഹാന്റെ ചുരുങ്ങിയ ജീവിതത്തെ കവാടം പകുതി അടച്ചു പ്രകാശിപ്പിക്കുന്നതു് കണ്ടാൽ തോന്നും;

പരിശ്രമത്തിൻെറ പ്രതിഫലം ലോകത്തിൻെറ കയ്യിൽ നിന്നും പിടിച്ചുപററിയതു് വലിയ കാര്യമൊന്നുമല്ല എന്നു്. എന്തായാലും അധികമായ ആത്മവിശ്വാസവും ആത്മദർശനവും അദ്ദേഹത്തെ ലോകദൃഷ്ടിയിൽ അസാമാന്യപുരുഷനായി അരങ്ങേററി.

അടുത്തതായി "വ്യക്തിയും സമൂഹവ്യവസ്ഥയും", "ബുദ്ധിജീവികളുടെ പരാജയം" എന്നീ പ്രസംഗങ്ങൾ ചെയ്തു. 1938-ൽ ഗൗതമബുദ്ധനെപ്പററി ഒരു പുസ്തകം—"മതം ധാരണക്കൊരു അഭ്യർത്ഥന" "മതത്തിൻെറ നവോത്ഥാനം", "ബ്രിട്ടീഷ് ജനങ്ങൾ അറിയേണ്ടതു്", "ജനകീയം, മനസ്സിൻെറ ശീലം" എന്നീ പ്രസംഗങ്ങൾ ചെയ്തു. അപ്രകാരം രണ്ടാമത്തെ ദശകം തിരശ്ശീലവീണു.

## പക്വതയുടെ മണിപീഠത്തിൽ

1939-ൻെറ ആരംഭത്തിൽ "പൗരസ്ത്യമതങ്ങളും പാശ്ചാത്യചിന്തയും" എന്ന വിശിഷ്ടഗ്രന്ഥം പുറത്തുവന്നു. "മഹാത്മാഗാന്ധിയെ"പ്പററി ഒരു ലേഖനം എഴുതി. ആത്മീയശക്തികൊണ്ടു് ഒരു രാഷ്ട്രത്തെ ഇളക്കിമറിക്കാൻ കഴിഞ്ഞ മനുഷ്യൻെറ മഹത്വത്തെ ഉൽഘോഷിച്ചു. ഇന്ത്യൻതത്വചിന്ത ജീവിതത്തിൽ പ്രതിഫലിപ്പിച്ച ഗാന്ധിയുടെ മാർഗ്ഗം ദന്തഗോപുരത്തിൽ വിശ്രമിയ്ക്കുന്ന തത്വചിന്തകർക്കു് നിദർശനമായി കാട്ടി.

"മതത്തിലെ നവോത്ഥാന"ത്തെപ്പററി ലൂയിഫ്‌റയി മെമ്മോറിയൽ ലക്ചർ "സൗത്ത് ആഫ്റിക്കയുടെ ഭാവി" "നാഗരികതയും നീതിയും" എന്നീ ബ്രാഡ്കാസ്ററുകൾ, "സംസ്ക്കാരം നേഷനലല്ല" എന്ന ആൾ ഇന്ത്യൻ എഡ്യൂക്കേഷൻ കാൺഫ്‌റൻസിലെ പ്രസംഗം, "ഇന്ത്യയും ചൈനയും" എന്ന ആൾ ഇന്ത്യാ റേഡിയോ ബ്രാഡ്കാസ്റ്റ് ഇവ ലോകസമാധാനത്തിനുതകുന്ന സംഭാവനകളാണ്. 1940-ൽ പാററ്നാ യൂണിവേഴ്സിററിയുടെ ബിരുദദാനപ്രസംഗവിഷയം "വിദ്യാഭ്യാസവും രാഷ്ട്രമീമാംസയും" എന്നാണ്. 1941-ൽ "ഹിന്ദുമതവും പടിഞ്ഞാറും", "ഹിന്ദുമുസ്ലീം ബന്ധങ്ങൾ" "സത്യം മാത്രമേ വിജയിക്കൂ" "യഥാർത്ഥസ്വാതന്ത്ര്യം" "വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം" എന്നീ പ്രസംഗങ്ങളാണ്. 1942-ൽ "ഗാന്ധിജിയും മാളവ്യജിയും" "സംസ്ക്കാരത്തിന്റെ പ്രശ്നം" "സ്വാതന്ത്ര്യം താഴ്ചയേറിയതും പ്രധാനവും" "സർവകലാശാലകൾ" എന്നീ പ്രസംഗങ്ങളും. 1943-ൽ 'ഇന്ത്യയുടെ ദായം എന്ന ഗ്രന്ഥം. 1944-ൽ "ഇന്ത്യയും ചൈനയു"മെന്ന പുസ്തകം. കൽക്കട്ടാ യൂനിവേഴ്സിററിയുടെ ബിരുദദാനപ്രസംഗം "ബംഗാൾ ക്ഷാമവും ഇന്ത്യയുടെ രാഷ്ട്രമീമാംസയും" എന്നതായിരുന്നു. "മതവും സാമൂഹ്യസേവനവും" എന്ന വേറൊരു പ്രസംഗവും നടത്തി. 1945-ൽ "ഇതാണോ സമാധാനം" എന്ന ഗ്രന്ഥം. ജയിപ്പൂർ പി. ഇ. എൻ. കാൺഫ്‌റൻസിൽ "സാ

ഹിത്യത്തിലെ ധാർമ്മികമൂല്യങ്ങൾ'' എന്ന പ്രസംഗം. 1946-ൽ ശ്രീരമണമഹർഷിയെപ്പററി ലേഖനം. പാരിസിൽ ഇന്ത്യൻ ഡെലിഗേഷനെ നയിച്ചുകൊണ്ടുള്ള പ്രസംഗവും. 1947-ൽ കൽക്കട്ടായിലും ബനാറീസ്സിലും ചെയ്ത പ്രസംഗങ്ങളെ ആധാരമാക്കി "മതവും സമുദായവും'' എന്ന ഗ്രന്ഥം—"ശാസ്ത്രവും മതവും'', "ഇന്ത്യയുടെ സ്വാധീനം'' "ഏഷ്യയുടെ ഉണർവ്'' എന്നീ പ്രസംഗങ്ങൾ—1948-ൽ ഭഗവദ്ഗീത ഒരു പുതിയ വ്യാഖ്യാനത്തോടെ പ്രസിദ്ധീകരിച്ചു. 'മഹാത്മാഗാന്ധി, 'ഇന്ത്യൻസംസ്ക്കാരം, 'ഹിന്ദുമതം, എന്നീ പ്രസംഗങ്ങൾ—1949-ൽ ഗാന്ധി, രമണമഹർഷി, രാമകൃഷ്ണപരമഹംസർ, ടാഗോർ ഇവരെ പരാമർശിച്ച് "മഹാന്മാരായ ഇന്ത്യക്കാർ'' എന്ന ഗ്രന്ഥം, "യൂണിവേഴ്സിററി കമ്മീഷൻ റിപ്പോർട്ട്'' "ഗീത' യെപ്പററി ലേഖനം, "നെഹറുവിൻെറ ജന്മദിനപുസ്തകത്തിൽ'', "മഹത്തായ ആദർശങ്ങളെ വ്യക്തമായി വാദിക്കുന്നവൻ' എന്ന ലേഖനം --ഇവയും വിജ്ഞാനത്തിൻെറ മുതൽക്കൂട്ടായി. 1950-ൽ ധമ്മപാദനെന്ന പുസ്തകം—"യുണെസ്ക്കോയും ലോകവിപ്ളവവും'', "ശാസ്ത്രവും തത്വചിന്തയും', എന്നീ പ്രസംഗങ്ങൾ. 1951-ൽ "ഡെമോക്രസിയുടെ ചൈതന്യം'' എന്ന ഗൗഹാട്ടി യൂണിവേഴ്സിററിയുടെ ബിരുദദാനപ്രസംഗം, 'മതവും ലോകൈക്യവും' "മനുഷ്യൻെറ പ്രകൃതി' "മതവും ലോകസംഘർഷങ്ങളും'' എന്ന പ്രസംഗങ്ങൾ—1952-ൽ

തത്വചിന്തയുടെ ചരിത്രം, "പാശ്ചാത്യവും പൗരസ്ത്യവും" എന്ന ഗ്രന്ഥം എഡിററുചെയ്തു. ഉപനിഷത്തുക്കളെ ശേഖരിച്ച് ഒരു പ്രസിദ്ധീകരണവും—അങ്ങനെ ആ തൂലിക ഇന്നും ചലിച്ചുകൊണ്ടിരിക്കുന്നു.

## ഇന്നത്തെ ഇന്ത്യൻ തത്വചിന്തയിൽ—

ഇന്ന് ഡാക്ടർ രാധാകൃഷ്ണന്റെ സ്വാധീനം ഇന്ത്യൻതത്വചിന്തകന്മാരിൽ വേണ്ടുവോളമുണ്ടെങ്കിലും നാളത്തെ തത്വചിന്തക്ക് മുന്നോടിയായി അദ്ദേഹത്തിന്റെ ദർശനം തീരുമോ എന്ന് പരിശോധിക്കുന്നതു് യുക്തമായിരിക്കും. 1920-ൽ പാശ്ചാത്യതത്വചിന്തകന്മാരെ "അറുത്തും മുറിച്ചും കഷണങ്ങളാക്കി പഠിക്കാനുള്ള സമീപനം" നമുക്ക് തന്ന അദ്ദേഹം വിചാരിക്കുന്നില്ല ഇന്നത്തെ ആവശ്യം അദ്ദേഹത്തിന്റെ ദർശനത്തെ അതുപോലൊരു പരീക്ഷണത്തിനു വിധേയമാക്കേണ്ടതുണ്ടെന്ന്. തത്വചിന്ത ജീവിതവുമായി സദാ പൊരുത്തപ്പെടണം. ഇന്ന് ഇന്ത്യയിൽ എങ്ങും അവഹേളനാർഹമായ അനീതിയും അരാജകത്വവും അഴിമതിയും നടമാടുകയാണ്. കാരണം, ജനങ്ങൾക്ക് വിശ്വസിക്കുവാനും ആചരിക്കാനും ഒരു തത്വചിന്തയില്ലെന്നതുതന്നെ. രാഷ്ട്രീയനേതാക്കന്മാരുടെ പാശ്ചാത്യതത്വസംഹിതകളെ അവലംബിച്ച് ഇന്ത്യൻജനത നീങ്ങുന്നുണ്ടെങ്കിൽ, ഇവിടെ മതിയായ തത്വചിന്ത ജനങ്ങൾക്ക് ഉപകരിക്കുന്നതു് ഇല്ലെന്നല്ലെ അർത്ഥം? ഡാക്ടർ രാധാകൃ

KOTTAYAM PUBLIC LIBRARY KOTTAYAM

ഷ്ണൻ നാട്ടുകാരോടും ലോകത്തിനോടും പറഞ്ഞിരിക്കുന്ന നുണ—വേദാന്തദർശനമാണ് ഇന്ത്യയുടെ കഴമ്പായ സിദ്ധാന്തമെന്ന്—ശ്രദ്ധിക്കുക. ഇന്ത്യൻജീവിതത്തിന്റെ നിഷ്ക്കരുണനായ വിമർശകനായിരുന്ന മരിച്ച ശ്രീ. എം. എൻ. റായി, സർവപ്പള്ളി രാധാകൃഷ്ണന്റെ തത്വചിന്ത" എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നതു് 'മദ്ധ്യയുഗങ്ങളിലെ ബൗദ്ധികസന്ധ്യയിൽനിന്നു് ഇന്ത്യ ഒരിക്കലും പുറത്തുവന്നിട്ടില്ല........തത്വചിന്ത മതമാണെന്നു് കണക്കാക്കുന്ന വേദാന്തദർശനങ്ങളുടെ പാരമ്പര്യം ഇന്ത്യയുടേതെന്നു് ഡാക്ടർ രാധാകൃഷ്ണൻ പ്രസ്താവിക്കുന്നതു് പച്ചക്കള്ളമാണ്........ശാസ്ത്രീയവും ഭൗതികവുമായ ചിന്തകൾ, ന്യായവൈശേഷികദർശനങ്ങളും കപിലന്റെ സാംഖ്യവും ബൃഹസ്പതിയുടെ ചാർവാകദർശനവും ഇന്ത്യയുടെ യഥാർത്ഥതത്വചിന്തയായിരുന്നു.........ബ്രാഹ്മണമേധാവികളും പുരോഹിതന്മാരും ഇന്ത്യയുടെ ഭൗതികതത്വചിന്തയെ പൂഴ്ത്തിവെച്ചിരിക്കുകയാണ്. ........ഇന്ത്യ പൊങ്ങച്ചം നടിക്കുന്ന ആത്മീയവാദം അധഃപതനത്തിന്നും അടിമത്വത്തിനും അവളുടെ മക്കളെ ഇരയാക്കിയ സാമൂഹ്യപശ്ചാദ്ഗമനത്തിന്റെ കൊടിയടയാളമാണ്." ആർഷസംസ്കാരമെന്ന ഓലപ്പാമ്പുമായി പ്ലാറ്റ്ഫാറങ്ങളിൽ ശബ്ദമുണ്ടാക്കുന്ന ബുദ്ധിരാക്ഷസന്മാരും ആലോചിക്കട്ടെ, ഇന്ത്യയ്ക്കു മതമുണ്ടാക്കിവച്ച ദായം എന്താണെന്നു്. 1929-ൽ ഡാക്ടർ രാധാകൃഷ്ണൻ പാശ്ചാത്യലോകത്തിനെ പുച്ഛിക്കാൻ

"കൽക്കി" എന്ന ഗ്രന്ഥത്തിൽ ഉപയോഗിച്ച വാചകത്തെ മറിച്ചിട്ടാൽ ഇന്ത്യൻസംസ്കാരത്തെ ഭംഗിയായി ചിത്രീകരിക്കാം. പേജ് 42-ൽ അദ്ദേഹം ഉപയോഗിച്ച വാക്കുകളെ തൽക്കാലാവശ്യത്തിന്നു തിരിച്ചിടുക മാത്രം ചെയ്താൽമതി. ഡാക്ടർ രാധാകൃഷ്ണൻ ഇന്നും വിമർശിക്കുന്ന പ്രായോഗികതത്വചിന്തകനായ അമേരിക്കൻ ജാൺഡ്യൂയി "ഫിലോസഫിയുടെ പുനഃസംവിധാനം" എന്ന ഗ്രന്ഥത്തിൽ മൊഴിഞ്ഞിരിക്കുന്ന വാക്കുകൾ ഇന്ത്യക്കു ശ്രദ്ധേയമാണു്. "ധമ്മശാസ്ത്രം സാമ്പത്തികവും രാഷ്ട്രീയവുമായ ചുററുപാടുകളുടെ നൂലാമാലകളിൽനിന്നും ഒളിച്ചോടുന്നു—നമുക്ക് അകത്തു പരിപൂർണ്ണത കുത്തിവെയ്ക്കാൻ കുത്തിയിരുപ്പ സത്യാഗ്രഹംമൂലം തുനിയാം—ബാഹ്യചലനങ്ങൾ താനേ വന്നുകൊള്ളും. ഇതാണു് തത്വചിന്ത, യോഗിവര്യന്മാർ ആത്മാവലോകനത്തിൽ ശ്രദ്ധാലുക്കളായിരിക്കുമ്പോൾ നീചരായ പാപികൾ കരിഞ്ചന്തയും ചൂഷണവും ദ്രോഹവും അഴിച്ചുവിട്ടു് സാമൂഹ്യജീവിതത്തെ താറുമാറാക്കുന്നു. എന്നാൽ ആത്മാവു് പ്രവത്തനക്ഷമമാണെന്നു ചിന്തിക്കുമ്പോൾ, സാമൂഹ്യപരിവർത്തനങ്ങൾകൊണ്ടേ മാനസാന്തരപ്പെട്ട വ്യക്തികളെ സൃഷ്ടിക്കാനൊക്കുകയുള്ളു എന്നു മനസ്സിലാകും"—പോരേ—ഇന്ത്യൻ തത്വചിന്താജീവിതത്തിൻെറ ശരിപ്പകർപ്പു്. ആശ്രമങ്ങളിലും മഠങ്ങളിലും ഈശ്വരോപാസന—സമൂഹത്തിൽ അനീതിയുടെ താണ്ഡവനൃത്തം. ധമ്മശാസ്ത്രം മതവുമായി കലക്കിമറിച്ചതുകൊണ്ടു് സാമൂഹ്യ

ജീവിതത്തിനുതകുന്ന നടത്തയുടെ നിയമങ്ങൾ നിർമ്മിക്കാൻ ചിന്തകർക്കു് സമയമില്ല. ഒഴിഞ്ഞ കോണിൽ ഫിലോസഫിയുമായി ആലിംഗനസുഖത്തിലേർപ്പെടുന്ന ദാർശനികർ ജീവിതത്തിൻെറ വ്രണങ്ങളേയോ, പുഴക്കുത്തുകളേയോ കണ്ടു് നിർമ്മാർജ്ജനനിർദ്ദേശങ്ങൾ നൽകുന്നില്ല. ഡാക്ടർ രാധാകൃഷ്ണൻെറ വിമർശനാസ്ത്രത്തിനു് ഇടയായ ബർട്രാൻഡ്റസ്സലിൻെറ വെളിച്ചവും ഇന്ത്യയ്ക്കു് ഒഴിക്കാനാവാത്ത പരിഹാരമാണു്—"സാധാരണക്കാരനു് ഫിലോസഫി" എന്ന ശീർഷകത്തിൽ "പൊതുജനസമ്മതി നേടാത്ത ഉപന്യാസങ്ങൾ" എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു. "പഴയ തത്വചിന്തകന്മാർ വിശ്രമത്തിൽ ഉല്ലസിക്കുന്ന മാന്യന്മാർക്കു വേണ്ടിയാണു് ഫിലോസഫി എഴുതിയിരുന്നതു്. അവർക്കോ തങ്ങളുടെ അഭീഷ്ടപ്രകാരം സ്വതന്ത്രമായി ജീവിതസൌകര്യങ്ങളെ മാററിമറിച്ചു് ജീവിതത്തെ പന്താടാൻ കഴിഞ്ഞിരുന്നു. ഇന്നാകട്ടെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും സ്വന്തജീവിതായോധനത്തിനു ശേഷമാണു് ഫിലോസഫി വായിക്കാൻ സൌകര്യം കിട്ടുന്നതു്. അതിനാൽ രാഷ്ട്രീയവും സാമ്പത്തികവുമായ പരിവർത്തനങ്ങൾ വരുത്തി ജീവിതമാർഗ്ഗം സുകരമാക്കിയാലല്ലാതെ, ഇന്നത്തെ ജനങ്ങൾക്കു ഫിലോസഫി രുചിക്കയില്ല. സാമൂഹ്യമല്ലാത്ത തത്വചിന്ത നിഷ്ഫലമാണു്."

ഇന്ത്യൻ ദർശനങ്ങളിൽ ഏറിയ കൂറും വ്യക്തിയുടെ വ്യാമോഹത്തിനു് ചാക്യാർക്കൂത്തു് തുള്ളുന്ന കാഴ്ച

യാണ് നാം ദർശിക്കുന്നതു്. വേദാന്തദർശനങ്ങളാണെങ്കിൽ ഊണും കഴിച്ചിരുന്നു് ബ്രഹ്മത്തെ വിചാരിക്കാനും ബ്രഹ്മവും ആത്മാവുമായി സാത്മ്യം നേടാനും ജഗത്തു് മിഥ്യയായി പുറംതള്ളാനും ആവശ്യപ്പെടുന്നു. ശ്രീശങ്കരൻ എട്ടാംനൂററാണ്ടിൽ കണ്ട ഇന്ത്യയല്ല ഇരുപതാം നൂററാണ്ടിലെ തത്വചിന്തകൻ കൺമുമ്പിൽ കാണുന്നതു്. സ്വസ്ഥമായ ജീവിതസുഖങ്ങൾ വേണ്ടുവോളമുണ്ടായിരുന്ന ബ്രാഹ്മണർക്കു് നിത്യാനിത്യവിവേകജ്ഞാനത്തിനും മുമുക്ഷുത്വത്തിനും വേണ്ടി ജീവനെ നിലയ്ക്കു നിർത്താമായിരുന്നു. ശ്രീരാമാനുജനും ശ്രീമാധ്വനും വിഷ്ണുവിനെ ധ്യാനിച്ചു് കണ്ണുമടച്ചിരിക്കാനാണ് ആവശ്യപ്പെടുന്നതു്.

ഉപനിഷത്തുക്കളിലെ യാജ്ഞവൽക്യനും കൂട്ടരും കാണാൻകഴിയാത്ത ബ്രഹ്മത്തെ നിരൂപിച്ചും സമീപിച്ചും സായൂജ്യദശയടയാൻ നമ്മെ ക്ഷണിക്കുന്നു. ഗീതയിലെ കൃഷ്ണനും കർമ്മമാർഗ്ഗമൊക്കെക്കളഞ്ഞു ഒടുവിൽ ഈശ്വരപ്രീതിക്കുവേണ്ടി ദേഹത്യാഗം ചെയ്യാൻ ഉൽബോധിപ്പിക്കുന്നു. ശ്രീ നിംബാർക്കനും വല്ലഭനും പരമഹംസരും വിവേകാനന്ദനും രമണനും ശാസിക്കുന്ന ജീവിതചര്യ എത്രകണ്ടു സാധാരണക്കാർക്കു് അഭികാമ്യമെന്നു ബോധമുള്ളവരോടു് ഇന്നു ആവർത്തിക്കേണ്ടതില്ല. അപ്പോൾ ഇന്നു നമ്മുടെ കർത്തവ്യം രണ്ടാണ്. (1) ഇന്ത്യൻ തത്വജ്ഞാനത്തെ വിലയിരുത്തുക. (2) ഒരു ജനകീയതത്വചിന്ത ആവിഷ്കരിക്കുക. ഇതു

രണ്ടിനും പ്രതിബന്ധമായിനില്ക്കുന്നു ഡാ. രാധാകൃഷ്ണന്റെ ദർശനം. പാശ്ചാത്യലോകത്തിന് ഡാ: രാധാകൃഷ്ണന്റെ ദർശനം ഒരു പുതിയ കാൽവെപ്പായിരിക്കാം. എന്നാൽ ഇന്ത്യയ്ക്ക് അദ്ദേഹത്തിന്റെ സംഭാവന ഒരു കീറാമുട്ടിയായിത്തീർന്നിരിക്കുന്നു.

ഇന്ത്യയുടെ യഥാർത്ഥതത്വജ്ഞാന ചരിത്രമെന്തെന്നുനോക്കാം. ഓരോ രാഷ്ട്രത്തിന്നും ബാല്യകാലചിന്തയും യൗവ്വനകാലചിന്തയും മദ്ധ്യകാലചിന്തയും വയസ്സായ ചിന്തയുമുണ്ട്. ഇന്ത്യയുടെ വയസ്സായ ചിന്തയാണ് ശ്രീശങ്കരന്റെ അദ്വൈതദർശനമെന്നു ലോകരെ വിശ്വസിപ്പിച്ചിരിക്കുന്ന ഡാക്ടർ രാധാകൃഷ്ണൻ ജീവിതത്തെ നവക്കിയ ഘടകങ്ങളെ മറന്നുകളഞ്ഞു. ഇന്ത്യൻ ജീവിതത്തെ അലങ്കോലപ്പെടുത്തിയതു് വർണ്ണാശ്രമധർമ്മവും ഭൗതികവാദത്തോടുള്ള നിന്ദയും പൗരോഹിത്യവർഗ്ഗത്തിന്റെ ആധിപത്യവും മതത്തിന്റെ വേണ്ടാത്ത കസൃതികളുമാണ്. മതത്തിന്റെ പൊല്ലാപ്പുകൾക്ക് പരിഹാരം ചൈതന്യാത്മകമായ മതം ആയിരിക്കട്ടെ. എന്നാൽ നമ്മുടെ ഇന്ത്യ പുരോഗമിക്കണമെങ്കിൽ ഭൗതികവാദവും വർഗ്ഗരഹിതസമുദായവും മതത്തിന്റെ അന്ധവിശ്വാസങ്ങളെ നശിപ്പിക്കലും വേണ്ടിയിരിക്കുന്നു. ആയതിനാൽ വേദവും ഉപനിഷത്തും ഗീതയും പുരാണേതിഹാസങ്ങളും പൂർവ്വമീമാംസയും യോഗവും അദ്വൈത, വിശിഷ്ടാദ്വൈത, ദ്വൈത, ശുദ്ധാദ്വൈത, ഭേദാഭേദദർശനങ്ങളും ഇന്ത്യയുടെ ബാല്യകാലചിന്തകളായി പരിഗണിക്കണം. കേവലം

ശിശുപ്രായമായ ജീവിതവീക്ഷണം അവയിലെല്ലാം കാണുന്നു. ഇന്ത്യയുടെ യുവത്വം സ്ഫുരിക്കുന്നതു് ജൈനബുദ്ധമതങ്ങളിലും ന്യായവൈശേഷികസാംഖ്യ ദർശനങ്ങളിലും സർവ്വോപരി ബൃഹസ്പതിയുടെ ചാർവ്വാകദർശനത്തിലുമാണ്. ഇന്ത്യയ്ക്കു മദ്ധ്യവയസ്സു തികയണമെങ്കിൽ ജനകീയ തത്വചിന്തയുണ്ടാകണം. ഭൗതികാധിഷ്ഠിതമായ ആത്മീയജീവിതത്തെ പ്രകാശിപ്പിക്കുന്ന ദർശനം ഇന്ത്യയുടെ മൂന്നാമത്തെ വളർച്ചയുടെ ഘട്ടത്തെ ദ്യോതിപ്പിക്കും. എന്നിട്ടാകാം നമുക്കു് വയസ്സായ തത്വചിന്തയിലേക്കുള്ള പ്രയാണം.

ഡാ: രാധാകൃഷ്ണൻ അന്തർരാഷ്ട്രീയ മണ്ഡലത്തിലെ ശോഭിഃക്കുണ്ട തേജഃപുഞ്ജമാണ്. എന്നാൽ ഇന്ത്യയിൽ അഃദ്ദഹത്തിന്റെ കാല്പാടുകൾഃനാക്കി ജീവിതതീർത്ഥയാത്രചെയ്യുന്ന തത്വചിന്തകൻ ഇന്നത്തെ നൂററാണ്ടിൽ ഇന്ത്യയ്ക്കുവരേണ്ട പരിവർത്തനത്തിനുനേരെ കണ്ണടയ്ക്കുകയായിരിക്കും. ഒരു സാമൂഹ്യവിപ്ലവം സൃഷ്ടിച്ചു് ജീവിതം പുനരാവിഷ്കരിക്കാൻ ഇന്ത്യൻ തത്വചിന്തയുടെ വീക്ഷണഗതി മാററണം.

# ഇന്ത്യയുടെ ദൈവാന്വേഷണം

അവിശ്വാസികളുടെ ആശാകേന്ദ്രമായി റഷ്യയേയും ചൈനയേയും ചൂണ്ടിക്കാണിക്കുന്ന വിശ്വാസികൾ, ഇന്ത്യ ദൈവത്തിന്റെ രാജ്യമാണെന്നു് മുക്തകണ്ഠം പ്രശംസിക്കാറുണ്ടു്.

ഇന്ത്യൻ സംസ്കാരത്തെ ദൈവീകമായി ചിത്രീകരിച്ചു് കാണുമ്പോൾ തത്വശാസ്ത്ര വിദ്യാർത്ഥികൾ മൂക്കിൽ വിരൽവെച്ചുപോകും. "തനിക്കുമറിയാം ആർഷസംസ്ക്കാരം" എന്നു് ഇന്ത്യക്കാരൻ അഭിമാനിക്കുന്നതിൽ തരക്കേടില്ല. എന്നാൽ നമ്മുടെ സംസ്കാരത്തിന്റെ കഴമ്പായ ചിന്ത ദൈവാന്വേഷണക്കുറിപ്പുകളാണെന്നു് പറഞ്ഞാൽ അജ്ഞതയുടെ ധിക്കാരപ്രകടനമായി മാത്രം അതിനെ വ്യാഖ്യാനിക്കണം. കാരണം, വളരെ ക്ലേശിച്ചു് ചിന്തിച്ചു് ദൈവത്തെപ്പററി ശാസ്ത്രീയമായ നിഗമനങ്ങളിൽ എത്തിച്ചേർന്ന ആദ്യത്തെ രാജ്യം ഇന്ത്യയാണു്. ഡയലററിക്കൽ മെററീരിയലിസം ലോകം സ്വപ്നം കാണുന്നതിന്നുമുമ്പേ, ദൈവം വെറുമൊരു സങ്കല്പമായും ദൈവവിശ്വാസം മാനസികരോഗികളുടെ അഭയസ്ഥാനമായും അഭിപ്രായം പുറപ്പെടുവിച്ചതു് ഇന്ത്യയാണു്. ആ ഇന്ത്യയെപ്പററി ശരിയായ വിവരം ഇന്നും ലോകത്തിനു് ലഭിച്ചിട്ടില്ല. ഇന്ത്യയുടെ ആ ദൈവാന്വേ

ഷണപരിശ്രമങ്ങളുടെ ചരിത്രത്തെ നാലു ഘട്ടങ്ങളായി തരംതിരിക്കാവുന്നതാണ്.

## ബാല്യകാലഘട്ടത്തിൽ

ശിശുവിൻെറ വിചാരങ്ങൾക്ക് അത്രയേറെ പ്രാധാന്യം കല്പിക്കുക സാധാരണയല്ല. ഇന്ത്യയുടെ ബാലിശചിന്തയെ സമാഹരിക്കുന്ന വേദാന്തങ്ങളും ഉപനിഷത്തുക്കളും പുരാണേതിഹാസങ്ങളും അവയുടെ സന്തതികളായ ദർശനങ്ങളും ദൈവാന്വേഷണത്തിൽ പ്രാകൃതമായ മതവീക്ഷണം സ്വീകരിച്ചിട്ടുണ്ട്. വേദാചാര്യന്മാർ മനസ്സിൻെറ തൊഴിൽശാലയിൽ പണിതെടുത്ത അസംഖ്യം ദൈവങ്ങളെ ജനങ്ങൾക്ക് മാർഗ്ഗദർശികളായി കാഴ്ചവെച്ചു. സ്വർഗ്ഗവും, ഭൂമിയും, സൂര്യനും, പ്രഭാതവും, വായുവും, അഗ്നിയും, ജലവും ദൈവാംശം കൈക്കൊണ്ട് സോമനും, വിഷ്ണുവും, രുദ്രനും, ബ്രഹ്മാവും, വരുണനും നിർമ്മിക്കപ്പെട്ടു. ജീവിതത്തിൽ പ്രത്യക്ഷപ്പെടുന്ന ഓരോരോ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ അനേകദൈവങ്ങൾ വേണ്ടിവന്നു. സോമദൈവം കള്ളുകുടിയെ ന്യായീകരിക്കാനാണെങ്കിൽ വിഷ്ണു ധനവാന്മാരായ ശിഷ്ടന്മാരെ സംരക്ഷിക്കുന്നു. സ്വർഗ്ഗത്തിലെ ഇന്ദ്രൻ, മരിച്ചു കഴിഞ്ഞു ചെല്ലുന്ന ആത്മാക്കളുടെ വിഹാരരംഗം നിയന്ത്രിക്കുന്നു. രുദ്രൻ പാവപ്പെട്ടവരായി ജനിച്ച് ഭദ്രമായി ജീവിക്കാൻ ദുഷ്ടരായിപ്പോയവരെ സംഹരിക്കാനും ബ്രഹ്മാവ് എല്ലാററിനേയും സൃഷ്ടിക്കുന്നതി

നും വരുണനൻ വെള്ളം വേണ്ടവിധത്തിൽ ഭരിക്കു ന്നതിനും കണ്ടുപിടിക്കപ്പെട്ട പ്രതിരൂപങ്ങളായിരുന്നു. ഇതാണ് മനുഷ്യരൂപത്തിൽ ദൈവത്തെ വിരചിച്ച ബുദ്ധിയുടെ വളർച്ച കടന്നുപോയ ആദ്യത്തെ ദശ—ബഹുദേവവാദം—രണ്ടാമതായി സാന്ദർഭിക ദൈവ വാദം. യാഗം ചെയ്യുമ്പോൾ സോമനും മരണശേ ഷവും അതിന് മുമ്പുള്ളമുള്ള കർമ്മാനുഷ്ഠാനത്തിൽ ഇന്ദ്രനും മഹൽദൈവമാകും. അണകെട്ടാൻ തുടങ്ങു ന്ന ഭക്തർക്ക് വരുണനാണ് വിശിഷ്ടദൈവം! ഇ ങ്ങിനെ ഓരോദൈവം സന്ദർഭത്തിൻെറ പ്രാധാന്യ മനുസരിച്ച് ശ്രേഷ്ഠമായിത്തീർന്നു. മൂന്നാമതായി ഏ കദേവവാദം. എണ്ണമററ ദൈവങ്ങൾ സംയോജിച്ച് പ്രജാപതി ഉണ്ടായി. ഈ കാലത്തു് സർവദൈവവാ ദത്തിനും പ്രചാരമുണ്ടായിരുന്നു. ഒടുവിൽ ഏക തത്വത്തിൽ എത്തിയ ചിന്തകന്മാർ പതുക്കെപ്പതു ക്കെ മതത്തെ തത്വചിന്തയിൽനിന്നും വേർപെടു ത്താൻതുടങ്ങി

അപ്പോഴാണ് ഉപനിഷത്തുക്കളുടെ ആഗമനം. ഒരു ബ്രഹ്മം വിശ്വത്തെ നയിക്കുകയും പാലിക്കുക യും ചെയ്യുന്നതായി ശ്രീ യാജ്ഞവൽക്യൻ ദർശിച്ചു. ബ്രഹ്മപദത്തിൻെറ അർത്ഥം:മാ, വളർന്നു വികസി ക്കുന്ന മഹാശക്തിയെന്നും. എന്നാൽ യാജ്ഞവൽക്യ നെ അനുകരിച്ച് ബ്രഹ്മസൂത്രങ്ങൾ എഴുതിയ ബൃഹ ദാരണ്യൻ ആദ്ധ്യാത്മിക തത്വശാസ്ത്രത്തിൽ ദൈവ മെന്ന പ്രമേയം അത്ര നിർബ്ബന്ധമല്ലെന്നു് നിർദ്ദേ

ശിച്ചു. ശ്രീ ഗൗഡപാദരും ബൃഹദാരണ്യന്റെ പാതയെ സ്വീകരിച്ചു. ശ്രീ ശങ്കരനാകട്ടെ, ബ്രഹ്മത്തെ നിർഗ്ഗുണബ്രഹ്മമായും സഗ്ഗുണബ്രഹ്മമായും കൽപ്പിക്കുകയാണുണ്ടായതു്. നിർഗ്ഗുണബ്രഹ്മം സത്യവും ജഗത്തു്മിഥ്യയും മായയുമാണു്. സഗ്ഗുണബ്രഹ്മം, മായാപ്രകൃതിയുമായി ചേർന്ന ബ്രഹ്മമായതുകൊണ്ടു് അതിനെ ഈശ്വരനെന്നു് വിളിക്കാം. അങ്ങനെ ഈശ്വരനെ ശ്രീ ശങ്കരൻ കൈകാര്യംചെയ്തെങ്കിലും അവിദ്യയുടെ സൃഷ്ടിയായ ഈശ്വരൻ അവിദ്യയാലാവരണംചെയ്യപ്പെട്ട മനസ്സുകൾക്കുമാത്രമെ അഭികാമ്യമാകയുള്ളുവെന്നു് വാദിച്ചു. അജ്ഞാനത്തിമരത്തിൽനിന്നും പുറത്തുചാടുന്ന സ്പഷ്ടദർശിക്കു് ഈശ്വരൻ വേണ്ട. സ്വന്തം ആത്മാവിനെ ബ്രഹ്മമെന്നു് കണ്ടാൽ ജീവിതലക്ഷ്യമായി. "ബ്രഹ്മാത്മൈക്യജ്ഞാനം മോക്ഷം" ഇങ്ങനെയൊക്കെ കാലടിയിൽ ജനിച്ച ശങ്കരൻ അദ്വൈതദർശനം മുഖാന്തിരം ഈശ്വരനെ ഹച്ചുചെയ്തിട്ടും, ശങ്കരമതം ഇന്ത്യയിൽ ചെലുത്തുന്ന സ്വാധീനത്തിന്നു് വിരോധാഭാസമല്ലെ, ഈശ്വരനെ പൊക്കിപ്പിടിച്ചു് വിക്രിയകളിൽ വ്യാപൃതരാകുന്ന വിശ്വാസികളുടെ പെരുമാററം. ശങ്കരന്റെ പുറകെ വന്ന രാമാനുജൻ വിശിഷ്ടാദ്വൈതദർശനം വഴിയും മാധ്വൻ ദ്വൈതദർശനത്തിൽക്കൂടിയും വിഷ്ണുഭഗവാനെ വാഴിച്ചു. തുടർന്നു് വൈഷ്ണവാചാര്യന്മാരുടെ പടയണി, നിംബാർക്കൻ, വല്ലഭൻ ചൈതന്യൻ തുടങ്ങിയ തത്വചിന്തകർ മതവും തത്വശാസ്ത്രവുമായി

കൂട്ടിക്കുഴച്ചതിൻെറ ഫലം, വിജ്ഞാനത്തിൽ ഒതുങ്ങുന്നതാണെന്നു് പറയുന്ന മതജീർണ്ണതകളുടെ ഛർദ്ദി നാം കാണുന്നു. ശൈവസിദ്ധാന്തവും ശാക്തമതവും ശിവനെ ദൈവമായി വിചാരിച്ചു. മഹാഭാരതത്തിലെ ഗീത ശ്രീകൃഷ്ണഭഗവാനേയും രാമായണം ശ്രീരാമനേയും കീർത്തിക്കുന്നു. ഇത്രയും കൂടിയാൽ ഇന്ത്യയുടെ പ്രായംചെല്ലാത്ത ദൈവാന്വേഷണ കഥയായി. ഇനിയാണു് തിളച്ചുമറിയുന്ന ഉൽപ്പതിഷ്ണുക്കളുടെ പുറപ്പാടു്.

### യൗവ്വന കാലഘട്ടത്തിൽ

ഇന്ത്യ യുവത്വത്തിലേക്കു് പ്രവേശിക്കുമ്പോഴാം ദൈവത്തെക്കുറിച്ചു വസ്തുനിഷ്ഠമായ പഠനം നമുക്കു് ലഭിച്ചുതുടങ്ങുന്നു. ന്യായദർശനത്തിൻെറ ഉപജ്ഞാതാവായ ഗൗതമൻ ചിന്താശാസ്ത്രം ഉപയോഗിച്ചു് ദൈവത്തെ ആരാഞ്ഞതിൽ, തെളിയിക്കാനൊക്കാത്ത ഏതോ ഒന്നിനെ ദൈവമായി കരുതുന്ന അന്ധമായ പ്രവണതയെ കണ്ടുമുട്ടി. മതത്തിനു് കൂടിയേതീരൂ എങ്കിൽ ഒരു പരമാത്മാവിനെ ധ്യാനിച്ചുകൊള്ളുവാൻ അദ്ദേഹം സമ്മതിച്ചു. അടുത്തതായി ശ്രീ കണാദൻ വൈശേഷികദർശനവുമായി നമ്മെ സമീപിക്കുന്നു. പ്രകൃതിവ്യവസ്ഥയുടെ നിയന്താവായി ഈശ്വരനെ ഗണിക്കുന്നതു് മതത്തിൻെറ ആവശ്യം—പരമാണുക്കളാൽ പ്രവർത്തിക്കുന്ന പ്രപഞ്ചം ഈശ്വരനെ കൂടാതെ നിലനിൽക്കും. ഭൂമി, ജലം, അഗ്നി, വായു

ഇവയുടെ പരമാണുക്കൾ സഞ്ചയിച്ചുണ്ടായ ലോകവസ്തുക്കൾ ഒരു ഭരണാധികാരിയായ ദൈവത്തിനായി കേഴുന്നില്ല. ദുർബ്ബലനായ മനുഷ്യൻ മാത്രം ദൈവത്തിനുവേണ്ടി മുതലക്കണ്ണുനീരൊഴുക്കുന്നു. അദൃഷ്ടമായ ധാർമ്മികശക്തിയുടെ ഊർജ്ജിതത്തിൽ ലോകത്തിന്റെ സദാചാരബോധത്തിന്ന് ഊനം തട്ടുന്നില്ല. പിന്നെ, ദൈവത്തെ വലിച്ചിഴച്ച് അരങ്ങേറവുന്നതിലുള്ള അന്തസ്സ്?

കുറേക്കൂടി താഴ്ചയിൽ ചിന്തിച്ച ശ്രീ കപിലൻ തികച്ചും യുക്ത്യടിസ്ഥാനത്തിൽ പ്രപഞ്ചത്തെ അവലോകനംചെയ്തു. പ്രകൃതിയും പുരുഷനും പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരത്തിന്ന് ഹേതുക്കളായി വർത്തിക്കുന്നു. ഈശ്വരനെ നിഷേധിക്കാൻ, ഇന്ത്യയുടെ ഡാർവിനായ കപിലൻ വാദിച്ചതു്, പ്രകൃതിയുടെ അനുക്രമമായ പരിണാമത്തെ പരിശോധിക്കണമെന്നാണ്. ഇരുപത്തിരണ്ട് വേദ്യവസ്തുക്കളുടെ ഘോഷയാത്ര പരിണാമചരിത്രം വെളിപ്പെടുത്തും. ഒന്നാമത്തെ പരിണമിച്ച വസ്തു ബുദ്ധിയും തുടർന്ന് പഞ്ചേന്ദ്രിയങ്ങളും അഞ്ച് കർമ്മേന്ദ്രിയങ്ങളും മനസ്സും പഞ്ചഭൂതങ്ങളുടെ സൂക്ഷ്മവും സ്ഥൂലവുമായ പത്തുതരം പ്രകാശനവും ഉണ്ടായി. പരിണാമത്തിന്റെ ആരംഭദശയിൽ പ്രകൃതി നിശ്ചലാവസ്ഥയിൽ നിലകൊള്ളും. പുരുഷന്റെ സാമീപ്യംകൊണ്ട് പ്രകൃതിയുടെ അവിഭാജ്യഘടകങ്ങളായ സത്വഗുണം, രജോഗുണം, തമോഗുണം ഇവ ചലിക്കും. ചലനം നീണ്ട

ഒരു വികാസകഥയായി മാറുന്നു. ശ്രീ കപില ന്റെ പിന്തുടർന്നു പതഞ്ജലി യോഗാഭ്യാസമുറകളുടെ വിജയാർത്ഥം ഈശ്വരനെ മനസ്സിൽ തിരുകികൊള്ളാൻ ആജ്ഞാപിച്ചു. വേദപുസ്തകങ്ങളിൽ നിരത്തിവെച്ചിരിക്കുന്ന യാഗവിധികളേയും നിഷേധങ്ങളേയും പുനരുദ്ധരിച്ച ശ്രീ ജൈമിനി "ധർമ്മ"ത്തെ ദിവ്യപദത്തിലേക്കുയർത്തിയതല്ലാതെ ദൈവത്തെ തെളിയിക്കാൻ പാടുപെട്ടില്ല.

അതാവരുന്നു ശ്രീ ബുദ്ധൻ. ദൈവത്തെക്കുറിച്ച് ആരെങ്കിലും ചോദിച്ചാൽ അതിനുവേണ്ടി മെനക്കെടരുതെന്ന് സദുപദേശം ചെയ്ത് അനാത്മവാദവും ക്ഷണികവാദവും സ്ഥാപിച്ച് ദൈവാന്വേഷണമൂഢത്വത്തെ വെളിച്ചത്തിൽ കൊണ്ടുവന്ന മഹാനായിരുന്നു അദ്ദേഹം. ആത്മാവോ ഇല്ല, പിന്നെ പരമാത്മാവായ ഈശ്വരനോ? എല്ലാം ദുഃഖഭൂയിഷ്ടം—ക്ഷണികം—എന്നിട്ടും ദൈവചിന്തയോ? ദുഃഖത്തിന്റെ തായ്‌വേരറുക്കുവാൻ കാര്യകാരണശൃംഖല ആവിഷ്ക്കരിച്ച് കാമോച്ചാടനത്തിന് സാമാന്യജനങ്ങളെ ആഹ്വാനംചെയ്തു. ഇനി, ജിനമഹാവീരൻ, സ്യാദ്‌വാദത്തിന്റെ പിതാവായ അദ്ദേഹം "ദൈവമുണ്ടോ', എന്ന പ്രശ്നത്തിന് "ഒരുപക്ഷേ" എന്നാണ് മറുപടി പറഞ്ഞിരുന്നത്.

ഈ ഭുവനത്തിൽ ഒരഭിപ്രായവും നിശ്ചയമില്ലെന്ന് സ്ഥാപിക്കാൻ തത്വചിന്തചെയ്ത ജീനൻ ശ്രീ

കുമാരനാശാനെ പ്രബുദ്ധനാക്കിയില്ലേ എന്നു് സംശയി ക്കേണ്ടിയിരിക്കുന്നു. "ഒരു നിശ്ചയമില്ലയൊന്നിനും —വരുമോരോദശവന്നപോലെപോം" എല്ലാവാക്യങ്ങ ളും "പക്ഷേ" (സ്യാദ്) എന്ന തുടക്കത്തിലായിരി ക്കണമെന്ന് ജിനൻ നിഷ്ക്കർഷിച്ചു. പരമയാഥാ ർത്ഥ്യം സങ്കീർണ്ണജടിലമായതിനാൽ, അനേകാന്തവാ ദമല്ലേ സ്വീകാര്യം എന്നു് അദ്ദേഹം ഏകാന്തവാ ദക്കാരോട്ട് ചോദിച്ചു. ദൈവചിന്തക്കു് പകരം ദൈ വമാകാൻ പൂർണ്ണവ്യക്തികളായി നാം രൂപം മാറി യാൽ മതി. സമ്യക്ദർശനം, സമ്യക്ജ്ഞാനം, സ മ്യക്ചരിതംആദിയായ ത്രിരത്നങ്ങളുടെ സഹായത്താൽ അഖണ്ഡവ്യക്തികളായി നാം തീരണം.

ഇന്ത്യയുടെ യൗവ്വനകാലചിന്തയുടെ മൂർദ്ധന്യ ത്തിൽ അവതരിച്ച ദാർശനികനത്രെ ശ്രീ ബൃഹസ്പതി. ചാർവ്വാകഭൗതികവാദത്തിൻെറ സൃഷ്ടികർത്താവായ അദ്ദേഹം ദൈവത്തിനെ എന്നെന്നേക്കുമായി ഇന്ത്യ യിൽനിന്നും തുരത്തിയോടിച്ചിട്ടുണ്ട്. യാഗകർമ്മങ്ങ ളും മതാഘോഷങ്ങളും കൊണ്ടു് ജീവിതവാടിയെ ശ്മശാനസമമാക്കുന്ന പിന്തിരിപ്പൻ ചിന്താഗതിയെ യുക്തിയുടെ കാർക്കശ്യം പ്രയോഗിച്ച് എതിർത്തു് തോല്പിച്ചു്. ദൈവത്തെ അന്വേഷിക്കുന്നവൻ ആനമ റയനാണെന്നു് അസന്ദിഗ്ദ്ധമായി വിളിച്ചറിയിച്ച ബൃഹസ്പതി ദൈവത്തെ പ്രതിഷ്ഠിച്ച് ചൂഷണവും അ നാരോഗ്യനടപടികളും വളർത്തിത്തഴപ്പിക്കുന്ന മത സ്ഥാപനങ്ങളെ തച്ചുടയ്ക്കാൻ ജനങ്ങളെ ഉത്ബോധി

പ്പിച്ചു. ദൈവത്തിനു് പകരം സാമൂഹ്യക്ഷേമത്തെ മുൻനിർത്തി ലോകജീവിതം നയിക്കാൻ കഴിവുള്ള തത്വസംഹിതയുമായി ലോകരംഗത്തു് ആദ്യമായി വന്നുകേറിയ ഭൗതികവാദി ബൃഹസ്പതിയായിരുന്നു. അദ്ദേഹത്തിൻെറ ദൈവാന്വേഷണം നാസ്തികത്വത്തിൽ അവസാനിച്ചതോടെ ഇന്ത്യയുടെ തത്വചിന്താകാലത്തിൻെറ രണ്ടാംവാല്യവും തിരശ്ശീലക്കുള്ളിലായി.

ഗാന്ധിയുടെ കാലഘട്ടത്തിൽ ഡാക്ടർ രാധാകൃഷ്ണൻ "സമകാലീന ഇന്ത്യൻതത്വചിന്ത"യെന്നഗ്രന്ഥം തെയ്യാറാക്കാൻ ശ്രീമാൻ ഗാന്ധിയോടു് ഒരു ചോദ്യം ചോദിക്കുകയുണ്ടായി. "ആരാണു് ദൈവം?" ഗാന്ധി ചൊടിപ്പോടെ ഉത്തരം നൽകി, "സത്യമാണു് ദൈവം." അങ്ങനെ ഗാന്ധിയുടെ വരവുമുതൽ ജീവിതമൂല്യം ദൈവമായി. ശ്രീ രവീന്ദ്രനാഥടാഗോർ ഗീതാഞ്ജലിയിൽക്കൂടി നവഭാരതത്തിനു് നിർദ്ദേശം സമർപ്പിച്ച കൂട്ടത്തിൽ "ജപമാലകളും ഏകാന്തധ്യാനവും ഉപേക്ഷിച്ചു് ദൈവത്തെ പാറവെട്ടുന്നവനിലും കർഷകനിലും ദർശിക്കാൻ" ആവശ്യപ്പെട്ടിട്ടുണ്ടു്. ശ്രീരാമകൃഷ്ണപരമഹംസരും വിവേകാനന്ദനും രമണമഹർഷിയും സജീവദൈവത്തെ ആരാധിക്കാൻ ഒരുവഴിം ഹിന്ദുക്കളോടു് ശാസനാരൂപത്തിൽ ഉപദേശിച്ചിട്ടും ഗാന്ധിയും നെഹറുവും ജീവിതസത്യം കാണാൻ തിരക്കുപിടിച്ചവരുടെ ചേരിയിലായിരുന്നു,

മാങ്ങളിലൊ ആശ്രമങ്ങളിലോ ചമ്രംപടിഞ്ഞിരുന്നു് ദൈവത്തെ കണ്ടുപിടിക്കുന്ന നാട്ടുനടപ്പിനെ വിഗണിച്ചു് രാഷ്ട്രീയവും സാമൂഹ്യവുമായ മണ്ഡലങ്ങളിൽ ദൈവികവിചാരങ്ങളെ നട്ടുപിടിപ്പിക്കാൻ പരിഷ്കർത്താക്കൾ ഇറങ്ങി. ദൈവത്തിൻെറ പുറകെ ആളുകൾ ഓടിനടന്നോട്ടെ—ദൈവത്തിൻെറ മറപിടിച്ചു ദൈവത്തിൻെറ തുണയും വാങ്ങി അനീതിയും അധർമ്മവും പുലർത്തുന്ന രീതിയെ അപലപിക്കാൻ ബുദ്ധിജീവികൾ ഇന്ത്യയുടെ നാനാഭാഗത്തുനിന്നും പൊന്തിവന്നു. ജീവിതം പ്രധാനം, ദൈവം അപ്രധാനം—മനുഷ്യൻ മഹത്തരം—ദൈവം അനന്തരം—എന്നീ പ്രവണതകൾക്കു് കരുത്തേറി. ദൈവം അഖണ്ഡവ്യക്തിയായി രൂപാന്തരപ്പെടുന്ന മനുഷ്യനാണെന്ന പൗരാണികവാദം ഉദ്ധരിച്ചു് വ്യക്തിയുടെ സർവ്വതോമുഖമായ ഉൽക്കർഷത്തിനു് എല്ലാവരും കച്ചകെട്ടി.

## ഡാക്ടർ രാധാകൃഷ്ണൻ

ചൈതന്യാത്മകമായ മതം നാട്ടുകാർക്കും ലോകത്തിനും സമർപ്പിച്ച ഡാക്ടർ രാധാകൃഷ്ണൻെറ ഉറച്ച ആസ്തിക്യബോധം സദർശനദ്വാരാ പ്രചരിപ്പിക്കുന്നു. നിലവിലിരിക്കുന്ന മതസ്ഥാപനങ്ങൾ ഒരു പുതിയ മതവീക്ഷണം അംഗീകരിക്കണമെന്നും ഈശ്വരപൂജയും ഈശ്വരവാഴ്ചയും നിർല്ലോഭം തുടരണമെന്നും അദ്ദേഹം സമർത്ഥിക്കുകയാണ്. അദ്ദേഹത്തിൻെറ അനുയായികളും ഹിന്ദുവിൻെറ ഈശ്വരബോധം കാത്തു

സൂക്ഷിക്കാൻ പാടുപെടുന്നു. രാധാകൃഷ്ണന്റെ "ഹിന്ദുവിന്റെ ജീവിതവീക്ഷണം" എന്ന ഗ്രന്ഥം സനാതനധർമ്മത്തിന്റെ ദൈവാടിസ്ഥാനത്തെക്കുറിച്ചുള്ള പ്രഖ്യാപിത സന്ദേശമാണ്. തന്റെ ആദർശാത്മകമായ ജീവിതവീക്ഷണം എന്ന ഗ്രന്ഥത്തിലും പാശ്ചാത്യരായ ഭൗതികവാദികൾക്ക് പിണഞ്ഞ അബദ്ധം സൂചിപ്പിച്ച്, ഭാരതീയർക്കെങ്കിലും ദൈവനിന്ദയിൽനിന്നുമുള്ള അധഃപതനം വരരുതെന്ന് താക്കീതുചെയ്തു. അദ്ദേഹം കേവലസത്തയിൽ വിശ്വസിക്കുന്നതോടൊപ്പം ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ ത്രിമൂർത്തികളെ ബ്രഹ്മത്തിന്റെ പ്രതിഭാസങ്ങളായി സങ്കല്പിക്കുകയും ചെയ്തിരിക്കുന്നു.

ഈശ്വരനെ അഖണ്ഡവ്യക്തിയുടെ സ്ഥൂലരൂപമായി നിർവ്വചിച്ച് ഈശ്വരവിശ്വാസത്തിലുറച്ച മതചിന്തയെ ഉൽകൃഷ്ട തത്വവിചാരമായി കണക്കാക്കി. പരമാവധി തത്വശാസ്ത്രത്തിന് കരണീയമായിട്ടുള്ളത്, ഭൗതികവാദങ്ങളെ നശിപ്പിക്കുകയും നാസ്തികവാദത്തിന്റെ അന്തസ്സാരശൂന്യതയെ വ്യക്തമാക്കുകയുമാണ്. ബർട്രണ്ട്റസ്സലിനെ വിമർശിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു:

"ഭൗതികവസ്തു എങ്ങനെ ഉൽഭൂതമായി എന്ന് നിരൂപിക്കാത്തിടത്തോളം ആസ്തിക്യബോധത്തിന്റെ അടിത്തറ പൊളിക്കുവാൻ നാസ്തികവാദത്തിന് ശേഷിപോരാ" പ്രപഞ്ചത്തെ അദ്വൈതദർശനത്തി

ൻെറ കുഴൽക്കണ്ണാടിയിൽക്കൂടി വീക്ഷിച്ച് സംതൃപ്തി യടഞ്ഞിട്ട് അദ്ദേഹം വേദാന്തമതത്തിലെ പ്രമേയങ്ങളേ യും പ്രമാണങ്ങളേയും തത്വചിന്തയുടെഅവസാനത്തെ പുറമായി വ്യാഖ്യാനിച്ചു—ഈശ്വരനെപ്പററിയുംഇന്ത്യ യുടെ ആത്മീയദർശനങ്ങൾക്ക് ഒട്ടവിലത്തെ സമാധാ നം പറയാൻ കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം തീർച്ചപ്പെ ടുത്തുന്നു. ഈശ്വരനാൽ അരുൾചെയ്യപ്പെട്ട ശ്രുതി യെ നിഷേധിക്കാതെ ഈശ്വരനെ ശയ്യാവലംബിയാ ക്കി വ്യക്തി നടന്നുകഴിഞ്ഞാൽ രാഷ്ട്രം താനേ പുരോ ഗമിക്കുമെന്ന് ഇന്ന് അദ്ദേഹം അലറുന്നു. മതേത രരാഷ്ട്രമായി ഇന്ത്യൻ ഭരണഘടന ആവിഷ്ക്കരിക്ക പ്പെട്ടെന്ന് വെച്ച്, മതത്തിൻെറ നട്ടെല്ലായ ഈ ശ്വരൻ വൃന്ദാവനത്തിലെ ശ്രീകൃഷ്ണൻ വിരഹിച്ചതു പോലെ, ഇന്ത്യയിലെങ്ങും വിളയാടുന്നുണ്ടെന്ന് അ ദ്ദേഹം സ്വപ്നം കാണുന്നു. സാമ്പത്തികമായ പു രോഗതി ഇന്ത്യക്ക് കൈവന്നാലും ഇല്ലെങ്കിലും മതവാ ഴ്ചയും ഈശ്വരൻെറ തേരോട്ടവും ഇന്ത്യയിൽ അന്വേ ഷണീയമത്രേ. ഇന്ത്യ ദൈവം ലാളിക്കുന്ന നാ ടാണ്. ദൈവലീല ഇന്ത്യയിൽനിന്നും നിഷ്ക്കാസ നം ചെയ്താൽ ഇന്ത്യയുടെ ഭാവി ഭയങ്കരവും ദാരുണ വുമായേക്കും, സംസാരജീവിതം ക്ലിഷ്ടവും ക്ലേശഭൂയി ഷ്ഠവുമായാൽതന്നെ, ഈശ്വരനെ മനസ്സിലേററി, അ ദ്ദേഹത്തിൻെറ അനന്തകല്യാണഗുണങ്ങളെ ധ്യാനിച്ച് ആനന്ദമടഞ്ഞ് കാലയാപനംചെയ്യാൻ മതത്തിൻെറ കൂടപ്പിറപ്പായ രാധാകൃഷ്ണൻ പ്രസംഗിക്കുന്നു.

## ദൈവാന്വേഷണത്തിൻെറ പ്രസക്തി

പാശ്ചാത്യരുടെ ശാസ്ത്രം അനുനിമിഷം പ്രപഞ്ചത്തിൻെറ ഉള്ളുകള്ളികളെ തുരങ്കംവച്ച് കണ്ടുപിടിക്കാൻ താല്പര്യപ്പെടുന്നു. ഇന്ത്യയിലോ, ശാസ്ത്രം ഇഴഞ്ഞുകയറിയെങ്കിലും ശാസ്ത്രകാരനായ സി. വി. രാമനെ പിൻതുടരുന്നവർ പാരമ്പര്യം നിരുത്സാഹപ്പെടുത്തുന്ന ഭൗതികവാദത്തിലേക്ക് തിരിയുന്നില്ല. സിഗ്മണ്ട് ഫ്രായിഡ് "ഒരു മിഥ്യയുടെ ഭാവി" എന്ന ഗ്രന്ഥത്തിലൂടെ "ദൈവം മനുഷ്യരാശിയുടെ നനവൊപ്പിയെടുക്കുന്ന നേഴ്സായി" വിവരിച്ചു കാണിച്ചിട്ടുണ്ട്. എന്നിട്ടും ഈശ്വരബിംബം കൂടാതെ ആത്മാവിനെ നിലക്കുനിറുത്താൻ ഇന്ത്യൻബുദ്ധിജീവികൾക്ക് കഴിയാത്തതു് കഷ്ടമല്ലേ? മനശ്ശാസ്ത്രജ്ഞാനത്തിൻെറ അഭാവമായിരിക്കാം, "ആരോപണം", "സാത്മ്യം" എന്നീ മനോമെക്കാനിസങ്ങളുടെ സഹായത്താൽ കടഞ്ഞെടുക്കുന്ന ദൈവം വാസ്തവികമല്ലെന്നു് മിക്കവരും ഗ്രഹിക്കാഞ്ഞതു്. പുറംപാടുമായി ഇണങ്ങിച്ചേരാൻ ശക്തിപോരാഞ്ഞിട്ടു് സ്വയം മാനസികസ്ഥിതിയുമായി രമ്യതയിൽ വർത്തിക്കാൻ പററാഞ്ഞിട്ടു്, മതസംഘട്ടത്തിന്നിരയായി ദൈവത്തിൽ അലിഞ്ഞുചേരുന്നവരോടു് സഹതപിക്കയേ നിർവാഹമുള്ളു. സാമൂഹ്യപശ്ചാത്തലം മാനസികരോഗങ്ങൾ വീണ്ടും വീണ്ടും ഉണ്ടാക്കിവെയ്ക്കുന്നതിനുതകുന്നതാകയാൽ, ദൈവം വിട്ടുമാറാബാധയായിത്തീർന്നു. ആ

ത്മാവു് അന്വേഷിക്കേണ്ട ഒരു വസ്തുവായി പഠിപ്പിച്ച നമ്മുടെ ആചാര്യന്മാർ ഭൗതികലോകത്തിൽനിന്നുമകന്നുനിൽക്കുന്ന ഭാവനാലോകത്തിൽ മനസ്സിനെ ചരിപ്പിക്കുന്നതുകൊണ്ടാവണം, ദൈവവും ഒരാരാദ്ധ്യശകലമായി പററിനിൽക്കുന്നതു്. ദേഹി ദേഹത്തിൽനിന്നും ഭിന്നമാണെന്ന വൈകൃതത്വം ഇന്ത്യൻസംസ്കാരത്തിലെ മാറാച്ചൊററിയായി അവശേഷിക്കുന്നു. പഴത്തൊലിച്ചു് ഒരിക്കലും ഉണങ്ങാത്ത വ്രണമായി മനുഷ്യാതീത ശക്തിയാർജ്ജിച്ച ദൈവം ബുദ്ധിയിൽ തങ്ങിനിൽക്കും. എപ്പിക്യൂറസ് പണ്ടു് ഗ്രീക്കുകാരായ നാട്ടുകാരോടു് പറഞ്ഞു: "അല്ലയോ ഏതൻസുകാരേ, നിങ്ങളുടെ ദൈവം പ്രകൃതിയുടെ പ്രത്യക്ഷഭാവങ്ങൾക്കു് യോജിച്ചതായിരിക്കട്ടെ." അതിന്മണ്ണം ഇന്ത്യക്കാരനും ദൈവത്തെ ചിത്രീകരിച്ചെങ്കിൽ നന്നായേനെ. ദൈനംദിന ജീവിതത്തിൽ ദൂരീകരിക്കാനാവാത്ത ദുഃഖമാണ് ഇന്ത്യക്കാരനെ ക്രമത്തിലധികം ദൈവസന്നിധിയിലേക്കു് ആകർഷിച്ചതു്. ജർമ്മൻ ചിന്തകനായ നീഷേ വിളംബംരംചെയ്തതു് നമുക്കും ആവർത്തിക്കേണ്ടിയിരിക്കുന്നു. "ദൈവം മരിച്ചുകഴിഞ്ഞു—എല്ലാം അനുവദിക്കപ്പെട്ടിരിക്കുന്നു" ദൈവം സഹായിക്കാനുള്ളതുകൊണ്ടു് ഞങ്ങളൊന്നും ചെയ്യുന്നില്ല എന്നാണ് സാധാരണക്കാരിൽ ഭൂരിപക്ഷവും നടിക്കുന്നതു്. കശ്മലന്മാർ ദൈവത്തെ ഹിമാലയൻ വിഡ്ഢിത്തത്തിൽ പർവ്വതീകരിച്ചു് ജീവിതത്തെ താറുമാറാക്കുന്നു.

ശ്രീ ബുദ്ധൻ സദാചാരജീവിതത്തിന്നു് ജനങ്ങളെ പ്രേരിപ്പിച്ചെങ്കിലും വ്യക്തിഗതമായ ജീവിതവീക്ഷണം അദ്ദേഹത്തിൻെറ വികലചിന്തയായിരുന്നു —ഓരോരുത്തരും തല മുണ്ഡനംചെയ്തു് മഠത്തിൽ ഒതുങ്ങിക്കൂടിയാൽ ദുഃഖം പമ്പകടക്കുമെന്ന പമ്പരവിഡ്ഢിത്തം പഠിപ്പിച്ച ബുദ്ധൻ ഇന്നു് ഒരു ഉപയോഗശൂന്യമായ സാധനമാണ്. ശ്രീ ജിനനും ബുദ്ധൻെറ ബുദ്ധിഭ്രമം ബാധിച്ച മനോഭാവം ഉപദേശിച്ചു. ശ്രീ കപിലൻ പരിണാമസിദ്ധാന്തത്തിലും നാസ്തികവാദത്തിലും ജനസാമാന്യത്തിനെ ആനയിച്ചെന്നു് വരികിലും സാമൂഹ്യപുരോഗതിക്കു് വ്യക്തമായ വഴി അനുഷ്ഠിച്ചില്ല. അതുകൊണ്ടു് സാംഖ്യദർശനം അസ്തമിച്ച നിലയായി. ശ്രീ ഗൗതമനും കണാദനും വൈദിക ചിന്തയെ പ്രോത്സാഹിപ്പിച്ചതിനാൽ അവരുടെ ശാസ്ത്രീയദർശനങ്ങൾ ജീവിതഭൂമിയിൽ വിലപ്പോയില്ല. ഇന്ത്യയുടെ ദുർവിധിക്കു് പരിഹാരമായി വന്ന മഹാൻ ബൃഹസ്പതിമാത്രം ഭൗതികവാദത്തിൽ അരക്കിട്ടുറപ്പിച്ച സാമൂഹ്യജീവിതത്തിൽ ദേഹത്തെ വളർത്തുന്നുള്ള ദേഹവിചാരം അദ്ദേഹത്തിന് രുചിച്ചു. കലാസൗന്ദര്യം പ്രകാശിപ്പിക്കാനുള്ള സ്ഥാപനങ്ങളും സൃഷ്ടികളും ദൈവസങ്കല്പത്തിൻെറ പ്രചോദനംകൊണ്ടുണ്ടാകുമെങ്കിൽ ബൃഹസ്പതി പ്രതിഷേധിച്ചില്ല. ജനങ്ങൾ മുറുകെ പുണർന്നിരുന്ന ദേവികളും ദേവന്മാരും തട്ടിത്തകർത്തു് സുഖത്തിനും പദാർത്ഥനിഷ്ഠവിജ്ഞാനത്തിനും ഉത്തേജനം നൽക

ണം. ഇനി സന്യാസിവര്യന്മാരുടെ ദൈവാന്വേഷണം നോക്കുക. സാധുക്കളായി നടിച്ച്, ജീവിതായോധനത്തിലേർപ്പെടാതെ പുണ്യനദികളുടെ തീരത്ത് തിന്നുമുടിച്ചും പട്ടിണി കിടന്നും സമൂഹത്തിന്റെ ശത്രുക്കളായി ശേഷിക്കുന്ന ഒരു വർഗ്ഗം സന്യാസികളെയും അർദ്ധനഗ്നരേയും കാഷായധാരികളെയും തൊഴിൽശാലയിലേക്ക് വലിച്ചിഴക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആഗ്രഹങ്ങളെ ത്യജിച്ച് വീട്ടുമുറിയിൽ സത്യവിചാരവും ദൈവധ്യാനവും നടത്തുന്ന യഥാർത്ഥ സന്യാസികളെ ശല്യപ്പെടുത്തണ്ട. അല്ലാതെ സമൂഹത്തിന്റെ സമ്പത്തിനെ അപഹരിച്ച് കള്ളന്മാരായി ജീവിക്കുന്ന മതപുരോഹിതന്മാരെയും സ്വാമിമാരേയും എല്ലൊടിക്കേണ്ട സന്ദർഭം ആഗതമായി. ആരും ദൈവാർത്ഥം സാമൂഹ്യജീവിതം പരിത്യജിക്കാൻ പാടില്ല. കുറേപ്പേർമാത്രം കുടുംബഭാരം ചുമക്കണമെന്നും ഒരു കൂട്ടർ സർവ്വസംഗപരിത്യാഗികളായി നടക്കാമെന്നും സാധാരണ വേഷം ധരിച്ച് പണിയെടുത്ത് ധ്യാനനിരതരാകാൻ മനസ്സുള്ളവരെ ഒഴിച്ച് ബാക്കിയുള്ളോരെ തുറങ്കിലടയ്ക്കണം.

സമൂഹത്തെ ബാധിച്ചിരിക്കുന്ന പുഴുക്കുത്തുക്കളെ നിർമ്മാർജ്ജനം ചെയ്യാൻ സാമൂഹ്യചിന്തയും ഭൗതികസംസ്ക്കാരവിചാരവും വേണം. മതസ്ഥാപനങ്ങൾ ഇന്ത്യയിൽ സംജാതമാക്കിയിട്ടുള്ള സാഹചര്യം. "പ്രൈവററ് മതത്തിന് പോലും," ഒരാൾക്കും പാസ്സ്പോർട്ട് നൽകാൻ പാടില്ലെന്ന നില വന്നിട്ടുണ്ട്.

"വ്യക്തി ഏകാന്തതയിൽ അനുഷ്ഠിക്കുന്ന ധ്യാനനിഷ്ഠയെ" മതമെന്നു് പ്രൊഫസർ വൈററ്ഹെഡും ഡാക്ടർ രാധാകൃഷ്ണനും പ്രസ്താവിച്ചിട്ടുള്ളതു് പുസ്തകങ്ങളിൽ മറഞ്ഞുകിടക്കും. എക്കാലവും ജീവിതത്തെ മലീമസമാക്കാൻപോരുന്ന ഉപകരണമാണ് മതം. സൗന്ദര്യാത്മകമായ മതം ശാസ്ത്രീയഗവേഷണങ്ങളുടെ അന്ത്യദശയിൽ പുറപ്പെട്ടുവിക്കുന്ന അജ്ഞതയുടെ ദീനരോദനമായിരിക്കും. ആൽബർട്ട് ഐൻസ്റ്റീൻ വിശ്വത്തെ ഗ്രസിക്കുന്ന നിയമങ്ങളെ സയുക്തികം പരീക്ഷിച്ചതിനുശേഷം ഒരു മതവിശ്വാസത്തിലെത്തിച്ചേർന്നു. അതോ, വിശ്വവ്യാപകമായ സങ്കീർണ്ണതയെ സമ്മതിക്കുന്ന ബുദ്ധിയുടെ പരാധീനതമാത്രം, അങ്ങേഅററം വസ്തുനിഷ്ഠമായി പ്രപഞ്ചത്തെ അപഗ്രഥിക്കാനും പഠിക്കാനും ശ്രമിക്കുന്നവനുള്ളതാണ് മതമെന്നു് ജൂലിയൻഹക്സലിയും അഭിപ്രായപ്പെട്ടു. ബർട്രണ്ട് റസ്സൽ "ഒരു സ്വതന്ത്രമനുഷ്യൻെറ ഉപാസന" എന്ന പ്രസിദ്ധമായ ലേഖനത്തിൽ പറയുന്നു: "കാലപ്പഴക്കം ചെന്നിട്ടും പ്രപഞ്ചത്തിൽ നടമാടുന്ന നിഷ്ഠുരമായ നിയമത്തെ ഞാൻ അംഗീകരിക്കുന്നു." ഇതല്ലേ, വേദകാലത്തിലെ ബോധമുള്ള ഭാരതീയ ഋഷികൾ "ഋത" എന്നു് നാമകരണംചെയ്ത "പ്രകൃതിയുടെ ശാംബരീവിലാസം" നാം ഇന്നു് കരുതുന്ന ദൈവം, ദൈവമായി കണക്കാക്കിയ പണ്ഡിതന്മാർ തുലോം ചുരുക്കമാണ്. ദൈവം പ്രാപഞ്ചികസത്തായാണ്. അല്ലേ? അതിനെ അന്വേഷിക്കേണ്ട

ത്തു് ശാസ്ത്രകാരൻെറ ലാബറട്ടറി പരീക്ഷണംവഴിയും —മതവിശ്വാസിക്കു് അവിടെ കാര്യമില്ല. ധർമ്മ ബോധം ഉണർത്താൻ മതവിശ്വാസി തയ്യാറായാൽ മതി. സോക്രട്ടീസും പ്ലേറേറായും അരിസ്റ്റോട്ടിലും ചരിച്ച ഗ്രീക്കു്പന്ഥാവു് സർവഥാ അഭികാമ്യമായിരിക്കും. സാമൂഹ്യരംഗത്തേക്കു് ഈശ്വരാന്വേഷണഭൂമികൾ വരുക—ജീവിതം ഉയരട്ടെ—അഴുക്കു് പിടിച്ച ക്ഷേത്രമൂലകളിൽനിന്നും വിഴപ്പു്ഭാണ്ഡവുമായി സൂര്യപ്രകാശത്തുവന്നു് വിയർത്തൊലിച്ചു് വേലചെയ്യുക. ദൈവം നാമാണു്. നമ്മുടെ ഭാവി ദൈവമായിരിക്കും. ബ്രിട്ടീഷ് ചിന്തകനായ അലക്സാണ്ടർ ദൈവത്തെ വരാനുള്ള വിശിഷ്ടവസ്തുവായി ഭാവനചെയ്തതു് ശരിയല്ലേ?

# 'വിഷം പുരണ്ട അമ്പ്'

രണ്ടായിരത്തിഅഞ്ഞൂറ കൊല്ലങ്ങൾക്കമുമ്പ് ശ്രീ ബുദ്ധൻ ചെയ്ത ഒരു ധർമ്മോപദേശം വിഷംപുരണ്ട അമ്പിനെപ്പററിയായിരുന്നു. അദ്ദേഹം പ്രസ്താവിച്ചു:

"ഒരാൾ വിഷംപുരണ്ട അമ്പിനാൽ മുറിവേററതായി സങ്കൽപ്പിക്കുക. അയാളുടെ സുഹൃത്തുക്കളും ബന്ധുക്കളും നാട്ടുകാരും ഒരു വൈദ്യനെവരുത്തി ചികിത്സിക്കാൻ തുടങ്ങി. ക്ഷതമേററ ആൾ പറയുകയാണ്. എൻെറ നേരെ അമ്പെറിഞ്ഞവൻ ക്ഷത്രിയവർണ്ണത്തിലോ ബ്രാഹ്മണവർണ്ണത്തിലോ വൈശ്യവർണ്ണത്തിലോ ശൂദ്രവർണ്ണത്തിലോ പിറന്നവനാണെന്നു മനസ്സിലായതിനുശേഷമേ ഞാൻ ശരീരത്തിൽനിന്നും അമ്പ് ഊരാൻ സമ്മതിക്കയുള്ളു. അമ്പെറിഞ്ഞവൻെറ പേരും വംശംവും എനിക്കറിയണം. അവൻ പൊക്കമുള്ളവനോ മുണ്ടനോ ആരാണെന്നുമറിയണം. ആ വില്ല് ചാപമാണോ കോദണ്ഡമാണോ? ആ ശരക്കോൽ കഴുകൻെറയോ ക്രൗഞ്ചത്തിൻേറയോ പുള്ളപേടയുടേയോ മയിലിൻേറയോ തൂവലുകളിൽനിന്നാണോ ഉണ്ടാക്കിയത്. ആ ശരക്കോൽ കാളയുടേയോ പോത്തിൻെറയോ കുരങ്ങൻേറയോ കഴുത്തിൽവച്ചാണോ കെട്ടുന്നത് ഈ വക അറിവുകൾ ലഭിക്കുന്നതിനു

മുമ്പ് അയാൾ മരിച്ചുകഴിയും. അതുപോലെ ദിവ്യന്റെ കീഴിൽ മതജീവിതം ആചരിക്കണമെങ്കിൽ, ലോകം ശാശ്വതമോ നശ്വരമോ മരണത്തിനുശേഷം ദിവ്യന് ജീവിതമുണ്ടോ ഇല്ലയോ എന്നൊക്കെ മനസ്സിലായേ പററൂ എന്നു ശഠിക്കുന്ന ഒരാളും അത്തരം വിവരങ്ങൾ അറിയുന്നതിനു മുമ്പ് പരലോകം പ്രാപിക്കേണ്ടിവരും. അതിനാൽ ആത്മീയജീവിതം, ലോകം ശാശ്വതമാണോ നശ്വരമാണോ എന്ന സങ്കുചിതതത്വത്തിലല്ല നിലനിൽക്കുന്നത്. സങ്കുചിതതത്വങ്ങൾ ശരിയായാലും ഇല്ലെങ്കിലും ജനനവും മരണവും വയസ്സുകാലവും ദുഃഖവും കണ്ണുനീരും കഷ്ടതയും വേദനയും നിരാശയും എല്ലായ്പ്പോഴും ഉണ്ടായിരിക്കും. ഇത്തരം ദുരിതങ്ങളെ ദൂരീകരിക്കാനുള്ള മാർഗ്ഗമാണ്, ഈ ജീവിതത്തിൽത്തന്നെ ഞാൻ സൂചിപ്പിക്കുന്നത്.''

## ധർമ്മോപദേശം പരിശോധനയ്ക്കു വിധേയമാക്കാമോ

ഡാക്ടർ രാധാകൃഷ്ണൻ അഭിപ്രായപ്പെടുന്നു, ''നമ്മുടെ മുൻഗാമികളെക്കാളും മുന്നോട്ടുകാണാൻ നമുക്ക് കഴിയും. കാരണം, അവരുടെ തോളിൽകയറിനിന്ന് കാര്യങ്ങളെ വീക്ഷിക്കാൻ നമുക്ക് സൗകര്യമുള്ളതുകൊണ്ട്മാത്രം'' (പേജ് 768. ഇന്ത്യൻഫിലോസഫി. വാല്യം രണ്ട്) അങ്ങനെയാണെങ്കിൽ ഒരു മഹാന്റെ ധർമ്മോപദേശം അതേപടി അംഗീകരിക്കാതെ അതിലടങ്ങിയിരിക്കുന്ന സത്യത്തെ കാലദേശസ്ഥിതി

കളുമായി പൊരുത്തപ്പെടുത്തി അത്ഥം ഗ്രഹിക്കണ്ടേ? യോഗിയുടെ അനുഭൂതി എന്നെന്നേക്കും വാസ്തവമായിരിക്കുമെങ്കിലും ഒരു ചരിത്രഘട്ടത്തിൽ ശരീരം ഉറപ്പിച്ചുനിൽക്കുന്ന മനുഷ്യനായിരിക്കും ദിവ്യസത്യങ്ങൾ അനുഭവിച്ച് ആജ്ഞാപിക്കുന്നത്. മനസ്സും ആത്മാവും ശരീരത്തിൽനിന്നാകുന്ന് സത്യദർശനം നടത്തിയാലും ശരീരത്തിൻെറ അതിപ്രസരം അൽപ്പമെങ്കിലും കാണാതിരിക്കാൻ നിർവാഹമില്ല. അപ്പോൾ ഒരു ആചാര്യൻെറ ആത്മാവിഷ്ക്കരണം മനുഷ്യചരിത്രത്തിലെ ഒരു വികാസദശക്കനുരൂപമായിരിക്കാനേ തരമുള്ളു. ശ്രീ ബുദ്ധൻ അന്ന് ജീവിച്ചിരുന്ന മനുഷ്യരുടെ ബുദ്ധിയുടെ നിലപാടു്വച്ചുകൊണ്ടേ ധർമ്മോപദേശം ചെയ്തിരിക്കാൻ സാദ്ധ്യതയുള്ളു എന്നും ഇന്ന് ആ വചനങ്ങൾക്ക് വേറൊരു് അത്ഥം കൽപ്പിക്കേണ്ട ആവശ്യമുണ്ടെന്നും തെളിയുന്നു. ധർമ്മോപദേശങ്ങളെ വ്യക്തനിഷ്ഠമായി പഠിക്കുകയാണെങ്കിൽ അവയ്ക്കുള്ള പദങ്ങളുടെ താല്പര്യം സത്യവിരോധമായി ഗ്രഹിക്കാനിടവരും. അതു് വിഡ്ഢിത്തമല്ലെ? ശ്രീ ബുദ്ധൻ ദർശിച്ച ധമ്മതത്വം പദങ്ങളിൽക്കൂടി പ്രകാശിതമായപ്പോൾ പദങ്ങളുടെ പരാധീനത ആ തത്വത്തിൻെറ മുഖവിലയെ കുറച്ചിരിക്കണം, അങ്ങനെ ആ പദസമുച്ചയം ഇന്നു് നാം ശ്രവിക്കുമ്പോൾ വ്യാഖ്യാനത്തിന് വ്യത്യാസം ഉണ്ടാകും. ധമ്മോപദേശം വിജ്ഞാനവികാസത്തിനനുസരണം പരിശോധിക്കപ്പെടേണ്ടതായും വരും.

## ബുദ്ധനു ശേഷം വന്ന ക്രിസ്തു

ക്രിസ്തു ക്രൂശിൽ താഴ്ത്തപ്പെട്ടപ്പോഠം വേദനപോക്കാൻ വ്യക്തിഗതമായി ഒന്നും ചെയ്തില്ല. അതിൻെറ ആവശ്യമില്ല എന്നു് അദ്ദേഹം വിളംബരം ചെയ്തു. "ദൈവമേ ഈ പാപികളെ രക്ഷിക്കണേ" എന്നു് അദ്ദേഹം ധ്യാനിച്ചപ്പോഠം നാളെയും ഈ ദുഷ്ടമനഃസ്ഥിതിക്കാർ ലോകത്തുനിന്നും ഒളിച്ചോടാൻ പ്രകൃതിയുടെ വികൃതി കൂട്ടനിൽക്കാതിരിക്കാനാണു് പ്രാൎത്ഥിച്ചതു്. ക്രിസ്തു സ്വയം ത്യാഗംമൂലം ലോകത്തിനോടു് ചൂണ്ടിക്കാണിച്ചതു് വ്യക്തിപരമായ ദുഃഖം മാനവവംശത്തിൻെറ ആക്രമാനം ഭാവിക്കുവേണ്ടി സാധൂകരിക്കപ്പെട്ടാമെന്നല്ലേ? ദുഷ്ടാചാരങ്ങളെ എതിർക്കുന്ന ധൎമ്മഭടനെ ഉപദ്രവിക്കാനുള്ള സാഹചൎയ്യം സമൂഹത്തിൽനിന്നും തുത്തെറിയാൻ ജനങ്ങഠം സംഘടിക്കണം. പള്ളിയിൽ ഒന്നിച്ചുചേരുന്ന വിശ്വാസികഠം നല്ലവൻെറ ഉപദേശം കേഠംക്കാനും അവൻെറ വഴി പിൻതുടരാനുള്ള പ്രതിജ്ഞചെയ്യാനും തയാറാകണം. യഥാൎത്ഥ പള്ളിയുടെ ജോലി അതാണു്. മനുഷ്യൻ കൂട്ടായിച്ചേർന്നു് ഖലത്വം ഹനിക്കാൻ ശ്രമിച്ചില്ലെങ്കിൽ ഇനിയും തുടർന്നു ലോകത്തിൽ അധർമ്മം നിലനിൽക്കാനേ ഒക്കുകയുള്ളു. വേറൊരുതരത്തിൽ പറഞ്ഞാൽ വിഷം പുരണ്ട അമ്പു് ഏററ വ്യക്തിമരണത്തെ ധൈൎയ്യപൂൎവ്വം നേരിടണമെന്നും ഒരു ഗുണപാഠം ലോകത്തിനു കിട്ടുന്നതു്, ദുഷ്ടവ്യക്തികഠം തമ്മിൽ തമ്മിൽ ദ്രോഹി

ക്കാനുള്ള അവസരം സമുദായത്തിൽ അവശേഷിക്കരു തെന്നുമാണു്.

## സോക്രട്ടീസ്

നെഞ്ചിൽതറച്ച വിഷംപുരണ്ട അമ്പിനെ എടു ത്തുകളഞ്ഞു് ദുഃഖനിരോധത്തിനു് ആജ്ഞാപിക്കുന്ന ബുദ്ധനെ അധൈര്യവാനായി സോക്രട്ടീസ് പരിഗണി ക്കും. ഗ്രീസിൽ പിറന്നു് തത്വജ്ഞാനത്തിനു് അത്ഭുത കരമായ അഭിവൃദ്ധിക്കുള്ള മാർഗ്ഗം നിർദ്ദേശിച്ച സോക്ര ട്ടീസ് വിഷംനിറച്ച ചഷകത്തെ ധൈര്യപൂർവ്വം വാ ങ്ങിക്കുടിച്ചു. ദുഷ്ടന്മാർ തന്നോടു ചെയ്ത നീചത്വത്തെ അംഗീകരിച്ചു് രക്തസാക്ഷിയായി ലോകത്തിനു് ഒരു പുതിയ സന്ദേശം അദ്ദേഹം നൽകി. ശ്രീബുദ്ധൻെറ ഉപദേശം അമ്പിനെ വലിച്ചൂരാനായിരുന്നെങ്കിൽ സോക്രട്ടീസിൻെറ മതം അമ്പിനെ ഏൽക്കാനായിരു ന്നു. മറെറാരുവിധത്തിൽ പറഞ്ഞാൽ, ഈ ലോക ത്തിൽ വിഷം നൽകി സന്മാർഗ്ഗികളെ നശിപ്പിക്കാനും അമ്പെറിഞ്ഞു് ശിഷ്ടന്മാരെ സംഹരിക്കാനും മനസ്ഥി തിയുള്ള ആളുകൾ ഉള്ളകാലംവരെ, വ്യക്തിഗതമായി അതിൽനിന്നു് രക്ഷാമാർഗ്ഗം തേടുന്നതു് മൂഢത്വമാ ണെന്നു് സോക്രട്ടീസ് വാദിച്ചു. ശിഷ്യന്മാരിൽ ഒരു വൻ സോക്രട്ടീസിനോടു് മരണത്തിൽനിന്നു് രക്ഷ പ്പെടാൻ ഉപായം ഉപദേശിച്ചെങ്കിലും അദ്ദേഹം അതും മനഃസാന്നിദ്ധ്യത്തോടെ തിരസ്കരിച്ചു. ശിഷ്ടത ശക്തി പ്പെടാനുള്ള ഒരു വ്യവസ്ഥിതി രൂപവൽക്കരിക്കാൻ,

ശിഷ്ടമനസ്ഥിതിയുള്ള വ്യക്തികളെ വാർത്തെടുക്കയാണുവേണ്ടതു്. ഒരാളുടെനേരെ വൈരാഗ്യമോ പ്രതികാരമോ വെച്ചുകൊണ്ടു് അമ്പെറിയാനുള്ള സാഹചര്യം സമൂഹത്തിൽനിന്നു് നിർമ്മാർജ്ജനം ചെയ്യാൻ അദ്ദേഹം ജീവിതം നയിച്ചു. തന്നത്താനറിഞ്ഞു് നന്നാകുകയും "ധർമ്മമാണ് ശരിയായ അറിവ്" എന്ന ആപ്തവാക്യം പ്രചരിപ്പിക്കുകയും ചെയ്താൽ മാത്രം ദുഷ്ടത അപ്രത്യക്ഷമാകയില്ല. അതിനാൽ രാഷ്ട്രഭദ്രതയും സാമ്പത്തികവ്യവസ്ഥിതിയും സാമൂഹ്യസ്ഥാപനങ്ങളും കൊണ്ടു് ദുഷ്ടതചെയ്യാൻ നിവൃത്തിയില്ലാത്ത, ആവശ്യമില്ലാത്ത ചുററുപാടു് സൃഷ്ടിക്കണം. വ്യക്തി താനേ ദുഃഖനിരോധത്തിനു് തുനിയാൻ ബുദ്ധൻ നിർദ്ദേശിച്ചെങ്കിൽ, വ്യക്തികൾ കൂട്ടായി ദുഃഖോച്ചാടനത്തിനു് ഒരുങ്ങണമെന്നാണ് സോക്രട്ടീസിന്റെ പക്ഷം. തന്നെ അമ്പെറിഞ്ഞവൻ ആരാണെന്നും അയാൾ ഉൾപ്പെട്ട ഗോത്രം പരമ്പരാഗതമായ ക്ഷുദ്രവാസനകൾ അയാളിൽ ചെലുത്തിയിട്ടുണ്ടോ എന്നും ധരിക്കണം. എങ്കിലേ അയാളിൽ നിഗൂഢമായിരിക്കുന്ന നീചതയെ നാളെയെങ്കിലും നീക്കാൻ സമൂഹത്തിനെ ഉത്തരവാദിത്വം ഏല്പിക്കാനൊക്കൂ.

## നീഷേ

19-ാം നൂററാണ്ടിലെ ജർമ്മൻചിന്തകനായിരുന്ന നീഷേ ശുഭാപ്തിവിശ്വാസവും അതിമാനുഷസിദ്ധാന്തവും പ്രചരിപ്പിച്ചു. ദുഃഖവും മരണവും ജരാനരകളും

അരിഷ്ടതകളും കണ്ടു് ഭയചകിതനാകുന്ന ബുദ്ധനെ അദ്ദേഹം ആക്ഷേപിക്കുന്നു. എന്തിനു് വ്യാധികളുടെ ആഗമനത്തിൽ നാം പ്രണിതരാകണം? വ്യാധിയും ആധിയും ലോകഘടനയുടെ കൂടെപ്പിറപ്പാണു്. അപ്പോൾ അവയെ മനുഷ്യർ ഒന്നുചേർന്നു് തോൽപ്പിക്കാനുള്ള ശ്രമത്തിനു നാം "ചിയേഴ്സ്" വിളിക്കണം. സംഘടിതമായി സംസാരദുഃഖത്തെ അടിച്ചൊതുക്കാൻ ആഹ്വാനം നൽകിയ നീഷേ ശാസ്ത്രത്തിൻെറ വികാസം അങ്ങേഅററം വിലമതിച്ചു. ബുദ്ധനു് ശാസ്ത്രത്തിൻെറ കയററം കാണാൻ കഴിഞ്ഞില്ല. ശാസ്ത്രം ശാസിക്കുന്നതു് ഒരു വ്യക്തി നേരിട്ടു് പ്രകൃതിയെ ആക്രമിക്കുന്നതു് ബുദ്ധിശൂന്യമാണെന്നാണു്. പ്രകൃതിയെ പരീക്ഷിച്ചു് കീഴടക്കാൻ കൂട്ടംചേർന്നാലേ പററൂ. കുറേയൊക്കെ സ്വാർത്ഥപരമായി ആളുകൾ ജീവിതത്തെ ആക്രമിക്കാൻ ബദ്ധപ്പെടുന്നതിൻെറ കുഴപ്പമാണു് ദുഃഖവർദ്ധനവിനു് കാരണം. ഒന്നിച്ചു് പിറന്ന നാം എന്തിനു് ഭിന്നിച്ചു് ജീവിതായോധനത്തിനു് കച്ചകെട്ടുന്നു. പക്ഷികൾ സംഘമായി, മൃഗങ്ങൾ ഒത്തുകൂടി പ്രപഞ്ചത്തിൽ വിഹരിക്കുമ്പോൾ ജീവിതസമരത്തിലെ ക്ലിഷ്ടതകൾ കശക്കിയെറിയാൻ മനുഷ്യർ ഒന്നായി മാർച്ചുചെയ്യണം. ജീവസന്ധാരണലക്ഷ്യം നമുക്കെല്ലാം ഏകമായിരിക്കെ ഏതുകാരണത്തിലാണു് നാം വിഘടിച്ചു് വിഭിന്നരായി പടവെട്ടാൻ ഭാവിക്കുന്നതു്. ലോകഘടന എന്തെന്നു് മനസ്സിലോർമ്മിക്കേണ്ട ആവശ്യമില്ലെ

ന്ന ബുദ്ധൻെറ തത്വത്തിന് പ്രസക്തിയില്ല. ലോകം നശ്വരമായിരുന്നാലും ശാശ്വതമായിരുന്നാലും ഒരു തരത്തിൽ ജീവിതവീക്ഷണത്തിന് നാം തയ്യാറാകുമെന്ന് ബുദ്ധൻ വിചാരിക്കുന്നതു് അബദ്ധമാണ്. വ്യക്തികൾക്ക് നശ്വരമായ ജീവിതം സമൂഹത്തിന് ശാശ്വതമായതുകൊണ്ടല്ലേ നാഗരികതയുടെ കെട്ടുറപ്പിനായി നാം യത്നിയ്ക്കുന്നതു്.

## മഹാത്മാഗാന്ധി

ഗാന്ധി മനുഷ്യചരിത്രത്തിൻെറ ഒരു നാഴികക്കല്ലായി മാറിനിൽക്കുന്നു. അദ്ദേഹത്തിന് ലഭിച്ച ദർശനം ആദ്ധ്യാത്മികസത്യങ്ങളെ പ്രായോഗികജീവിതത്തിൽ പരീക്ഷിക്കണമെന്നുള്ളതായിരുന്നു. ബുദ്ധൻെറ വ്യക്തിനിഷ്ഠമായ പരീക്ഷണമാർഗ്ഗം അദ്ദേഹത്തിന് രുചിച്ചില്ല. ഒരു ജനതയെ മുഴുവൻ അണിനിരത്തി അസത്യത്തെ അന്തർദ്ധാനംചെയ്യിക്കാൻ അദ്ദേഹം പാടുപെട്ടു. എന്തുകൊണ്ടെന്നാൽ, ജനസംഖ്യ വർദ്ധിച്ചതോടുകൂടി ബുദ്ധി അഭൂതപൂർവ്വമായി വികസിച്ചതോടെ ജീവിതപ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ നാലുപേർ സമ്മേളിക്കണമെന്ന് അദ്ദേഹം പഠിച്ചു. ചരിത്രം ഒഴുകിവന്ന കാലങ്ങൾ സൂചിപ്പിച്ചതും വ്യക്തിഗതമായ പരിശ്രമങ്ങളുടെ പരാജയവും സാമൂഹ്യസംരംഭങ്ങളുടെ വിജയവുമാണ്. രാഷ്ട്രത്തിന് മോചനം ലഭിക്കുമ്പോൾ വ്യക്തി വിമുക്തനാകും. രാഷ്ട്രത്തിൻെറ സാമ്പത്തികസ്ഥിതി

അഭിവൃദ്ധിപ്പെടുമ്പോൾ വ്യക്തിയുടെ ജീവിതത്തോത് ഉയരും. രാഷ്ട്രനിയമങ്ങൾ ബുദ്ധിപൂർവ്വം രൂപവൽക്കരിക്കപ്പെടുമ്പോൾ വ്യക്തിയുടെ സദാചാരസംഹിത അവസ്ഥാനുരോധമായി ചലിച്ചുതുടങ്ങും. അങ്ങനെ ഗവർമ്മെൻറിൻെറ നിർബ്ബന്ധംകൊണ്ടേ വിപുലമായിത്തീർന്നിരിക്കുന്ന മനുഷ്യൻെറ മൃഗീയതകൾ അവസാനിക്കാനുള്ള ആരംഭംപോലും ഉദയം ചെയ്യൂ. വ്യക്തിപരമായി വെറും ദുർബ്ബലനായ മനുഷ്യൻ സംഘംചേരുമ്പോൾ ആർജ്ജിക്കുന്ന ഊർജ്ജത്തിന് എത്ര ഭീമമായ ഭീകരതകളും മനുഷ്യജീവിതത്തിൽനിന്ന് മാററാമെന്ന് അദ്ദേഹം കണ്ടു. തന്നെ വെടിവെച്ചു വീഴ്ത്തിയപ്പോൾ ഗാന്ധി ഉച്ചരിച്ചതും "രാമ, രാമാ" എന്നല്ലേ. സ്വയം ത്യാഗം മൂലം ജനതയിൽ ഒളിച്ചിരിക്കുന്ന മൃഗീയവാസനകളെ കൊന്നുകുഴിച്ചുമൂടാൻ ഭാവിയിലെങ്കിലും മനുഷ്യൻ പ്രവർത്തിക്കട്ടെ എന്ന ഗുണപാഠം അദ്ദേഹം തെളിയിക്കയായിരുന്നു. ബുദ്ധൻെറ ജീവിതവീക്ഷണത്തിന് വളരെയേറെ പരിവർത്തനം വരുത്തിയതാണ് ഗാന്ധിയുടെ നേട്ടം. അങ്ങനെ ഗാന്ധി ബുദ്ധനേക്കാൾ പലതും കണ്ടു, കാണിച്ചുതന്നു.

## ബുദ്ധൻെറ ധർമ്മോപദേശം യുക്തിയുടെ വെളിച്ചത്തിൽ

വ്യക്തികൾ "സർവ്വം ദുഃഖ"മെന്ന തത്വം മനനം ചെയ്യുക. നിദിധ്യാസനത്തിൽക്കൂടി മറങ്ങളിൽ

ഒരുങ്ങി ദുഃഖനിരോധത്തിന് പ്രതിജ്ഞ ചെയ്യുക. സർവ്വസംഗപരിത്യാഗമായിരിക്കും അതിനുള്ള എളുപ്പ വഴി. പ്രപഞ്ചഘടനയോ ജീവിതലക്ഷ്യമോ അന്വേഷിക്കാൻ സമയം ചിലവഴിക്കുന്നത് അജ്ഞതയുടെ കൂടുതൽകൊണ്ടാണ്. ഒരാളിന്റെ നെഞ്ചിൽക്കൊള്ളുന്ന വിഷംപുരണ്ട അമ്പിനെ വലിച്ചൂരി ദുഃഖംതീർക്കാൻ വേറെ ആരും ഉത്തരവാദിയല്ല. ജീവിതം ഓരോ വ്യക്തിയുടെയും ഏകാന്തമായ തീർത്ഥയാത്രയാണ്. പക്ഷെ മനുഷ്യന്റെ യുക്തി, പരീക്ഷണങ്ങളും പ്രകൃതിനിരീക്ഷണങ്ങളും വഴി ഇന്ന് വളർന്നുതഴച്ചിട്ടുണ്ട്. അപ്പോൾ ജീവിതചിന്തചെയ്യുന്ന നാം പ്രായോഗികവിജയത്തിന് കൂട്ടനിൽക്കാൻ സന്നദ്ധതയുള്ള യുക്തിയെ അവലംബിക്കാതിരിക്കുന്നത് മനുഷ്യത്വമല്ല. എന്താണ് യുക്തി ഇന്ന് ആവശ്യപ്പെടുന്നത്? ചരിത്രത്തിന്റെ ചിന്താപരമായ വികാസം പരിശോധിക്കണം. ആ അനുഭവം നിർദ്ദേശിക്കുന്നത് വ്യക്തിപരമായ സാമ്പത്തികജീവിതത്തിൽ നിന്നും സമൂഹപരമായ സാമ്പത്തികഘടനയിലേക്ക് മനുഷ്യൻ കടന്നുകഴിഞ്ഞു എന്നുള്ളതാണ്. സോഷ്യലിസ്റ്റ്‌വ്യവസ്ഥിതികൊണ്ടേ മനുഷ്യന്റെ ജീവിതപുരോഗതിക്ക് പരിഹാരമാർഗ്ഗമുള്ളു എന്ന് ചരിത്രത്തിന്റെ ആവശ്യമായി ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ആ പശ്ചാത്തലത്തിൽ വ്യക്തിയുടെ ദുരിതങ്ങൾ ദൂരീകരിക്കാനുള്ള ചനഹാവും "സോഷ്യൽ" ആയിരിക്കണം. ഒരാൾ വിഷംപുരണ്ട അമ്പേററു

കിടന്നതുകണ്ടു് ഓടിയെത്തുന്ന ബന്ധുക്കൾക്കും നാട്ടു കാർക്കും അതു് ഊരിക്കളയാനും ആ ദ്രോഹംചെയ്ത വ്യക്തിയെ മാതൃകാപരമായി ശിക്ഷിക്കാനും ബാദ്ധ്യതയില്ലേ? അമ്പുകൊണ്ടവൻ മനുഷ്യൻെറ മാംസവും മജ്ജയും ഉള്ളവനാണെങ്കിൽ ചുററും കൂടിയവരോടു് തത്വപ്രസംഗവുമായി സമയംകഴിച്ചു എന്നു് പറയുന്നതും സ്വാഭാവികമല്ല. അങ്ങനെ ഗിരിപ്രസംഗവുമായി സമയം മെനക്കെടുത്തി മരിക്കാൻതക്കവണ്ണം അയാളെ കിറുക്കു് ബാധിച്ചിട്ടുണ്ടെങ്കിൽ നോക്കിനില്ക്കുന്നവർക്കു് ദുഃഖനിവാരണത്തിനു ഭാവിക്കാമായിരുന്നില്ലെ? അതോ, അവരും ബുദ്ധൻെറ ധർമ്മോപദേശത്തിനു് വേണ്ടി കിറുക്കന്മാരായിത്തീർന്നോ? അയാളുടെ പ്രലപനങ്ങളും കേട്ടു്മൂക്കിൽ വിരൽവെച്ചു് കൊത്തിവെച്ച പാവകൾപോലെ കുറെ കാണികളെ അവതരിപ്പിച്ചാൽ യുക്തിയുടെ നിഷ്ഠുരമായ ആവശ്യം നമ്മെക്കൊണ്ടു് ആ വസ്തുതകളെ അവിശ്വസനീയമായി എണ്ണാൻ പ്രേരിപ്പിക്കും. അല്ല, രണ്ടായിരത്തഞ്ഞൂറു കൊല്ലങ്ങൾക്കു് മുമ്പു് അമ്പുകൊണ്ട വ്യക്തിയും സഹജീവികളും സ്വാതന്ത്ര്യം ഉപയോഗിച്ചു ദുഃഖശമനത്തിന് കച്ചകെട്ടി വ്യൂഹംവെച്ചു് ഇന്നും ആ നയം സ്വീകരിക്കണമോ? ലോകവ്യവസ്ഥയെപ്പററി ഒന്നും അറിയാൻ ശ്രമിക്കണ്ട എന്നും തന്നത്താനേ വ്യാധിക്കു് ഉപാധി കണ്ടുപിടിക്കണമെന്നും നിഷ്ക്കർഷിച്ചാൽ അതു് സത്യദർശനമാണോ? ശ്രീ ബുദ്ധന് കാണാൻ ഒക്കാത്ത ചരിത്രപരമായ

അനുഭവമൂല്യം നമ്മെ ഉൽബുദ്ധരാക്കണം. ശ്രീ ബുദ്ധൻെറ ധർമ്മോപദേശത്തിലെ കല്ലുകൂടി നാം ഭുജിക്കണമെന്നു് ആക്രോശിക്കുന്ന പ്രസംഗങ്ങൾ കേട്ടു് അഭിമാനപുളകിതനാകുന്ന ഇന്ത്യക്കാരൻ ദന്തഗോപുരത്തിലാണു് ജീവിക്കുന്നതു്. ജീവിതം ഒരു ദീർഘസത്യമാണു്. അതിൽ ഹ്രസ്വത വരുത്തുന്ന തത്വസംഹിതകളെ ആരോപിച്ചു് ജീവിതസൗന്ദര്യം അപഹരിക്കാൻ ഭാവിക്കുന്നവർ നാളെയും ജീവിതമുണ്ടായിരിക്കണം എന്ന പരമാർത്ഥത്തെ അവഗണിക്കുകയായിരിക്കും. ജീവിതത്തെ വ്യക്തിഗതവീക്ഷണത്തിൽക്കൂടി അവലോകനംചെയ്ത ആചാര്യന്മാരൊക്കെ വളർന്നുകൊണ്ടിരിക്കുന്ന ജീവിതാനുഭവങ്ങളെ മുൻകൂട്ടി കണ്ടില്ല. അതുബോദ്ധ്യമായി ഇന്നുള്ളവർ സത്യാസത്യവിവേചനത്തിനു മുതിരണം.

## ശ്രീബുദ്ധൻെറ വെളിച്ചം

ഇത്രയും പറഞ്ഞിട്ടു് ആ മഹാൻെറ നിർദ്ദേശത്തിലെ കഴമ്പായ തത്വത്തെ അനുസ്മരിക്കാതിരിക്കുന്നതു് പാരമ്പര്യത്തോടു കാണിക്കുന്ന കൃതഘ്നതയായിരിക്കും. സംസാരം ദുഃഖഭൂയിഷ്ഠമായിവരാനെ നിവാഹമുള്ളു എന്ന നിഗമനം എന്നും മനുഷ്യനെ ബോധവാനാക്കാൻ ഉപകരിക്കുന്നുണ്ടു്. അതിനു ഹേതുമൂണ്ടിക്കാണിച്ചതു പിശകായിപ്പോയി. വ്യക്തിയുടെ ആഗ്രഹാതിരേകംമാത്രം അതിരുകടന്നു് പ്രവർത്തിച്ചാൽ വ്യാധിയാകുമോ? സഹജീവികൾ സ്വന്ത

സുഖത്തിന്'വേണ്ടി അനുഷ്ഠിയ്ക്കുന്ന ചൂഷണമാർഗ്ഗങ്ങൾ, കുത്സിതനയങ്ങൾ, മൃഗീയപരിപാടികൾ എപ്പോഴും കാലേക്കൂട്ടി കണ്ടു് പരിഹരിക്കാനുള്ള വിവേകജ്ഞാനം എല്ലാവർക്കും ഉണ്ടായെന്നു് വരില്ല. ആഗ്രഹം തന്നെ നല്ലതായും, സാമൂഹ്യജീവിതത്തിലെ ആർഭാടത്തിനുവേണ്ടി ചീത്തയായും കൈകാര്യംചെയ്യുന്നവരുണ്ടു്. മണ്ടന്മാരായും രോഗികളായും ജനിക്കുന്ന വ്യക്തികളും ജീവിതാഘാതങ്ങൾ കൊണ്ടു് അവശരാകുന്ന നിസ്സഹായരും ബോധജ്ഞാനംകൊണ്ടു് ദുഃഖനിഃരാധത്തിനു ബദ്ധശ്രദ്ധരാകുമെന്നുള്ള തീർച്ചയും അസ്ഥാനത്തിലാണു്. അപരനെ ബോദ്ധ്യപ്പെടുത്താൻ സഹജവാസനകളെ തോന്നിയവാസം വ്യാപരിപ്പിക്കുന്ന വ്യക്തികൾക്കും വ്യക്തിപരമായ മോചനമാർഗ്ഗം അത്ര സ്വീകാര്യമായി തീരുമോ? അങ്ങനെ മനശ്ശാസ്ത്രവും സാമ്പത്തികശാസ്ത്രവും സാമൂഹ്യശാസ്ത്രവും ഇന്നു് പ്രദാനംചെയ്തുകൊണ്ടിരിക്കുന്ന അറിവുകളെ ലഭിക്കാനൊക്കാത്ത ബുദ്ധനു് കാലോചിതമായ ഉപദേശം അന്നുതന്നെ തരാനും സാദ്ധ്യമല്ല. നാം ചെയ്യേണ്ടതു് ബുദ്ധൻെറ ദർശനത്തെ ഇരുപതാംനൂററാണ്ടിലെ ഗവേഷണങ്ങളുമായി തട്ടിച്ചു വിലയിരുത്തുകയാണു്. വർണ്ണജ്ഞാനത്തിൻ്റെ വെപ്രാളം കാണിക്കുന്ന അന്ധവിശ്വാസം അന്നത്തെപ്പോലെ ഇന്നില്ല. ദുഃഖത്തിന്നിരയാകുന്ന അനുള്ള വസ്തുക്കളല്ല ഇന്നു് നമ്മുടെ മുമ്പിലുള്ളതു്. കരകവിഞ്ഞൊഴുകുന്ന ദുഃഖം വന്നുചേർന്ന ഒരുപിടി ആളുകൾ ഒഴിഞ്ഞുമാറി മാ

ത്തിൽ പൊറുത്താൽ അന്നു് ദുഃഖനിരോധമാകുമെങ്കി ലും ഇന്നത്തെ വ്യക്തികൾക്കു് അതു് കഴിയുകയി ല്ല. ആശുപത്രികളും ചികിത്സാലയങ്ങളും പോരാതി രിക്കുന്ന ഇന്നു് സാമൂഹ്യവ്യവസ്ഥിതി ദുഃഖത്തിന്ന തീതമായി കെട്ടിപ്പടുത്താലെ കുറെയെങ്കിലും കഷ്ടത കളുടെ ഉറവു് വററിക്കാനൊക്കയുള്ളു. വ്യക്തി വ്യ ക്തിയായി ദുഃഖത്തിനോടു് പോരാടേണ്ട സന്ദർഭ ത്തെപ്പോലും ഇല്ലാതാക്കി, സാമൂഹ്യമായി ജീവിത വ്യഥകളെ ഒടുക്കുവാനുള്ള തീരുമാനമാണു് ഇന്നത്തെ അടിയന്തിരകാര്യം. ഏതുവിധമെങ്കിലും വ്യക്തിക്കു്മാത്രം ഏററമുട്ടേണ്ട വൈകാരികജീർണ്ണതയും ആത്മാശുദ്ധി യും ഗുണക്ഷയവും ശ്രീബുദ്ധൻെറ പാതയിലൂടെ നിർമ്മാർജ്ജനം ചെയ്യപ്പെടേണ്ടവയാണു്. അദൃശ്യശ ക്തികളുടെ സമ്മേളനത്തിൽനിന്നും വ്യക്തികൾ അഭിമുഖീകരിക്കേണ്ടിവരുന്ന യദൃച്ഛാവേദനകൾ വി പാടനംചെയ്യാൻ സാമൂഹ്യസംഘടനകൾക്കു് സാദ്ധ്യമ ല്ലെന്നു് വരാം. ബാഹ്യപ്രകൃതി സജ്ജമാക്കിയിട്ടുള്ള പോരായ്മകളും പൊരുത്തക്കേടുകളും ഉൻമൂലനംചെ യ്തു് മനുഷ്യപ്രകൃതി എഴുന്നള്ളിക്കുന്ന വൈകൃതങ്ങ ളെ നിയന്ത്രിച്ചു്, സുഖത്തിൻെറ പൂനിലാവു് പര ത്താൻ സമൂഹശക്തി ഉണർന്നെഴുന്നേററാൽ നിഷ്പ്ര യാസമല്ലേ? തത്വചിന്ത സാമൂഹ്യമായി ചലിച്ചാൽ ശ്രീബുദ്ധൻെറ ധർമ്മോപദേശത്തിലെ കല്ലുകൾ പെറു ക്കിയെടുത്തുകളഞ്ഞു് വെളിച്ചംകൊണ്ടു് ജനങ്ങളെ നവോത്ഥാനത്തിലേക്കു് നയിക്കാം. ജനകീയതത്വ

വിചാരത്തിൻെറ തണലിൽ വിഷംപുരണ്ട അമ്പുകൾക്കു് തലപൊക്കാൻ ഇടയില്ലെന്നുവരും.

## ഇന്നത്തെ ആവശ്യം ജനകീയതത്വവിചാരം

ശ്രീബുദ്ധൻെറ ധർമ്മോപദേശങ്ങൾപോലെ ജിനനും, കണാദനും, കപിലനും, ഗോതമനും, ജൈമിനിയും, ശങ്കരനും, കൃഷ്ണനും നിരൂപിച്ച തത്വസംഹിതകൾ ഇന്ത്യയ്ക്കുണ്ടു്. ആ തത്വജ്ഞാനത്തെ വിലയിരുത്തി, കല്ലും നെല്ലും കണ്ടുപിടിച്ചു് ഒരു നവയുഗത്തിൻെറ സാരഥ്യത്തിൽ വീണ്ടും തത്വജ്ഞാനത്തിൽ നാം വ്യാപൃതരാകണം. ജനങ്ങൾ ഇണങ്ങിച്ചേരാനുള്ള തത്വസംഹിതകൾ അനവധി നമ്മുടെ ഭണ്ഡാഗാരത്തിൽ ഉപയോഗശൂന്യമായി കിടക്കുകയാണു്. ഇരുപതു് നൂററാണ്ടായിട്ടും ജനങ്ങൾ അകന്നുനിന്നു് ഒററയ്ക്കൊററയ്ക്കായി ജീവിതതീർത്ഥയാത്രയിൽ പങ്കുകൊള്ളുന്നു—മരിക്കുന്നു. പിന്നെയും സംസാരചക്രം കറങ്ങുന്നുണ്ടു്. ആചാര്യന്മാരുടെ തോളിൽകയറിനിന്നു് നാം ഭാവിയിലേയ്ക്കു് ഉററുനോക്കുമ്പോൾ കണ്ടെത്തുന്നതു് ഹരിതവർണ്ണാലംകൃതമായ ജീവിതസാനുവാണു്. പ്രകൃതി അതിൻെറ അലങ്കാരപ്പണി കൃത്യമായി നടത്തിവരുന്നു. മനുഷ്യനോ പകച്ചു പതറി ഉഴലുകയാണു്. നവയുഗത്തിൻെറ ആവിർഭാവത്തിൽ പ്രയോജനപ്പെടുത്തേണ്ട ദർശനങ്ങൾ മുളയ്ക്കാൻ മണ്ണില്ലാതെ കേഴുകയാണു്. വൈരുദ്ധ്യാത്മകമായ ജീവിതത്തിൻെറ വേറൊരു വൈരുദ്ധ്യമല്ലേ, വ്യവസ്ഥിതി

ഒരു വശത്തും, തത്വം വേറൊരുവശത്തുമായി വീർപ്പമുട്ടുന്നതു്. തത്വങ്ങൾ ഉണ്ടായിരിക്കുമ്പോൾ വ്യവസ്ഥിതി ഉത്ഭവിക്കുകയില്ല. വ്യവസ്ഥിതിക്കായുള്ള തത്വങ്ങൾക്കു് പൂർണ്ണതയുമില്ല. ശ്രീബുദ്ധനെ ഹൈന്ദവസിദ്ധാന്തത്തിൽ ചേർത്തു് അദ്ദേഹത്തിന്റെ തത്വങ്ങളെ ആകർഷിച്ചെടുത്തതിനു് ശേഷം വിദേശരാജ്യങ്ങളുടെ നിത്യസമ്പത്തായി ബുദ്ധമതത്തെ പറഞ്ഞയച്ച മിടുക്കന്മാരാണു് ഇന്ത്യക്കാർ. സിലോണിലും ജാപ്പാനിലും ടിബററിലും ഇൻഡോചൈനയിലും കൊടുമ്പിരിക്കൊള്ളുന്ന ബുദ്ധദർശനത്തിനു് നമ്മുടെ നാട്ടിൽ സാരമായ സ്വാധീനക്കുറവിനു് കാരണം, നാട്ടുകാരുടെ തലതെറിച്ച പോക്കാണു്. ഹൈന്ദവസിദ്ധാന്തത്തിന്റെ പണ്ടേയുള്ള വിശുദ്ധമാർഗ്ഗത്തിൽ നിന്നും അണുമാത്രം വ്യതിചലിക്കുന്ന തത്വങ്ങൾ ഇന്ത്യക്കാരൻ സംരക്ഷിച്ചിട്ടില്ല. അതാണു് ഭൗതിക ചാർവ്വാകവാദം പൊടിപോലും ഇന്നു് കാണാത്തതു്. ശ്രുതിയും ബ്രഹ്മവിദ്യയും ഉൽഘോഷിക്കാത്ത ബുദ്ധനെ രണ്ടായിക്കീറി ഹൈന്ദവമാർഗ്ഗത്തിനു് പററിയ ഭാഗം കൊള്ളുകയും പററാത്തഭാഗം തള്ളുകയും ചെയ്തു. എന്നാൽ ഹൈന്ദവരുടെ ഇന്ത്യ ഗുണംപിടിച്ചോ? ഇല്ല. ജനകീയതത്വവിചാരത്തിനു് താല്പര്യം പ്രദർശിപ്പിക്കാത്തതാണു് ഇന്ത്യക്കാരന്റെ പരാജയം. ജനങ്ങളുടെതായ കല, സമ്പദ്‌വ്യവസ്ഥ, രാഷ്ട്രഭദ്രത, സാമൂഹ്യസ്ഥാപനങ്ങൾ, നീതിബോധത്തിൽ നിർമ്മിക്കാനുള്ള തത്വവിചാരം ഇന്ത്യക്കാരനു് അറിഞ്ഞു

കൂടായിരുന്നു. ഹേതു വേറൊന്നുമല്ല, ഊർജ്ജതന്ത്രമോ രസതന്ത്രമോ പ്രകൃതിയുടെ വസ്തുനിഷ്ഠശാസ്ത്രമോ പഠിച്ച് ജീവിതദർശനത്തെ സംപൂർണ്ണമാക്കിയില്ല എന്നുള്ളതുതന്നെ. ജീവിതം അനുനിമിഷം അന്വേഷിക്കേണ്ട ഒരു ഗംഭീരവസ്തുവായി ഇന്ത്യക്കാരന് തോന്നിയിട്ടില്ല. അതിമാനുഷരായി വളർന്നവർ പ്രതിപാദിച്ച ജീവിതനിഗമനങ്ങളെ അതേപടി അനുകരിക്കാനുള്ള പ്രവണതയാണ് അവനിൽ ശതാബ്ദങ്ങളായി പ്രവർത്തിച്ചുപോരുന്നത്. കാലാകാലം ജനങ്ങൾക്ക് സംഘടിതമായി ഉണ്ടാകേണ്ട വളർച്ച ഇന്ത്യക്കാരനെ അലട്ടിയിട്ടില്ല. പാരംപാരമായി രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ അവൻ പഠിച്ചിട്ടില്ല. മതം ദർശിച്ച സൂക്തികൾ, യോഗാത്മകമായ അന്തർദൃഷ്ടി അവലോകനംചെയ്ത ജീവിതലക്ഷ്യം തുരീയാവസ്ഥയിൽ നേടുന്ന ആനന്ദാനുഭൂതി, സന്യാസത്തിൽ കരഗതമാകുന്ന മനഃശ്ശാന്തി, ഒളിച്ചോടലിൽ കണ്ടെത്തുന്ന നിരുത്തരവാദിത്വം, നീതീകരണത്തിൽ നിലകൊള്ളുന്ന വാദമുഖങ്ങൾ, മഹാന്മാരെ വിണ്ണോളംവാഴ്ത്തി വ്യക്തിസത്തയെ നിസ്സാരമാക്കാനുള്ള ശീലം, നൂതനത്വത്തിലുള്ള വെറുപ്പ്, പാരമ്പര്യത്തിനോടുള്ള അനായാസമായ കൂറ്, ശരീരം ഉഴച്ച് ജീവിതവികാസത്തിന് തയാറില്ലായ്മ, ഭാവനാപരമായ ജീവിതത്തിലുള്ള കൊതി, വർദ്ധിച്ച ഉഷ്ണകാലാവസ്ഥ നൽകുന്ന സ്വപ്നജീവിതഭ്രമം

ഇന്ത്യക്കാരനെ അരാജകത്വത്തിലേക്ക് താഴ്ത്തിക്കൊണ്ടിരിക്കുന്നു.

ജനകീയതത്വവിചാരം ഉദിക്കുമ്പോൾ സാമൂഹ്യമായ ഉത്തരവാദിത്വം വ്യക്തിയിൽ നിക്ഷേപിക്കപ്പെടുന്നു. ഈ ഭൂമിയിൽ ജനിച്ചുകഴിഞ്ഞാൽ മററുള്ളവർക്ക് ഉണ്ണാനും ഉടുക്കാനും ഉറങ്ങാനുമുള്ള സൗകര്യങ്ങൾ അല്പംപോലും അവകാശപ്പെടാതെ, കയ്യടക്കാതെ സ്വന്തം ആവശ്യങ്ങൾ ജനസംഖ്യാപ്പെരുപ്പത്തിന്നനുസരിച്ച് വെട്ടിക്കുറയ്ക്കാനുള്ള സഹിഷ്ണുത മനുഷ്യൻ ശീലിക്കും. അതു താനേ ശീലിച്ചുകൊള്ളുമെന്നുള്ള അബദ്ധധാരണയിൽ മനുഷ്യനെ വിട്ടേയ്ക്കാൻ പോകുന്നില്ല. ഗവർമ്മെണ്ടിന്റെ രൂക്ഷമായ നിയമങ്ങളുടെ മുന്നിൽ മൃഗീയതയുടെ ക്രൂരതരങ്ങായി ജീവിതം മാററുന്ന വ്യക്തികളെ നിയന്ത്രിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കും. രാഷ്ട്രം നിർബ്ബന്ധിക്കുന്നതുകൊണ്ടു് വ്യക്തിയുടെ തൻകാര്യസമ്പദ്‌വ്യവസ്ഥക്ക് സ്ഥാനമില്ല എന്ന ബോധം സംജാതമാകും. സ്ഥാവരമായി ഒരു സ്വത്തും വ്യക്തികൾക്ക് സ്വന്തമായി കൈകാര്യംചെയ്യാനർഹതയില്ലെന്നും ഇന്നും നാളെയും ജനിച്ചുകൊണ്ടിരിക്കുന്നവർക്ക് സുരക്ഷിതമായ സാമ്പത്തികവ്യവസ്ഥിതി രാഷ്ട്രത്തിന് കരുതിയേ ഒക്കൂ എന്നും ബോധം ഉണ്ടാകും. വ്യക്തികൾ സ്വകാര്യസ്വത്തു് വെച്ചുകൊള്ളട്ടെ എന്നനുവദിച്ചപ്പോൾ നൂററാണ്ടുകളായി ചരിത്രം പഠിപ്പിക്കുന്നതു് സംസ്കാരവും കലയും തത്വചിന്തയും ശാസ്ത്രവും സാമ്പത്തിക

മായി കഴിവുള്ള വ്യക്തികൾ ഇഷ്ടംപോലെ പന്താട്ടമെന്നുള്ളതാണ്. അതിനാൽ ജനകീയതത്വവിചാരത്തിൻെറ പ്രഥമവും പ്രധാനവുമായ കർത്തവ്യം രാഷ്ട്രത്തെ വ്യക്തികളുടെ ജീവിതസൗകര്യങ്ങളെ എല്ലാം പണയാധാരമായി ഏല്പിക്കുക എന്നുള്ളതായിരിക്കും. എന്നിട്ട് സ്വതന്ത്രമായ തത്വചിന്തക്കും മതത്തിനും കലയ്ക്കും ശാസ്ത്രത്തിനും സന്ദർഭം നൽകും. വ്യക്തികളുടെ ട്രസ്റ്റി (വിശ്വാസഭാജനം) എന്ന നിലയ്ക്കല്ലാതെ വ്യക്തിയെ ചവുട്ടിമെതിക്കുന്ന രാഷ്ട്രത്തിനെ ഗവർമ്മെണ്ട് ശ്രദ്ധിക്കുകയില്ല, രാഷ്ട്രീയ ഭദ്രത വ്യക്തികളുടെ ബോധത്തിൽ നിലനിൽക്കുന്നതിനാൽ സമൂഹവും വ്യക്തിയും തമ്മിലുള്ള ബന്ധം ആവർത്തിച്ചു പ്രചരിപ്പിക്കാനുള്ള വ്യവസ്ഥയും സൃഷ്ടിക്കും. വ്യക്തി സമൂഹത്തിൻേറതും സമൂഹം വ്യക്തിയുടേതുമായ ഒരു നവീനാന്തരീക്ഷം ഉടലെടുക്കാനാണ് ജനകീയതത്വവിചാരം അരങ്ങത്ത് പ്രവേശിക്കുന്നത്. സാമൂഹ്യജീവിതത്തെ ക്രിയാത്മകമായി പ്രതിഫലിപ്പിക്കുന്ന തത്വവിചാരം നീതിയുടെ മൂല്യത്തിൽ സമൂഹസൃഷ്ടിക്കായി വാദിക്കും. സാമൂഹ്യവിപ്ലവമാണ് എല്ലാ യുഗത്തിലും ജനകീയതത്വവിചാരം നിഷ്കർഷിക്കുന്ന ചരിത്രാവശ്യം. വിദഗ്ദ്ധനായ പ്ലേറേറാപോലും നീതി (ജസ്റ്റിസ്)സമൂഹത്തിൻെറ ആണിക്കല്ലായിരിക്കണമെന്ന് ആദർശരാഷ്ട്രത്തിൻെറ സംവിധാനത്തിൽ നിർദ്ദേശിക്കുന്നു. ആദർശജീവിതം വ്യക്തിഗതമല്ല, സാമൂഹ്യമായിത്തീരണം.

# ഇന്ത്യൻ തത്വജ്ഞാനത്തെ വിലയിരുത്തുക

"ജീവിതത്തിനനുരൂപമല്ലാത്ത തത്വചിന്ത നിശ്ചേഷ്ടമായ ശരീരത്തിന്റെ തുല്യമാണു്. നമ്മുടെ ഇന്ത്യയിൽ മതിയായ തത്വജ്ഞാനമുണ്ടെങ്കിലും വളരെ കുറച്ചു മാത്രമേ ജീവിതമുള്ളു. മനുഷ്യവൃത്തിയെ ഭരിക്കുന്ന നിയമങ്ങൾ ഇനിയും ഗവേഷണം ചെയ്യേണ്ടിയിരിക്കുന്നു എന്നും ഗവേഷണത്തിന്റെ സാഹചര്യം ഇന്നു് അത്യാവശ്യവും അനിഷേധ്യവുമാണെന്നും ഞാനറിയുന്നുണ്ടു്" (യംഗ് ഇന്ത്യ വാല്യം 2. പേജ് 147.) ബാബുരാജേന്ദ്രപ്രസാദ് (എഡിററു ചെയ്തതു) ഇത്രയും മഹാത്മാഗാന്ധി നമ്മോടു് ആജ്ഞാപിച്ചിട്ടു് അധിക നാളുകളായിട്ടില്ല. എന്നാൽ ഇന്നും ഇന്ത്യക്കാരായ നാം, പ്രാചീനസംസ്കാരത്തിന്റെ തൊട്ടിലായിരുന്ന ഗ്രീസിനുപോലും പ്രചോദനം നൽകി. പാശ്ചാത്യതത്വചിന്തയുടെ പിറവിക്കു്താരാട്ടു പാടിയതു് ഇന്ത്യയുടെ യഥാർത്ഥ തത്വജ്ഞാനമായിരുന്നെന്നു് വിശ്വസിച്ചുപോരുന്നു. ആർഷവിജ്ഞാനസൗധത്തിന്റെ സവിധത്തിലൂടെ ആർക്കെങ്കിലും നടന്നു പോകാൻ തരം കിട്ടിയെങ്കിൽ തിരിച്ചുവന്നാലുടനെ ഇന്ത്യൻ ദർശനങ്ങളെപ്പററി മുക്തകണ്ഠം പ്രശംസിക്കുകയായി.

റഷ്യയിലും ചൈനയിലും നേതാക്കൾ സന്ദർശിച്ച് മടങ്ങിപ്രസ്സ് കോൺഫറൻസ് നടത്തുംപോലെ, വാസ്തവമോ, ദുർഗ്രാഹ്യങ്ങളോ ആയ ചിന്താസ്തംഭങ്ങളെ ആഞ്ഞുകെട്ടിപ്പുണർന്നിട്ടും പിടികിട്ടാതെ വന്നപ്പോൾ, ഭയങ്കരം, ഭാവഗംഭീരം, എന്ന് നിസ്സഹായമായി മുറിയടച്ചിരുന്ന് വിലപിച്ചതു മാത്രം. ജീവിതസത്യം കണ്ടെത്താനും പരമമായ സത്യം ആപേക്ഷികജീവിതത്തിൽ പരീക്ഷിച്ചു പകർത്താനും തുനിഞ്ഞ ആദ്യത്തെ തത്വചിന്തകൻ ഗാന്ധിജിയായിരുന്നു. അദ്ദേഹത്തിൽ നാം ദർശിക്കുന്ന ജീവിതവീക്ഷണം ടാഗോറും ഇഖ്ബാലും കബീറും ഭാവനയിൽനിന്നും അടർത്തിയെടുത്ത ജീവിതസൗന്ദര്യബോധവുമാണ്. വേദങ്ങളും ഉപനിഷത്തുക്കളും ഭഗവദ്ഗീതയും പുരാണേതിഹാസങ്ങളും ദർശനങ്ങളും ധാരാളമുള്ള ഇന്ത്യയിൽ ജീവിതതത്വത്തിൽ അധിഷ്ഠിതമായ സാമൂഹ്യജീവിതം ഗാന്ധിജിയോ കവികളോ കണ്ടില്ല. അതുകൊണ്ടാണ് അവർ സാമാന്യജനങ്ങളോട് വിളംബരം ചെയ്തത് ഇന്ത്യയുടെ ദർശനപരമ്പര യഥാർത്ഥതത്വജ്ഞാനത്തിന്റെ ദൃഷ്ടാന്തമല്ലെന്ന്. ആ പരിഷ്കരണപ്രവാഹത്തെ തുടർന്നു കൊണ്ടുപോകാൻ തത്വശാസ്ത്രവിദ്യാർത്ഥികൾ പാടുപെടുമ്പോൾ, ഇന്ത്യയുടെ മുക്കിലും മൂലയിലും നിന്ന് കൂപമണ്ഡൂകമനഃസ്ഥിതി വിളിച്ചറിയിച്ച് കുറെ പണ്ഡിതവര്യന്മാരുടെ പുറപ്പാട്, "യോഗാത്മകമായ ശ്രുതിയുക്ത്യനുഭവങ്ങളുടെ" വിരിമാറിൽ കയറിനിലയുറപ്പിച്ചു. "ഭാരതീയരുടെ ദൈ

നംദിനജീവിതത്തിലെ പ്രായോഗികമായ വിശ്വാസ പ്രമാണങ്ങൾ" സമ്പാദിച്ചുതന്ന ആചാര്യന്മാരെ മറക്കരുതേ, നിന്ദിക്കരുതേ എന്നു് പല്ലവിയും. "വ്യക്തിത്വവിശേഷം" വളർത്താൻ തയാറെടുത്ത ദാർശനികരെ അന്ധമായി പിൻതുടരുകയല്ലേ ഉയരുന്ന തലമുറയുടെ മുഖ്യകർത്തവ്യം. ഇന്ത്യൻ തത്വചിന്തയുടെ പഴയ ഏടുകളിലേക്കു് ഊഴിഞ്ഞുനോക്കിയാൽ കാണാവുന്നതു് അത്ഭുതകരമായ "അന്തർമുഖമാറ്റമല്ലേ?" ഇങ്ങനെ ചതച്ചരച്ചു് ചാറെടുത്തു് പതിരായിത്തീർന്നാലും ഇന്ത്യൻ ദർശനങ്ങളെ വിടില്ല എന്നു ശാഠ്യം പിടിക്കുന്നവർ ഒന്നുകൂടെ ഗാന്ധിജിയുടെ ആപ്തവചനം ശ്രദ്ധിക്കട്ടെ.

ഹിമാലയോന്നതമായ തത്വചിന്തകൾ നമുക്കുണ്ടെങ്കിൽ സാധാരണജീവിതം വിഗണിക്കപ്പെട്ടു വിസ്മൃതിയിലേയ്ക്കു് മറഞ്ഞുകൊണ്ടിരിക്കുന്നു, പരിപൂർണ്ണതനേടാൻ വ്രതംനോററ ആശ്രമങ്ങളിലും അമ്പലപ്രാന്തങ്ങളിലും ചമ്രംപടിഞ്ഞിരിക്കുന്നവർ, ദർശനങ്ങളെ ഉരുവിടുന്നതല്ലാതെ, വെയിലിൽ ഉരുകുന്ന, മഴയത്തു് കൊഴിയുന്ന, മഞ്ഞിൽ മരവിക്കുന്ന ഇന്ത്യൻ സാമൂഹ്യജീവിതം താനേ നന്നാകുമെന്നു് പ്രാർത്ഥിച്ചു് കാലംകളയുകയാണു്. ജീവിതവും തത്വചിന്തയും ആനുപാതികമായി ചലിച്ചില്ലെങ്കിൽ, വ്യക്തികൾ തെളിഞ്ഞുമറവന്നുവരെ ജീവിതം കാത്തുനിൽക്കേണ്ടിവരും. ഒന്നിച്ചുജീവിക്കാനുള്ള ജീവിതത്തിൽ ഒററതിരിഞ്ഞു് ബ്രഹ്മത്തെ അന്വേഷിക്കുന്ന പ്രകൃതം ചുററു

പാടും വിനയാണ് വിതച്ചുകൊണ്ടിരിക്കുന്നതു്. മനുഷ്യൻ ആചാരത്തിലും അനുഷ്ഠാനത്തിലും എന്തൊക്കെ നിയമങ്ങൾ പാലിക്കണമെന്നോ പൊതുജീവിതത്തിൽ നിലനിറുത്തേണ്ട മൂല്യങ്ങളെപ്പററിയോ നിർദ്ദേശിക്കാത്ത ദർശനങ്ങളെ ആലിംഗനംചെയ്തു ആത്മനിർവൃതി നേടുന്ന കാഴ്ച രസാവഹമായി പാശ്ചാത്യർക്കു് അനുഭവപ്പെടുന്നതിൽ എന്തിനു് അരിശംകൊള്ളണം? തെക്കെ ആഫ്രിക്കയിലും ഇംഗ്ലണ്ടിലും ഇന്ത്യക്കാരനു് നേരിട്ട യാതനകളുടെ പട്ടിക ആദ്യമായി നാട്ടുകാരുടെ സമക്ഷം അവതരിപ്പിച്ചു് നമ്മുടെ സാമൂഹ്യജീവിതം ശോചനീയമാവുന്നതിൻെറ ഹേതുക്കൾ ഗാന്ധിജി ആരാഞ്ഞു. അദ്ദേഹം ചെന്നെത്തിയ നിഗമനം, ഇന്ത്യൻതത്വജ്ഞാനത്തെ സാമൂഹ്യജീവിതവുമായി പൊരുത്തപ്പെടുത്തി മൂല്യങ്ങൾ ആവിഷ്ക്കരിക്കുക എന്നുള്ളതാണ്. അന്യരാജ്യക്കാർക്കു് കൂടപ്പിറപ്പായ സാമ്പത്തികസൗകര്യങ്ങൾ ഇന്ത്യയിലില്ലാതെവന്നതു് നമ്മുടെ ജീവിതവീക്ഷണത്തിൻെറ തകരാറല്ലെ? ഊർജ്ജതന്ത്രം, രസതന്ത്രം, കൃഷിശാസ്ത്രം, ഭരണജ്ഞാനം, വ്യാവസായികശാസ്ത്രം ഇവയിൽ നമുക്കു് വിരചിക്കാനിടവരാത്തതു് നമ്മുടെ തത്വചിന്തയുടെ വിലക്ഷണതയല്ലാതെ മററന്താണ്? മതബോധം കൊള്ളാം. ദർശനവും അതിന്മേലുള്ള പഠനവും നല്ലതുതന്നെ. എന്നാൽ ബോധം ഒരുവശത്തും ജീവിതം ഒന്നിനൊന്നു് വേറൊരുവശത്തും അധഃപതിക്കയുംചെയ്താൽ തത്വചിന്ത ജഡസമമായിത്തീരും. ജീവിതത്തോടോ

ജീവിതാടിസ്ഥാനമോ ജീവിതചിന്തയോ കാര്യക്ഷമമായി കൈവരുത്തുവാൻ മിനക്കെട്ടിട്ടുള്ള തത്വചിന്താഗ്രന്ഥങ്ങൾ ഇന്ത്യക്കാരന് പൂജ്യം. പിന്നെങ്ങിനെ, അവന്ന് ഐശ്വര്യമോ നീതിയോ സമാധാനമോ ഭൗതികജീവിതത്തിലുണ്ടാകും.

നമുക്ക് ശാന്തമായി ചോദിക്കാം, നമ്മുടെ ആചാര്യന്മാരോട്, എന്തൊക്കെ ജീവിതത്തിന്നായി നിങ്ങൾ പഠിപ്പിച്ചു എന്ന്. ജനകീയതത്വചിന്ത ഇന്ത്യക്കാരന് പാരമ്പര്യത്തിൻെറ പേരിൽ അഭിമാനിക്കാനില്ല. പറയാനുള്ളത് കാലപ്പഴക്കമുള്ള ഒരു സമൂഹരീതി. പഠിപ്പുള്ളവരുടെ മേധാവിത്വത്തിൽ സമൂഹം സംവിധാനംചെയ്ത് വർണ്ണാശ്രമധർമ്മം പാലിക്കപ്പെട്ടവന്നുപോലും. ധർമ്മാർത്ഥകാമമോക്ഷങ്ങൾ പുരുഷാർത്ഥങ്ങളായി തിട്ടപ്പെടുത്തിയിരുന്നെങ്കിൽ, സാധാരണക്കാരന് കാമപൂർത്തിക്കാ അർത്ഥസമ്പാദനത്തിനോ പരിതഃസ്ഥിതി അനുവദിക്കപ്പെട്ടിരുന്നില്ല. മോക്ഷത്തിൽ കടിച്ചുതൂങ്ങി ധർമ്മം സഹസ്രനേരം ചൊല്ലി അടിത്തട്ടിൽ അലസരായി ഭൂരിപക്ഷം ജനങ്ങളും കഴിഞ്ഞു. മേൽക്കോയ്മ ചെലുത്താൻ ശരീരശക്തിയുള്ളവർ ചന്ദ്രഹാസമിളക്കി സമൂഹം നയിച്ചു. നാലുവേദങ്ങൾ ഭാരതീയൻെറ പൊതുസ്വത്താണ്. മനസ്സിൻെറ തൊഴിൽശാലയിൽ പണിതെടുത്ത ദൈവങ്ങളെ ആരാധിക്കാനും കർമ്മസിദ്ധാന്തത്തിൽ വിശ്വസിച്ച് ആദ്ധ്യാത്മികവും ആധിഭൗതികവും ആധിദൈവികവുമായ ക്ലിഷ്ടതകളെ തരണംചെയ്യാനും വേ

ദാചാര്യർ പഠിപ്പിച്ചു. നമ്മുടെ ചിന്തകളും വാക്കിനും പ്രവർത്തികളും വിലനിശ്ചയിക്കുന്നതു് ദൈവമായതു കൊണ്ടു് പാപങ്ങൾ ചെയ്യാൻ എല്ലാർക്കും വിമുഖത യുണ്ടായിരുന്നു. കുടുംബജീവിതം പരസ്പരം സ്നേഹവിശ്വാസ ബഹുമാനാദി ഗുണങ്ങളിൽ ഇണങ്ങണമെന്നും നിഷ്കർഷിച്ചിട്ടുണ്ടു്. യാഗകർമ്മങ്ങളിലൂടെ ജീവിതത്തിൽ കടമകൾ നിർവ്വഹിച്ചു് നാം സമുദായത്തിൽ കഴിഞ്ഞുകൂടണം. രാഷ്ട്രീയം, ഭരിക്കുന്ന രാജാവും അനുസരിക്കാനറിയാവുന്ന ജനങ്ങളും സൃഷ്ടിക്കുന്ന ശാശ്വതബന്ധമാണ്. ഭൂമിയും അന്തരീക്ഷവും സ്വർഗ്ഗവും ഉൾക്കൊള്ളുന്നതാണ് പ്രപഞ്ചം. 'ഋത' പ്രകൃതിയേയും മനുഷ്യവൃത്തിയേയും നിയന്ത്രിക്കുന്നു.

ഇനി ഉപനിഷത്തുക്കൾ-ആത്മാവും ബ്രഹ്മാവും ഒന്നാണെന്നുള്ള അദ്വൈതവാദം ശ്രീ ശങ്കരനും അനന്തകല്ല്യാണഗുണങ്ങളോടുകൂടിയ ഈശ്വരൻ പ്രകൃതിയുടേയും ആത്മാവിൻെറയും അന്തര്യാമിയാണെന്ന വിശിഷ്ടാദ്വൈതവാദം ശ്രീരാമാനുജനും ഈശ്വരനും, പ്രപഞ്ചവും ഭേദമാണെന്ന ദ്വൈതവാദം ശ്രീ മാധ്വനും നിർമ്മിച്ചതു് വേദാന്തസാഗരത്തിൽനിന്നാണ്.

അടുത്തതായി തത്വചിന്തയെ കോരിത്തരിപ്പിച്ച മൂന്നു സ്വതന്ത്രദാർശനികരുടെ വരവായി. ശ്രീബുദ്ധൻ നല്ലനടത്തമൂലം ആഗ്രഹത്തെ നിഗ്രഹിച്ചു് നിർവ്വാണം നേടാമെന്നു് പ്രചരിപ്പിച്ചു. ശ്രീ ജിനമഹാവീരൻ നല്ല ജ്ഞാനവും പ്രവൃത്തിയുംകൊണ്ടു് പരി

പൂർണ്ണത ലഭിക്കുമെന്നു് ചൂണ്ടിക്കാണിച്ചു. ശ്രീ ബൃഹസ്പതിയാകട്ടെ ചാർവ്വാകസിദ്ധാന്തത്താൽ ഭൗതികജീവിതം ഭദ്രമാക്കേണ്ട പാതയും വെട്ടിത്തെളിച്ചു.

അനന്തരം, സൂത്രകാരന്മാരുടെ പടയണി, ശ്രീ ഗൗതമൻ ന്യായദർശനവും ശ്രീ കണാദൻ വൈശേഷികദർശനവും രൂപവൽക്കരിച്ചതു് യുക്തിസഹമായ ചിന്തയിൽ പ്രാപഞ്ചികജീവിതം നയിക്കാൻ നമ്മെ ആഹ്വാനംചെയ്യാനായിരുന്നു. ശ്രീ കപിലനാകട്ടെ സാംഖ്യദർശനംവഴിയായി പ്രകൃതിയെ പുരുഷനിൽനിന്നും വേർതിരിച്ചു് വിവേകജ്ഞാനം ശാസ്ത്രീയമായി സമ്പാദിച്ചു് മോക്ഷം കരസ്ഥമാക്കാനുള്ള പന്ഥാവു് സൂചിപ്പിച്ചു. ശ്രീ പതഞ്ജലി യോഗാഭ്യാസമുറ ശീലിച്ചാൽ ചിത്തവൃത്തിനിരോധനത്തിൻെറ സഹായംകൊണ്ടു് ഈശ്വരനെ സമീപിക്കാമെന്നു് ഉപദേശിച്ചു. ശ്രീ ജൈമിനി പൂർവ്വമീമാംസദർശനം പ്രദർശിപ്പിച്ചു്, വേദങ്ങളിൽ സംക്ഷേപിച്ചിരിക്കുന്ന വിധിനിഷേധാദികളെ ആവർത്തിച്ചു് ധർമ്മലക്ഷ്യത്തിലേക്കു് നമ്മെ ആനയിക്കുകയാണ്. ഇതൊക്കെ ഇന്ത്യൻ തത്വജ്ഞാനത്തിൻെറ സ്ഥായിയായ സമ്പാദ്യമത്രേ.

പക്ഷേ, ഇന്നു നാം ഇരുപതാം നൂററാണ്ടിൻെറ വെളിച്ചത്തിൽ അഭയം തേടാതിരിക്കാൻ നിർവ്വാഹമില്ലാത്ത പരിതഃസ്ഥിതിയിലല്ലേ? അതേ. എന്നാൽ മേല്പറഞ്ഞ തത്വജ്ഞാനം ഗാന്ധിജിയുടെ താക്കീതി

ന്റെ തണലിൽ എങ്ങിനെ യഥാർത്ഥജ്ഞാനമായി കണ ക്കാക്കും. ഒരു ജനകീയതത്വജ്ഞാനമില്ലാതെ സ്വ തന്ത്രഭാരതം പുരോഗതിയിലേയ്ക്കു നീങ്ങുമോ?

ഇന്ത്യൻ തത്വചിന്തകരുടെ ഇപ്പോഴത്തെ ജോലി പഴയ ദർശനങ്ങളെ അയവിറക്കി നൂതനതത്വങ്ങളിൽ വല്ല വിടവും കണ്ടുപിടിച്ച് ആരോപിക്കാനും സുഖമാ യി ദന്തഗോപുരത്തിൽ വിശ്രമിക്കാനുമാണു്. സമൂഹം, രാഷ്ട്രം, സ്ഥാപനം, യഥാർത്ഥമതം, ശാസ്ത്രീയമായ സമീ പനം, പൊതുജീവിതം, സാമ്പത്തികഘടന, സാമൂഹ്യ നീതിയുടെ പൊരുൾ ഇവയെക്കുറിച്ചു്തികച്ചും അജ്ഞ രായി നാട്ടുകാർ നട്ടംതിരിയുന്നു. അർദ്ധസത്യങ്ങളും അസത്യങ്ങളും കടം വാങ്ങിയ രാഷ്ട്രമീമാംസകളിൽ നിന്നും ഉദ്ധരിച്ചു്, കൊണ്ടുപിടിച്ചു് എവിടെയും ഒരു തിരക്കു്. തത്വചിന്തകർ ബോധപൂർവ്വം ഒരു സാമൂ ഹ്യവിപ്ലവത്തിനു് ജനങ്ങളെ അണിനിരത്താൻ തൂലിക ഉപയോഗിക്കുന്നില്ല. ബ്രഹ്മവും ആത്മാവും പ്രകൃതിയും പുരുഷനും ക്ഷണികവാദവും സ്യാദ്വാദവും കാണാ പ്പാഠമാക്കി സർവ്വജ്ഞരെന്നു് ഞെളിയുന്നവർക്കു് നാടി ന്റെ നീറുന്ന പ്രമേയങ്ങളെ ശ്രദ്ധിക്കാൻ തോന്നാ ത്തതു് അവരുടെ സുഖലോലുപമായ അലസജീവിത ത്തിന്റെ ആഘാതംകൊണ്ടല്ലേ—ദാരിദ്ര്യം അകമ്പടി സേവിച്ചു്, കത്തിജ്വലിക്കുന്ന ഭാവനാശക്തിയാൽ സാ മൂഹ്യജീവിതത്തിൽ ധർമ്മം സ്ഥാപിക്കാൻ ഒരുങ്ങിയ സോക്രട്ടീസും പ്ലേറ്റോയും അരിസ്റ്റോട്ടിലും ഇന്ത്യക്കാ

രൻെറ ആർഷജ്ഞാനം കണ്ടുപിടിച്ചു എന്നു പറഞ്ഞാൽ ചിരിക്കാതെന്തുചെയ്യും? അന്തർമുഖമായ വീക്ഷണം ഗ്രീസിൻെറ ചെവിയിൽ പറഞ്ഞുകൊടുത്തതാണെങ്കിലും ഇന്ത്യയുടെ മായ്ക്കാനാവാത്ത മേന്മ! കമ്പോളത്തിലും തെരുവീഥിയിലും നടന്നലഞ്ഞു് ജീവിതനന്മയെ അറിയാൻ ഗ്രീക്കുകാരെ പ്രേരിപ്പിച്ചു് വീരചരമമടഞ്ഞ സോക്രട്ടീസിൻെറ സാമൂഹ്യചിന്തയെ "തന്നെത്താനറിഞ്ഞ" ഇന്ത്യക്കാരൻെറ ആത്മീയവാദവുമായി തട്ടിച്ചു് താരതമ്യത്തിനു് തുനിയുന്നതു് പാഴ്‌വേലയാണു്. പ്ലേറ്റോയും അരിസ്റ്റോട്ടിലും ആദ്ധ്യാത്മികമണ്ഡലത്തിലെ വസ്തുതകളെ അപഗ്രഥിച്ചതു് ഭാരതീയ വീക്ഷണകോടിയിൽ നിന്നായിരിക്കാം. എന്നാൽ ഗ്രീസിൻെറ ദാർശനികർ ജീവിതം ആത്മീയവും ഭൗതികവുമായി വ്യാഖ്യാനിച്ചപ്പോൾ, വ്യക്തിഗതമായ ആത്മീയോന്നമനത്തിനു് സമയം മെനക്കെടുത്തിയ ഭാരതീയതത്വജ്ഞാനികൾ സാമൂഹ്യസാഹചര്യത്തിൻെറ ഏ. ബി. സി. ഡി. പോലും പഠിച്ചില്ല, പഠിപ്പിച്ചില്ല. അതൊക്കെ ആപേക്ഷികയാഥാർത്ഥ്യമായി വലിച്ചെറിഞ്ഞു് നഗ്നരായോ, ഓടിയൊളിച്ചോ തത്വനിരീക്ഷണം ചെയ്തവരെ ജീവിതവീക്ഷണം പകൽ സമയത്തു് നടത്തിയ ഗ്രീക്കു് വിവേകജ്ഞാനികളുമായി തുലനം ചെയ്യുന്നതു ആഭാസമാണു്. ഗ്രീസിനെ സംസ്കാരത്തിൻെറ കാവൽഭടനായി ചരിത്രം വിധിയെഴുതിയനേരം, ഇന്ത്യയുടെ നിശ്ചലമായ മിസ്റ്റിക്കു് ജീവിതപ്രയാണം, മെയ്യനങ്ങാത്ത സ്വപ്നജീവിത

സംരംഭം മനുഷ്യചരിത്രത്തിനു്, അല്പമെങ്കിലും അപ ഹസിക്കേണ്ടതായിവന്നു. അതിൻെറ കുററമേല്ലാതെ ഭൗതികജീവിതത്തിൻെറ ബാലപാഠംപോലും സാമാന്യ ജനങ്ങളെ അറിയിക്കാൻ അനുവദിക്കാതെ, മതപൗരോ ഹിത്യത്തിൽ പട്ടുയർത്തിയിരുന്ന ഭൂതകാലഭാരതീയ സമൂഹത്തിന്നു വളരെ അഭിമാനിക്കാനുണ്ടെന്നു്— ഇന്നും, എന്തെല്ലാം മരിച്ചുപോയ തത്വങ്ങൾ, ജീവ നുള്ള തത്വങ്ങൾ എന്നു് തപ്പിത്തടഞ്ഞെടുക്കാൻ ധൈ ര്യപ്പെടാത്ത ഭാരതീയനു് നാളെയും ജീവിതകഥാന ഗായിയായ ദർശനങ്ങൾ ഉണ്ടാവില്ല. ആത്മീയോൽ ക്കർഷം, ആത്മഗുണങ്ങളെ പോഷിപ്പിക്കുന്നതിലുള്ള താല്പര്യം, ആത്മജ്ഞാനത്തിൽനിന്നും, സർവ്വജ്ഞാന ത്തിലേക്കുള്ള യാത്ര, ആസ്തിക്യബോധത്തോടെ ജീവിത യജ്ഞത്തിൽ പങ്കുകൊള്ളുക—ഇവയെല്ലാം ഇൻഡ്യൻ തത്വചിന്തയുടെ അനശ്വരഗുണങ്ങളത്രേ. എങ്കി ലും ബൃഹസ്പതി ധ്യാനിച്ച ഭൗതികസാമൂഹ്യജീവിതം ഉറപ്പിക്കാതെ ഇന്ത്യൻ തത്വജ്ഞാനത്തിന്നു് വളരാ നൊക്കയില്ല. ജീവിതമൂല്യങ്ങൾ അലങ്കാരസാധന ങ്ങളായി കണക്കാക്കി, സമൂഹം അഴിച്ചുപണിയാതെ ജാലവിദ്യകളാൽ ഇന്നലത്തെ സാമൂഹ്യജീവിതം നാളെ യും തുടരാമെന്നു് അഭിലഷിക്കുന്ന തത്വചിന്തകന്മാർ, ഈ നൂററാണ്ടിൻെറ പരിവർത്തനം ശ്വസിക്കുന്ന പരിതഃസ്ഥിതിയോടുള്ള വെല്ലുവിളിയായിരിക്കും.

ഇൻഡ്യൻ "തത്വജ്ഞാനത്തെ വിലയിരുത്തുക." നോക്കു; സ്വതന്ത്രഭാരതശില്പികളിൽ ഒരാളായ പ്രൊ

ഫസർ ഹുമയൂൺകബീർ "ഭാരതത്തിന്റെ ദായം" എന്ന ഗ്രന്ഥത്തിൽ 164-ാം പേജിൽ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

"തത്വചിന്തയുടെ തുറയിലാണു് ഭാരതത്തിന്നു് ഭാരസാമ്യം വരുത്താനുള്ള പരാജയം അധികവും നേരിട്ടിരിക്കുന്നതു്...........ഉറച്ച നാഗരികതയോ സംസ്കാരമോ ഇല്ലാതെ തത്വചിന്ത സമൃദ്ധമാകയില്ല........... കഴിഞ്ഞ മൂന്നു നാലു ശതാബ്ദങ്ങളായി ഇന്ത്യൻ തത്വജ്ഞാനത്തിന്റെ അൽപ്പത്വം വെളിവാകുന്നതു്, സംസ്കാരത്തിന്റേയും നാഗരികതയുടേയും പാപ്പരത്വമാണു്."

എന്താണു് പോംവഴി? ഇന്നലത്തെ ഇന്ത്യൻ തത്വചിന്താഗതി മാററി ഒരു നവീനദർശനം നെയ്യെടുത്തേതീരൂ. രാഷ്ട്രീയമായ കെട്ടുറപ്പു്, സാമ്പത്തികമായനീതി, മതപരമായ സ്വബോധം, കലാപരമായ സ്വഛന്ദജീവിതം, ശാസ്ത്രീയമായ ധിഷണാപാടവം—ഇന്ത്യയ്ക്കു കരതലാമലകമാവാൻ ഇന്ത്യൻ തത്വജ്ഞാനത്തിന്റെ കല്ലും നെല്ലും വേർതിരിച്ചു്, ജനകീയതത്വചിന്ത ഉൽഘാടനം ചെയ്യേണ്ടിയിരിക്കുന്നു.

---

# ശ്രീ ബൃഹസ്പതി

## ഇന്ത്യയുടെ കാറൽമാർക്സ്

ഇരുപതാം നൂററാണ്ടിൻെറ ജാതകം നിർണ്ണയിക്കാൻ കരുത്തുള്ള പ്രമാണം വൈരുദ്ധ്യാത്മകഭൗതികവാദമാണെന്നു പറഞ്ഞാൽ സാധാരണക്കാരനു സന്തോഷമായിരിക്കും. അത്രയ്ക്കു സാമാന്യജനങ്ങളെ ആകർഷിച്ച ചിന്താഗതി സമർപ്പിച്ച കാറൽമാർക്സ് ഇന്നൊരു അനിഷേധ്യഗുരുവായി അംഗീകരിക്കപ്പെട്ടുപോരുന്നു. പാശ്ചാത്യരാജ്യങ്ങൾക്കു ചിന്താവിപ്ലവം വരുത്തിയ മാർക്സ് ഒരു കടങ്കഥയാണെങ്കിൽ, ഇന്ത്യയ്ക്കു അദ്ദേഹത്തെ നേരത്തെതന്നെ പരിചയമുണ്ട്. വളരെ അധികം ഇന്ത്യക്കാർ അറിയപ്പെടാതെ നമ്മുടെ തത്വജ്ഞാനഗ്രന്ഥങ്ങളിൽ ദാർശനികന്മാരെ വിറളിപിടിപ്പിച്ച ഒരു അത്ഭുതമനുഷ്യനായിരുന്നു ബൃഹസ്പതി. ഇന്ത്യൻസംസ്ക്കാരം രൂഢമൂലമായ ചില ജീവിതമൂല്യങ്ങളിൽ അടിയുറച്ചു അവിരാമമായ പ്രവാഹമെന്നോണം തലയെടുപ്പോടെ ഇന്നുവരെ എത്തിച്ചേർന്നതിന് നിദാനം ആത്മീയവാദികളാണെന്നു പലരും തെററിദ്ധരിച്ചിട്ടുണ്ട്. ആസ്തിക്യബോധത്തിലും ഹൃദയശുദ്ധിയിലും ആത്മദർശനത്തിലും ജീവിതത്തിൻെറ ഉൽക്കർഷം കണ്ടുപിടിച്ചു മുന്നോട്ടു നീങ്ങിയ നമ്മുടെ പൂർവ്വികന്മാർ എങ്ങും

തടഞ്ഞുനിൽക്കാതെ കുതിച്ചുപോന്നതായിരിക്കാമെന്നു് കരുതപ്പെടുന്നു. എന്നാൽ ആദ്ധ്യാത്മികമണ്ഡലത്തിലെ അന്വേഷണംകൊണ്ടു് മാത്രമല്ല ഇന്ത്യൻദാർശനികന്മാർ ഔന്നത്യമേറിയ ജീവിതസരണി ആവിഷ്കരിച്ചിട്ടുള്ളതു്. ജീവിതത്തിന്റെ ഭൗതികാടിസ്ഥാനം അരക്കിട്ടുറപ്പിച്ചു്, ലൗകികചിന്തകളിലും അസൂയാർഹമായ പുരോഗതി നേടിക്കൊടുത്ത ബൃഹസ്പതിയും കൂട്ടരും ഇന്ത്യൻചരിത്രം ഭാവസുരഭിലമാക്കിത്തീർത്തു. വൈരുദ്ധ്യാത്മകഭൗതികവാദത്തിലെ വിപ്ലവാത്മകമായ പ്രവണതകളെ അതിശയിപ്പിക്കുന്ന നിർദ്ദേശങ്ങൾ അടങ്ങിയ ചാർവ്വാകഭൗതികസിദ്ധാന്തം ശ്രീ ബൃഹസ്പതി നൂററാണ്ടുകൾക്കുമുമ്പേ ലോകത്തിനു് കാഴ്ച വെച്ചു. ആത്മീയവാദം കരകവിഞ്ഞൊഴുകിയാൽ ഭൗതികപ്രമേയങ്ങൾ മനുഷ്യൻ മറന്നുപോകയും ശുദ്ധരായ സാമാന്യജനങ്ങളെ വഞ്ചിച്ചു് സാമൂഹ്യനീതിയെ അപകടത്തിലാക്കാൻ തലതെറിച്ച വാദഗതികൾ അവതരിപ്പിക്കാൻ ചിന്തകർ തയാറാകുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ശ്രുതിയാണ് പരമസത്യം അറിയാനുള്ള ഉപാധിയെന്നും അതിൽവ്യവഹരിച്ചിട്ടുള്ളതെല്ലാം അതേപടി അനുഷ്ഠിക്കണമെന്നും ആചാര്യർ വാദിയ്ക്കുമ്പോൾ, ശ്രുതിയെ ആത്മീയാദർശങ്ങളുടെ സമാഹാരമായി ജനങ്ങൾക്കു് അദ്ദേഹം ചൂണ്ടിക്കാണിച്ചു. അനുഷ്ഠാനങ്ങൾ അന്ധമായും അനുകരണഭ്രമത്താൽ പ്രചോദിതമായും ചില കുത്തകതാൽപ്പര്യങ്ങളെ വളർത്താൻ ഉപകരിക്കുന്നു. നിശ്ചലമായ പാര

ന്വര്യം സമൂഹത്തിൽ നിവർന്നുവരും. അനാചാരങ്ങളും ആചാരങ്ങളും വിവേകപൂർവ്വം മനസ്സിലാക്കാതെ ഈശ്വരന്റെ പേരിൽ, ആത്മസാക്ഷാത്കരണത്തിന്റെ നാമധേയത്തിൽ, ആളുകൾ എന്തും പ്രകടിപ്പിക്കാൻ തയാറാകും. അപ്പോഴാണ് അനീതി, ചൂഷണം, കരിഞ്ചന്ത, സാന്മാർഗ്ഗികാധഃപതനം, സ്വാർത്ഥതല്പരത, ധനവാന്റെ മേൽക്കോയ്മ ഇവയാൽ സാമൂഹ്യജീവിതം മലീമസമായിത്തീരുന്നതു്. അങ്ങനെ ജീവിതം വഴിമുട്ടിനിൽക്കുമ്പോൾ ഒരു കാറൽമാർക്സിനെ ലോകം തിരഞ്ഞുപിടിക്കും. ഇന്ത്യയുടെ കാറൻമാർക്സായിരുന്ന ബൃഹസ്പതിയെ ഇന്ത്യൻജീവിതം നാലുമുക്കിൽ നട്ടങ്ങിനിൽക്കുന്ന ഈ കാലഘട്ടത്തിൽ നമുക്കു് പഠിക്കാം. അദ്ദേഹം ധ്യാനിച്ചുപഠിച്ചു് പൊതുജനസമക്ഷം അവതരിപ്പിച്ച രത്നങ്ങൾ എല്ലാ ജീവിതപരിഷ്ക്കർത്താക്കൾക്കും മാർഗ്ഗദർശകമാണ്. കാരണം വസ്തുനിഷ്ഠമായി, ശാസ്ത്രീയമായി ചിന്താർഹമായ ജീവിതപ്രമേയങ്ങൾ അപഗ്രഥിച്ചു് തത്വങ്ങൾ ക്രോഡീകരിച്ച മഹാനായ ബൃഹസ്പതിയുടെ പാത ഭൗതികവാദംകൊണ്ടേ സാമൂഹ്യവ്യവസ്ഥിതി കൈവരാനൊക്കൂ എന്നു് ശഠിക്കുന്ന രാഷ്ട്രീയനേതാക്കൾക്കുപോലും അഭിലഷണീയമായിരിക്കും. ഫ്യൂർബാച്ചിനെക്കുറിച്ചു് കാറൽ മാർക്സു് ചെയ്ത 11-ാമത്തെ പ്രതിജ്ഞയിൽ ഇപ്രകാരം രേഖപ്പെടുത്തിട്ടുണ്ട്:—“ഇന്നലെവരെ തത്വചിന്തകന്മാർ ലോകത്തെ വ്യാഖ്യാനിക്കാനും ജീവിതഭാഷ്യം തയാറാക്കാനും മെനക്കെട്ടിട്ടുണ്ടെങ്കിൽ, എന്റെ ഉദ്ദേ

ശം ലോകം പരിവർത്തനംചെയ്തു് ജീവിതം പുതുക്കിപ്പണിയാനുള്ള തത്വസംഹിത കണ്ടുപിടിക്കുകയാണ്." ഈ ലക്ഷ്യം കൃത്യമായി സ്വദർശനത്തിൽക്കൂടി നിർവ്വഹിച്ചപ്പോൾ ചാർവ്വാകസിദ്ധാന്തം ഒരു ജീവിതദർശനമായി രൂപാന്തരപ്പെട്ടു. അന്ധവിശ്വാസത്തെ അങ്ങേഅററം എതിർത്തു മതത്തിൻെറ മറപിടിച്ച് വ്യക്തികൾ പ്രദർശിപ്പിക്കുന്ന ആചാരവൈകല്യം ചൂണ്ടിക്കാട്ടി, സാമൂഹ്യനീതിക്കും സുഖവാദത്തിനും പ്രാധാന്യം നൽകിയ ബൃഹസ്പതി ഇന്ത്യയുടെ വാടാവിളക്കാണ്. ശ്രീശങ്കരൻ മാത്രമാണ് ഇന്ത്യയുടെ ഭാഗ്യക്കുറിയെന്നു് അഭിമാനിച്ച് ആത്മീയവാദത്തിനു് സാധിക്കാത്ത ഭൗതികജീവിതമുന്നേററത്തിനു് ഇന്ത്യയിൽ തത്വസംഹിതയില്ലെന്നു് കണ്ണുമടച്ചു സമ്മതിക്കുന്ന നേതാക്കൾ ബൃഹസ്പതിയെ പകർത്തുവാൻ ഉണരേണ്ടിയിരിക്കുന്നു. ഭൗതികവീക്ഷണം ജീവിതത്തിൽ നട്ടുപിടിപ്പിക്കാൻ നക്കൽപരിപാടിക്കു് വിദേശത്തുനിന്നും കപ്പലിൽ ഗ്രന്ഥങ്ങൾ വരുത്തുന്നവർക്കു് മൺമറഞ്ഞുകിടക്കുന്ന ബാർഹസ്പത്യസൂത്രങ്ങൾ ഒരു വെളിച്ചമായിരിക്കും. കാറൽമാർക്സ് ഇന്നലെ പ്രഖ്യാപിച്ചതും ഇന്നു് എല്ലാ ബുദ്ധിജീവികളേയും കോരിത്തരിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ "മതം ജനങ്ങളുടെ കറുപ്പാണ്" എന്ന തത്വം വളരെ ശതാബ്ദങ്ങൾക്കു് മുമ്പേ ഇന്ത്യക്കാരനെ പഠിപ്പിച്ച് സ്ഥാപിതമതങ്ങളുടെ ഇരുമ്പുമറയിൽനിന്നും നാട്ടുകാരെ രക്ഷിച്ചു എന്നുള്ളതാണ് ബൃഹസ്പതിയുടെ നേട്ടം. മതത്തിൻെറ

വ്യക്തമായ നിലപാട് സാധാരണക്കാരനെ മനസ്സി ലാക്കി ജീവിതസ്പന്ദനങ്ങൾക്കനുരൂപമായ മതചിന്ത നിർദ്ദേശിച്ചതും അദ്ദേഹമാണ്. അങ്ങനെ അജ്ഞത യുടെ ഇരുൾമാററി വിജ്ഞാനദീപം ജീവിതത്തിൻെറ എല്ലാമണ്ഡലങ്ങളിലും കൊളുത്തിയ അദ്ദേഹത്തിൻെറ കാൽപ്പാടുകൾ പിൻതുടർന്ന് ബാർഹസ്പത്യന്മാർ അ ല്ലെങ്കിൽ ലോകായതികന്മാർ ഒരു രാഷ്ട്രീയപാർട്ടിയാ യി ഇന്ത്യയിൽ ഉണ്ടായിരുന്നു. കാലംചെന്ന വിശ്വാ സങ്ങളും ജീർണ്ണിച്ച തത്വങ്ങളും കടപുഴക്കിയെറിയു വാൻ ധൈര്യംനൽകിയ അദ്ദേഹത്തെ ഇന്ന് ഇന്ത്യ ക്കാർ മറന്നുകഴിഞ്ഞിരിക്കുന്നു. ബൃഹസ്പതിയുടെ വാ ദം ഉദ്ധരിക്കാൻ രാമായണകാലത്ത് ജാബാലി എന്ന ഋഷീശ്വരനുണ്ടായി. ഭൂമിയിലെ രാജാവിനേക്കാൾ വേറൊരു ദൈവമുണ്ടെന്ന് സങ്കല്പിക്കുന്നതു് ഭോഷ്ക്കാ ണെന്നു് ജാവാലി ശ്രീരാമനെ പഠിപ്പിച്ചു. ഹരിവം ശത്തിലെ വേനരാജാവ് വേദങ്ങളെ എതിർക്കുകയും നാസ്തികനായി ജീവിക്കുകയുംചെയ്തു. ഭാഗുരി, മഹാ ഭാഷ്യമെന്ന ഗ്രന്ഥമെഴുതി ചാർവാകസിദ്ധാന്തം പ്രച രിപ്പിച്ചു. ഹരിഭദ്രസൂരിയുടെ സർവദർശനസമുച്ചയം എന്ന ഗ്രന്ഥത്തിന് വ്യാഖ്യാനം രചിച്ച ഗുണരത്നൻ ചാർവാകവാദത്തിൽ വിശ്വസിച്ചിരുന്നു. അദ്വൈത ബ്രഹ്മസിദ്ധി എന്ന പുസ്തകത്തിൽസദാനന്ദൻ പറയുന്ന തു്, ആത്മാവിനെ ഇന്ദ്രിയങ്ങളോടും, പ്രാണശക്തിയോ ടും ഒടുവിൽ മനസ്സിനോടും സാമ്യപ്പെടുത്തി ചാർവാകസി ദ്ധാന്തം വളർന്നിരുന്നു എന്നാണ്. കാമസൂത്രത്തിൻെറ

ഗ്രന്ഥകർത്താവായ വാത്സ്യായനൻ ഐന്ദ്രിയസുഖങ്ങളെ ശാസ്ത്രീയമായി വിശകലനംചെയ്തു് ചാർവാകവാദക്കാരുടെ ഉററമിത്രമായി. ഇത്രത്തോളം പ്രബുദ്ധമായ ദർശനത്തിനു് ഉത്തരവാദിയായ ബൃഹസ്പതിയുടെ വാദമുഖങ്ങൾ പരിശോധിക്കാം.

## വിജ്ഞാനശാസ്ത്രം

പ്രത്യക്ഷപ്രമാണം മാത്രമേ സത്യമറിയുവാൻ നമ്മെ സഹായിക്കൂ. കാണുകയും കേൾക്കുകയും മണക്കുകയും സ്പർശിക്കുകയും രുചിക്കുകയും ചെയ്യാത്ത വസ്തുക്കളെ ഗ്രഹിക്കാമെന്നു് വീമ്പിളക്കുന്ന തത്വജ്ഞാനികൾ വിഡ്ഢികളാണു്. പ്രത്യക്ഷമല്ലാത്ത എല്ലാം സംശയത്തിൻെറ ആവനാഴിയിൽ നിക്ഷേപിക്കണം. അനുമാനപ്രമാണത്തിനു് ശരിയായ അറിവു് പ്രദാനം ചെയ്യാൻ കഴിയുകയില്ല. "യത്ര ധൂമഃതത്രാഗ്നിഃ" എന്നു് വ്യവഹരിക്കപ്പെടുന്ന വ്യാപ്തി നാം പ്രത്യക്ഷത്തിൽദർശിക്കാത്തതാണു്. വ്യതിരിക്തങ്ങളായ വസ്തുക്കളിൽനിന്നു് സർവ്വതത്വം അനുമാനിക്കുന്നതു് അബദ്ധമായിരിക്കും. എ—ബി—സി—ഡി—എന്നു് പ്രത്യേകകാര്യങ്ങളെ വീക്ഷിക്കുന്ന നമുക്കു് "എല്ലാ എ-യും എല്ലാ ബി-യോടു് ബന്ധപ്പെട്ടിരിക്കുന്നു" എന്നു് നിഷ്കർഷിക്കത്തക്കവണ്ണം അനുഭവം ഒന്നും തരുന്നില്ല. അതിനാൽ ആനുമാനികജ്ഞാനം അഥവാ അനുമിതി തെളിവില്ലാത്ത കള്ളച്ചരക്കാണു്. സാക്ഷ്യം വിശ്വസനീയമാണോ?—അല്ല—കാരണം, അനുമാന

മത്രേ അതിന്റെയും ജീവൻ. വേദങ്ങളെ പ്രമാണമായി സ്വീകരിക്കുന്നവർ ഇതിൽപ്പരം തെറവചെയ്യാനില്ല. അയുക്തികവും ആഭാസവുമായ വൈരുദ്ധ്യങ്ങളും ആശയക്കുഴപ്പങ്ങളും നിറഞ്ഞതാണ് വേദങ്ങൾ. ഒരിടത്തു് ഒരു രീതിയിൽ പ്രതിപാദിച്ചിരിക്കുന്നതു് വേറൊരു സ്ഥലത്തു് മാററിയെഴുതിയിരിക്കുന്നതിന്റെ പേരാണ് വേദം. ഭാവനയിൽപ്പോലും ഫലിക്കാത്ത അനുഷ്ഠാനങ്ങളെ ഊന്നിപ്പറഞ്ഞു ആളുകളെ വിരട്ടുകയാണ് വേദങ്ങളുടെ ജോലി. സ്വർഗ്ഗത്തിന്റെ ചേതോഹാരിത പ്രദർശിപ്പിച്ചു് ഋജുവായ മനുഷ്യഭാവനയെ വിലക്ഷണമാക്കാൻ പോരുന്ന വിചക്ഷണത വേദാചാര്യന്മാർ പ്രകടിപ്പിക്കുന്നു. വേദശാസ്ത്രാദിപുരാണങ്ങളെ, വേദാന്തഗ്രന്ഥങ്ങളെ, ജീവിതത്തിൽനിന്നു നിഷ്ക്കാസനം ചെയ്യണം. ചലിച്ചുകൊണ്ടിരിക്കുന്ന വികാസാത്മകമായ ജീവിതത്തെ പിടിച്ചുനിറുത്തി പച്ചകുത്തി വികൃതമാക്കുന്ന ശ്രുതികളെ മറന്നു് ജീവിതകഥാനുഗായികളായ പ്രമാണഗ്രന്ഥങ്ങൾ വിരചിക്കുവാൻ അദ്ദേഹം അവശ്യപ്പെടുന്നു.

## കാര്യകാരണബന്ധം

അചഞ്ചലമായ കാരണമോ, സംഭവത്തിന്റെ അവിതർക്കിതമായ പരിണാമമോ ഉണ്ടെന്നു് ചാർവാകന്മാർ വിശ്വസിക്കുന്നില്ല. രണ്ടു കാര്യങ്ങൾ പ്രത്യക്ഷത്തിൽവന്നു എന്നുവെച്ചു് അവയെ കാര്യകാരണബന്ധങ്ങളായി ഘടിപ്പിക്കുന്നതു് ബുദ്ധിശൂന്യതയാ

ണ്. തീയും പുകയും നാം കാണുന്നു. അതുകൊണ്ടു് പുകയുടെ ഹേതു തീയെന്നോ? പുകയുള്ളിടത്തെല്ലാം അനിവാര്യമായി തീയും പ്രതീക്ഷിക്കാമെന്നോ? നാമാരും ജനിച്ചിട്ടില്ലാത്ത കാലത്തു് തീയും പുകയും അലംഘനീയമായ ബന്ധം പുലർത്തിയിരുന്നിരിക്കാം. നമ്മെളെല്ലാം മരിച്ചു് മണ്ണോടുചേർന്നുകഴിഞ്ഞിട്ടു് തീയും പുകയും തമ്മിലുള്ള അഭേദ്യമായ ബന്ധം നിലനിർത്തുമായിരിക്കാം. കാര്യകാരണബന്ധം അനുമാനത്തിൻെറ സന്തതിയാണ്. അതിനാൽ അതിനെ നിശ്ശേഷം നിരാകരിക്കുകതന്നെ വേണം. പിന്നെ എങ്ങിനെ സംഭവങ്ങൾ ലോകത്തിൽ വന്നുപിറക്കുന്നു? ചാർവാകൻെറ മറുപടി, താനേ പൊട്ടിയുണ്ടാവാം, അല്ലെങ്കിൽ അവിചാരിതമാവാം. മുള്ളുകളുടെ മൂർച്ച, പക്ഷിമൃഗാദികളുടെ സഹജസ്വഭാവം, കരിമ്പിൻെറ സ്വാദ് ഇവ സ്വതേ ആവിർഭവിക്കുന്നതാണല്ലോ. എന്നിട്ടു് എന്തിനാണ് അമാനുഷനും അദൃശ്യനുമായ ഈശ്വരനെ തട്ടിയുണർത്തി വിളിച്ചുകൊണ്ടുവന്നു് ഈ അപരാധങ്ങൾക്കു് സാക്ഷിയാക്കുന്നു. വിശദീകരണത്തിനോ, വിശകലനത്തിനോ ആവശ്യമില്ലാത്ത ഘടകമാണ് ഈശ്വരൻ. 18-ാം നൂററാണ്ടിൽ കാര്യകാരണബന്ധത്തിനെക്കുറിച്ചു് സമഗ്രമായ അപഗ്രഥനം നൽകി പാശ്ചാത്യതത്വചിന്താമണ്ഡലത്തിൽ ഒരു വെല്ലുവിളിയായി വിരാജിച്ച ഡേവിഡ് ഹ്യൂം, ബൃഹസ്പതിയുടെ മനോഭാവത്തിനു കിടപിടിക്കുന്നുണ്ടു്.

## പ്രപഞ്ചത്തിൻെറ ഉല്പത്തി

ഈ വിശാലവിശ്വം യദൃച്ഛയാ ഉണ്ടായതാണ്. ആരും ഇക്കാണുന്നതൊന്നും സൃഷ്ടിക്കാൻ മെനക്കെട്ടിട്ടില്ല. ഭൗതികപരമാണുക്കളുടെ അവസരോചിതമായ സംയോഗത്താൽ പ്രപഞ്ചം പ്രത്യക്ഷീഭവിക്കുന്നു. ഈ സിദ്ധാന്തത്തെ യദൃച്ഛാവാദമെന്നു് വിളിക്കാം. എല്ലാ വസ്തുക്കളും സഹജമായ സ്വഭാവങ്ങളാൽ നിയന്ത്രിക്കപ്പെട്ടുപോരുന്നതുകൊണ്ടു് ഒരു മഹച്ഛക്തി ഈശ്വരനെന്ന അഭിധാനത്തിൽ വേണമെന്നു തോന്നുന്നില്ല. ഈ സിദ്ധാന്തം സ്വഭാവവാദമെന്നു അറിയപ്പെടുന്നു. ഭൗതികവസ്തു പ്രപഞ്ചത്തിൻെറ പരമമായ സത്യമാണ്. ഭൂമി, വെള്ളം, വായു, അഗ്നി എന്നീ നാലു് മുഖ്യമായ ഘടകങ്ങൾ ഈ ലോകത്തിനു് ശാശ്വതാധാരങ്ങളാണ്. അപ്രത്യക്ഷമായ ആകാശത്തെ അംഗീകരിക്കുന്നതിലർത്ഥമില്ല. ചരാചരങ്ങൾ ഭൗതികവസ്തുവിൻെറ മുഖ്യഘടകങ്ങളിൽനിന്നും ഉടലെടുക്കുന്നു. "ഭൗതികവസ്തുവിൽനിന്നും ജീവൻ അടർന്നു വീണതാണെന്നു്" ബൃഹസ്പതി സൂചിപ്പിക്കുമ്പോൾ ആധുനികശാസ്ത്രത്തിൻെറ നിഗമനം ഓർത്തു് നാം അദ്ദേഹത്തിൻെറ ധിഷണാപാടവത്തിൽ അത്ഭുതപരതന്ത്രരാകുന്നു.

## ബോധത്തിൻെറ ഉറവ

ഭൗതികവസ്തുവിൽനിന്നും പ്രാണൻ ആഗമിച്ചെങ്കിലും ജീവജാലങ്ങൾക്കു് ചേതന എങ്ങനെ കിട്ടി

യെന്നു് ചിന്തകന്മാർ മിഴിച്ചുനോക്കിയിരുന്നു. ഈ ശരീരൻ ജനനസമയത്തു് തലച്ചോറിന്നകത്തു് തിരുകിയുറപ്പിച്ചതാണോ, ജീവശക്തിയിൽനിന്നും ഭിന്നമായ ഒരു ദിവ്യജ്വാലയാണോ, തലച്ചോറിൻെറ വ്യാപാരങ്ങളുടെ പരിണതസൃഷ്ടിയാണോ—എന്നൊക്കെ ബുദ്ധിമാന്മാർ ചോദിക്കുമ്പോൾ ബൃഹസ്പതി ഉറപ്പിച്ചുപറയുന്നു—ശരീരത്തിൻെറ ഒരു വിശേഷഗുണമാണ് ചൈതന്യമെന്നു്—ഭൗതികചില്ലുകളുടെ ആശ്ചര്യകരമായ സമ്മേളനം ജീവസത്വമായി മാറുന്നുഎന്നു് മനസ്സ്എന്നു് പറയുന്ന സംഭ്രമജനകമായ സംഭവം എങ്ങനെ ഉല്പാദിക്കപ്പെടുന്നുവെന്നു് ആരും ക്ലേശിക്കേണ്ട. തനിച്ചു് മയക്കാൻ കഴിവില്ലാത്ത നാലുകൂട്ടം വസ്തുക്കൾ ഒന്നുചേർന്നു് മായമരുന്നായിത്തീരുന്നതുപോലെ, മനസ്സും സംജാതമാകുന്നു. ആത്മാവെന്നു് സാധാരണ പറയപ്പെടുന്ന ഒരു ശക്തി നമ്മുടെ ബോധപൂർവ്വമായ അനുഭവങ്ങളെ നയിക്കുന്നു എന്നു് ധരിക്കുന്നതും ജല്പമാണ്. 'ഞാൻ, ഞാൻ' എന്നു് വിളിക്കാവുന്ന ഒരു ശക്തിയും അനുഭവവേദ്യമല്ല. ശരീരമാണ് ശരീരി, ഞാൻ ശോഷിച്ചവനാണ്.—ഞാൻ തടിച്ചവനാണ് എന്നൊക്കെ പറയുമ്പോൾ "ഞാൻ" കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതു് ദേഹമാണ്. അല്ലാതെ ദേഹത്തിൽനിന്നും വേർപെട്ടു് അജ്ഞാതമായി വർത്തിക്കുന്ന ദേഹി സങ്കല്പസൃഷ്ടിമാത്രമായിരിക്കും. മരിച്ചുകഴിഞ്ഞാൽ ചാമ്പലും പൊടിയുമായിത്തീരുന്നതല്ലാതെ, പറന്നുയർന്നുപോകുന്ന ഒരു ദേഹിയുണ്ടെന്നു്

റെററിദ്ധരിക്കുന്നതും പിശകാണ്. ആത്മാവിൻെറ പ്രയാണം, പരിണാമം, വിധിനിർണ്ണയം തുടങ്ങിയ അത്ഥശൂന്യമായ പദസമുച്ചയം ഇനിയെങ്കിലും നാം ആവർത്തിക്കരുതു്. ഇവിടെയും ബ്രിട്ടീഷ് ചിന്തകനായ ഡേവിഡ് ഹ്യൂമിൻെറ വാദത്തിനുതുല്യമായി ബൃഹസ്പതി നിഗമനങ്ങൾ രൂപീകരിക്കുന്നു.

## മതം

ഒരു പുതിയ വിശ്വാസസംഹിതയുടെ കാററളമുതിക്കൊണ്ടു് ചാർവ്വാകൻ നമ്മെ സമീപിക്കുന്നു. അപ്രമേയനും അദൃശ്യനുമായ ഒരു ഈശ്വരൻെറ ശക്തിയിൽ അടിയുറച്ച മതം അനാശാസ്യമാണ്. സർവ്വജ്ഞനും സർവ്വവ്യാപിയും സർവ്വശക്തനുമായ ഈശ്വരൻ ലോകവ്യാപാരത്തിലും നിലനിൽപ്പിലുമുള്ള നമ്മുടെ സംശയങ്ങളെ നിവാരണം ചെയ്യാൻ യാതൊന്നും ശ്രദ്ധിക്കാത്തിടത്തോളംകാലം, അദ്ദേഹത്തെ നിനച്ച് സമയം പാഴാക്കുന്നതു് നന്നല്ല. നമ്മുടെ പ്രവൃത്തികളുടെ ഗുണദോഷചിന്ത ഈശ്വരൻ ഏറെറടുക്കുന്നെങ്കിൽ, അനുഭവത്തിൻെറ മുറയിൽ അദ്ദേഹത്തെ പക്ഷപാതിയും ദുഷ്ടനും നീചനുമായി ഗണിക്കാതിരിക്കാൻ നിർവ്വാഹമില്ല.

നമ്മുടെ പാപങ്ങളെ വെളിച്ചത്തുകാട്ടി നമ്മെ ദ്രോഹിക്കാൻ തക്കംനോക്കുന്ന ദൈവം ശത്രുവാണ്. "ഈശ്വരൻ മരിച്ചുകഴിഞ്ഞു—എല്ലാം അനുവദിക്കപ്പെട്ടിരിക്കുന്നു" എന്നു് ജർമ്മൻ ചിന്തകനായ നീഷ്

കഴിഞ്ഞ നൂററാണ്ടിൽ പ്രസ്താവിച്ചതു ബൃഹസ്പതി അനുസ്മരിപ്പിക്കുന്നു. രാഷ്ട്രീയനേതാവിനേയും സാമൂഹ്യജീവിതം ഭദ്രവും നീതിസ്ഥവും സുന്ദരവുമാക്കിത്തീക്കുന്ന അധികാരിയേയും ദൈവമായി കരുതാൻ ബൃഹസ്പതി ഉപദേശിക്കുന്നു.

## മോക്ഷമല്ല ജീവിതലക്ഷ്യം

എല്ലാ ഇൻഡ്യൻ താത്വികസ്കൂളുകളും ആവശ്യപ്പെടുന്നതു് ഭൂതലവാസത്തിൻെറ ചങ്ങലകൾ പൊട്ടിച്ചു് ആത്മാവിനു് വിമോചനം നേടിക്കൊടുക്കാനോ, സുഖദുഃഖങ്ങൾക്കതീതമായ ആനന്ദാവസ്ഥ പ്രാപിക്കാനുള്ള മാർഗ്ഗം അന്വേഷിക്കാനോ ആണ്. ഈ മോക്ഷാദർശം നിഷേധിച്ചു് കേവലസുഖം ജീവിതത്തിൻെറ ഉന്നമായി അംഗീകരിച്ച ബൃഹസ്പതി ശാസ്ത്രീയവീക്ഷണകോടിയിൽ ഉറച്ചുനിന്നിരുന്നു. തടസ്സമില്ലാത്ത ആർജ്ജവസമ്പാദനമോ സ്വാതന്ത്ര്യത്തികവോ ജീവിതത്തിൻെറ ലക്ഷ്യമാകാം. എപ്പോഴും ജീവിതം വ്യക്തിഗതമല്ല, സാമൂഹ്യമാണ്. സ്വന്തം നിത്യവൃത്തിക്കു് വകയുണ്ടാക്കാൻ നരകത്തിൻെറ ഭീകരചിത്രം വരച്ചുകാണിച്ചു്, സ്വർഗ്ഗത്തിൻെറ മോഹനസ്വരൂപവും താരതമ്യവിവേചനംചെയ്തു് ജനങ്ങളെ കബളിപ്പിച്ച പുരോഹിതവർഗ്ഗമാണ് ഈ മോക്ഷത്തിൻെറ കാവൽഭടന്മാർ. ബൃഹസ്പതിക്കോ ലോകവും ലോകവ്യവഹാരവുമൊഴിച്ചു് യാതൊന്നും കാമ്യമല്ല. ലോകസംഗ്രഹം എന്ന ആദർശം ശ്രീകൃഷ്ണൻ ഭഗവദ്

ഗീതയിൽ സ്വീകരിച്ചതും അമ്പലങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും ഒളിച്ചിരിക്കുന്ന പ്രകൃതം വെടിഞ്ഞു് സാമൂഹ്യജീവിതത്തിൽ വിമോചനം നേടാൻ ഇന്ത്യക്കാരനെ മഹാകവി ടാഗോർ ആഹ്വാനം ചെയ്തതും ബൃഹസ്പതിയെ ഓർമ്മിച്ചുകൊണ്ടല്ലേ? സാമൂഹ്യജീവിതത്തിന്റെ സുഖം സ്വർഗ്ഗവും ദുഃഖം നരകവുമാണ്. മന്ത്രഘോഷങ്ങളും ഈശ്വരന്മാരെ പ്രീതിപ്പെടുത്താനുള്ള കാണിക്ക, നിവേദ്യം മുതലായ ചടങ്ങുകളും നിഷ്ഫലമാണ്. സുഖം തിരഞ്ഞു് വ്യവസ്ഥാപിതമാർഗ്ഗങ്ങളിലൂടെ ജീവിതവാടിയെ അലങ്കരിച്ചാൽ മാത്രം മതി. ചാർവ്വാകസിദ്ധാന്തമനുസരിച്ച് അപ്രായോഗികങ്ങളായ തത്വങ്ങളെ കുഴിച്ചുമൂടാൻ കരുത്തു നൽകിയതു് ബൃഹസ്പതിയത്രെ. അശുഭാപ്തിവിശ്വാസികളായ ആത്മീയവാദക്കാരെ തുരത്തിയാലേ, ഭൗതികജീവിതത്തിൽ ഉയർന്നെഴുന്നേല്ക്കുന്ന ഔന്നത്യജീവിതം പ്രശോഭിക്കയുള്ളു. എല്ലാവർക്കും പുഞ്ചിരിയുടെ താഴ്‌വരയിൽ വിശ്രമിക്കാൻ ശുഭാപ്തിവിശ്വാസവും അനശ്വരമൂല്യങ്ങളുടെ പിന്നാലെ പരക്കംപായുന്ന മൂഢത്വവും അവസാനിപ്പിക്കണം. കണ്ണുനീരിന്റെ കാട്ടുംപടലും വെട്ടിമാററി ആഹ്ളാദത്തിന്റെ പൊൻകിനാവുകൾ തുന്നിച്ചേർക്കാൻ ചാർവ്വാകസിദ്ധാന്തം എല്ലാ കാലഘട്ടത്തിലും കൂടിയേ കഴിയൂ. വ്യക്തികൾക്കു "താനേ തൊണ്ടുനനയ്ക്കാനുള്ള" സാഹചര്യം ഉണ്ടെങ്കിൽ ആത്മീയവാദത്തിനു് പ്രചാരവുമുണ്ടാകും. എന്നാൽ, അനീതിയും അസമ

തത്വം നിറഞ്ഞു് സമൂഹം അധഃപതിക്കുമ്പോൾ ഭൗതികവാദത്തിനേ മനുഷ്യരാശിയെ രക്ഷിക്കാനൊക്കൂ. എങ്കിലും ബൃഹസ്പതി എഴുതിയ ഗ്രന്ഥങ്ങൾ സർവ്വകലാശാലാ ലൈബ്രറികളിൽപോലും ശേഖരിച്ചുവെച്ചിട്ടില്ലെന്ന പരമാർത്ഥം വേദനാജനകമല്ലേ—ഒരു ദർശനമെന്നുപോലും ചാർവ്വാകസിദ്ധാന്തത്തെ അംഗീകരിക്കാത്തവർ സമൂഹത്തിൻെറ കഴിയാബാധകളാണു്. ഇന്ത്യൻ സംസ്ക്കാരം വെറും ആത്മീയമാണെന്നു് നുണപ്രചരിപ്പിക്കുന്നവർക്കു് ബാർഹസ്പത്യസൂത്രങ്ങൾ അമ്പരപ്പുണ്ടാക്കിയേക്കാം. പക്ഷേ, പുരോഗതിയുടെ വഴിത്താരയിൽ നിന്നിമേഷയായി നിൽക്കുന്ന ഭാരതത്തിനു് ബൃഹസ്പതി ഒരു വെള്ളിനക്ഷത്രമായി ത്തീരട്ടെ.

# ശ്രീശങ്കരനെ തലകീഴായി മറിച്ചിടുക

KOTTAYAM PUBLIC LIBRARY
KOTTAYAM

ഇന്ത്യക്കു് ഈ നൂററാണ്ടിന്റെ പരിവർത്തനാത്മകമായ പ്രവണതക്കനുസരിച്ച് ഒരു ജീവിതതത്വശാസ്ത്രം വേണമെന്നു് എല്ലാബുദ്ധിജീവികൾക്കും അറിയാം. എന്നാൽ മാർക്സിസം പോരേ, എന്നു ചോദിക്കുന്ന ക്രാന്തദർശികളോടു് മതി എന്നും സമാധാനം പറയാം. പക്ഷെ മാർക്സിസം പിൻതുടരാൻ നിർദ്ദേശിക്കപ്പെടുമ്പോൾ ഇന്ത്യൻതത്വശാസ്ത്രത്തിന്റെ പാരമ്പര്യത്തിനു് പ്രതിലോമപരമായ ഈ നടപടി സാധൂകരിക്കത്തക്കതാണോ എന്നൊരു സംശയം പലരും പലയിടത്തും ആവർത്തിക്കുന്നു. ഇന്ത്യയുടെ ഉത്തുംഗതത്വശാസ്ത്രം ഏതാണ്? ശ്രീ ശങ്കരാചാര്യരുടെ അദ്വൈതദർശനംതന്നെ. അതങ്ങു് അംഗീകരിച്ചാൽ സാമൂഹ്യവിപ്ലവത്തിനും രാഷ്ട്രപുനസ്സംവിധാനത്തിനും ഇടയാവില്ലേ? ഇല്ല. പണ്ടു് കാറൽമാർക്സ് ഇതുപോലൊരു ഉത്തരംമുട്ടിയ പ്രശ്നത്തിനു് മുമ്പിൽ കുഴങ്ങേണ്ടിവന്നിട്ടുണ്ടു്. ജർമ്മനിയിൽനിന്നുത്ഭവിച്ച് പാശ്ചാത്യചിന്താലോകത്തെയാകമാനം കിടിലംകൊള്ളിച്ച ഹെഗലിന്റെ തത്വശാസ്ത്രം നാഗരികതയുടെ നവീകരണത്തിനു് അതുപോലവതരിപ്പിച്ചാൽ പോരേ എന്നു് വളരെക്കാലത്തെ ഗാഢചിന്തയുടെ ഫലമായി അദ്ദേഹം എത്തിച്ചേർന്ന നിഗമനം ഹെ

ഗലിൽ വൈരുദ്ധ്യാത്മകതത്വം ശിരസ്സിൽ നിലയുറപ്പി ച്ചിരിക്കയാണ്, നമുക്കു ഹെഗലിനെ തലകീഴായി മറിക്കണം എന്നായിരുന്നു. ചിന്തകർ അന്ധാളിച്ചു. ഹെഗലിൻെറ തത്വശാസ്ത്രം തലകീഴായി മറിച്ചിട്ടാൽ ഒരു അഭിനവ ജീവിതതത്വശാസ്ത്രം ഉടലെടുക്കുമോ? മാർക്സ് ശാന്തനായി തെളിയിച്ചു—സാധിക്കുമെന്ന്— സത്യദർശനവും പദാർത്ഥങ്ങളുടെ വികാസവും ഒരേ യാഥാർത്ഥ്യത്തിൻെറ വിവിധവശങ്ങളായി ഹെഗൽ സങ്കല്പിച്ച് സത്യദർശനത്തിന് മുൻഗണന നൽകി യപ്പോൾ ഒരു പിന്തിരിപ്പൻചിന്താഗതി പിറന്നു. മാർക്സ് പദാർത്ഥങ്ങളുടെ വികാസത്തിന് പ്രാഥമ്യവും പ്രാധാന്യവും പ്രദാനംചെയ്തപ്പോൾ പുരോഗമനത തത്വശാസ്ത്രം ജനിച്ചു. വൈരുദ്ധ്യാത്മകവ്യാപാരത്തിൻെറ പ്രേരകശക്തി ആശയങ്ങളാണെന്ന് ഹെഗൽ വാദി ച്ചു. മാർക്സ് ഒരു മനസ്സിൻെറ മൂശയിൽക്കൂടി ഉരു കിയൊഴുകാത്ത ആശയങ്ങൾ അർത്ഥശൂന്യങ്ങളാണെ ന്ന് അഭിപ്രായപ്പെട്ടു. പ്രവർത്തിക്കുന്ന സാഹചര്യ ത്തിൻെറ പ്രതിഫലനങ്ങളാണ് മനസ്സുകൾ എന്ന് മാർക്സ് ഊന്നിപ്പറഞ്ഞു. മനസ്സിന് വെളിയിലുള്ള ലോകത്തിലെ സംഭവങ്ങളും ചലനങ്ങളും മനസ്സിലൂ ടെ പാഞ്ഞുപോകുന്ന വ്യാപാരങ്ങളെ നിയന്ത്രിക്കുന്നു. ചരിത്രത്തിനേയും മനുഷ്യമനസ്സിലെ സംഭവങ്ങളെയും നിശ്ചയിക്കുന്നതു് ഭൗതികകാര്യങ്ങളാണ്. കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ കാലാവസ്ഥയുടെ മാററങ്ങ ളും അസംസ്കൃതസാധനങ്ങളുടേയും നൂതനസാങ്കേ

തിക മാർഗ്ഗങ്ങളുടേയും കണ്ടുപിടുത്തവുമാണ് ചരിത്രത്തിൻെറ പ്രയാണത്തെ നയിക്കുന്നതു്. സാമൂഹ്യപരിണാമത്തിൽ രാഷ്ട്രത്തെ പ്രധാനമായി കരുതിയ ഹെഗലിൻെറ വാദം മറിച്ചിട്ടു് സാമൂഹ്യഘടനയെ മാർക്സു് മുൻനിറുത്തി. സാമൂഹ്യഘടനയിലെ സാമ്പത്തികാടിസ്ഥാനത്തിൻെറ മുകളിൽ ഉയരുന്ന സംഹിതയാണ്, രാഷ്ട്രത്തെ ഉണ്ടാക്കുന്ന നിയമപരവും സ്ഥാപനപരവുമായ ബന്ധങ്ങൾ, അവയുടെ പിൻതുടർച്ചയായ ധാർമ്മികവും മതപരവും കലാപരവും തത്വചിന്താപരവുമായ ആശയങ്ങൾ മനുഷ്യബോധം ജീവിതത്തെ ഭരിക്കുന്നു എന്ന ഹെഗലിൻെറ ആശയവാദം ദൂരത്തെറിഞ്ഞു് ജീവിതം മനുഷ്യൻെറ തത്വസംഹിതയെ നിയന്ത്രിക്കുന്നു എന്നു് മാർക്സ് സിദ്ധാന്തിച്ചു. സാമ്പത്തിക വ്യവസ്ഥ ഉല്പാദിപ്പിക്കുകയും മാനസികഘടന വെറുതെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. ഹെഗലിൻെറ മതത്തിൽ ചിന്ത പ്രത്യക്ഷരൂപങ്ങളിൽക്കൂടി കേവലാശയത്തിൽ പ്പെടുന്നു എന്നാണ്. മാർക്സു് മറിച്ചിട്ടതു് ഉല്പാദനശക്തികളുടെ അതിപ്രസരം കേവലാശയത്തെപ്പോലും ഗ്രസിക്കാൻ കഴിവുള്ള മാസ്മരശക്തിയെ വെളിപ്പെടുത്താനായിരുന്നു. അങ്ങനെ വസ്തുനിഷ്ഠമായ ജീവിതപഠനവും ഊഷ്മളമേറിയ ജീവിതാനുഭവങ്ങളും മാർക്സിനെ പുരോഗമനച്ചേരിയിലേയ്ക്കാനയിച്ചു.

ഇന്നു് ഇൻഡ്യയുടെ ഭാവിയിൽ ആകാംക്ഷപൂണ്ടിരിക്കുന്നവരെല്ലാം മനസ്സിലാക്കേണ്ടതു് അതിവേഗ

ത്തിൽ നമ്മുടെ ഉന്നത ദർശനമായ ശാങ്കര സിദ്ധാന്തത്തെ തലകീഴായി മറിച്ചിട്ട് ഒരു പുതിയ ജീവിതവീക്ഷണത്തിന്റെ വിളംബരം ആവശ്യമാണ്. എങ്ങനെ? ബ്രഹ്മൻ സത്യം ജഗത് മിഥ്യ—ബ്രഹ്മാത്മൈക്യജ്ഞാനം മോക്ഷം — ഇതി അദ്വൈതഃ എന്ന മതത്തെ മറിച്ചിട്ട് വ്യാഖ്യാനിച്ചാൽ മതി.—

## ബ്രഹ്മം സത്യമല്ല അസത്യമാണ്

അനുഭവാത്മകമായ ചിന്തക്കോ ചിന്താത്മകമായ അറിവിനോ അപ്രാപ്യമാണ് ബ്രഹ്മം. പരിശുദ്ധമായ ആന്തരികതപമായ ബ്രഹ്മത്തെക്കുറിച്ച് ആശയപരമായ വിശദീകരണം നൽകാനൊക്കയില്ല. അവിഭാജ്യവും അവികലവും ആയ അതിനെ നിർവ്വചിച്ച് വസ്തുവാക്കി വികൃതിയാക്കരുത്. അത് ഏകമാണെന്നു പോലും ഉച്ചരിക്കരുത്. അദ്വൈതമെന്ന് മന്ത്രിക്കുക.

ഈ ബ്രഹ്മത്തെയാണ് നാം അസത്യമായി നിരൂപിക്കാൻ പഠിക്കേണ്ടത്. നിശ്ചലമായി മനസ്സിനെ നിലനിറുത്താനുള്ള കായികാവശ്യങ്ങൾ സമ്പാദിച്ചിരുന്ന ഉപനിഷത്തുക്കളിലെ ആചാര്യന്മാർ മനസ്സിനെ ചെപ്പിടിവിദ്യ കളിപ്പിച്ച് മെനഞ്ഞെടുത്ത സൃഷ്ടിയാണ് ബ്രഹ്മം. ആ ബ്രഹ്മത്തിനുവേണ്ടി നിരാഹാരമനുഷ്ഠിക്കുന്നവരും പ്രാണായാമാദി ചിത്തവൃത്തി നിരോധകർമ്മങ്ങൾ ശീലിക്കുന്നവരും സർവ്വസംഗ പരിത്യാഗികളാകുന്നവരും ഒരു മൂഢസ്വർഗ്ഗത്തിലാണ്. കാരണം, മനുഷ്യ ചേതനക്ക് ക്രിയാത്മകമായ സർഗ്ഗസക്തി

വ്യാപാരംകൊണ്ടു് പ്രപഞ്ചത്തിന്റെ അത്ഭുതരഹസ്യങ്ങളും ഗ്രഹിക്കുവാൻ സാധിക്കും. പരീക്ഷണവും നിരീക്ഷണവും തിരുത്തിയെഴുതലുകളുംകൊണ്ടു്, ശതാബ്ദങ്ങളുടെ അവിരാമയത്നംകൊണ്ടു് അതു് ശക്യമാണു്. എന്നാൽ നമ്മുടെ കുപ്രസിദ്ധരായ ഋഷീശ്വരന്മാർ ഞൊടിയിടയിൽ പ്രപഞ്ചത്തിന്റെ ആശ്രയം കണ്ടുപിടിച്ചുകളഞ്ഞു. ബ്രഹ്മം!—ആ പദത്തിന്റെ അർത്ഥമോ? വളരുകയും പടരുകയും ചെയ്യുന്ന ഒരു അതു്—ആണോ പെണ്ണോ? അമൂർത്തവുമാണു്. മൂർത്തവുമാണു്—സത്യവും ജ്ഞാനവും ആനന്ദവുമാണു്, അനിർവചനീയവുംകൂടി—നിർഗ്ഗുണോഗ്ഗുണി എന്നു് അഭിജ്ഞമതം. എന്തിനു്? ഈ ദുഷ്ടസൃഷ്ടിക്കുവേണ്ടി മെനക്കെട്ടതു് വേറെ തൊഴിലില്ലാത്തതിനാലാണു്. കഷ്ടതയിലും കണ്ണുനീരിലുംകൂടി വേലക്കാർ ആർജ്ജിച്ചുവെച്ച സ്വത്തിനെ കരണ്ടുതിന്നുകൊണ്ടു് ബ്രഹ്മത്തെ സത്യമെന്നു് രുദ്രാക്ഷമാല പിടിച്ചു് ആണയിടുന്നു. ബ്രഹ്മം പാടത്തിലെ പുഴുവായ കർഷകനു് വേണോ? ഫാക്ടറിയിലെ കരിത്തൊഴിലാളിക്കു് ആവശ്യമാണോ? തോട്ടിക്കും തൂപ്പുകാരനും ചുമട്ടുകാരനും ബീഡിതെറുപ്പുകാരനും കൂടിയേ തീരുവോ?—ശ്ശേ—പ്രാതിഭാസിക നിലവാരത്തിൽ ചിപ്പിയെക്കണ്ടു് വെള്ളിയാണെന്നും കയറിനെക്കണ്ടു് പാമ്പാണെന്നും ധരിച്ചു് മയങ്ങിയിരിക്കുന്നവർക്കു് പാടില്ല—അദ്ധ്യാപകനോ ക്ലാർക്കിനോ പത്രാധിപർക്കോ ആഫീസർക്കോ കണ്ടക്ടർക്കോ ബ്രഹ്മൻ വേണ്ടേ? കൊള്ളാം—വ്യാവഹാരിക നിലവാര

ത്തിൽ കാമക്രോധമോഹാദികളുടെ ചുഴിയിൽ നട്ടംതിരിയുന്നവർക്കു് ബ്രഹ്മവിചാരം പാടില്ല—പിന്നെ ആർക്കാണ് ബ്രഹ്മധ്യാനം—പാരമാർത്ഥിക നിലവാരത്തിൽ എത്തിയവരുടെ ജീവിതത്തൊഴിൽ-ആരാണവർ? സന്യാസികൾ, കുടുംബജീവിതം വിട്ടോടിയവർ, മലകളിൽ കണ്ണു മടച്ചിരിക്കുന്നവർ—പുരോഹിതന്മാർ—ഇവരൊക്കെ അതിനർഹരാണ്. എന്നാൽ ഇതങ്ങു സർവ്വസാധാരണമാക്കിയാലെന്തേ? അജ്ഞാനം കൊണ്ടു് മായാവലയത്തിൽപ്പെട്ടവരെ തീണ്ടാൻപോലും സാദ്ധ്യമല്ല. പരിശുദ്ധി തെളിയിക്കാൻ കാഷായവസ്ത്രമോ മുഖംമൂടിയോ കറുത്ത ചട്ടയോ ഉള്ളവരുടെ കുത്തകയാണതു്. പ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്ന ഈ ബ്രഹ്മജ്യോതിസ്സ് മനുഷ്യനുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു. ബ്രഹ്മം മായയിലൂടെ രൂപം മാറി ഈശ്വരനാകും. ബ്രഹ്മപഠനം പരാവിദ്യയാണ്. ഈശ്വരചിന്ത അപരാവിദ്യയും—ഇത്രയും അശാസ്ത്രീയവും അസംബന്ധവുമായ തത്വം ഇന്ത്യയിലും വിദേശരാജ്യങ്ങളിലും ഭൂരിപക്ഷം ജനങ്ങളേയും കമഴ്ത്തിയിട്ടിരിക്കുന്നു.

വേറൊരുവിശേഷം 68 കൊല്ലം തത്വവിചാരം ചെയ്തിട്ടും ഡോക്ടർ രാധാകൃഷ്ണന് അദ്വൈതദർശനത്തിൽനിന്നു് അണുമാത്രം വ്യതിചലിക്കാൻ കഴിഞ്ഞിട്ടില്ല. ഓം—ബ്രഹ്മൻ—എന്നു് ധ്യാനിച്ചു് പാവം രാഷ്ട്രീയപ്ലാററഫോറത്തിൽ രാഷ്ട്രീയചിന്തകളെ അന്ന

കുലിച്ചും താത്വികമണ്ഡലങ്ങളിൽ ശങ്കരനെ വാഴ്ത്തി യും പറന്നുനടക്കുന്നു. എന്താ, ലോകവിമോചനമാർ ഗ്ഗം ശങ്കരൻ പറഞ്ഞിട്ടുണ്ട്—ലനിൻ പറഞ്ഞതോ— ശരിയാണ്—മാർക്സ് സ്ഥാപിച്ചതോ—വാസ്തവമാണ് നെഹറു പ്രഖ്യാപിച്ചതോ, മുഴുവൻ സത്യമാണ്— ഇങ്ങനെ ചിന്താദാർഢ്യമില്ലാതെ തത്വവിചാരത്തെ ശാസ്ത്രവുമായി തട്ടിച്ചുനേക്കി പഠിച്ചിട്ടും കഴന്വുകാ ണാതെ അദ്ദേഹം അതുമിതും പുലമ്പുകയാണ്. ശാങ്ക രസിദ്ധാന്തം ബ്രഹ്മത്തെ നിരൂപിച്ചു. യാജ്ഞവൽക്യ നും ബൃഹദാരണ്യനും ഗൗഡപാദരും ആവർത്തിച്ചാ വർത്തിച്ചതിനെ ചർവ്വിതചർവ്വണം ചെയ്തിട്ടാണ്. അന്ന് മനുഷ്യൻ ചിന്തയുടെ ബാലിശഘട്ടത്തിലാ യിരുന്നപ്പോൾ സമാഹരിച്ച തത്വങ്ങൾ ഇന്ന് തെ ളിവും വിശദീകരണവും പാടുപെട്ട് തേടിപ്പിടിച്ച് സമർപ്പിക്കുന്ന ഡാക്ടർ രാധാകൃഷ്ണൻ വാചകക്കസർ ത്തു നടത്തുമ്പോൾ മറന്നുപോകുന്നു, ഇന്ത്യയിലെ ജന ങ്ങൾ അതൊന്നും ശ്രദ്ധിക്കാതെ ജനകീയതത്വശാസ്ത്ര ത്തിലേക്ക് നടന്നുകഴിഞ്ഞു എന്ന്—

നാം ചെയ്യേണ്ടത് ഇരുപതാംനൂററാണ്ടുവരെയെ ത്തിയ ബുദ്ധിയുടെ വെളിച്ചത്തിൽ, അനുഭൂതിയുടെ അകമ്പടിയോടുകൂടി ബ്രഹ്മം നിത്യമെന്നുള്ളതിനെ പി ശകായി ഗണിക്കുകയാണ്. എങ്ങും തൊടാതെ ഒരി ക്കലും ചലിക്കാതെ നിർഗ്ഗുണാഗുണിയായ ബ്രഹ്മം മനുഷ്യൻെറ പുഴക്കുത്തുപിടിച്ച ചിന്തയുടെ സന്തതി

യായി അവരോധിക്കണം. എന്നിട്ടു് ബ്രഹ്മം അസത്യമാണെന്നു് സ്ഥാപിക്കാൻ ഉപോൽബലകമായ കാര്യം, ആധുനികശാസ്ത്രം നൽകുന്നപ്രാപഞ്ചികാപഗ്രഥനം തിരസ്കരിക്കാവതല്ലെന്നും ഇന്നത്തെ യുക്തിക്കും അനുഭൂതിക്കും നിരക്കാത്ത സങ്കൽപ്പം മൗഢ്യമാണെന്നുമാണ്.

## ജഗത്തു് മിഥ്യയല്ല യഥാർത്ഥമാണ്

കാര്യകാരണബന്ധത്തിൽ ക്ഷണികവും നശ്വരവുമായ വസ്തുക്കളെയും സംഭവങ്ങളേയും അണിനിരത്തി പ്രദർശിപ്പിക്കുന്ന പ്രകൃതി മായയാണ്. ആപേക്ഷിക യാഥാർത്ഥ്യമുണ്ടെങ്കിലും പരമയാഥാർത്ഥ്യമായ ബ്രഹ്മത്തിനുവേണ്ടിനാം ലോകത്തിനെ അയഥാർത്ഥമായിതള്ളണം. അദ്വൈതവാദിപറയുന്നു: "കയറിനെ കണ്ടു് പാമ്പായി വിചാരിക്കുന്നു. ബ്രഹ്മനെ കണ്ടു് ലോകമായി ഭാവിക്കുന്നു." എന്നാൽ കയറായ ജഗത്തിനെ ദർശിച്ചു് പാമ്പായ ബ്രഹ്മനെ സങ്കല്പിക്കുന്നു എന്നു് ആ തത്വത്തെ രൂപാന്തരപ്പെടുത്തണം. മനുഷ്യമനസ്സിനെ യോഗവും നിദിധ്യാസനവും സാക്ഷാത്കാരവും അഭ്യസിപ്പിക്കാൻ പ്രേരിപ്പിക്കുന്ന പാമ്പായ ബ്രഹ്മനെ ചവുട്ടിതാഴെയിട്ടു് കയറായ ലോകത്തെ കഴുത്തിലണിഞ്ഞു് പുരോഗതിയിലേക്കു് മാർച്ച് ചെയ്യാൻ ജനങ്ങളെ ആഹ്വാനംചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ചില വസ്തുക്കൾ നിത്യമല്ല എന്നു് —ആകട്ടെ. അതുകൊണ്ടു് നിത്യമായവയെല്ലാം കൂടി

ച്ചേർന്നു് ഭീമമായ അനിത്യമാകണമെന്നുണ്ടോ. വസ്തുക്കളും വെറും പ്രത്യക്ഷങ്ങളാണുപോലും—അതുകൊണ്ടു് അവയുടെ യാഥാർത്ഥ്യം മങ്ങിമറഞ്ഞുപോകുമോ? ഒരു പന്തം കൊളുത്തി ചുററിക്കറക്കുന്നതുപോലെയുള്ള പ്രതീതിയേ പ്രപഞ്ചത്തിനുള്ളു എന്നു് വാദിച്ചാൽ എന്തൊരു വിഡ്ഢിത്തം—ഗൗഡപാദർ ഉൽഘോഷിക്കുന്നു, "ആദിയും അന്തവുമില്ലാത്ത ലോകത്തിനു് മദ്ധ്യവുമില്ല." അതിനു്, വർത്തമാനലോകത്തിൻെറ കനമുള്ള അനുഭവങ്ങളെ അവഗണിക്കണമെന്നോ? അനുഭവം സ്വപ്നസമമാണെന്നു്—തുരീയാവസ്ഥയിലെ അനുഭവത്തിനേ യാഥാർത്ഥ്യമാകാനർഹതയുള്ളു എന്നു് അദ്വൈതവാദി വീമ്പിളക്കുന്നു. കൈകാൽ മടക്കിക്കുത്തിയിരുന്നു് തുരീയാവസ്ഥ ഉണ്ടാക്കാൻ എത്ര നൂററാണ്ടുകളായി ആളുകളെ തേജോവധം ചെയ്യുന്നു? ഒരു തത്വത്തിനു്വേണ്ടി കിറുക്കു്പിടിച്ചാലും ഇത്രകാലം തുടരെ മാറാത്ത കിറുക്കായി തീരുമോ എന്നു് അദ്വൈതജല്പനത്തെ നോക്കി ചിന്തകൻ മിഴിക്കുകയാണു്. സാരമില്ല—ജഗത്തിൻെറ അന്തസ്സാരശൂന്യത നമുക്കു് മനസ്സിലാകാത്തതു് അജ്ഞാനതിമിരത്തിൽ തപ്പിത്തടയുന്നതുകൊണ്ടാണു്, വെളിച്ചത്തേക്കു വരൂ. പാലും പഴവും കൂലിക്കാർ നേടിവെച്ചതിനെ കഴിച്ചുകൊണ്ടു് ചമ്രംപടിഞ്ഞിരുന്നു് ആലോചിക്കൂ. ശ്രവണവും മനനവുംകൊണ്ടു് സാക്ഷാത്കാരത്തിലേക്കു് നാം ആനയിക്കപ്പെടും. എന്താണു് സാക്ഷാൽക്കരിക്കപ്പെടുന്നതു്? അതു്—ഏതു്—അതുതന്നെ. ലോ

കം കേവലം മഞ്ഞുതുള്ളികളായി പൊഴിഞ്ഞുപോകുന്നതു് അനുഭവപ്പെട്ടും. ഇല്ലെങ്കിൽ വിദേഹമുക്തിയോ ജീവന്മുക്തിയോ നമുക്കു് കിട്ടുകയില്ല.

പക്ഷേ ഇന്നു് മുക്തി അത്യന്താപേക്ഷിതം സാമൂഹ്യനീതിയിൽനിന്നും സാമ്പത്തികാസമത്വത്തിൽനിന്നുമാണു്. ക്ലിഷ്ടവും ദുഷ്ടവുമായ ജീവിതത്തിൻെറ തലവരിയോലകൾ വലിച്ചുകീറിക്കളഞ്ഞു് സമത്വസുന്ദരമായ സാമൂഹ്യജീവിതം നെയ്തെടുക്കാനുള്ള കടലാസുചുരുളുകൾ നിർമ്മിക്കാനാണു് നാം ബദ്ധപ്പെടുന്നതു്. ഓരോ തുള്ളിയും ജഗത്തു് യഥാർത്ഥമായിക്കരുതി വൈകാരികസത്തയുള്ള അനുഭവങ്ങൾക്കായി നാം ജീവിതത്തിനെ കാത്തുനില്പിക്കും. അതിനു് വിലങ്ങുതടിയായിത്തീർന്നിരിക്കുന്ന മായാവാദവും മററും ചിന്തിക്കാനേ നമുക്കു് സമയമില്ല. എന്നെന്നേക്കുമായി ഈവക മൂഢവാദങ്ങളെ അടിച്ചുകററാൻ നാം ഒരുങ്ങണം. അപ്പോൾ ഒരു നവയുഗം കുമ്പെടുക്കും.

## ബ്രഹ്മാത്മൈക്യജ്ഞാനം മോക്ഷമല്ല. ഒളിച്ചോടലാണു്.

ശരീരത്തിനപ്പുറം ശരീരിയെ കണ്ടുപിടിക്കാനുള്ള പാഴ്‌വേലയിൽ എത്ര നൂററാണ്ടുകളായി ഇന്ത്യക്കാരൻ പങ്കുതല്ലുന്നു. കായികശാസ്ത്രത്തിൻെറയും മനശ്ശാസ്ത്രത്തിൻെറയും നിഗമനങ്ങൾ അറിഞ്ഞിട്ടും അജ്ഞത നടിക്കുന്ന അദ്വൈതവാദികൾ ഗ്രഹിക്കണം, ആത്മാവെയും ബ്രഹ്മത്തേയുംകൊണ്ടു് നടത്തുന്ന തീക്കളി

സമൂഹത്തിനുകൂടി ഒരു ബാധയായിത്തീർന്നിരിക്കുന്നു എന്നു്—വ്യക്തിക്കു് സമൂഹവുമായി ഐക്യം പ്രാപിക്കരുതോ—രാഷ്ട്രംപോലെ ധ്യാനത്തിനു്—അന്തർദ്ദേശീയ പ്രശ്നങ്ങളുമായി ഒന്നുചേരരുതോ—കുഷ്ഠരോഗിയുമായി താദാത്മ്യം പ്രാപിച്ചു് അയാളെ ജ്ഞാനലക്ഷ്യമായി കരുതാറായില്ലേ—തോട്ടിയുമായി സാത്മ്യംകണ്ടു് മലനിവാരണത്തിനു് തയ്യാറാകരുതോ? മഹാകവി ടാഗോർ ഗീതാഞ്ജലിയിൽ പാടിയിട്ടുണ്ടു്—"എന്താണു് ഈ മോക്ഷം—മോക്ഷം ഇരുളടഞ്ഞ മൂലകളിൽനിന്നും പുറത്തിറങ്ങി വയൽവരമ്പത്തും പാതവക്കിലും ആത്മാവിനെ കണ്ടെത്തുക—ഈശ്വരനെ കൂട്ടിമുട്ടുക." എന്നിട്ടും സത്യജ്ഞാനാനന്ദസ്വരൂപികളായ ആത്മാവും ബ്രഹ്മവും മടിയിൽവെച്ചു് ലാളിക്കുന്നവർ സമൂഹത്തിന്റെ ജീവിതയാതനകളുടെ ഗർജ്ജനം കേൾക്കുന്നില്ലേ? വയലാർ അലറുമ്പോൾ, തൊഴിൽശാലകൾ മുഖരിതമാവുമ്പോൾ, പാടങ്ങൾ ഞെട്ടുമ്പോൾ, പറമ്പുകൾ ശുഷ്കിക്കുമ്പോൾ മറഞ്ഞുനിന്നു് മോക്ഷവിചാരം കൊള്ളുകില്ല. ജീവിക്കുവാൻ, വ്യക്തിത്വവികാസത്തിനു് സമൂഹഘടന പടുത്തുയർത്തുവാൻ ചരിത്രത്തിന്റെ എല്ലാ കാലഘട്ടത്തിലും തത്വവിചാരം അനിവാര്യമായി ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. എന്നാലും മോക്ഷവിവക്ഷക്കായി തത്വവിചാരം തുടങ്ങിക്കുന്ന അദ്വൈതവാദികളെ അഗ്നിക്കിരയാക്കിയാലേ ശല്യങ്ങൾ മതിയാക്കുകയുള്ളോ—വിദേഹമുക്തി! ദേഹം ത്യജിച്ചിട്ടുള്ള കാര്യം അറിയാനല്ല ജിജ്ഞാസ. ദേഹം നേരെ

നിറുത്താൻ മൂകലക്ഷങ്ങൾ കണ്ണീരൊലിപ്പിക്കുമ്പോൾ നെടുവീർപ്പുകൾ തൊടുത്തുമ്പോൾ, ദേഹിയെ വാഴിക്കാനുള്ള ദാഹം! ജീവന്മുക്തി! ജീവിച്ചുകൊണ്ടിരിക്കുമ്പോഴേ ബ്രഹ്മത്തിൻെറ അടുത്തെത്തി ആത്മാവിനെ കൂട്ടിയിണക്കി ആനന്ദസ്വർഗ്ഗം പണിയണം. കരുത്തുള്ളവരുടെ കർമ്മശാസ്ത്രം! ജീവൻ പൊറുതിയോടെ നിൽക്കാൻ വറുതിയനുഭവിക്കുമ്പോൾ വിമോചനത്തിനു ശ്രദ്ധാലോചന! ചിന്തകരേ! നാശോന്മുഖികളായ തത്വങ്ങൾ പ്രചരിപ്പിക്കുന്നതു് നന്നു്. കാരണം, സുഭിക്ഷവും സമൃദ്ധവുമായ വ്യക്തിജീവിതം അനുവദിച്ചുതന്ന ആശ്രമങ്ങളും മതസ്ഥാപനങ്ങളും ഇടിഞ്ഞു താഴെവീഴാതിരിക്കുന്നിടത്തോളംകാലം നിങ്ങൾ അദ്വൈതവാദവുമായി സല്ലപിക്കൂ. എന്നാൽ വിശപ്പിൻെറവിളി അവസാനിപ്പിക്കാൻ ചന്ദ്രഹാസവുമിളക്കി ആർത്തടുക്കുന്ന തൊഴിലാളികളെ, ഇല്ലാത്തവരെ, ജന്മനാ ദരിദ്രരെ, തടഞ്ഞുനിർത്തി തത്വോപദേശം ചെയ്യാതെ ഗ്രന്ഥങ്ങൾ മാററിയെഴുതൂ-അദ്വൈതം തുടച്ചുനീക്കി ജനകീയ തത്വശാസ്ത്രത്തിനു വഴിമാറുക.

## മാർക്സിൻെറ പ്രചോദനം

ഹെഗലിനെ മറിച്ചിട്ട മാർക്സ്, ശങ്കരനെ മറിച്ചിടാൻ നമ്മെ പ്രേരിപ്പിക്കുന്നതോടൊപ്പം ചില വസ്തുതകൾ ഓർമ്മിപ്പിക്കാനും ശ്രമിക്കുന്നുണ്ടു്.

ഒന്നാമതായി സദാചാരബോധസംഹിത മതവുമായി കൂട്ടിക്കലർത്തി വ്യക്തിഗതമായ ജീവിതവീ

ക്ഷണം വാദിച്ചിരുന്ന രീതി മാററണമെന്നു്—ധർമ്മശാസ്ത്രം സാമ്പത്തികശാസ്ത്രവും രാഷ്ട്രമീമാംസയുമായി അടുത്ത ബന്ധം പുലർത്തണം. ശ്രീശങ്കരൻ ധർമ്മസംഹിതയെ വ്യക്തിയുടെ ഏകാന്തതീർത്ഥയാത്രയിലെ നാഴികക്കല്ലുകളായി കണക്കാക്കി. മാർക്സിൻെറ നിയന്ത്രണം അനുസരിച്ച് സാമ്പത്തികശാസ്ത്രത്തിന്നു് ജീവിതത്തിൽ ഏററവും പ്രാധാന്യം നൽകി നാം സദാചാരനിയമങ്ങളെ സമൂഹത്തിൻെറ സാമ്പത്തിക ഘടനയുടെ അതിർത്തിമേഖലയിൽ പ്രതിഷ്ഠിക്കും. ഒരു ഭദ്രമായ രാഷ്ട്രമില്ലാതെ നീതിയുടെ സമ്പന്നിയമങ്ങളില്ലാതെ സദാചാരം വികസിക്കുകയില്ലാത്തതുകൊണ്ടു് ശങ്കരൻെറ ധർമ്മബോധം പുതുക്കിപ്പണിയാൻ നാം ഒരുങ്ങും.

രണ്ടാമതായി മതസംഘടനകൾ തത്വവിചാരത്തെ വളർത്തിക്കൊള്ളുമെന്നുള്ള ശങ്കരൻെറ സിദ്ധാന്തത്തെ നാം എതിർക്കും. കലയോടും സാഹിത്യത്തോടും ശാസ്ത്രത്തിനോടും ഇണങ്ങിയ തത്വവിചാരമാണ് ചരിത്രത്തിൻെറ നിർദ്ദേശമെന്നു് മാർക്സ് പറഞ്ഞതിനെ നാം ശിരസാ വഹിക്കുന്നു. ജീവിതതത്വശാസ്ത്രം ശാസ്ത്രകാരനും കലാകാരനും സാഹിത്യകാരനും സമർപ്പിക്കേണ്ടതു് തത്വചിന്തകനാണ്. അപ്പോൾ മതത്തിൻെറ മയക്കുവിദ്യകളിൽ കണ്ണഞ്ചിതത്വങ്ങളെ വിരൂപപ്പെടുത്തുന്ന പതിവു് നാം നിർത്തലാക്കുന്നു. സൗന്ദര്യാത്മകമായ മതബോധത്തിനു

ള്ള പരിമിതിസ്ഥാനം തള്ളിയിട്ട് മതസ്ഥാപനങ്ങളിൽനിന്നും തത്വവിചാരത്തെ തെരുവിലേക്കിറക്കാൻ നാം തയാറാകും.

മൂന്നാമതായി ചരിത്രത്തിന്റെയും കാലത്തിന്റെയും തീരുമാനങ്ങളെ വകവെച്ച് ജീവിതാപേക്ഷികമായ തത്വവിചാരം ചെയ്യും. നിത്യവും സനാതനവുമായ തത്വവിചാരത്തിന് ശ്രുതിയുടെ കൂട്ടുപിടിച്ച് പോകാൻ ശങ്കരൻ ആജ്ഞാപിച്ചതു് നാം അനുസരിക്കാൻ ഭാവമില്ല. ശ്രുതി അഥവാ പ്രസ്ഥാനത്രയം (ഉപനിഷത്ത് ബ്രഹ്മസൂത്രം, ഭഗവദ്ഗീത) പൗരാണികജീവിതത്തിന്റെ മൂല്യങ്ങളെ ദർശിച്ച് ക്രോഡീകരിച്ചതാണെന്നു് നാം നിഷേധിക്കുന്നില്ല. ജീവിതം ശതാബ്ദങ്ങളിലൂടെ പതഞ്ഞൊഴുകി ഇങ്ങേയററം എത്തി. ഇനിയും ജീർണ്ണിച്ച് തുരുമ്പുപിടിച്ച ഗ്രന്ഥങ്ങളിൽനിന്നും ഓലകൾ തപ്പിയെടുത്തു് തത്വവിചാരം ചെയ്തു് മുമ്പോട്ടുപോയാൽ മാർക്സ് വിഭാവനചെയ്ത നവയുഗം വരുകയില്ല.

നാലാമതായി വ്യക്തിയുടെ ഉയർച്ചയും ഉത്തേജനവുമാണ് പ്രാധാന്യമെന്നു് ശങ്കരൻ സ്ഥാപിച്ചു. മാർക്സിന്റെ അഭിപ്രായത്തിന്റെ തണലിൽ സമൂഹമാണ് ചിന്താർഹം. സാമൂഹ്യസാഹചര്യങ്ങൾ ഉല്പാദിപ്പിക്കുന്ന വ്യക്തികളെ പരിശോധിക്കാൻ നാം ഒരുങ്ങും. കുടുംബവുമായി, അമ്മമാരുമായി ബന്ധപ്പെടാത്ത തത്വചിന്തകരെ തുറുങ്കിലടയ്ക്കണമെന്നുമാ

ത്രമല്ല അവരുടെ തത്വങ്ങളെ ബഹിഷ്ക്കരിക്കുകയും വേണം. അപ്പോൾ അദ്വൈതം കത്തിച്ചുകളയേണ്ട താളിയോലഗ്രന്ഥമായി അനുഭവപ്പെടും.

അന്ധാമതായി സാമൂഹ്യജീവിതത്തിൽ നിന്നും ഉരുത്തിരിഞ്ഞ മൂല്യങ്ങളെ ആരാധിക്കാതെ വ്യക്തിയുടെ സുന്ദരസങ്കല്പങ്ങളെ ദൈവമാക്കുന്ന പതിവ് മാർക്സ് ആദ്യമായും അവസാനമായും എതിരിട്ടു. ശങ്കരൻെറ ഇഷ്ടദൈവവും ഗുരുപ്രിയവും, അന്ധമായ അന്തകരണവാസനയും ബുദ്ധിദാരിദ്ര്യവും ആണ് ഉണ്ടാക്കിയിരിക്കുന്നതു്. നൂതനമായ ചിന്തക്കും അവിശ്രാന്തമായ അന്വേഷണത്തിനും ഇടംനൽകാത്ത അദ്വൈതം അജ്ഞതയുടെ വേറൊരു പ്രതീകമാണ്. ശാസ്ത്രം മടിക്കുത്തിൽ കോരിയിട്ടും അധ്യാസവും അനുഭൂതിയുമായി സ്വപ്നാടനം നടത്തുന്നവരോട്ട് സഹതപിക്കുകയല്ല, നിർബ്ബന്ധിതമാർക്സിസപഠനത്തിന് നിയമംമൂലം ആവശ്യപ്പെടുകയാണ് വേണ്ടതു്. വർണ്ണാശ്രമധർമ്മവും ബ്രാഹ്മണാ:മധാവിത്വവും ഇന്ത്യൻദർശനങ്ങളെ വികൃതപ്പെടുത്തലും ശ്ലാഘിച്ച ശങ്കരനെ തലകീഴായി മറിച്ചിട്ടു് ജനകീയതത്വശാസ്ത്രത്തിലേക്കു് നാം പുരോഗമിക്കുക. നമ്മുടെ ഇന്ത്യ സ്വതന്ത്രതത്വവിചാരത്തിൻെറ കർമ്മഭൂമിയായി മാറട്ടെ.

# ഇൻഡ്യക്ക് ചൈന നൽകുന്ന സാധനപാഠം

ഈ നൂററാണ്ടിൽ ഉണർന്നെഴുന്നേററ ചൈനയുടെ ശില്പി മാവോസെതുങ്ങ് ആണെന്നുള്ളത് അവിതർക്കിതമായ ഒരു സത്യമല്ലേ? വളരെ പഴക്കമേറിയ തത്വശാസ്ത്രത്തേയും മതത്തേയും പരിവർത്തനം ചെയ്തതെങ്ങനെയെന്ന് നമുക്ക് അത്ഭുതം തോന്നുമായിരിക്കും. കാരണം തുരുമ്പുപിടിച്ച ചിന്തകന്മാരുടെ വലയത്തിൽനിന്നും ജനങ്ങളെ വിമുക്തമാക്കാൻ സാധിച്ചതു് വലിയൊരു നേട്ടമാണ്. മാവോസെതുങ്ങ് അതിന് നേതൃത്വം കൊടുത്തതു് ഇങ്ങനെയാണ്. "ചൈനയുടെ സംസ്കാരത്തിന് അതിൻേറതായ രൂപം, ദേശീയരൂപം ഉണ്ടായിരിക്കണം. കഴിഞ്ഞ യുഗങ്ങളിൽ തിളക്കമുള്ള ഒരു സംസ്ക്കാരത്തെ ചൈനക്കാരുടെ ചരിത്രത്തിൽ കരുപ്പിടിപ്പിച്ചതു് ദീർഘമായ നാടുവാഴിത്തകാലഘട്ടമായിരുന്നു. എങ്ങനെ ഈ പരമ്പരാഗതമായ സംസ്ക്കാരം വളർന്നു, നാടുവാഴിത്താവശിഷ്ടങ്ങൾ എങ്ങനെ ഉപേക്ഷിക്കണം, ആ സംസ്ക്കാരത്തിൻേറ ജനകീയസാരാംശമെന്തു്, ഇവ അറിഞ്ഞില്ലെങ്കിൽ നമ്മുടെ പുതിയ ദേശീയസംസ്ക്കാരം വികസിപ്പിക്കാനോ, ദേശീയാത്മവിശ്വാസം വർദ്ധിപ്പിക്കാനോ സാദ്ധ്യമല്ല. വിമർശനാത്മകമായ സംഭരണമാണ്

നാം സ്വീകരിക്കേണ്ടതു്. പഴയ സംസ്കാരത്തിലെ പഴിഞ്ഞ വശങ്ങൾ നാടുവാഴിത്തഭരണവർഗ്ഗവുമായി ബന്ധപ്പെട്ടിരുന്നതുകൊണ്ടു് അവയെ വിലയിരുത്തു മ്പോൾ ജനകീയവും വിപ്ലവാത്മകവുമായ അംശങ്ങളെ സൂക്ഷിച്ചു് വേർതിരിക്കണം'' (പേജ് 61-62 ചൈന യുടെ പുതിയ ഡെമോക്രസി) ഈ വെളിച്ചത്തിൽ പൂർ വാർജ്ജിതസമ്പത്തിനെ പരിശോധിച്ചു് മുന്നേറിയതാ ണു് ആധുനികരാഷ്ട്രങ്ങളുടേയും മേന്മ. ഇന്ത്യക്കു് ചൈനയെ അനുകരിക്കാൻ കഴിവുള്ള ഒരു പശ്ചാത്ത ലം നമുക്കു് ഒരുക്കാൻ പ്രയാസമില്ല. എങ്കിലും ഇന്ത്യ യുടെ ദായം സങ്കീർണ്ണവും ദുർഗ്രാഹ്യവുമായ ചിന്തക ളിൽ നെയ്തെടുത്തതായതുകൊണ്ടു് ചൈനയുടെ ലാഘ വത്വം നമുക്കു് കരഗതമാകുകയില്ല.

## എന്താണു് ചൈനയുടെ ലാഘവത്വം

ചൈനാക്കാരനു് പാരമ്പര്യത്തിൻെറ ഫലമായി ലഭിച്ച വിജ്ഞാനത്തിൻെറ ആകെത്തുകയ്ക്കു് മാർക്സി സ്റ്റ് ദർശനത്തിലേക്കു് പ്രവേശിക്കത്തക്കവണ്ണമുള്ള സാദൃശ്യമുണ്ടായിരുന്നു. ഇന്ത്യയിലെ ചൈനീസ് അ മ്പാസിഡറായ ഡോക്ടർ ലോചിയാലൂൻ ''തത്വ ശാസ്ത്രത്തിൻെറ ചരിത്രം, പാശ്ചാത്യവും പൗരസ്ത്യവും'' എന്ന ഗ്രന്ഥത്തിൽ ചൈനീസ് ചിന്തയുടെ പൊതു ലക്ഷണങ്ങളെ വിശദീകരിച്ചിരിക്കുന്നതു ശ്രദ്ധേയ മാണു്.

ഒന്നാമതായി ചൈനീസ് ചിന്ത അടിസ്ഥാനമായി മനുഷ്യത്വപരമാണ്. കൺഫ്യൂഷസ് വിഭാവന ചെയ്ത ധാർമ്മികസംഹിത മനുഷ്യബന്ധങ്ങളുടെ സമഞ്ജസമായ സുസ്ഥിതിക്കുവേണ്ടി വാദിച്ചു. വ്യക്തി സ്വയം വളർച്ചയിലൂടെ മനുഷ്യത്വം ലക്ഷ്യമാക്കി ഉയരുന്നതു് മററു മനുഷ്യരോടു് കരുണയും സ്നേഹവും പരമാവധി പ്രകടിപ്പിക്കാൻ മാത്രമായിരുന്നു. മെൻസിയസ് പ്രസ്താവിക്കുന്നതുപോലെ, സ്വന്ത കുടുംബത്തിലെ യുവാംഗങ്ങളേയും വൃദ്ധന്മാരേയും പരിഗണിക്കുന്ന രീതി ഇതരകുടുംബങ്ങളിലേക്കും പകർത്താൻ ശീലിക്കേണ്ട കടമ ഓരോ ചൈനക്കാരിലും നിക്ഷിപ്തമാണ്. "ലി" അഥവാ ശരിയായ പെരുമാററം ആത്മനിയന്ത്രണത്തെ പരിപോഷിപ്പിക്കുന്നു "യൂഹ്" അഥവാ സംഗീതാത്മകത്വം ജീവിതത്തിൽ കലർത്താനും നാം ശ്രമിക്കണം.

രണ്ടാമതായി, അഭൗതികവും അപ്രമേയവുമായ വസ്തുക്കളെപ്പററി ചിന്തിക്കാൻ ചൈനക്കാരൻ ഇഷ്ടപ്പെട്ടില്ല. കൺഫ്യൂഷസ്സ് ആവശ്യപ്പെട്ടു.

"നന്മയെക്കുറിച്ചു് വിചാരിക്കുന്നതു് ജനക്ഷേമത്തിനുവേണ്ടിയായിരിക്കണം. ഭൗതികവും സ്വർഗ്ഗീയവുമായ ശക്തികളെ ബഹുമാനിച്ചുകൊള്ളുക. എന്നാൽ അവയെ അകലെ അകററിനിറുത്തണം" വിഗ്രഹാരാധനയും മതാഘോഷങ്ങളും അനുവദിച്ചിരുന്നതു്, സാമാന്യജനങ്ങളുടെ മനശ്ശാന്തിയെ ഓർത്തു് മാത്രമാ

യിരുന്നു. പ്രകൃതിയുമായി ബന്ധപ്പെട്ട് അവരം സമർപ്പിക്കുന്ന വിശിഷ്ടവിഭവങ്ങളിൽ ആഹ്ളാദിച്ച് ചൈനക്കാർ കഴിഞ്ഞുപോന്നു.

ഈ പ്രകൃതിയോടുള്ള പ്രണയം നട്ടുപിടിപ്പിച്ചതു് ചുവാങ്ങ്സു എന്ന ചിന്തകനും "തയോയിസം" അനുയായികളും കൂടിയാണ്.

മൂന്നാമതായി ചൈനീസ് മനസ്സ് മതേതരവും സഹിഷ്ണുതാപരവുമായിരുന്നു. കുടുംബത്തിൻെറ ഒരു മൂല്യം ആവർത്തിക്കുന്നതു "മതങ്ങരം പലതായിരിക്കാം എന്നാൽ യുക്തി ഒന്നുമാത്രം" എന്നാണ്. ആരാധനാസ്വാതന്ത്ര്യവും വിശ്വാസങ്ങളുടെ സമനിലയും വക വെച്ചിരുന്നു. ഇന്നത്തെ ഒരു ചൈനീസ് കുടുംബത്തിൽ അച്ഛൻ ബുദ്ധവിശ്വാസിയും അമ്മ തയോയിസ്ററും പുത്രൻ ക്രിസ്ത്യാനിയും ആകാം. മതം വ്യക്തിയുടെ സ്വകാര്യപ്രതിപത്തിയായിരിക്കണമെന്നു് ചൈനയിൽ നിർബന്ധമുണ്ടു്. രാഷ്ട്രമതമോ സ്ഥിരമായ പള്ളിയോ, പുരോഹിതവൃന്ദം നയിച്ച പരിഷ്കൃത പ്രവാഹങ്ങളോ ചൈനക്കു് അജ്ഞാതമാണ്. പുതിയ ആശയങ്ങരം ശാസ്ത്രീയമോ താത്വികമോ രാഷ്ട്രീയമോ ആയിക്കൊള്ളട്ടെ, ചൈനക്കാരൻെറ അഭിനിവേശത്തെ ആളിക്കത്തിക്കും. കോപ്പർനിക്കൻ വിപ്ളവവും (ഭൂമിയാണ് സൂര്യനെ ചുററുന്നതു്) ഡാർവിനിസവും സ്വീകരിച്ച് പുരോഗമിക്കാൻ ചൈനക്കു് വിഷമം വന്നിട്ടില്ല.

നാലാമതായി കൺഫ്യൂഷസിൻെറ ജനകീയ ധർമ്മസംഹിതയും ചുവാങ്ങ്സുവിൻെറ "എല്ലാ കാര്യ

ങ്ങളുടേയും സമീകരണ''സിദ്ധാന്തവും മോസ്സവിൻെറ "സാർവ്വലൌകികസ്നേഹ"തത്വവും ചൈനക്കാർക്കു് ദേശീയജനാധിപത്യത്തിൻെറ അസ്ഥിവാരം നൽകിയിട്ടുണ്ടു്. മെൻസിയസ് തൻെറ രാഷ്ട്രീയതത്വശാസ്ത്രത്തിൽ ജനങ്ങളെ എല്ലാ തത്വങ്ങളുടേയും മാനദണ്ഡമായി അംഗീകരിച്ചു. അദ്ദേഹം പറയുന്നു "ജനങ്ങൾ പ്രഥമപരിഗണനയിലും രാഷ്ട്രം രണ്ടാമതായും ഭരണകർത്താവു് മൂന്നാമതായും വരണം". ദുർഭരണവും രാഷ്ട്രീയമർദ്ദനവും രാജ്യത്തു് കൂത്താടുകയാണെങ്കിൽ വിപ്ളവം നീതീകരിക്കപ്പെടുന്നു. "പരിവർത്തനത്തിൻെറ പുസ്തക"ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക. "തോങ്ങും വൂയും (പഴയ ഋഷിരാജാക്കന്മാർ) നയിച്ച വിപ്ലവങ്ങൾ സ്വർഗ്ഗത്തിൻെറ ഇഷ്ടപ്രകാരവും ജനങ്ങളുടെ അഭിലാഷമനുസരിച്ചുമായിരുന്നു." ദൈവികരാജത്വസിദ്ധാന്തത്തെ വിമർശിച്ചു് ഹ്വാങ്ങ്ചങ്ങ്ഹ്സി പതിനേഴാം നൂററാണ്ടിൽതന്നെ ഗ്രന്ഥങ്ങളെഴുതി. 1911-ൽ ചൈനീസ് റിപ്പബ്ളിക്കു് സ്ഥാപിക്കാൻ വേണ്ടിവന്ന വിപ്ലവത്തെ സാധൂകരിച്ചു് ജനങ്ങളെ മനസ്സിലാക്കാൻ ഹ്വാങ്ങിൻെറ ആശയങ്ങളാണു് ഉപയോഗപ്പെടുത്തിയതു്.

## ഇന്ത്യയുടെ ദുർഗ്രാഹ്യത്വം

ഒരിക്കലും ചൈനക്കുണ്ടായിരുന്നതുപോലെ ലൌകികപരമായ തത്വങ്ങൾ ഇന്ത്യൻ ചിന്തകർക്കു് തോന്നിയിരുന്നില്ല. മനസ്സിലാക്കാൻ വയ്യാത്ത കാര്യങ്ങളി

ലേക്കു് കുതിച്ചുപാഞ്ഞ ഇന്ത്യൻമനസ്സു് ദുർഗ്ഗ്രാഹ്യത്വം സംസ്കാരത്തിൽ ഉറപ്പിച്ചു.

ഒന്നാമതായി ശോകാത്മകത്വം ഇന്ത്യൻ ദർശനങ്ങളുടെ സന്തതസഹചാരിയാണു്. ബുദ്ധനും ജിനനും യാജ്ഞവൽക്യനും ബാദരായണനും ഗൗഡപാദരും ശങ്കരനും രാമാനുജനും മധ്വനും വല്ലഭനും നിംബാർക്കനും ഗോതമനും കണാദനും കപിലനും പതഞ്ജലിയും ജൈമിനിയും ജീവിതം ഒരു ദുഃഖസാഗരമായി കണ്ടു. ശവങ്ങൾ ഒഴുകുന്നു, രോഗികൾ മാറത്തടിച്ചു് വിഷണ്ണരാകുന്നു; തെണ്ടികൾ നട്ടംതിരിയുന്നു; കിഴവന്മാർ മരിക്കാൻ സാഹസപ്പെടുന്നു, ഭൗതികബന്ധങ്ങൾ വട്ടംകറക്കുന്നു; സന്താനോല്പാദനം സന്താനദുരിതത്തിന്നു് വഴിതെളിക്കുന്നു; കൂട്ടജീവിതമേ ക്ലിഷ്ടവും ദുർവഹവുമാണു്—ഇങ്ങനെയാണു് ഓരോ ദാർശനികന്റേയും പല്ലവി. വ്യക്തിയുടെ കഷ്ടതകൾ കഴുകിക്കളയാൻ സംഘടനകളും രാഷ്ട്രീയഭദ്രതയും സാമൂഹ്യക്കെട്ടുറപ്പും അഭിലഷിച്ചുകൂടെ? അവക്കായി പ്രയത്നിച്ചുകൂടെ? വേണ്ട-അതിരുകടന്ന സാഹസത്തെ ചിന്തകർ അപലപിക്കുന്നു. ആശ്രമങ്ങളും മഠങ്ങളും കെട്ടിപ്പൊക്കി ദുഃഖനിരോധത്തിന്നു് ശ്രമിയുകയാണു് താത്വികമാർഗ്ഗം. ഇങ്ങനെ ദോഷൈകദൃക്കായി ജീവിതത്തെ സമീപിച്ച ദാർശനികർ പ്രകൃതിയിൽ പ്രവൃദ്ധമായിക്കൊണ്ടിരിക്കുന്ന നവ്യതയേയോ പ്രസാദനത്തേയോ കൂട്ടാക്കാത്തതുകൊണ്ടു് ജീവിതം ശ്മശാനസമമായി ഒന്നിനൊന്നു് അധഃപതിച്ചു.

രണ്ടാമതായി സങ്കുചിതത്വത്തിൽ നിന്നും ഉടലെടുത്ത ദൃഢോക്തി ഓരോ ദർശനത്തിനും കൂട്ടനിൽക്കുന്നു. അദ്വൈതം ശാസിക്കുന്നതു് വിശിഷ്ടാദ്വൈതമോ ദ്വൈതമോ ശുദ്ധാദ്വൈതമോ ഭേദാഭേദവാദമോ അംഗീകരിക്കുകയില്ല. ബ്രഹ്മം നിർഗ്ഗുണനാണ്— ഒരു കൂട്ടം ചിന്തകർ നൂററാണ്ടുകളായി മുറവിളികൂട്ടുന്നു, ബ്രഹ്മം സഗുണമാണ്. വേറെ ഒരു വർഗ്ഗം ആളുകൾ ശക്തിയായി വാദിച്ചുവരുന്നു—ബ്രഹ്മം വിഷ്ണുവും ശിവനും ശക്തിയുമാകാം—മൂന്നു സംഘടിത ചിന്തകർ വാശിയോടെ ആവശ്യപ്പെടുന്നുണ്ടു്. ഇവയ്ക്കെല്ലാം മുപരിയായി ദൈവം "അദൃഷ്ട"മാണ്, അതിനെ ധർമ്മമായി "ഋത" (സ്ഥിരനിയമം)യായി വ്യാഖ്യാനിക്കുക എന്നൊരു ഗ്രൂപ്പും പരമാണുപൂരിതമായ പ്രപഞ്ചത്തെ താങ്ങിയവരും ഭൗതികശക്തിയെ സ്ഥാപിച്ച ചാർവ്വാകരും പ്രകൃതിപുരുഷയോഗത്താൽ പ്രപഞ്ചത്തെ ദർശിച്ച സാംഖ്യമതക്കാരും ഇന്നു് കുറവായതുകൊണ്ടു് ആ വഴിക്കുള്ള വഴക്കു് അണഞ്ഞിരിക്കയാണ്. എങ്കിലും ചില ധർമ്മോപദേശങ്ങൾ ഉരുവിട്ടു് കണ്ണടച്ചുപോയ ബുദ്ധനിൽ ആരോപിക്കുന്ന സിദ്ധാന്തങ്ങളെ പ്രതിനിധീകരിച്ചു് നാലു സ്കൂളുകൾ (സൌത്രാന്തികം, വൈഭാസികം, വിജ്ഞാനവാദം, ശൂന്യവാദം) പലയിടത്തുനിന്നും ഓളിയിടുന്നുണ്ടു്. യാഥാർത്ഥ്യം അനേകാന്തവാദത്തിലും സ്യാദ്വാദത്തിലുംകൂടി പഠിക്കണമെന്നും, എല്ലാ ഇന്ത്യൻ ദാർശനികരും ആനയെ കാണാൻ പോയി പല വിചിത്രവിവരണങ്ങളുമായി

തിരിച്ചുവന്ന അന്ധന്മാരെപ്പോലെയാണെന്നും ഒച്ചവെയ്ക്കുന്ന ജൈനമതക്കാരും അങ്ങുമിങ്ങുമുണ്ട്. ഇവർക്കെല്ലാം തങ്ങളുടെ സിദ്ധാന്തത്തെ ലയിപ്പിക്കാനോ വികസിപ്പിക്കാനോ വിശാലമാക്കാനോ മനസ്സില്ല. ചോര കാണുന്നതുവരെ അദ്വൈതവാദി പടവെട്ടുമെന്നു് വിളംബരം ചെയ്തിരിക്കുന്ന ചിന്താലോകം ഇന്ത്യയിൽ സമൃദ്ധിയായി വളരുന്നതുകൊണ്ട് ഇതരവാദക്കാരും അവരവരുടെ വാദമുഖങ്ങൾക്ക് മൂർച്ച കൂട്ടുന്നുണ്ട്.

മൂന്നാമതായി നിഷേധാത്മകത്വം ഓരോ ദർശനത്തിനും പ്രിയംകരമാണ്. ‹‹നേതി, നേതി›› (അതല്ല: ഇതല്ല) (via negativa) മാർഗ്ഗം അവലംബിച്ച് ഓരോ ദാർശനികനും ചിന്തക്കപ്പുറംവരെ എത്തി. ലൗകികവും അലൗകികവും, ഭൗതികവും ആത്മീയവും എന്ന വിവേചനത്തിൽ അടിയുറച്ചുനിന്നു് തത്വശാസ്ത്രത്തിന് പറയാനുള്ളതു് അലൗകികവും ആത്മീയവുമാണെന്ന് കല്പിച്ച് എല്ലാവരും ചിന്തിച്ചു. ഇന്ദ്രിയനിവേദനങ്ങൾക്കും അനുഭവത്തിനുമപ്പുറം ഒരു അനുഭൂതികൾ വിഹരിക്കാവുന്ന മണ്ഡലമുണ്ട്. അവിടെ ദൈവവും അത്ഭുതശക്തികളും കുടിയിരിക്കുന്നു.

ബ്രഹ്മത്തിനു ആ വിഹായസ്സിൽ നിർന്നിമേഷനായി നിലയുറപ്പിച്ചിരിക്കുന്നു. അങ്ങോട്ടു ചെന്നാൽ ലോകവ്യഥയിൽനിന്നും വിമുക്തമായി ‹‹സച്ചിദാനന്ദ››ത്തെ പ്രാപിക്കാം. ഈ തത്വം ശ്രവിച്ച്, മനനം ചെയ്തു് നിദിധ്യാസനത്തിൽകൂടി സാക്ഷാത്ക്കരിക്കാൻ ജീവി

തം ഉഴിഞ്ഞുവെച്ചിട്ടുള്ളവരാണ് നമ്മുടെ പഴയകാലത്തെ വേണ്ടപ്പെട്ട തത്വചിന്തകർ. കുടുംബവും അമ്മപെങ്ങന്മാരും തത്വശാസ്ത്രവിഹാരത്തിനു് തടസ്സങ്ങളാണ്. ആശയങ്ങളും ആലിംഗനംചെയ്തു് ഏകാന്തതയിൽ ദന്തഗോപുരത്തിൽ ജീവിക്കുക പാരമാത്ഥികലോകമാണ്. വ്യാവഹാരികവും പ്രാതിഭാസികവും സമൂഹത്തെ കുറിക്കുന്നതാകയാൽ അവയെ വിസ്മരിക്കണം, കഴിയുമെങ്കിൽ അതിശയിക്കാൻ ശ്രമിക്കണം.

നാലാമതായി പശ്ചാദ്ഗമനവാസനയാണ് ദർശനങ്ങൾക്കു് അഭികാമ്യം. ഉപനിഷത്തുക്കളും വദങ്ങളും പറയാത്തതൊന്നും തത്വചിന്തയാകയില്ല. പണ്ടു ഋഷികൾ ദർശിച്ച സന്യാസജീവിതത്തിനപ്പുറത്തു് ഒരു ജീവിതചര്യ ആവിഷ്കരിക്കുന്നതു് അപമാനകരവും അപകടജടിലവുമാണ്. സപ്തദർശനങ്ങളും ഇന്ത്യയിൽ ആവിർഭവിച്ചതു് ശാശ്വത തത്വശാസ്ത്രം പ്രതിപാദിക്കാനായിരുന്നു. ന്യായദർശനവും വൈശേഷികദർശനവും ചിന്താശക്തിയെ ത്വരിപ്പിച്ചു് മോക്ഷത്തിലെത്താൻ വഴിപറഞ്ഞുതന്നു. സാംഖ്യയോഗദർശനങ്ങൾ വിവേകജ്ഞാനവും നിരീക്ഷണം നൽകുന്ന പ്രപഞ്ചപാനവുംകൊണ്ടു് മോക്ഷസമ്പാദനത്തിനു് ഉപദേശിച്ചു. പൂർവമീമാംസദർശനം ധർമ്മത്തെ വേദവിധികൾ സ്വീകരിച്ചു് വാഴിക്കാനും വേദനിഷേധങ്ങളുടെ സഹായത്താൽ അധർമ്മത്തെ ബ്രാഹ്മണ ജീവിതത്തിൽ നിന്നുമാത്രം ഒഴിവാക്കാനും പഠിപ്പിച്ചു. വേദാന്തദർശനമാകട്ടെ ദൈവസാക്ഷാത്കാരമോ, ബ്രഹ്മാനുഭൂതി

യോ കണ്ടുപിടിച്ച് മോക്ഷം പ്രാപിക്കാൻ നിർദ്ദേശിച്ചു. ചാർവ്വാകദർശനം ഉണ്ടാക്കിയ ബൃഹസ്പതി സുഖലക്ഷ്യത്തെ ഓർമ്മിച്ച് ജീവിക്കാനും ആവശ്യപ്പെട്ടു.

പിന്നേയും പത്തു നൂററാണ്ടുകൾ ഇന്ത്യക്കാർ ദുരുപയോഗപ്പെടുത്തി. ചാർവ്വാകദർശനമൊഴിച്ച്, ബൃഹസ്പതിവാദത്തെ അകററി നിറുത്തി ഷഡ്ദർശനങ്ങളുടെ തിരിച്ചും മറിച്ചുമുള്ള വ്യാഖ്യാനത്തിനായി ശാസ്ത്രം ഇരമ്പിക്കയറി; ജീവിതമൂല്യങ്ങൾ ലോകത്തെ കണ്ണുതുറപ്പിച്ചു; മനുഷ്യമഹാപ്രവാഹം ഭൂമിയെ പമ്പരംകറക്കി; ഇന്ത്യ നിശ്ചലയായി ഇഴഞ്ഞുനീങ്ങുന്നു. ഈ പത്തു ശതാബ്ദങ്ങൾ പഴയ തത്വചിന്ത അയവിറക്കാൻ വിനിയോഗിച്ച് ഇന്ത്യൻതത്വചിന്ത ഗഹനമെന്ന പേരും നേടി കഴിയുകയാണ്.

## ചൈനയുടെ പാത ഇന്ത്യയിലോട്ട്

ചൈനയിലെ വെളിച്ചം വിതറിയ പാത ഇന്ത്യയിലോട്ട് തിരിച്ചാൽ ഇന്ത്യൻതത്വചിന്തയെ സമൂലം നവീകരിക്കേണ്ടിവരും. ആദ്യമായി ചൈനീസ് ചിന്തയിലെ ലക്ഷണസ്വഭാവങ്ങൾ ഇവിടെ ആവർത്തിക്കണം. അടിസ്ഥാനപരമായ മനുഷ്യതത്വചിന്ത ഇന്ത്യയിൽ പ്രകാശിക്കാൻ ചാർവ്വാകദർശനത്തിൻെറ ഉപജ്ഞാതാവായ ബൃഹസ്പതിയുടെ തത്വങ്ങൾ പുനരുദ്ധരിക്കണം. അഭൗതികവും അപ്രമേയവുമായ ചിന്തകളെ ആട്ടിപ്പായിക്കാൻ വേദാന്തദർശനത്തെ നശിപ്പിച്ച് യുക്തിപരവും വസ്തുനിഷ്ഠവും സ്വാഭാവികവു

മായ ന്യായവൈശേഷികസാംഖ്യദർശനങ്ങളുടെ വള ച്ച് ഒന്നുകൂടി ഇന്ത്യയിൽ അനുവദിക്കണം. മതേതരവും സഹിഷ്ണുതാപരവുമായ ചിന്താഗതി ഇന്ത്യ മതേതരരാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടതുകൊണ്ട് നടപ്പിലാക്കാൻ എളുപ്പമുണ്ടല്ലോ. ജനകീയതത്വശാസ്ത്രം ഇന്ത്യയിൽ നാമ്പെടുക്കണമെങ്കിൽ പാശ്ചാത്യചിന്തകരായ ബർട്രണ്ട് റസ്സൽ, ജാൺഡ്യൂയി, ഹെൻറി ബർഗ്സൻ, കാറൽമാർക്സ്, ചിന്താത്മക അസ്തിത്വവാദികൾ, എന്നിവരുടെ തത്വശകലങ്ങൾ ഇന്ത്യൻ ചിന്തയെ കുളിർപ്പിക്കുകയും ഭാവശുദ്ധിയേല്പിക്കുകയും വേണം.

## മാവോസ്തുങ്ങിൻെറ സാധനപാഠം

പഴയ ഇൻഡ്യൻ സംസ്കാരത്തിൻെറ ചീത്തവശങ്ങൾ എന്തെല്ലാമെന്ന് കണ്ടുപിടിക്കുക, മാവോസ്തുങ്ങിൻെറ കല്പന നാം സ്വീകരിക്കുക; ഇന്ത്യൻ നാഗരികത അസ്തപ്രജ്ഞമായി അവശേഷിച്ചതു് മതം തത്വശാസ്ത്രത്തെ ഗ്രസിച്ചതു മൂലമായിരുന്നു. ഭാരതത്തിൻെറ വകയായ ഷഡ്ദർശനങ്ങളും മതം നൽകിയ ജീവിതരീതിയെ തത്വചിന്തയുടേതായി സങ്കല്പിച്ച് ചിന്താശേഷിയെ സംഹരിച്ചു. ഇന്നു് ഇരുപത്താംനൂററാണ്ട് മനുഷ്യൻെറ നയനങ്ങളെ ഞെട്ടിത്തുറപ്പിച്ചിട്ടുണ്ടെങ്കിൽ ഇന്ത്യൻതത്വശാസ്ത്രത്തിൻെറ മുകളിൽ കേറിയിരിക്കുന്ന ഡോക്ടർ രാധാകൃഷ്ണൻ മത

മലീമസമായ തത്വശാസ്ത്രം നാളെയും വലിച്ചുനീട്ടുക യാണ്. അദ്ദേഹത്തിൻെറ "ചൈതന്യാത്മകമതം" (Religion of the spirit) ഇന്ത്യയുടെ നവോത്ഥാനത്തിനു മാത്രമല്ല ലോകം ഉയിർത്തെഴുന്നേൽക്കുന്നതിനും പോരുന്നതാണെന്നു അദ്ദേഹം മാത്രം വിശ്വസിക്കുന്നു. മതത്തിനു ഒരേഒരു ആജ്ഞാപനമേയുള്ളു. തനിച്ചിരുന്നു യാഥാർത്ഥ്യത്തോടു സല്ലപിക്കുക; അതിൽ അശ്ലീലമായി വല്ലതുമുണ്ടോ എന്നു ചോദിക്കുകയാണെങ്കിൽ ഡോക്ടർ രാധാകൃഷ്ണൻ പറയും, മതദർശനത്തിൻെറ കാതലായ "തത്വമസി" (ഞാൻ നീയാണ്) എന്ന സൂക്തി ഡെമോക്രസിയുടെപോലും അടിസ്ഥാനതത്വമാണെന്നു. ആത്മാവു് ബ്രഹ്മമാണെന്ന വേദാന്തസൂക്തിക്കു ലോകത്തിലെ ജനാധിപത്യവാദത്തിനു ആണിക്കല്ലിടാൻ കഴിയുമെങ്കിൽ മതത്തിൻെറ പുതിയ വെളിച്ചത്തിനു മനുഷ്യരാശിയെ രക്ഷിച്ചുകൂടെ?—ഇന്ത്യൻദാർശനികർ ഇതുപോലെയൊക്കെ ചിന്തിച്ചു. മതത്തിനു പുതിയ വെളിച്ചം കാലാകാലത്തിൽ ഉണ്ടാകുമെന്നും അതിനനുസരിച്ചു് തത്വചിന്ത പതുങ്ങിനിൽക്കണമെന്നും ഋഷികൾ ആത്മാർത്ഥമായി വിശ്വസിച്ചു. എന്നാൽ ഫലമോ? യോഗികൾ ആത്മസാക്ഷാത്ക്കാരത്തിൽ ശ്രദ്ധിക്കാനാക്രോശിക്കുമ്പോൾ പാപികളും ദുർമ്മാർഗ്ഗികളും ദൂഷണംകൊണ്ടു് സാമൂഹ്യജീവിതത്തെ പന്താടുന്നു. എന്നിട്ടു് മരുഭൂമിയിൽ താണ്ഡവനൃത്തമാടുന്നതോ, ദൈവസാക്ഷാത്ക്കാരത്തിന്നാണുതാനും. ഇങ്ങനെ മതംമ

യക്കിയ ഇന്ത്യൻതത്വശാസ്ത്രത്തിലെ നാടുവാഴിത്തക്കലർപ്പുകളെ ഉപേക്ഷിക്കാൻ മാവോസെതുങ്ങിൻെറ ആദർശം സ്വീകരിക്കണം. അതോടൊപ്പം മുതലാളിത്തം ഉന്നയിച്ചിരിക്കുന്ന വികസിതവിഷജ്വാലകൾ വമിക്കുന്ന നവീകൃത ഇന്ത്യൻതത്വശാസ്ത്രത്തേയും അടിച്ചമർത്താൻ നാം പ്രതിജ്ഞയെടുക്കണം. അതോടെ തത്വശാസ്ത്രത്തിൻെറ കിഴക്കിലും പുരോഗതി പ്രത്യക്ഷപ്പെടും.

## ഇന്ത്യൻതത്വശാസ്ത്രം ഉടച്ചുവാർക്കുമ്പോൾ

ജീവിതമൂല്യങ്ങളെ രക്ഷാകർതൃസ്ഥാനം വഹിച്ചു സംരക്ഷിക്കുന്ന ഒരു ജനകീയതത്വശാസ്ത്രം ഉണ്ടാകും. അതിൻെറ സാമുദ്രികാലക്ഷണങ്ങൾ താഴെ പറയുന്നവയായിരിക്കും.

ഒന്നാമതായി ശാസ്ത്രം സമ്മതിക്കുന്ന സങ്കല്പങ്ങളുടെ അയവുവരുന്ന ചിന്താഗതി തത്വശാസ്ത്രത്തിലും ഉദിക്കും. നമ്മുടെ മുമ്പിൽ ഇനിയും യുഗങ്ങൾ കിടപ്പുണ്ട്. തലമുറകൾ പുതിയ പ്രചോദനങ്ങളോടെ വളർന്നുവരുന്നു. അവർക്കും തത്വവിചാരം അഭിലഷണീയമായിത്തീരാൻ ഇന്നു് നാം രൂപവൽക്കരിക്കുന്ന തത്വങ്ങൾ നമ്മുടെ യുഗത്തിനോടുള്ള അഭിമുഖസംഭാഷണം മാത്രമാവണം. ഇന്നു് രാഷ്ട്രീയമായ ചുവരുകൾക്കുള്ളിൽ ജനതതിയുടെ ജീവിതം വാർത്തെടുക്കുന്ന കാലഘട്ടമാണ്. അപ്പോൾ "ദൃഢോക്തിയും" മർക്കടമു

ഷ്ടിയും തുണയാക്കിയാൽ ജീവിതം നിലനിറുത്താനൊക്കയില്ല. പ്രകൃതിയെ അവഗാഢമായി പരീക്ഷിച്ചു നേടുന്ന വിജ്ഞാനസമ്പത്തുമായി പൊരുത്തപ്പെടാതെ, ആകാശത്തിനുമപ്പുറം അനുഭൂതികൾ കേളീരംഗവും കണ്ടുകൊണ്ടു് തറയിൽതൊടാതെ സഞ്ചരിക്കുന്ന തത്വചിന്തകർ അവക്കുതന്നെ ഒരു ശാപമാണു്. ആപേക്ഷികസിദ്ധാന്തം ജീവിതവീക്ഷണത്തെ ലോകമെങ്ങും പരുവപ്പെടുത്തുമ്പോൾ ഇന്ത്യക്കാരൻ വേദാന്തത്തിൻെറ "പരമവും കേവലവും" ആയ വീക്ഷണഃകോണം വഹിച്ചുകൊണ്ടു് യാത്രചെയ്യുന്നതിലുള്ള ഔചിത്യം എന്തായിരിക്കും? പ്രപഞ്ചമേ ചലനാത്മകമായി തെളിയിച്ചു കഴിഞ്ഞിരിക്കുന്ന തരുണത്തിൽ വേദാന്തപ്രേമികൾ നിശ്ചലബ്രഹ്മവും നിർഗ്ഗുണഗുണിയുമായി വേഴ്ചപുലർത്തുന്നതു് അവഹേളനാപരമല്ലേ? എങ്കിൽ ആശാസ്യമായതു്, അശാസ്ത്രീയതയുമായി വിവാഹമോചനം ഉടൻ പ്രഖ്യാപിക്കുകയാണു് ഇന്ത്യയിലെ വേദാന്തചിന്തകരും അന്യവാദഗതിക്കാരും ചെയ്യേണ്ടതു്. ജനങ്ങളുടെ സാക്ഷിക്കൂട്ടിൽ കയറിനിന്നു്, അലൗകികവും അപ്രമേയവുമായ അവസ്ഥകളെക്കുറിച്ചു് പിച്ചുംപേയും പറയുകയില്ലെന്നു് വേദാന്തധുരന്ധരന്മാർ സത്യംചെയ്യണം. എന്നാലേ പ്രകൃതിസത്യങ്ങളുമായി രമിച്ചു് നമുക്കു് തത്വവിചാരത്തെ മൂല്യനിഷ്ഠമാക്കാൻ കഴിയുകയുള്ളൂ.

രണ്ടാമതായി ബുദ്ധിക്കും യുക്തിക്കും അകലെ, ചക്രവാളത്തിൽ അനുഭൂതിയെന്നൊരു ഉപകരണവുമാ

യിതീക്കളി നടത്തുന്ന പതിവ് അവസാനിപ്പിക്കണം. തത്വവിചാരത്തിനും യോഗാത്മകനിരീക്ഷണം വേണമെന്ന് ശഠിക്കുന്നതിൽ അത്ഥമുണ്ട്. എന്നാൽ യുക്തിയെ വളച്ചൊടിച്ച് ബുദ്ധിയെ ശോഭകേടുവരുത്തി തത്വചിന്തയിൽ വ്യാപൃതമാകുക സഹിക്കാവുന്ന കുററമല്ല., മതത്തിൻെറ മാറാല നീക്കി, കണ്ണുമടച്ച് സ്വപ്നം കാണുന്നവരുടെ തത്വവിചാരം പാശ്ചാത്യലോകത്തിൽ മതിയാക്കിച്ച ഡേക്കാർട്ടേയുടെ വെല്ലുവിളി മുഴക്കിയ തത്വശാസ്ത്രം പതിനേഴാംനൂററാണ്ടിലായിരുന്നെങ്കിലും ഇന്ത്യ അതു് ശ്രവിച്ചില്ല. പിന്നെയും ഇന്ത്യ നിലത്തുമുട്ടി പിച്ചവെക്കുകയാണ്. വിദ്വാന് പടക്കസർത്തുകറം കണ്ടു് രസിക്കാനുള്ളതാണ് തത്വശാസ്ത്രമെന്നും സുഖിമാന് സുഷുപ്തിവരാനുള്ള ആത്മവിദ്യയാണ് തത്വചിന്തയെന്നും ഉള്ള ആചാരത്തിൻെറ പഴകിയ നൂലുകറം പൊട്ടിച്ചുകളയാൻ ഇന്ത്യൻതത്വവിചാരം ബുദ്ധിയുടെ നെറുകയിൽ ചാർത്തണം. ബുദ്ധിക്ക് പരിമിതികളുണ്ട്; യുക്തിയ്ക്കു് സംതൃപ്തിയുടെ പൂർണ്ണത തരുകയില്ലായിരിക്കും. എന്നാലും സാമൂഹ്യജീവിതത്തിന് നന്മ സംഭാവനചെയ്യാനുള്ള തത്വവിചാരം, ജനങ്ങറംക്ക് ദേശീയവും അന്തർദ്ദേശീയവുമായ പൊതുജീവിതം സാക്ഷാത്ക്കരിക്കാനുള്ള തത്വവിചാരം ഒരിക്കലും ബുദ്ധിയേയും യുക്തിയേയും കടക്കാൻ പാടില്ല. ജനകീയതത്വശാസ്ത്രം സമർപ്പിച്ചിട്ട് വേണമെങ്കിൽ ഇരുപ്പുറക്കുക

യില്ലെങ്കിൽ തത്വചിന്തകർ അങ്ങകലെ മിഴിയൂന്നിട്ട് അവ്യക്തതയെ ആശ്ലേഷിക്കാൻ ഒരുമ്പെട്ടുകൊള്ളട്ടെ.

മൂന്നാമതായി തത്വവിചാരം സംസ്ക്കാരത്തിൻെറ ഒരു ഘടകമായി ലോകത്ത് പ്രത്യക്ഷമായതുതന്നെ ശുഭാപ്തിവിശ്വാസം നൽകി മനസ്സിനു തണുപ്പും സമൂഹത്തിനു അസ്ഥിവാരവും സൃഷ്ടിക്കാനാണ്. സാമ്പത്തികാടിസ്ഥാനം സാമൂഹ്യവിപ്ലവത്തിൽക്കൂടിയേ ചരിത്രത്തിൽ തലപൊക്കുകയുള്ളു എന്ന പ്രതിസന്ധിഘട്ടം വന്നിട്ടും, എന്നിട്ടുമാത്രം രാഷ്ട്രീയജീവിതം ക്ഷേമപൂർണ്ണമാവൂ എന്നു നിശ്ചയമായിട്ടും ഇന്ത്യൻ തത്വചിന്തകൻ ശോകാത്മകത്വവുമായി മാളത്തിൽ അടങ്ങിപ്പാർക്കുകയാണ്. മനുഷ്യൻ മനുഷ്യനോട് ചെയ്യുന്ന ചൂഷണവും അനീതിയും അഴിമതിയും അക്രമവുമാണ് എല്ലാ ദുഃഖത്തിനും നിദാനമെന്നു ചരിത്രം തെളിയിച്ചപ്പോൾ, ചരിത്രാവശ്യത്തെ ദർശിച്ച് തത്വവിചാരത്തെ ചലിപ്പിക്കാൻ ഇന്ത്യക്കു മനസ്സില്ല. ചരിത്രവും പ്രകൃതിയും നിശ്ചലബ്രഹ്മത്തിൻെറ ലീലയാണെന്ന വിഡ്ഢിത്തം പഠിച്ചിരിക്കുന്ന ചിന്തകർക്കുണ്ടോ, ജീവിതകർമ്മഭൂമിയിലെ ആയാസം കലർന്ന ആയോധനരീതികളെ കാണാൻ കണ്ണുണ്ടാകുന്നു? തനിച്ച് റോബിൻസൺക്രൂസോ ദിനരാത്രങ്ങൾ തള്ളിവിട്ടതുപോലെ ഒരു ഉപദ്വീപിൽ അകപ്പെട്ടാൽ ജീവിതം ദുഃഖഭൂയിഷ്ഠവും വർജ്ജ്യവുമാണെന്ന ഇന്ത്യൻ ദർശനസത്യം അംഗീകരിക്കാം. എന്നാൽ സ്ത്രീപുരു

ഷന്മാർ തോളുരുമ്മി ജീവിക്കുന്ന ഈ നൂററാണ്ടിൽ രാജഡിയുടെ ഉച്ഛിഷ്ടക്കിറക്കുമായി ജീവിക്കാനറക്കുന്ന തത്വചിന്തകരെ എന്തുപഠിപ്പിച്ചാണ് നന്നാക്കേണ്ടതു? വേലയെടുക്കുന്നവർ സംഘടിച്ച് പടവെട്ടിയാൽ, ജീവിക്കുന്നവർ ഒത്തുചേർന്നു ദുഃഖത്തെ അടിച്ചമർത്തിയാൽ, രാഷ്ട്രവും സമൂഹവും സ്ഥാപനങ്ങളും വ്യക്തിയുടെ കരിമ്പു ഏറെറടുത്താൽ, ജീവിതം നന്ദനോദ്യാനമായിത്തീരുമെന്ന കാറൽമാർക്സിൻെറ ദർശനം ഇന്ത്യയെ ഇനിയെങ്കിലും ബോധമുള്ളതാക്കിത്തീർക്കട്ടെ.

നാലാമതായി, പ്രത്യക്ഷാത്മകത്വം തത്വചിന്തയിൽ കരതലാമലകമായിരിക്കുമ്പോഠം നിഷേധാത്മകത്വത്തിന്നുവേണ്ടി പിടച്ച ഇന്ത്യൻ തത്വചിന്തകർ, പ്രപഞ്ചം അവരോടുകൂടി അവസാനിക്കുമെന്നുകണ്ടു. ഡോക്ടർ രാധാകൃഷ്ണൻ ഒരിക്കൽപറഞ്ഞതുപോലെ "നമുക്ക് പൂർവികന്മാരെക്കാഠം കൂടുതൽ കാണാൻകഴിയും. കാരണം അവരുടെ തോളിൽ ചവുട്ടിനിന്നു് നാം ഭാവിയിലേക്ക് എത്തിനോക്കുന്നു." എന്ന വാസ്തവം നാം വിസ്മരിക്കരുതു്. നാളെയും ഉദയവും ഉല്ലാസവും നമ്മെ കാത്തിരിക്കുമ്പോഠം "അതുണ്ടു്, ഇതുമുണ്ടു്" എന്ന നിശ്ചയമായ മാർഗ്ഗത്തിൽക്കൂടി തത്വശകലങ്ങളെ നമുക്ക് സമാർജ്ജിക്കാൻ സാധിക്കും. എത്രയോ പ്രമേയങ്ങഠം ഇനിയും പ്രപഞ്ചത്തേയും ജീവിതത്തേയും അലങ്കരിക്കാനുണ്ടു്. അതിനാൽ നേരത്തെ, പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം, അർത്ഥാപത്തി, ഐതി

ഷ്യം, അനുപലബ്ധി എന്നൊക്കെ പ്രമാണങ്ങളെ ശാശ്വതീകരിച്ചതും ദോഷ്ക്കായിപ്പോയി. അങ്ങനെ താൽക്കാലികജീവിതത്തിൽ ശാശ്വതമൂല്യങ്ങളുമായി ഏറ്റുമുട്ടിയ ഇന്ത്യൻതത്വചിന്തകർ സമാഹരിച്ച സത്യങ്ങൾ അവിടെത്തന്നെ ചവററുകൊട്ടയിൽ കിടക്കുന്നു. ഇന്ത്യൻചിന്താശാസ്ത്രം പണ്ട് വിരചിച്ചതുപോലെ ആക്കം വേണ്ടാതെ ഒരുഭാഗത്ത്—മനശ്ശാസ്ത്രവും വിജ്ഞാനശാസ്ത്രവും വേറൊരുവശത്ത്—ആദ്ധ്യാത്മികശാസ്ത്രമാണെങ്കിൽ തൊഴിലില്ലാത്ത പണ്ഡിതന്മാരെയല്ലാതെ സാമാന്യജനങ്ങളെ ആകർഷിച്ചിട്ടില്ല. അതിനാൽ രൂപം നേരത്തെ കണ്ടെങ്കിലും ഭാവവും അതോടൊപ്പം നിർണ്ണയിച്ച പിശകിനെ നമുക്ക് ആവർത്തിക്കാൻ പാടില്ല. ഭാവോൽഭിന്നമായ രൂപം തത്വശാസ്ത്രത്തെ ജനകീയമാക്കും.

അഞ്ചാമതായി, പാരമ്പര്യത്തോടുള്ള കൂറ ശ്രുതിയെ ഈശ്വരസങ്കല്പമായി വാഴിക്കാനും സ്വതന്ത്രചിന്തയെ നിർദ്ദാക്ഷിണ്യം നിഹനിക്കാനും ഇടവരുത്തി. ഇന്ത്യയുടെ കാറൽമാർക്സായിരുന്ന ബൃഹസ്പതിയുടെ ചാർവ്വാകദർശനം ഇന്ന് പൊടിപോലും കാണ്മാനില്ല. സ്വഭാവവാദികളും യദൃച്ഛാവാദികളും അസംഖ്യം ഇന്ത്യൻചിന്തയിൽ സ്വാധീനംചെലുത്തിയിട്ടുണ്ട്. പക്ഷെ അവരെന്തുപറഞ്ഞു? നമുക്ക് അറിയില്ലാ. നിരീശ്വരവാദികളുടെയും സംശയവാദികളുടേയും ഘോഷയാത്രയായിരുന്നു പുരാതന ഇന്ത്യ. അവ

രുടെ വചനങ്ങൾ ഇന്ന് ചുട്ടെരിക്കപ്പെട്ടിരിക്കുന്നു. രാഷ്ട്രീയതത്വചിന്തകൾ സമയം മെനക്കെട്ടവരെല്ലാം യഥാർത്ഥതത്വചിന്തകരല്ലെന്ന് മുദ്രയടിച്ച് തള്ളി. ജീവിതമൂല്യങ്ങളെപ്പററി മിണ്ടിയവരെല്ലാം അജ്ഞാനികളെന്ന്‌വിധിയെഴുതി. കണ്ണുതുറന്ന് ഭാവിയെ സ്വപ്നം കണ്ടവരുടെ ദർശനങ്ങൾ അപശബ്ദങ്ങളായി അവരോധിക്കപ്പെട്ടു.

ഇന്ത്യൻതത്വശാസ്ത്രത്തിന് ഒരു മറുപുറം വരാനിരിക്കുന്നു. അത് രാഷ്ട്രീയവും സാമൂഹ്യവുമായ ചുററുപാടിലെ സ്പന്ദനങ്ങളുടെ സ്പഷ്ടമായ പ്രചോദനമേററ് ജനകീയതത്വശാസ്ത്രം വാർത്തെടുക്കുകയാണ്. നമുക്ക് കണ്ണിലെണ്ണയുമൊഴിച്ച് ആ ജീവിതതത്വശാസ്ത്രത്തെ കാത്തിരിക്കാം.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 184.4 Acc. No. 11347

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 18 FEB 2002 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

11347

184.4

സുകുമാരൻ നായർ. ജി

നാളത്തെ ഇന്ത്യൻ തത്വശാസ്ത്രം

KOTTAYAM PUBLIC LIBRARY

Call No. 184.4 Acc. No. 11347

Author സുകുമാരൻ നായർ ജി

Title നാളത്തെ ഇന്ത്യൻ തത്വശാസ്ത്രം